# കോട്ടുകാൽ ഗ്രാമപഞ്ചായത്ത്



## വികസന റിപ്പോർട്ട്

# വികസന രേഖ


## കോട്ടുകാൽ ഗ്രാമപഞ്ചായത്ത്

കോട്ടുകാൽ, കോട്ടുകാൽ പി.ഒ

നെയ്യാറ്റിൻകര താലൂക്ക്

ഫോൺ 480236



"സ്വന്തം ശ്രമം കൊണ്ട് തങ്ങളുടെ സ്ഥിതിക്ക് മാറ്റം വരുത്താമെന്ന്
ജനസാമാന്യത്തിന് എപ്പോൾ തോന്നുന്നുവോ അപ്പോൾ മാത്രമാണ്
ഭാരതം പൂർണ്ണ സ്വാതന്ത്ര്യം നേടുക"

**– ഗാന്ധിജി –**

# ഇരുപത്തി ഒന്നാം നൂറ്റാണ്ടിലെ വികസനത്തിനായ്.

ഗ്രാമസഭകളിൽ ഉയർന്നുവന്ന ജനകീയ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ സ്ഥിതിവിവരക്കണക്കുകളുടെ സഹായത്തോടെ ആസൂത്രണസമിതി പ്രവർത്തകരുടെയും ജനപ്രതിനിധികളുടെയും സാമൂഹ്യ പ്രവർത്തകരുടെയും വിദഗ്ധരുടെയും സജീവചർച്ചയിൽ ഉരുത്തിരിഞ്ഞ ഈ വികസന റിപ്പോർട്ട് ജനസമക്ഷം, അംഗീകാരത്തിനും, സൃഷ്ടിപരമായ നിർദ്ദേശങ്ങൾക്കുമായി വിനയപുരസ്സരം സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം

കോട്ടുകാൽ
12-12-96

മാറാമംഗലം എൻ പ്രഭാകരൻ [redacted]
പ്രസിഡന്റ്

# വിഷയവിവരങ്ങൾ


1. ആമുഖം
2. കോട്ടുകാൽ ഗ്രാമപഞ്ചായത്തിൻെറ സാമൂഹ്യ സാംസ്കാരിക പശ്ചാത്തലം
3. കോട്ടുകാൽ പഞ്ചായത്ത് ഭൂപ്രകൃതിയും വിഭവങ്ങളും

കാർഷികമേഖല

4. കൃഷിയും,ജലസേചനവും
5. മൃഗസംരക്ഷണവും മത്സ്യബന്ധനവും
6. ആരോഗ്യപരിപാലനം കുടിവെള്ളം, പരിസര ശുചീകരണം
7. വിദ്യാഭ്യാസം
8. വ്യവസായം
9. ഗതാഗതം, ഊർജ്ജം
10. ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം
11. സാംസ്കാരിക രംഗം
12. വനിതാക്ഷേമം
13. സഹകരണം
14. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം
15. വിഭവ സമാഹരണം
16. ടൂറിസം

എഡിറ്റർ

**എ. ജയരാജൻ**

വൈസ് പ്രസിഡന്റ്

സബ് എഡിറ്റേഴ്സ്

**എച്ച്. റോബിൻസൺ (മെമ്പർ)**

**എൽ. ശശിധരൻ (ഡി ആർ പി കൺവീനർ)**

എഡിറ്റോറിയൽ ബോർഡ്

**എം കെ സദാനന്ദൻ ( ഡി ആർപി)**

**എം. കെ ലളിത ( ഡി ആർ പി)**

**ജി ഷാജി.( ഡി ആർ പി)**

**എസ് വിജയൻ നായർ ( യു ഡി സി)**

**വി. കെ അപ്പുരകുമാർ ( എൽ ഡി സി)**


കമ്പ്യൂട്ടർ ടൈപ്പ്സെറ്റിംഗ്: **ഫ്ളിൻറ് കമ്പ്യൂട്ടേഴ്സ്**, തിരുവനന്തപുരം

കവർ ഡിസൈൻ : **സോണ**

കവർഫോട്ടോ: **വിമൽ**, വിഴിഞ്ഞം

അച്ചടി: **ശ്രീപ്രിന്റേഴ്സ് പോങ്ങുംമൂട്, കുവളശ്ശേരി പി. ഒ**


KOTTUKAL PANCHA
MAP
N
S
WARD No. XII
AVANAKUZHY
M
L.P.S
WARD No. I
WARD No. II
AYMPORAM
WARD No. XI
KOLLAKONOM
T.K
L.P.S
WARD No. III
PAYATTUVILA
T.K
WARD No. IV
MARUTHURKONAM
P.O
H.S
PHC
P.O
WARD No. X
KUZHIVILA
M
L.P.S
WARD No. V
PUNNAKULAM
WARD No. VII
CHOWARA
Poovar Road
L.P.S
P.O
Vizhinjam
U.P.S
WARD No. VIII
ADIMALATHURA
WARD No. VI
PULIMKUDI

Phone : 222289

# Athiyannor Block Panchayat

Aralumoodu P.O., Thiruvananthapuram

Advocate K. Thankappan
President

## സന്ദേശം



കേരള സംസ്ഥാനത്തിന്റെയും, ആസൂത്രണ പ്രക്രിയയുടെയും ചരിത്രത്തിൽ ഒരു പുതിയ അനുഭ്‌വമായി തീരാൻ പോകുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് നാം വിജയകരമായി തുടക്കം കുറിച്ചിരിക്കുകയാണ്.

ഒൻപതാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായിട്ടാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഒൻപതാം പദ്ധതിയുടെ 35% മുതൽ 40 % വരെയുള്ള വികസന പരിപാടികൾ താഴെത്തട്ടിൽ ജനപങ്കാളിത്തതോടെ രൂപപ്പെടുത്തി എടുക്കുക എന്നതാണ് ജനകീയ ആസൂത്രണപ്രസ്ഥാനത്തിന്റെ ലക്ഷ്യം. ഓരോ പ്രദേശത്തിന്റെയും പ്രത്യേക പരിസ്ഥിതി മനസ്സിലാക്കി അതാത് പ്രദേശത്തിന് അനുയോജ്യമായിട്ടുള്ള വികസന പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിൽ വരുത്തുക എന്നതാണ് ഈപദ്ധതിയുടെ കാതൽ.

ചുരുക്കത്തിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ, ബഹുജന സംഘടനകളെയും, വിദഗ്ധരേയും ഉദ്യോഗസ്ഥരെയും പ്രാദേശികമായി കോർത്തിണക്കുന്ന പുതിയൊരു പ്രവർത്തന ശൈലി രൂപപ്പെടുത്തി എടുക്കുന്നതിനാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ ശ്രമിക്കുന്നത്. ഈ പദ്ധതിയുടെ വിജയം ഉറപ്പുവരുത്തുവാൻ മുഴുൻ ബഹുജനങ്ങളെയും പരിപൂർണ്ണ സഹകരണം അനിവാര്യമാണ്.

ആശംസകളോടെ

അഡ്വ. കെ തങ്കപ്പൻ
പ്രസിഡന്റ്
അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്.

# ഭരണസമിതി അംഗങ്ങളുടെ പേരും വാർഡും

| | |
|---|---|
| ശ്രീമതി സി ജലജ | പുലിവിള |
| ശ്രീ കെ രാജശേഖരൻ നായർ | അയംപുറം |
| ശ്രീ കെ വത്സലൻ | പയറ്റുവിള |
| ശ്രീമതി കെ ഇന്ദിരാദേവി | മരുതൂർ കോണം |
| ശ്രീ വി മോഹനൻ | പുന്നക്കുളം |
| ശ്രീ ഡി ശിവരാജൻ | പുളിങ്കുടി |
| ശ്രീ എൻ പ്രഭാകരൻ | ചൊവ്വര |
| ശ്രീമതി ഇ പുഷ്പം | അടിമലത്തുറ |
| ശ്രീ എച്ച് റോബിൻസൺ | മുലക്കര |
| ശ്രീ എ ജയരാജൻ | കുഴിവിള |
| ശ്രീമതി ജെ എസ് ജയ്ജി | കൊല്ലകോണം |
| ശ്രീ പി. കെ കുട്ടൻ | അവണാകുഴി |

# നിലവിലുള്ള പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



എ. ജയരാജൻ
വൈസ്പ്രസിഡന്റ്



സി. ജലജ
സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർപേഴ്സൺ



അഡ്വ. പി. കെ കുട്ടൻ



എച്ച് റോബിൻസൺ



കെ വത്സലൻ



എൻ. പ്രഭാകരൻ
പ്രസിഡന്റ്



വി. മോഹനൻ



പുഷ്പം



ഡി. ശിവരാജൻ



എ. കെ ഇന്ദിരാദേവി



ജെ. എസ് ജയ്ജി

കെ.രാജശേഖരൻ



കെ. മുരളീധരൻ പഞ്ചായത്ത് സെക്രട്ടറി

## റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ചത്

എം കെ സദാനന്ദൻ ഡി ആർ പി

എം കെ ലളിത ഡി ആർ പി

ജി ഷാജി ഡി ആർ പി

പി ഷാജി ഡി ആർ പി

വി. രാജേന്ദ്രൻ, പയറ്റുവിള

എസ് മണിയൻ,

എൽ. തീയോഫിലിസ്

പയറ്റുവിള ജയരാജ്

റ്റി പുരുഷോത്തമൻ

ബി. വിശ്വനാഥൻ

എം ജെ ഗ്ലാഡ്സ്റ്റൺ (കൃഷി ഓഫീസർ)

മനോഹരൻ (മൃഗഡോക്ടർ)\

ഡോ. ജയമോഹനൻ (ഗവ പി എച്ച് സി കോട്ടുകാൽ)

ദാമോദരപ്പണിക്കർ

തങ്കയ്യൻ

കലുങ്കിൽ കൃഷ്ണൻ

വിജയകുമാർ( ഹെഡ്മാസർ പുളിങ്കുടി ബ്ലഡ്ബാങ്ക്)

ആർ വിശ്വനാഥൻ

അഡ്വ. എൻ ജയകുമാർ

തങ്കയ്യൻ നെട്ടത്താണി.

പുളിങ്കുടി ശശി

# പഞ്ചായത്തിനെ സംബന്ധിക്കുന്ന വിവരങ്ങൾ

| | |
|---|---|
| 1. പഞ്ചായത്തിന്റെ പേര് | കോട്ടുകാൽഗ്രാമപഞ്ചായത്ത് |
| 2. പഞ്ചായത്ത് പ്രസിഡന്റിന്റെ പേര് | ശ്രീ എൻ പ്രഭാകരൻ |
| 3. പഞ്ചായത്ത് വൈസ്പ്രസിഡന്റിന്റെ പേര് | ശ്രീ എ ജയരാജൻ |
| 4. പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീമതി. സി. ജലജ. |
| 5. ഉൾപ്പെടുന്ന വില്ലേജുകൾ | കോട്ടുകാൽ, കാഞ്ഞിരംകുളം |
| 6. വാർഡുകളുടെ എണ്ണം | 12 |
| 7. പഞ്ചായത്തിന്റെവിസ്തീർണ്ണം | 1360 ഹെക്ടർ (13.59 സ്ക്വയർ കി.മി) |
| 8. പഞ്ചായത്തിന്റെ ജനസംഖ്യ | 37812 |
| 9. ബ്ളോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | കോട്ടുകാൽ, ഉച്ചക്കട, നെല്ലിമൂട് |
| 10. ബ്ളോക്ക് പഞ്ചായത്ത് | അതിയന്നൂർ |
| 11. താലൂക്ക് | നെയ്യാറ്റിൻകര |
| 12. ജില്ല | തിരുവനന്തപുരം |
| 13. അസംബ്ലി നിയോജകമണ്ഡലം | കോവളം |
| 14. പാർലമെന്റ് നിയോജകമണ്ഡലം | തിരുവനന്തപുരം |
| 15. ജില്ലാഡിവിഷൻ | കാഞ്ഞിരംകുളം, ബാലരാമപുരം |
| 16. പോലീസ്സ്റ്റേഷനുകൾ | വിഴിഞ്ഞം, കാഞ്ഞിരംകുളം |
| 17. പോലീസ് സർക്കിൾ ആഫീസ് | വിഴിഞ്ഞം. പൂവാർ |
| 18. വാട്ടർ അതോറിട്ടി ആഫീസ്. | കാഞ്ഞിരംകുളം |
| 19. ഇലക്ട്രിസിറ്റി ആഫീസ് | ബാലരാമപുരം, വട്ടവിള ഉച്ചക്കട, കാഞ്ഞിരംകുളം |
| 20. വില്ലേജ് ആഫീസ് | കട്ടച്ചൽ കുഴി, ചാവടി നട, |
| 21. കെ എസ് ആർ ടി സി ആഫീസുകൾ | വിഴിഞ്ഞം, പൂവാർ, പാപ്പനംകോട്, നെയ്യാറ്റിൻകര |
| 22. താലൂക്ക് ആഫീസ് | നെയ്യാറ്റിൻകര |
| 23. താലൂക്ക് സപ്ലൈ ആഫീസ് | നെയ്യാറ്റിൻകര |
| 24. വിദ്യാഭ്യാസ ആഫീസുകൾ | എ ഇ ഒ ബാലരാമപുരം<br>ഡി ഇ ഒ നെയ്യാറ്റിൻകര |

# ബ്ളോക്ക് പഞ്ചായത്ത് അംഗങ്ങൾ



ശകുന്തള



ഓമന



എ. കെ. ഹരികുമാർ



ശ്രീ എൽ. ശശിധരൻ
ഡി. ആർ. പി കൺവീനർ

## കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ സ്റ്റാഫ് പാറ്റേൺ

| | |
|---|---|
| സെക്രട്ടറി | 1 |
| ജൂനിയർ സൂപ്രണ്ട് | 1 |
| യു ഡി സി | 3 |
| എൽ ഡി സി | 3 |
| പ്യൂൺ | 2 |
| പാർട്ട് ടൈം സ്വീപ്പർ | 2 |
| പാർട്ട്ടൈം വാട്ടർമീറ്റർ റീഡർ | 1 |
| ആകെ ജീവനക്കാർ | 13 |

പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസുകളും അവ സ്ഥിതി ചെയ്യുന്ന സ്ഥലവും വാർഡും ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | വാർഡ് | സ്ഥലം |
|---|---|---|
| പഞ്ചായത്താഫീസ് | 4 മരുതൂർകോണം | പുന്നക്കുളം |
| കൃഷിഭവൻ | 4 മരുതൂർകോണം | പുന്നക്കുളം |
| പ്രൈമറി ഹെൽത്ത് സെന്റർ | 5 പുന്നക്കുളം | പുന്നക്കുളം |
| വി ഇ ഒ ആഫീസ് (സൗത്ത്) | 4 മരുതൂർകോണം | പുന്നക്കുളം |
| വി. ഇ. ഒ ആഫീസ് (നോർത്ത്) | 3 പയറ്റുവിള | പയറ്റുവിള |
| മൃഗാശുപത്രി | 3 പയറ്റുവിള | ഉച്ചക്കട |
| ഹോമിയോ ആശുപത്രി | 3 പയറ്റുവിള | പയറ്റുവിള |
| നാളികേര ഗവേഷണ കേന്ദ്രം | 1 പുലിവിള | കട്ടച്ചൽകുഴി |
| കൈത്തറി ഇൻസ്പെക്ടർ ഓഫീസ് | 3 പയറ്റുവിള | ഉച്ചക്കട |
| കൈത്തറി ഇൻസ്പെക്ടർ ഓഫീസ് | 11 അവണാകുഴി | അവണാകുഴി |
| ഇലക്ട്രിസിറ്റി സബ് എൻജിനീയർ ഓഫീസ് | 4 മരുതൂർകോണം | വട്ടവിള |
| ഫിഷറീസ് ഇൻസ്പെക്ടർ ഓഫീസ് | 8 മരുതൂർ കോണം | അടിമലത്തുറ |
| പോസ്റ്റാഫീസ് പയറ്റുവിള | 2 അയമ്പുറം | പയറ്റുവിള |
| പോസ്റ്റാഫീസ് കോട്ടുകാൽ | 5 പുന്നക്കുളം | പുന്നക്കുളം |
| കഴിവൂർ പോസ്റ്റാഫീസ് | 7 ചൊവ്വര | മരപ്പാലം |
| ചൊവ്വര പോസ്റ്റാഫീസ് | 7 ചൊവ്വര | ചൊവ്വര |

# ആമുഖം

ഗ്രാമസഭകളിലും സ്പെഷ്യൽ ഗ്രാമസഭകളിലും കൂടുതൽചർച്ചകൾ നടത്തി ഗ്രാമങ്ങളുടെ വികസനപ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുകവഴി ജനങ്ങൾക്കും ജനപ്രതിനിധികൾക്കും നാടിൻെറ വികസനത്തിനുവേണ്ടി പ്രവർത്തിക്കുവാൻ കഴിയുന്നു. ഇതൊരു പുതിയ യുവ പിറവിയെയാണ് സൂചിപ്പിക്കുന്നത്.

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ കോട്ടുകാൽ വില്ലേജിലും ഒരു ചെറിയ ഭാഗം കാഞ്ഞിരംകുളം വില്ലേജിലും ഉൾപ്പെട്ടതും അതിയന്നൂർ ബ്ളോക്ക് പഞ്ചായത്തിലും തിരുവനന്തപുരംത ജില്ലാ പഞ്ചായത്തിന്റെയും കോവളം അസംബ്ലി മണ്ഡലത്തിന്റെയും അധികാര പരിധിയിൽ ഉൾപ്പെട്ടതാണ് കോട്ടുകാൽ പഞ്ചായത്ത്. ഈ പഞ്ചായത്തിൽ G.O MS 196/1 dtd 28-6-1961 ഉത്തരവ് പ്രകാരം നിലവിൽ വന്നു. മുൻപ് കോട്ടുകാൽ പഞ്ചായത്ത് കോവളംവരെ വ്യാപിച്ചു കിടന്നു. അന്ന് പ്രസിഡന്റ് കോവളം ശ്രീ എൻ നീലകണ്ഠൻ പണിക്കർ അവർകൾ ആയിരുന്നു. വിഭജനത്തിന് ശേഷം നിലവിൽ വന്നത് കോട്ടുകാൽ പഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റായി വന്ന ശ്രീ എ പ്രഭാകരൻ നായർ ആയിരുന്നു. പഞ്ചായത്ത് രൂപീകരണ സമയം ആദ്യം ഉച്ചകടയിലും പിന്നീട് പുന്നക്കുളത്തും ഉള്ള വാടകകെട്ടിടങ്ങളിലാണ് ഓഫീസ് പ്രവർത്തിച്ചിരുന്നത്. എന്നാൽ പൊതു പ്രവർത്തകരായ തോപ്പിൽ കെ നാരായണപിള്ളയും പയറുംമൂട് ദാസയ്യൻ നാടാരും കൂടി പയറുംമൂട്ടിൽ സൗജന്യമായി ഭൂമി നൽകുകയും അങ്ങനെ പയറ്റുമൂട്ടിൽ പുതുതായി കെട്ടിയ കെട്ടിടത്തിലാണ് 1968മുതൽ ആഫീസ് പ്രവർത്തിച്ചിരുന്നത്. വിവിധ ജാതിമതസ്ഥരായ ജനങ്ങൾ സൗഹാർദ്ദപരമായി താമസിച്ചുവരുന്നതും ഭൂരിഭാഗം ജനങ്ങളും കൃഷിയെ മാത്രം ആശ്രയിച്ച് കഴിഞ്ഞ് വരുന്നതുമാകുന്നു. ഈ പഞ്ചായത്തിന് 1360 ഹെക്ടർ (13.59 സ്ക്വയർ കി.മി) വിസ്തീർണ്ണവും ഉണ്ട്. ഈ പഞ്ചായത്തിന്റെ പടിഞ്ഞാറുവശം വിഴിഞ്ഞം വെങ്ങാനൂർ പഞ്ചായത്തുകളുടെയും വടക്ക് ബാലരാമപുരം പഞ്ചായത്തിന്റെയും കിഴക്ക് അതിയന്നൂർ, കാഞ്ഞിരംകുളം, കരിങ്കുളം പഞ്ചായത്തുകളുടെയും അധികാര പരിധിയിലും തെക്ക് അറേബ്യൻ കടലുമാണ്. അറേബ്യൻകടലിലേക്ക് ഒഴുകിയെത്തുന്ന കോട്ടുകാൽ തോടിന്റെ ഇരുകരകളിലുമായി കോട്ടുകാൽ ഗ്രാമപഞ്ചായത്ത് വ്യാപിച്ചുകിടക്കുന്നു. അന്താരാഷ്ട്ര ടൂറിസ്റ്റ് സെന്ററായി വികസിച്ചുകൊണ്ടിരിക്കുന്ന ചൊവ്വര , പുളിങ്കുടി തുടങ്ങിയ പ്രദേശങ്ങൾ ഈ പഞ്ചായത്തിന്റെ തെക്കൻ മേഖലയിലാണ്. നിരവധി പ്രധാനപ്പെട്ട ക്ഷേത്രങ്ങളും മനോഹരമായ എലായോടും നിരവധി ശുദ്ധജലവിതരണ പദ്ധതികളോടും കൂടി 12 വാർഡുകളിലായി സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്തിൽ ഏകദേശം മുപ്പത്തി ഏഴായിരത്തി എണ്ണൂറ്റി പന്ത്രണ്ട് ജനങ്ങൾ തിങ്ങിതാമസിക്കുന്നു. ശ്രീമാൻ മാറാമംഗലം എൻ. പ്രഭാകരൻ പ്രസിഡന്റായും ശ്രീമാൻ എ ജയരാജൻ വൈസ് പ്രസിഡന്റായും ശ്രീമതി സി ജലജ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സനുമായുള്ള ഭരണ സമിതിയാണ് ഇപ്പോൾ ഭരണം നടത്തുന്നത്.

ജനകീയ ആസൂത്രണ പരിപാടിയുടെ ഭാഗമായി ഈ സെമിനാറിൽ അവതരിപ്പിക്കുന്ന പഞ്ചായത്ത് വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് പഞ്ചായത്ത്സമിതി കൈകൊണ്ട നടപടികൾ സംക്ഷിപ്തമായി താഴെ കൊടുക്കുന്നു.

കോവളം സി എസ് ഐ യൂത്ത് സെന്ററിൽ വച്ച് 1996 സെപ്റ്റംബർ മാസം 9.10,11, തീയതികളിൽ നടന്ന ജില്ലാതല ജനകീയ ആസൂത്രണ ക്യാമ്പിൽ പഞ്ചായത്തിൽ നിന്ന് ആറു പേരും ജില്ലാ പഞ്ചായത്തിനെ പ്രതിനിധീകരിച്ചുള്ള രണ്ടു പേരും ഉൾപ്പെടെ എട്ട്പേർ പരിശീലനത്തിൽ പങ്കെടുത്തു. പഞ്ചായത്ത് പ്രസിഡന്റ് മാറാമംഗലം ശ്രീ എൻ പ്രഭാകരനും ക്യാമ്പിൽ പങ്കെടുത്തു. ജില്ലാ പഞ്ചായത്തിനെ പ്രതിനിധീകരിച്ച് ശ്രീ എം കെ സദാനന്ദനും ശ്രീ എൽ ശശിധരനും, പഞ്ചായത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി എം കെ ലളിത ശ്രീ പി .ഷാജി, ശ്രീ. ജി ഷാജി, ശ്രീ എസ് ജയചന്ദ്രൻ നായർ ശ്രീ എ കെ പ്രദീപ്കുമാർ, ശ്രീമതി, എ അജിത കുമാരി എന്നിവരാണ് പരിശീലകരായി പങ്കെടുത്ത ഡി ആർ പി മാർ. ഇവരിൽ നിന്നും ഡി ആർ പി കൺവീനറായി ശ്രീ എൽ ശശിധരനെ തെരഞ്ഞെടുത്തു.

1996 സെപ്റ്റംബർ മാസം 12-ാം തീയതി പഞ്ചായത്ത് തല ഏകദിന ജനകീയ ആസൂത്രണ ശില്പശാല കോട്ടുകാൽ ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ച് പഞ്ചായത്ത് പ്രസിഡന്റ് മാറാമംഗലം ശ്രീ എൻ പ്രഭാകരൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ അതിയന്നൂർ ബി ഡി ഒ ശ്രീ ശ്രീധരൻ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ശ്രീ എ ജയരാജൻ സ്വാഗതവും ബ്ളോക്ക് മെമ്പർമാരായ ശ്രീ എ കെ ഹരികുമാർ, ശ്രീമതി ശകുന്തള എന്നിവർ ആശംസാ പ്രസംഗം നടത്തി. ഡി ആർ പി മാരായ ശ്രീ എം കെ സദാനന്ദനും, ശ്രീ എൽ ശശിധരനും, ശ്രീ. പി ഷാജി, ശ്രീ. ജി ഷാജി ശ്രീമതി. എം.കെ ലളിത എന്നിവർ ജനകീയ ആസൂത്രണ പദ്ധതികളെ കുറിച്ചുള്ള വിശദീകരണം നൽകി. പഞ്ചായത്ത് കമ്മറ്റി അംഗങ്ങളും ഓഫീസ്ജീവനക്കാരും ശില്പശാലയിൽ സജീവമായി പങ്കെടുത്തു.

ശില്പശാലയിൽ 120 പേർ ഹാജരുണ്ടായിരുന്നു.ശില്പശാലയിൽ ഉണ്ടായ തീരുമാനപ്രകാരം 1 മുതൽ 12 വരെയുള്ള വാർഡുകളിൽ വിശേഷാൽ ഗ്രാമസഭ വിളിച്ചുകൂട്ടുവാൻ തീരുമാനിക്കുകയും അതനുസരിച്ച് ഓരോ വാർഡുകളിലെയും വിശേഷാൽ ഗ്രാമസഭകൾ 12.10.96 മുതൽ 20.10.96 വരെ ഉള്ള

താഴെ പറയുന്ന തീയതികളിൽ ചേരുകയുണ്ടായി. ഈ ഗ്രാമ സഭയിൽ പങ്കെടുത്തവർ പ്രത്യേക വിഷയ ഗ്രൂപ്പുകളായി തിരിഞ്ഞ് പ്രശ്നങ്ങളും സാധ്യതകളും തയ്യാറാക്കി അവതരിപ്പിച്ചു. വിശേഷാൽ ഗ്രാമസഭകളുടെ വിവരങ്ങൾ താഴെകൊടുത്തിരിക്കുന്നു.

അതിയന്നൂർ ബ്ളോക്കാഫീസിൽ വെച്ച് ഒക്ടോബർ മാസം 28,29,30 തീയതികളിൽ നടന്ന രണ്ടാംഘട്ട പരിശീലന ക്യാമ്പിൽ ഒന്നാം ഘട്ട പരിശീലനം നേടിയ രണ്ടുപേർ ഒഴികെ ആറുപേരും പങ്കെടുത്തു പ്രാദേശിക പരിശീലകരുടെ (എൽ ആർ വി)അഭാവം മൂലം വികസന റിപ്പോർട്ട് തയ്യാറാക്കുവാൻ ആവശ്യമായ ദ്വിതീയ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുക എന്ന ശ്രമകരമായ ജോലി പഞ്ചായത്ത് പ്രസിഡന്റും വൈസ് പ്രസിഡന്റും മെമ്പർമാരും ഡി ആർ പിമാരായ ശ്രീമാൻ എൽ ശശിധരനും, ജി. ഷാജിയും, എം കെ സദാനന്ദനുംകൂടി നിർവ്വഹിക്കുകയുണ്ടായി. രണ്ടാംഘട്ട പരിശീലനത്തിന്റെ പഞ്ചായത്തുതല ശില്പശാല 1996 നവംബർ മാസം 23-ാം തീയതി പഞ്ചായത്ത് കോൺഫറൻസ്ഹാളിൽ വെച്ച് നടന്നു. 60 പേർ പങ്കെടുത്തു. പരിശീലനം സിദ്ധിച്ച ഏതാനുംപേർ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് സന്നദ്ധരായി വന്നു. അവർ ഗ്രാമസഭകളിൽ നിന്ന് വന്ന റിപ്പോർട്ടുകൾ ഓരോ വിഷയങ്ങളായി തിരിച്ച് ക്രോഡീകരിച്ച് 2-12-96 മുതൽ വികസന റിപ്പോർട്ട് എഴുതി തയ്യാറാക്കാൻ തുടങ്ങി. 13-12-96 ൽകൂടിയ പഞ്ചായത്ത് കമ്മിറ്റിറിപ്പോർട്ട് അംഗീകരിക്കുകയും വികസന റിപ്പോർട്ട് എഡിറ്റ് ചെയ്യുന്നതിന് വേണ്ടി വൈസ് പ്രസിഡന്റ് ശ്രീ ജയരാജനെയും സബ് എഡിറ്ററായി ശ്രീ റോബിൻസനെയും ചുമതലപ്പെടുത്തി തീരുമാനിക്കുകയുണ്ടായി. ഈ പഞ്ചായത്തിന്റെ വികസന റിപ്പോർട്ടിൽ ഗ്രാമസഭകളിൽ ജനങ്ങൾ ഉയർത്തിയ വിവിധ പ്രശ്നങ്ങൾ അവലോകന വിധേയമാക്കിയിട്ടുണ്ട്. വസ്തു നിഷ്ഠമായ പഠനങ്ങളിൽ തെളിഞ്ഞ പ്രശ്നങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രശ്നങ്ങളുടെ സാദ്ധ്യതകളെകുറിച്ചും പരിഹാര മാർഗ്ഗങ്ങളെ കുറിച്ചും വിശദമായി വിവരിച്ചിട്ടുണ്ട്. ഈ വിവരങ്ങൾ തയ്യാറാക്കിയത് വിഷയങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരല്ല. ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ളതിനെക്കാൾ കൂടുതലായി വികസന പ്രശ്നങ്ങൾ ഈ പഞ്ചായത്തിലുണ്ട്. അതുകൊണ്ട് ഈ റിപ്പോർട്ട് പൂർണ്ണമല്ല. ഈ സെമിനാറിൽ വിവിധ വിഷയങ്ങളിൽ പ്രാഗൽഭ്യമുള്ളർ പങ്കെടുക്കുന്നുണ്ട്. പ്രശ്നാധിഷ്ഠിതമായി ഗ്രൂപ്പുകൾ തിരിഞ്ഞ് ചർച്ച നടത്തി കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും ഉൾപ്പെടുത്തി ഈ റിപ്പോർട്ട് കൂടുതൽ സംപുഷ്ടമാക്കണമെന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് ഈ സെമിനാറിനു മുമ്പിൽ സമർപ്പിക്കുന്നു.

വിനയപൂർവ്വം

എഡിറ്റർ

കോട്ടുകാൽ — എ ജയരാജൻ

12.12.96 — (വൈസ് പ്രസിഡന്റ്)

ഗ്രാമസഭകളിലെ 4 ഗ്രൂപ്പുകളിലും ചർച്ച ചെയ്ത വിഷയങ്ങൾ

| ഗ്രൂപ്പ് 1 | ഗ്രൂപ്പ് 2 | ഗ്രൂപ്പ് 3 | ഗ്രൂപ്പ് 4 |
|---|---|---|---|
| കൃഷി, ജലസേചനം ഫിഷറീസ്, മൃഗപരിപാലനം, വിദ്യാഭ്യാസം | ആരോഗ്യം, കുടിവെള്ളം പരിസര ശുചീകരണം വ്യവസായം, റോഡുകൾ ഊർജ്ജം | ഭവനനിർമ്മാണം ക്ഷേമപ്രവർത്തനം സംസ്കാരം, വനിത | സഹകരണം പട്ടികജാതി പട്ടികവർഗ്ഗം വിഭവസമാഹരണം ടൂറിസം |

## വിശേഷാൽ ഗ്രാമസഭകൾ കൂടിയ തീയതിയും പങ്കെടുത്തവരും

| വാർഡ് നമ്പർ | വാർഡിന്റെ പേര് | തീയതി | പുരുഷന്മാർ | സ്ത്രീകൾ | ആകെ | അദ്ധ്യക്ഷൻ | സ്വാഗതകർത്താവ് | ഉദ്ഘാടകൻ | വിഷയത്തെകുറിച്ച് ക്ലാസ് എടുത്ത ഡി. ആർ. പി മാർ |
|---|---|---|---|---|---|---|---|---|---|
| 1 | പുലിവിള | 12.10.96 | 77 | 20 | 97 | ശ്രീ കെ.പരമേശ്വരൻ നായർ | വാർഡ് മെമ്പർ ശ്രീമതി ഇലജ | ശ്രീ എം കെ സദാനന്ദൻ | ശ്രീ എം കെ സദാനന്ദൻ |
| 2 | ആയൂപുരം | 6.10.96 | 78 | 21 | 99 | ശ്രീഎൽതിയോഫിലിസ് | വാർഡ് മെമ്പർ ശ്രീരാജശേഖരൻ | ശ്രീമതി ശകുന്തള. | ശ്രീ ജി ഷാജി ശ്രീമതി എം.കെ ലളിത |
| 3 | പാറ്റുവിള | 5.10.96 | 95 | 47 | 142 | ശ്രീഎൽതിയോഫിലോസ് | വാർഡ് മെമ്പർ ശ്രീ കെ. വത്സലൻ | ശ്രീ എം. കെ സദാനന്ദൻ | ശ്രീ എം കെ സദാനന്ദൻ |
| 4 | മരുതൂർകോണം | 6.10.96 | 75 | 51 | 126 | പഞ്ചായത്ത്പ്രസിഡന്റ് ശ്രീ പ്രഭാകരൻ | വാർഡ് മെമ്പർ ശ്രീമതി ഇന്ദിരാദേവി | ബ്ലോക്ക്മെമ്പർ ശ്രീ എ . കെ ഹരികുമാർ | ശ്രീ എൽ ശശിധരൻ. |
| 5 | പുന്നക്കുളം | 5.10.96 | 58 | 18 | 76 | ജയചന്ദ്രൻനായർ | വാർഡ്മെമ്പർ | വി.മോഹനൻ | എൽ ശശിധരൻ |
| 6 | പുളിങ്കുടി | 13.10.96 | 124 | 3 | 127 | പ്രസിഡന്റ് | ഡി. ശിവരാജൻ | ബ്ലോക്ക്മെമ്പർ | ശ്രീമതി എം.കെ ലളിത |
| 7 | ചൊവ്വര | 8.10.96 | 50 | 45 | 95 | ശ്രീ എൻ പ്രഭാകരൻ | ശ്രീ ചൊവ്വരരാമചന്ദ്രൻ | ശ്രീ എ. കെ ഹരികുമാർ | ശ്രീ ജി. ഷാജി, എം.കെ ലളിത |
| 8 | അടിമലത്തുറ | 20.10.96 | 178 | 142 | 320 | ശ്രീപഞ്ചായത്ത്മെമ്പർ എച്ച് റോബിൻസൺ | വാർഡ്മെമ്പർ ഇ പുഷ്പം | ശ്രീ എ കെ.ഹരികുമാർ ശ്രീ എ ജയരാജൻ | ശ്രീ ജി.ഷാജി |
| 9 | മുലക്കര 3 | .10.96 | 47 | 35 | 83 | പഞ്ചായത്ത്[illegible] ശ്രീ എ ജയരാജൻ | വാർഡ്മെമ്പർ റോബിൻസൺ | വൈസ്പ്രസിഡന്റ് എ ജയരാജൻ | എൽ ശശിധരൻ, പി ഷാ |
| 10 | കുഴിവിള | 6.10.96 | 93 | 53 | 146 | പഞ്ചായത്ത് വൈസ്. എ ജയരാജൻ | ശ്രീഎ.[illegible]കുമാർ | എ കെ ഹരികുമാർ | പി. ഷാജി |
| 11 | കൊല്ലകോണം | 5.10.96 | 68 | 25 | 93 | പഞ്ചായത്ത് എ ജയരാജൻ | വാർഡ് മെമ്പർ ശ്രീമതി ജെയ്ജി | പഞ്ചായത്ത്വൈസ്പ്രസ എ ജയരാജൻ | എം കെ ലളിത, ശ്രീ ജി ഷാജി |
| 12 | ഓവണാകുഴി | 6.10.96 | 60 | 23 | 83 | എ ജയരാജൻ | അദ്ധ്യ പി.കെകുട്ടപ്പൻ | എം കെ സദാനന്ദൻ | ( ഡി ആർപി) എം കെ സദാനന്ദൻ |

കോട്ടുകാൽ പഞ്ചായത്തിലെ 12 വാർഡുകളിലും വിശേഷാൽ ഗ്രാമസഭകളിലെ ഗ്രൂപ്പ് ചർച്ചകൾ നയിച്ചവരുടെ പേര് ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | വാർഡിന്റെ പേര് | അദ്ധ്യക്ഷൻ | കൺവീനർ | അദ്ധ്യക്ഷൻ | കൺവീനർ | അദ്ധ്യക്ഷൻ | കൺവീനർ | അദ്ധ്യക്ഷൻ | കൺവീനർ |
|---|---|---|---|---|---|---|---|---|---|
| 1. | പുലിവിള | എൻ ഗോപാലകൃഷ്ണൻ | | കെഎസ്ശിവകുമാർ | ശോഭന | ബി ജയകുമാർ | എസ് വിജയകുമാർ ആട്ടറമൂല | ശ്രീകുമാർ | ലില്ലി സി ചന്ദ്രൻ |
| 2. | അയംപുറം | കേശവൻകുട്ടി നായർ | | റ്റി ശശിധരൻനായർ | ശിവാനന്ദൻ | ജ്ഞാനദാസ് | ഇ സുശീലൻ | രത്നാകരൻ | ആർ സോമൻ ബീന പുരുഷോത്തമൻ |
| 3. | പയറ്റുവിള | നാരായണൻനായർ | | എംവിജയൻ | സതീശൻ | ബി വിശ്വനാഥൻ | പ്രസന്നകുമാരി | സജി മണിയൻ | ശശികല തങ്കരാജൻ ജയരാജ് |
| 4. | മരുതൂർകോണം | പി രവീന്ദ്രൻ | | അഡ്വ ജയകുമാർ | വിശ്വനാഥൻ | പ്രഭാകരൻനായർ | ഡി ആർ സുനിൽ | ശാരിക എസ് | ശശി സി വി പ്രസന്ന കുമാർ ചന്ദ്രമോഹൻ |
| 5. | പുന്നക്കുളം | ദാമോദരപ്പണിക്കർ | | തങ്കയ്യൻ | എൽ വിജയമ്മ | ശ്രീകുമാരൻനാർ | ജി വിജയകുമാർ | സരോജിനി അമ്മ | ജ്ഞാനശീലൻ ശിവാനന്ദൻ |
| 6. | പുളിങ്കുടി | ആർ രവീന്ദ്രൻ | | സിസ്റ്റർ വിൻസി | പുഷ്കര പണിക്കർ | യോഗേശ്വര പണിക്കർ | രാജൻ മേബൽ | പി എസ് അശോക്കുമാർ | റ്റികെ വിനയകു |
| | | | | | | കൃഷ്ണൻനായർ | | | |
| | | | | സെബാസ്റ്റ്യൻ | പണിക്കർ | ശശി പുളിങ്കുടി | | | |
| 7. | ചൊവ്വര | എസ് ലത | | പി സുരേഷ് | ലീലാഭായി | ബി സുശീലൻ | എൻ ഷാജിമോൻ | കൃഷ്ണൻ എൻ. എസ് | അജയകുമാർ ബി. എസ് രാധാകൃഷ്ണൻ |
| 8. | അടിമലത്തുറ | ജസിജോസഫ് ക്രിസ്തുദാസ് | | ജോൺലോപ്പ് | ബാബു റ്റി | ജോയി പനിയടിമ | എം സെലിൻ | നാസറുദ്ദീൻ | ജലാസ്റ്റിൻ ലോപ്പസ് ജെറാൾഡ് കുലോസ് |
| 9. | മുലക്കര | പ്രഭാകരപണിക്കർ | | അംബുജാസനൻ | മാധവൻകുട്ടിനായർ | വി. വി ബിന്ദു | ഗോപകുമാർ | രാജലക്ഷ്മി | എസ് പരമേശ്വരൻനായർ, പങ്കജാക്ഷൻ |
| 10. | കുഴിവിള | പി സദാശിവൻ | | ബി ഉഷാകുമാരി | പുരുഷോത്തമൻ | മണികണ്ഠൻനായർ | ഡി അശോകൻ | വി ശശികല | കെ ശശിധരൻ, ജസ്റ്റിൻ |
| 11. | കൊല്ലകോണം | ഷീജ കതിരാസൻ | | ബി ആശ | ബാലചന്ദ്രൻനായർ | രത്നാകരൻ ബി | എൻ ദാമോദരൻ | എസ് തങ്കയ്യൻ | ഷീല ആർ അപ്പുക്കുട്ടൻ എസ് സുധ |
| 12 | അവണാകുഴി | ജി. സുരേന്ദ്രൻ | | വി. രവീന്ദ്രൻ | സുനിൽ വി | രാജഗോപാൽ | എ കൃഷ്ണൻകുട്ടി | കെ രാജു | സുജകുമാരി സരോജം എൽ രവി കലുങ്കിൽ കൃഷ്ണൻ കെ ശശി. |

# കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ സാമൂഹ്യ സാംസ്കാരിക പശ്ചാത്തലം

കേരളത്തിന്റെ സാമൂഹിക സാംസ്കാരിക പശ്ചാത്തലത്തിന്റെ തനിമ അവകാശപ്പെടാവുന്നൊരു പ്രദേശമാണ് കോട്ടുകാൽ വില്ലേജ്. ആറാലുംമൂട് മുതൽ ബാലരാമപുരത്തിന്റെ കിഴക്ക്ഭാഗം കോവളം വിഴിഞ്ഞം കരിച്ചൽ അടിമലത്തുറ ഉൾപ്പെടുന്ന അറബികടലിന്റെ തീരപ്രദേശങ്ങൾ ഉൾപ്പെടുന്നതാണ് ഇന്നത്തെ കോട്ടുകാൽ വില്ലേജ്. ഈ വില്ലേജിനെ കോട്ടുകാൽ വിഴിഞ്ഞം വില്ലേജുകളുമായി വിഭജിച്ചു. ഇപ്പോഴത്തെ കോട്ടുകാൽ ഗ്രാമപഞ്ചായത്ത് കട്ടച്ചൽ കുഴി ആട്ടറമൂല റോഡും താന്നിമൂട് പനയറ കുന്ന്റോഡിന് തെക്ക് അതിയന്നൂർ കാഞ്ഞിരംകുളം പഞ്ചായത്തുകൾക്ക് പടിഞ്ഞാറും അറബികടലിന് വടക്കും ബാലരാമപുരം പുളിങ്കുടി റോഡിന്കിഴക്കും, ആയുള്ള പ്രദേശങ്ങൾ ഉൾപ്പെടുന്നു.

കോട്ടുകാൽ പഞ്ചായത്ത് സമ്പൂർണ്ണമായും കാർഷിക ഗ്രാമമാണ്. ഈപഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും കാർഷികവൃത്തികൊണ്ട് ജീവിക്കുന്നവരാണ്. നാളികേരമാണ് പ്രധാന നാണ്യവിള അടുത്തകാലത്തായി നെൽപാടങ്ങൾ ലോപിക്കുകയും അവ തെങ്ങുകൃഷികായി മാറ്റിയെടുക്കപ്പെടുകയും ചെയ്യുന്നുണ്ട്. നെയ്ത്ത്, കന്നുകാലിവളർത്തൽ കയർ ഉൽപാദനം മത്സ്യബന്ധനം ഇവ ജനങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗമാകുന്നു. ഈ പഞ്ചായത്തിലെ പ്രധാന നെയ്ത്ത് കേന്ദ്രമാണ് വയറ്റുവിള.കൃഷിക്കാരും നെയ്ത്തുകാരും കർഷക തൊഴിലാളികളും ഉൾപ്പെടുന്ന കോട്ടുകാലിന് അഭിമാനിക്കാവുന്ന ഒരു പൂർവ്വ ചരിത്രമുണ്ട്. കേരളത്തിന്റെ രാഷ്ട്രീയ രംഗത്തും, സാമൂഹ്യ രംഗത്തും വിപ്ലവകരമായ മാറ്റങ്ങൾക്ക് നേതൃത്വം നൽകയി മഹത്പുരുഷൻമാരും കോട്ടുകാൽപ്രദേശവുമായി ബന്ധപ്പെട്ടിരുന്നതായി പല രേഖകളും സാക്ഷ്യം നൽകുന്നു.

മുമ്പ് സൂചിപ്പിച്ച കോട്ടുകാൽ പ്രദേശങ്ങളെ വിനിമയ സൗകര്യത്തിനായി കോണങ്ങളായി തിരിച്ചിരുന്നു. പുത്തളത്ത്കോണം കുഴിവിളക്കോണം, മരുതൂർകോണം, പുലിയൂർകോണം, കോട്ടുകാൽ കോണം, കുഞ്ചുകോണം, പെരുങ്ങോട്ടുകോണം, കണ്ണങ്കോണം, പാപ്പനംകോണം, മാന്നോട്ടുകോണം എന്നീ സ്ഥലനാമങ്ങൾ ഉദാഹരണങ്ങളായി ചൂണ്ടിക്കാണിക്കാം. ഒരു പഞ്ചായത്തിലെ പ്രദേശങ്ങളെ വാർഡുകളായി തിരിക്കുന്ന ഇന്നത്തെ രീതിപോലെ, പണ്ടുണ്ടായിരുന്ന ഒരു രീതിയായിരുന്നു കോണങ്ങൾ

ഏതാണ്ട് മൂവായിരം കൊല്ലത്തിനുമുമ്പ് ജീവിച്ചിരുന്നു എന്നു വിശ്വസിക്കപ്പെടുന്ന മഹാഭാരതത്തിലെ പാണ്ഡു പുത്രന്മാരായ ധർമ്മപുത്രനും, ഭീമനും, അർജ്ജുനനും, നകുലസഹദേവന്മാരും അവരുടെ മാതാവ് കുന്തിയും ഭാര്യ പാഞ്ചാലിയും അവരുടെ പന്ത്രണ്ടുകൊല്ലത്തെ വനവാസത്തിനു ശേഷം ഉള്ള രണ്ടുകൊല്ലത്തെ അജ്ഞാതവാസം ചെലവിട്ട സ്ഥലങ്ങളിൽ ഒന്ന് കോട്ടുകാൽ പഞ്ചായത്ത് പ്രദേശങ്ങളായിരുന്നു. എന്ന കഥയ്ക്ക് നല്ല പ്രചാരമുണ്ട്. പ്രകൃതിയിൽ പതിഞ്ഞിട്ടുള്ള ചില അടയാളങ്ങൾ ഈ കഥയുടെ തെളിവായി ചൂണ്ടിക്കാണിക്കാനും കഴിയുന്നു. ഉടയൻവാഴി (ഗുഹ) അടിമലത്തുറക്കു സമീപം കടലിനുതൊട്ടുസ്ഥിതിചെയ്യുന്ന പാറക്കൂട്ടങ്ങളിലൊന്നിൽ, തെളിനീർ വന്നുവീഴുന്ന കിണ്ണിക്കുഴി എന്നിവ പാണ്ഡവന്മാരുടെ സാന്നിദ്ധ്യത്തിന്റെ രണ്ട് പ്രധാന അടയാളങ്ങളായി ഇപ്പോഴും കാണപ്പെടുന്നു. പാണ്ഡവന്മാർ ഭാര്യയോടും മാതാവിനോടും ഒളിവിൽ പാർത്തു വന്ന ഗുഹയാണ് ഉടയൻവാഴി.

പാണ്ഡവൻമാർ ഭൂഗർഭത്തിലൂടെയും വിജനപ്രദേശങ്ങളിലൂടെയും ദീർഘ സഞ്ചാരം ചെയ്യുമ്പോൾ ദാഹശമനത്തിനായി ചൊവ്വര പ്രദേശത്തുള്ള കടൽതീരത്തുള്ള പാറമടക്കുകളിലൂടെ ഒഴുകിവരുന്ന നീരൊഴുക്കിനെ കണ്ടെത്തുകയും ഒരു പാറയിൽ ഭീമൻ കൈമുട്ടുകൊണ്ട് ഒരു കുഴിയുണ്ടാക്കി ജലം തടഞ്ഞുനിർത്തി അതിനെകോരി കുടിക്കുകയും ചെയ്തതാണ്കിണ്ണിക്കുഴി എന്നാണ് ഒരു ഐതീഹ്യം. തിരമാലകൾ വന്നു മുട്ടിയുരുമ്മുന്ന കിണ്ണിക്കുഴിയിലെ ജലത്തിനു ഉപ്പിന്റെ ചുവയില്ലെന്നത് ഒരു വസ്തുതയാണ്. ഇത്തരം അനേകം നീരുറവകൾ ഈ പ്രദേശങ്ങളിൽ കാണുന്നുണ്ട്. ഇന്നും അവിടങ്ങളിലെ ജനങ്ങൾ ഈ ഉറവകളെ കുടിവെള്ളമായും കുളിക്കാനുള്ള ജലമായും പ്രയോജനപ്പെടുത്തുന്നുണ്ട്.

പനപ്പഴിഞ്ഞിയിലെ മുര്യാതോട്ടം ഭഗവതിക്ഷേത്രത്തിൽ നിന്നാരംഭിക്കുന്ന തുരങ്കം ചൊവ്വരയിൽ വച്ച് കടലിൽ അവസാനിക്കുന്നതായി കരുതപ്പെടന.ന്നു ഈ തുരങ്കത്തിന്റെ ഉത്ഭവവും പാണ്ഡവന്മാരുടെ വനവാസകാലത്ത് തന്നെ ഉണ്ടായിരുന്നിരിക്കണം എന്ന് കരുതുന്നതിൽ തെറ്റുണ്ടാവുകയില്ല.

ക്ഷേത്രങ്ങളുടെ നാടാണ് കോട്ടുകാൽ എന്ന് പറയാം. മുര്യാതോട്ടം ഭഗവതിക്ഷേത്രം, ഊരൂട്ടുവിള ഭദ്രകാളിക്ഷേത്രം,

ചൊവ്വര ശാസ്ത്രാക്ഷേത്രം, മരുതൂർ മഹാദേവക്ഷേത്രം ആഴിമല ശിവക്ഷേത്രം, പുന്നക്കുളം ശ്രീകൃഷ്ണസ്വാമിക്ഷേത്രം, എന്നിവ ഹൈന്ദവരുടെ ആരാധനാലയങ്ങളിൽ ചിലതാണ്. വൈഷ്ണവ ശാക്തേയ മതവിഭാഗങ്ങൾ ശക്തമായി ഈ പ്രദേശങ്ങളിൽ നിലകൊള്ളുന്നു എന്നുള്ളതാണ് എടുത്ത് പറയേണ്ട ഒരു സവിശേഷത. മൂന്നുനൂറ്റാണ്ടിനു മുമ്പ് തിരുവിതാംകൂറിന്റെ രാജ്യാധികാരം പിടിച്ചെടുക്കാൻവേണ്ടി ശത്രുക്കളിൽനിന്നും ഒളിവിൽ പാർത്തുകൊണ്ട് പ്രവർത്തിച്ച മാർത്താണ്ഡവർമ്മയുടെ സാന്നിദ്ധ്യം തെക്കൻ കേരളത്തിലെ പല പ്രദേശങ്ങളിലും പ്രചാരത്തിൽ ഉണ്ടായിരുന്നതായി പ്രചാരത്തിലുണ്ട്. അത്തരത്തിലൊരു കഥ പനപ്പഴിഞ്ഞിയിലെ മുര്യാതോട്ടം ഭഗവതിക്ഷേത്രം കേന്ദ്രമാക്കിയും പ്രചാരത്തിലുണ്ട്. ശത്രുക്കളുടെ വേട്ടയാടലിൽ നിന്നും രക്ഷപ്പെടാൻ മാർത്താണ്ഡവർമ്മ ഈ ക്ഷേത്രത്തിൽ അഭയം തേടിയിരുന്നതായും ക്ഷേത്രത്തിൽനിന്ന് ആരംഭിക്കുന്ന തുരങ്കത്തിലൂടെ ചൊവ്വര പോയി രക്ഷപ്പെട്ടുവെന്നും പറയപ്പെടുന്നു. ചൊവ്വര ശാസ്ത്രാക്ഷേത്രപരിസരത്തു കൂടെ കുതിരപ്പുറത്ത് പാഞ്ഞ്വന്ന മാർത്താണ്ഡവർമ്മയുടെ ശത്രുക്കൾ അല്പം മുൻപ് മാർത്താണ്ഡവർമ്മ അതുവഴി കടന്നുപോയി എന്ന കേട്ടറിവിൽ കുതിരപ്പുറത്തുനിന്നും എടുത്ത് ചാടിയെന്നും, അഞ്ഞൂറടി മുകളിലുള്ള മലയിൽ നിന്നുള്ളചാട്ടം ജീവനെടുക്കാൻ കാരണമായെന്നും പറയപ്പെടുന്നു.

കോട്ടുകാൽ പഞ്ചായത്തിന്റെ പടിഞ്ഞാറെ അറ്റമായ അടിമലത്തുറ മൽസ്യതൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന കടൽ തീരപ്രദേശമാണ്. രണ്ട് കത്തോലിക്കാ ദേവാലയങ്ങൾ ഇവിടെ സ്ഥാപിച്ചിട്ടുണ്ട്. കന്യാസ്ത്രീകളുടെ ആശ്രമവും ഇവിടെ പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിൽ കത്തോലിക്കാ മിഷനറിമാർ സ്ഥാപിച്ച കത്തോലിക്കാ ദേവാലയങ്ങൾ ഉണ്ട്. അതിൽ വളരെ പുരാതനമായതാണ് പയറ്റുവിളയിൽ സ്ഥിതിചെയ്യുന്ന R.C ദേവാലയം സി എസ് ഐ തുടങ്ങി മറ്റ് ക്രൈസ്തവ വിഭാഗങ്ങളുടെ ദേവാലയങ്ങളും അടിമലത്തുറയിൽ ഒരു മുസ്ലീം ദേവാലയവുമുണ്ട്.

വിവിധ മതവിശ്വാസികളും വ്യത്യസ്ത ആചാര രീതികളും ഉള്ള കോട്ടുകാൽ പഞ്ചായത്തിലെ ജനങ്ങൾ സൗഹാർദ്ദത്തിലും സഹിഷ്ണുതയിലും വിശ്വസിച്ച് ജീവിക്കുന്നു എന്നത് എടുത്ത് പറയേണ്ട ഒരു വസ്തുതയാണ്.

കേരളത്തിലെ സാമൂഹിക മണ്ഡലത്തിൽ നവമായ ഒരു ജീവിത വീക്ഷണം അവതരിപ്പിക്കുകയും എല്ലാവരുമാത്മസഹോദരർ എന്ന ദർശനം രൂപപ്പെടുത്തുകയും ചെയ്ത ശ്രീ നാരായണഗുരുവിന്റെകാൽപാടുകൾ കോട്ടുകാൽ പ്രദേശത്ത് പതിഞ്ഞിട്ടുണ്ട്. പുത്തളത്ത് പരമു ആശാൻ നടത്തിവന്ന കുടിപള്ളിക്കൂടത്തിൽ ശ്രീ നാരായണഗുരു വരുകയും പരമു ആശാന്റെ വിദ്യാദാന പരിപാടിയെ അഭിനന്ദിക്കുകയും ചെയ്തിട്ടുണ്ട്. ( ഈപള്ളിക്കൂടമാണ് ഇന്ന് പുത്തളം ഗവ. എൽ പി എസ് ആയി പ്രവർത്തിക്കുന്നത്). ശ്രീ നാരായണഗുരുവിന്റെ പ്രവർത്തനങ്ങളും പ്രബോധനങ്ങളും ഈ പ്രദേശത്തുള്ള ജനങ്ങളെ സ്വാധീനിച്ചിട്ടുണ്ടെന്ന് നിസംശയം പറയാവുന്നതാണ്. തൊഴിലാളി പ്രസ്ഥാനമോ, മാർക്സിയൻ ആശയങ്ങളോ രൂപപ്പെടാതിരുന്ന ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ അധഃസ്ഥിത ജനവിഭാഗങ്ങളുടെ കൂലി കൂട്ടുന്നതിന് വേണ്ടിസമരം ചെയ്യിപ്പിച്ച് വിജയിപ്പിച്ച ശ്രീ അയ്യൻകാളിയുടെ പ്രവർത്തനങ്ങളുടെ ഒലികൾ കോട്ടുകാലിലും സ്വാധീനം ചെലുത്തിയിട്ടുണ്ട്.

കേരളത്തിന്റെ ആയോധന കലകളിൽ ഒന്നായ കളരിപ്പയറ്റിന് അംഗീകാരം നേടുന്നതിൽ കോട്ടുകാൽ പ്രദേശത്തിലെ പലരും പരിശ്രമിച്ചു എന്നുള്ളതും ഇവിടെ സ്മരിക്കേണ്ടതാണ്. കായിക രംഗത്ത് അതീവതാല്പര്യം ഉണ്ടായിരുന്ന മികച്ച ഒരു കായിക വിദഗ്ധൻ കൂടിയായ കേണൽ ഗോദവർമ്മ രാജയുടെ ഒത്താശയോടെ ദിവാനായിരുന്ന സർ സി. പി രാമസ്വാമി അയ്യരെ നേരിട്ട് കണ്ട് കളരിപ്പയറ്റിന് അംഗീകാരം നേടിയവർ ഈ പ്രദേശത്തുള്ളവരായിരുന്നു ലാബാൻ ആശാൻ, റസലയ്യ എന്നീ പേരുകൾ ഇവിടെ എടുത്ത് പറയേണ്ടതാണ്.

വിദ്യാഭ്യാസ രംഗത്തും ഗ്രന്ഥശാലാ പ്രവർത്തനത്തിനും കോട്ടുകാൽ പിന്നിലല്ലായെന്ന് പറയാമെങ്കിലും ഈ രംഗങ്ങളിൽ ഇനിയും വളരെ മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. കോട്ടുകാൽ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ ഗവൺമെന്റ് തലത്തിലും പട്ടം താണുപിള്ള മെമ്മോറിയൽ ഹയർസെക്കണ്ടറി സ്കൂൾ. സ്വകാര്യ തലത്തിലും നിരവധി അപ്പർ പ്രൈമറി സ്കൂളുകളും, പ്രൈമറി സ്കൂളുകളും ഗവൺമെന്റ് തലത്തിലും സ്വകാര്യതലത്തിലും പ്രവർത്തിക്കുന്നുണ്ട്.

വിദേശ സഞ്ചാരികളെ ആകർഷിക്കുന്ന രമണീയമായ സമുദ്ര ദൃശ്യവും പ്രകൃതിയുടെ നൈസർഗിക സൗന്ദര്യവും കോട്ടുകാൽ പഞ്ചായത്തിന്റെ തെക്ക് പടിഞ്ഞാറെ അതിരിനെ പരിപുഷ്ടമാക്കുന്നു. കേരള സംസ്ഥാന പോലീസിലെ എസ് എ പി ക്യാമ്പ്, കത്തോലിക്കാ സ്ഥാപനമായ സെന്റ് പീറ്റേഴ്സ് ആശ്രമം സ്വകാര്യ ടൂറിസ്റ്റ് വിശ്രമകേന്ദ്രങ്ങൾ എന്നിവയും കോട്ടുകാൽ പഞ്ചായത്തിന്റെ സാമൂഹിക സാംസ്കാരിക പശ്ചാത്തലത്തിന് ദീപ്തി നല്കുന്ന സ്ഥാപനങ്ങളാണ്.

കോട്ടുകാൽ പ്രദേശം ധാരാളം നീരൊഴുക്കുകളുള്ള ഒരു പ്രദേശമാണ്,. മുമ്പ് പറഞ്ഞ ഓരോ കോണത്തു നിന്നും ചെറുതോടുകൾ ഒഴുകി കോട്ടുകാൽ നടുതോട്ടിലും വലിയതോട്ടിലും ചേരുന്നു.വ കരിച്ചൽ കായൽവഴി സമുദ്രത്തിൽ പതിക്കുന്നു. എന്നാൽ ഇന്ന് കരിച്ചൽ കായൽ നാമമാത്രമായിരിക്കുന്നു. മറ്റ് പ്രദേശങ്ങളെക്കാളും സുഖകരമായ കാലാവസ്ഥ മനുഷ്യവാസത്തിനും, കൃഷികൾക്കും, ഉപകരിക്കുന്നു എന്നുള്ളതും ശ്രദ്ധേയമായ ഒരു അവസ്ഥയാണ്.

# കോട്ടുകാൽ പഞ്ചായത്ത്
# ഭൂപ്രകൃതിയും വിഭവങ്ങളും

## കോട്ടുകാൽ പഞ്ചായത്തിന്റെ കിടപ്പും പൊതുവിവരങ്ങളും

കോട്ടുകാൽ പഞ്ചായത്ത് 13.59 ച.കി. (1360 ഹെക്ടർ) സ്ഥലത്ത് വ്യാപിച്ച് കിടക്കുന്നു. പഞ്ചായത്തിന്റെ കിടപ്പ് വടക്ക് 8°20· 57'' നും 8° 25· 16'' നും ഇടയ്ക്കും കിഴക്ക് 77° 57'' നും 77° 5· 20'' നും ഇടയ്ക്കുമായി സ്ഥിതി ചെയ്യുന്നു. കോട്ടുകാൽ പഞ്ചായത്തിന്റെ വടക്കുഭാഗത്ത് ബാലരാമപുരം പഞ്ചായത്തും കിഴക്ക് അതിയന്നൂർ, കാഞ്ഞിരംകുളം പഞ്ചായത്തുകളും പടിഞ്ഞാറ് വിഴിഞ്ഞം, വെങ്ങാന്നൂർ പഞ്ചായത്തുകളും, തെക്ക് കരുംകുളം പഞ്ചായത്തും – അനുബന്ധമായി അറേബ്യൻ സമുദ്രവും സ്ഥിതി ചെയ്യുന്നു. കോട്ടുകാൽ പഞ്ചായത്തിൽ 12 വാർഡുകളുണ്ട്.

ഏലാ നികന്നു ഒഴുകികൊണ്ടിരുന്ന തോടിനെ 1957 ൽ ശ്രീ അവണാകുഴി സദാശിവന്റെ ശ്രമഫലമായി ഗവൺമെന്റ് നിർമ്മിച്ചതാണ് ഇന്നു കാണുന്ന കോട്ടുകാൽ വലിയ തോട്.

പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി വടക്കുനിന്നും തെക്കോട്ട് പ്രസ്തുത കോട്ടുകാൽ വലിയ തോട് ഒഴുകുന്നു. പ്രസ്തുത തോട് ബാലരാമപുരം പഞ്ചായത്തിൽ നിന്നും ചെറു നീർചാലായി ആരംഭിച്ച് തോടായി രൂപാന്തരപ്പെട്ട് കോട്ടുകാൽ പഞ്ചായത്തിൽ പ്രവേശിക്കുമ്പോൾ താരതമ്യേന വലിയ തോടായി ഒഴുകി തെക്ക് കരിച്ചൽ കായൽവഴി അറേബ്യൻ സമുദ്രത്തിൽ പതിക്കുന്നു.

കോട്ടുകാൽ പഞ്ചായത്തിന്റെ കിഴക്ക് അതിരും പടിഞ്ഞാറ് അതിരും ഉയർന്ന പ്രദേശങ്ങളാണ്. പ്രസ്തുത ഭാഗത്തുനിന്നും തുടങ്ങുന്ന ചരിവുകൾ കോട്ടുകാൽ വലിയ തോടിയിൽ സമാന്തരമായി അവസാനിക്കുന്നു. പൊതുവെ പറഞ്ഞാൽ തെക്ക് ഭാഗത്തുള്ള കടൽതീരവും കോട്ടുകാൽ തോടിനും ഏലായ്ക്കും സമാന്തരമായുള്ള സമതലങ്ങളും ഒഴിച്ചാൽ മറ്റു പ്രദേശങ്ങൾ ചെറിയ ചരിഞ്ഞ പ്രദേശങ്ങളാണ്. ചരിവിന്റെ തീവ്രത, പഞ്ചായത്തിന്റെ 40% ഭാഗം 8% ത്തിൽ കൂടുതൽ ചരിവുള്ളതും 60% ഭാഗം 8% ത്തിൽ താഴെ ചരിവുള്ളതുമായി കാണുന്നു.

## കാലാവസ്ഥ

സമശീതോഷ്ണസ്വഭാവത്തിൽപ്പെട്ട കാലാവസ്ഥയാണ് ഈ പ്രദേശത്ത് അനുഭവപ്പെടുന്നത്. ലഭിക്കുന്ന മഴയുടെ അളവ് ജില്ലയുടെ ശരാശരിയിലും താഴെയാണ്. എടുത്തു പറയേണ്ട മറ്റൊരു പ്രത്യേകത, ചുറ്റുമുള്ള പഞ്ചായത്തുകളെ അപേക്ഷിച്ച് ഈ പഞ്ചായത്തിന്റെ അതിരുകൾ ഉയർന്നതും മദ്ധ്യഭാഗം ഏറ്റവും താണതുമായതിനാലും ജല സുഭിക്ഷതയാലും ഈ പ്രദേശത്ത് താപനില അയൽപഞ്ചായത്തുകളെക്കാളും താണു നിൽക്കുന്നു. വായുവിന്റെ ജലാംശം അടുത്ത പ്രദേശങ്ങളെക്കാൾ കൂടുതലുമാണ്.

## മണ്ണും ഭൂവിഭവങ്ങളും

കോട്ടുകാൽ പഞ്ചായത്തിലെ മണ്ണിന്റെ ഘടന 6 ഗ്രൂപ്പുകളിൽ പെടുന്നു.

1. വിളപ്പിൽ സീരീസ്
2. വെള്ളയാണിസീരീസ്
3. വിഴിഞ്ഞം സീരീസ്
4. നെയ്യാറ്റിൻകര സീരീസ്
5. മറുകിൽ സീരീസ്
6. മിസലേനിയസ് ലാന്റ് ടൈപ്പ്

### 1. വിളപ്പിൽ സീരീസ്:-

ഇത്തരം മണ്ണ് ചെറിയ ചരിവുള്ള ഭാഗങ്ങളിൽ കണ്ടുവരുന്നു. തവിട്ടുനിറമുള്ളതും ചരലുകലർന്ന പശിമരാശി മണ്ണ് ഉപരിതലത്തിൽ കാണുന്നു. മണ്ണിന് ചെറിയ അമ്ലത്വമുണ്ട്. ഇത്തരം മണ്ണ് 19 ഹെക്ടർ സ്ഥലത്ത് കാണുന്നു.

### 2. വെള്ളായണി സീരീസ്

താരതമ്യേന ചരിവ്കൂടിയ പ്രദേശത്തിൽ ഇത്തരം മണ്ണ് കാണുന്നു. അമ്ലത്വസ്വഭാവം കൂടുതലാണ്. 5% മുതൽ 15%

വരെ ചരിവുകളിൽ ഇത്തരം മണ്ണ് കാണപ്പെടുന്നു. വേനൽകാലത്ത് ഈ മണ്ണിന് കൂടുതൽ വരൾച്ച അനുഭവപ്പെടുന്നു. ഇത്തരം മണ്ണ് കോട്ടുകാൽ പഞ്ചായത്തിന്റെ 745 ഹെ: സ്ഥലത്ത് കാണപ്പെടുന്നു.

### 3. വിഴിഞ്ഞം സിരീസ്

ഇത്തരം മണ്ണ് കണ്ടുവരുന്നത് ചെറിയ കുന്നുകളുടെ പാർശ്വങ്ങളിലാണ് ഇത്തരം പ്രദേശങ്ങൾ ചരിവുള്ളതായിരിക്കും. ചരിവ് 5% മുതൽ 10% വരെ ആയിരിക്കും. ഉറപ്പുള്ള ലാറ്ററൈറ്റ് ചരലുകൾ കലർന്നതാണ് ഈ മണ്ണ്. ഈ പഞ്ചായത്തിൽ 305 ഹെ. സ്ഥലത്ത് ഇത്തരം മണ്ണാണുള്ളത്.

### 4. നെയ്യാറ്റിൻകര സീരീസ്

ഇത്തരം മണ്ണ് കാണപ്പെടുന്നത് ചെറിയ കുന്നുകളുടെ താഴെയുള്ള പ്രദേശങ്ങളിലാണ്. മണലുകലർന്ന ചെമ്മണ്ണാണ് ഇവ ഈ പ്രദേശത്ത് 115 ഹെ. സ്ഥലത്ത് ഇത്തരം മണ്ണ് കാണുന്നു.

### മറുകിൽ സീരിസ്

ഇത്തരം മണ്ണ് താഴ്‌വരകളിൽ കാണപ്പെടുന്നു. ഇവ വെള്ളം കയറ്റിനിർത്തി നെൽകൃഷിക്ക് ഉപയുക്തമാക്കാം. ഈ പ്രദേശങ്ങളിൽ ഇരുമ്പ്, അലൂമിനിയം എന്നിവയുടെ അംശം കാണപ്പെടുന്നു. ഈ പ്രദേശത്ത് കെട്ടിനിൽക്കുന്ന വെള്ളത്തിൽ ഓര് കാണപ്പെടുന്നു. കോട്ടുകാൽ പഞ്ചായത്തിൽ 75 ഹെ. സ്ഥലം ഈ വിഭാഗത്തിൽപ്പെടുന്നു.

### 6. മിസലേനിയസ് ടൈപ്പ്

ഇവ മനുഷ്യനിർമ്മിതമായ ഒരു വിഭാഗമാണ്. മറ്റു പ്രദേശങ്ങളിൽ നിന്നും മണ്ണ് കൊണ്ടുവന്ന് നികത്തി കൃഷിക്കുപയോഗിക്കുന്ന പ്രദേശങ്ങൾ ഇവയിൽപെടുന്നു. ഇത്തരം മണ്ണിൽ ഒരു പൊതുസ്വഭാവമോ ഘടനയോ കാണാറില്ല. കോട്ടുകാൽ പഞ്ചായത്തിലെ താഴ്‌വാരങ്ങളായ കരിച്ചൽ കായൽ നികത്തിയ ഭാഗം, വളവുനട-പുന്നക്കുളം തുടങ്ങിയ വയൽനികത്തിയ ഭാഗങ്ങൾ തുടങ്ങിയവ ഈ വിഭാഗത്തിൽപെടുന്നു. കോട്ടുകാൽ പഞ്ചായത്തിൽ ഈ വിഭാഗത്തിൽപ്പെട്ട 101 ഹെ. സ്ഥലം ഉണ്ട്.

കേരളത്തിലെ 13 കാർഷികമേഖലകളിൽ തെക്കൻ മേഖലയിൽ ഈ പഞ്ചായത്ത് ഉൾപ്പെടുന്നു. ഈ പഞ്ചായത്തിൽ 7483 കർഷക കുടുംബങ്ങൾ നാമമാത്ര കർഷകരാണ് 515 കർഷകകുടുംബങ്ങൾ ചെറുകിട കർഷകരാണ്. 38 കർഷകകുടുംബങ്ങൾ വൻകിട കർഷകവിഭാഗത്തിൽപെടുന്നു. ശരാശരി ഒരു കർഷകന്റെ കൃഷിഭൂമി 37 സെന്റ് ആയി കാണുന്നു.

### ജലസ്രോതസുകൾ

കോട്ടുകാൽ പഞ്ചായത്തിന്റെ സവിശേഷമായ പ്രത്യേകത ഒരിക്കലും വറ്റാത്ത ജലസ്രോതസുകളാണ്. കടുത്ത വേനലിലും. കോട്ടുകാൽ വലിയ തോടും, ഏലാക്ക് നടുവിലൂടെ ഒഴുകുന്ന നടുത്തോടും ജല സുഭിക്ഷമായിരിക്കും. ഇതിന്റെ പ്രധാന കാരണമായി കാണുന്നത് പഞ്ചായത്തിന്റെ ഏറ്റവും ഉയർന്ന പ്രദേശങ്ങളായ കിഴക്ക്, പടിഞ്ഞാറുകരകളിൽ രൂപാന്തരപ്പെടുന്ന നീർചാലുകൾ ഉറവകളായി 12 ചെറു ചെറു തോടുകളായി കോട്ടുകാൽ തോടിൽ വന്നു ചേരുന്നതുമൂലമാണ്. എന്നാൽ ഇപ്രകാരം വന്നുചേരുന്ന ജലം 48 മണിക്കൂറിനുള്ളിൽ അറേബ്യൻ സമുദ്രത്തിൽ പതിക്കുന്നതായി കണക്കാക്കപ്പെടുന്നു. ഇപ്രകാരം നഷ്ടപ്പെടുന്ന ജലം കഴിഞ്ഞ 5 വർഷമായി മുൻ വർഷങ്ങളെക്കാൾ 30% ത്തിൽ താഴെയായി കുറയുന്നതായി കാണുന്നു. കർഷകർ അവലംബിച്ച മണ്ണു ജല സംരക്ഷണപ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് ഇപ്രകാരം സാധിച്ചത്. കോട്ടുകാൽ ജലസ്രോതസ്സുകളിൽ നിന്നും പരിസരത്തുള്ള പഞ്ചായത്തുകൾക്ക്, കുടിവെള്ളം നൽകുന്ന 4 പ്രധാനപ്പെട്ട വാട്ടർ സപ്ളൈ സ്കീമുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നു.

**പഞ്ചായത്തിൽ പ്രധാനപ്പെട്ട 4 വലിയ കുളങ്ങളുണ്ട്.**

1. മാർത്താണ്ഡം കുളം
2. കണ്ണം കുളം
3. മരുതൂർക്കോണം കുളം
4. മന്നോട്ടുകോണം കുളം.

ഇവ വർഷം മുഴുവനും ജല സുഭിക്ഷമാണ്.

കോട്ടികാൽ പഞ്ചായത്തിന്റെ ജലവിതാനം വൈവിദ്ധ്യമുള്ളതാണ്. ഏലാക്ക് സമാന്തരമായ സമതലങ്ങളിൽ 101 അടിയും ചിന്നൻവിള, മലമേൽകുന്ന് കുഞ്ചുകോണം, ചൊവ്വര, കോഴോട്ട് തുടങ്ങിയ ഉയർന്ന പ്രദേശങ്ങളിൽ 140 അടിവരെയുമാണ്.

### സസ്യസമ്പത്ത്.

കോട്ടുകാൽ പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണമായ 1360 ഹെക്ടറിൽ 1276 ഹെ. കൃഷിയോഗ്യമാണ്. 81 ഹെ. സ്ഥലത്ത് കൃഷി അസാദ്ധ്യമാണ്. പ്രസ്തുത സ്ഥലം കെട്ടിടങ്ങൾ, റോഡ്,

തോടുകൾ, കുളങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു. കൃഷിയോഗ്യമായ ഭൂമിയിൽ തരിശ്ഭൂമി ഇല്ല.

പ്രധാന കാർഷികവിളകളും വിസ്തീർണ്ണവും താഴെ പ്രതിപാദിക്കുന്നു.

| | |
|---|---|
| 1. തെങ്ങ് | 1020 ഹെക്ടർ |
| 2. നെല്ല് | 20 ഹെക്ടർ |
| 3. വാഴ | 315 ഹെക്ടർ |
| 4. മരച്ചീനി | 58 ഹെക്ടർ |
| 5. കുരുമുളക് | 38 ഹെക്ടർ |
| 6. ഇഞ്ചി, മഞ്ഞൾ, ജാതി ഗ്രാമ്പൂ തുടങ്ങിയവ | 18 ഹെക്ടർ |
| 7. ചേന, ചേമ്പ്, മറ്റുകിഴങ്ങുകൾ | 29 ഹെക്ടർ |
| 8. പച്ചക്കറി | 11 ഹെക്ടർ |
| ശരാശരി ഉൽപാദനം | |

(1) തെങ്ങ് 52 തേങ്ങ/ ഒരു തെങ്ങിൽനിന്നും ഒരു വർഷം

(2) നെല്ല് 1950 കി.ഗ്രാം നെല്ല്/ഹെ. ഒരു സീസണിൽ

## ജൈവസമ്പത്ത്

ഈ പ്രദേശത്ത് വളരുന്ന എല്ലാ കൃഷിയും ഇവിടെ നിലനിൽക്കുന്നു. നെൽകൃഷി 15 വർഷങ്ങൾക്ക് ശേഷം 150 ഹെ. ൽ നിന്നും 20 ഹെ. ആയി കുറഞ്ഞു. തെങ്ങുകൃഷി 830 ഹെ. ൽ നിന്നും 1020 ഹെ. ആയി വർദ്ധിച്ചു. 3 ഹെ. സ്ഥലത്ത് റബ്ബർ കൃഷി ആദ്യമായി ആരംഭിച്ചു. ഔഷധസസ്യ ചെടികൾ, കൂൺകൃഷി എന്നിവ പുതിയതായി ആരംഭിച്ചു. വിവിധതരം കൃഷി ഒരേ സ്ഥലത്ത് ഒരേ സമയം കൃഷി ചെയ്യുന്ന രീതിയാണ് പരക്കെ കാണുന്നത്. ഇടവിള കൃഷി പരമാവധി ചെയ്യുന്നു. കന്നുകാലി വളർത്തൽ ആദായകരമായി ഇവിടെ നടന്നുപോരുന്നു. പാലുൽപാദനം ഉപഭോഗത്തെക്കാൾ കൂടുതലാണ്. കോഴിവളർത്തൽ വീട്ടുവളപ്പിൽ ഒതുങ്ങിനിൽക്കുന്നു.

## മനുഷ്യസമ്പത്ത്

കോട്ടുകാൽ പഞ്ചായത്തിലെ ആകെയുള്ള 8036 കുടുംബങ്ങളിൽ പ്രായപൂർത്തിയായവർ 20,767 പേരും, കുട്ടികൾ 17,045 പേരുമാണ്. ആകെ ജനസംഖ്യ 37,812 പേരാണ്. 89% പേർ സാക്ഷരരാണ്. പ്രൈമറി വിദ്യാഭ്യാസം പോലും ലഭിക്കാത്ത കുട്ടികൾ ഇല്ല എന്ന് കാണുന്നു. 19 അംഗൻവാടികളിലായി 625 കുട്ടികൾ പഠിക്കുന്നു.

പഞ്ചായത്തിലെ പ്രധാന ചെറുകിടവ്യവസായം നെയ്ത്ത്, കയർ നിർമ്മാണം എന്നിവയാണ്. മറ്റു വൻകിട വ്യവസായങ്ങളോ ഉൽപാദനകേന്ദ്രങ്ങളോ ഇല്ല.

ദാരിദ്ര്യരേഖയിൽ വളരെ താഴെ കഴിയുന്ന 668 പേർ കാർഷിക അനുബന്ധ തൊഴിലുകളായ ഓലമെടച്ചിൽ, പെട്ടി, പായ, നെയ്ത്ത്, ഈർക്കിൽ, ചൂല് നിർമ്മാണം, കരകൗശലവസ്തു നിർമ്മാണം തുടങ്ങിയ ചെയ്ത് നിത്യവൃത്തി കഴിക്കുന്നു. ഇവരിൽ 88% പേരും സ്ത്രീകളാണ്. ഇവരുടെ ശരാശരി പ്രതിദിന വരുമാനം 15 രൂപയിൽ താഴെയാണ്.

കാർഷിക മേഖലയിൽ കർഷകത്തൊഴിലാളികളുടെ ലഭ്യത നാൾക്ക് നാൾ കുറഞ്ഞുകൊണ്ടിരിക്കുന്നു. നെൽകൃഷി മേഖലയിൽ തൊഴിലാളികളുടെ ലഭ്യത 20% ആയി കുറഞ്ഞു.

## തീരപ്രദേശങ്ങൾ-

പുളിങ്കുടി മുതൽ അടിമലത്തുറവരെ നീണ്ടുകിടക്കുന്നു. അടിമലത്തുറയിലെ പ്രധാനതൊഴിൽ മത്സ്യബന്ധനമാണ്. ഇവിടെ ശരാശരി ഭൂമിയുടെ ലഭ്യത 2 മുതൽ 3 സെന്റ് വരെയാണ് വേലിയേറ്റവും വേലിയിറക്കവും ഈ പ്രദേശത്ത് കണ്ടുവരുന്നു. കോട്ടുകാൽ പഞ്ചായത്തിലെ ഏറ്റവും അവികസിത മേഖലയാണിത്. ഏറ്റവും കൂടുതൽ തൊഴിൽ അസ്ഥിരത, ആരോഗ്യപ്രശ്നങ്ങൾ കുട്ടികളുടെ ആരോഗ്യത്തിലും വിദ്യാഭ്യാസത്തിലുമുള്ള പ്രശ്നങ്ങൾ കടൽക്ഷോഭം മൂലം അനുഭവിക്കുന്ന നാശനഷ്ടങ്ങൾ ഈ പ്രദേശത്തെ ബാധിച്ചിരിക്കുന്നു. പുളിങ്കുടിയിലെ തീരപ്രദേശങ്ങൾ ടൂറിസം മേഖലയിൽ ചുവടുറപ്പിച്ചു കഴിഞ്ഞു. ഈമേഖലയിൽ ഈ പ്രദേശത്തിന്റെ വികസന സാദ്ധ്യത തെളിഞ്ഞുവരുന്നു.

## സംക്ഷിപ്തം

കോട്ടുകാൽ പഞ്ചായത്തിന്റെ ഭൂപ്രകൃതിയും, വിഭവങ്ങളും പൊതുവായി സംക്ഷിപ്തപ്പെടുത്തിയാൽ ഒരിക്കലും വറ്റാത്ത ഉറവകളും തല ഉയർത്തിനിൽക്കുന്ന തെങ്ങിൻ തോപ്പുകളും മണ്ണിനെ മറയ്ക്കുന്ന സസ്യാവരണങ്ങളും കൊണ്ട് നിറഞ്ഞതുമാണ് ഈ പ്രദേശം.

# കാർഷികമേഖല

1. നെൽപ്പാടങ്ങളിൽ നിന്നും നെൽകൃഷിവളരെ വേഗത യിൽ മാറ്റപ്പെട്ടുകൊണ്ടിരിക്കുന്നു.

**കാരാണങ്ങൾ:-**

1. കാർഷിസംസ്കാരത്തിന് സംഭവിച്ച പുതിയ രൂപവും ഭാവവും-

കാൽനൂറ്റാണ്ട് മുമ്പുള്ള ചരിത്രം പരിശോധിച്ചാൽ കൃഷി ചെയ്തിരുന്നത് കർഷകതൊഴിലാളിയായിരുന്നു. സ്വന്തമായി ഒരു തുണ്ടുഭൂമിപോലും ഇല്ലാതിരുന്നവരാണ്. ഇവരിൽ ഭൂരിഭാഗവും കിടപ്പാടം പോലും ഭൂവുടമകളുടെ അധീനതയിലായിരുന്നു. ഇത്തരക്കാർക്ക് കാർഷികമേഖലയിൽ അല്ലാതെ മറ്റൊരു മേഖലയിലും തൊഴിൽ അവസരങ്ങൾ ഇല്ലായിരുന്നു എന്ന് തന്നെ പറയാം. അങ്ങിനെ സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലെ വലിയൊരു വിഭാഗം ജനങ്ങൾ തങ്ങളുടെ ഏക ഉപജീവനമാർഗ്ഗമായ കൃഷിപ്പണി ഒരു തൊഴിലായി സ്വീകരിക്കാൻ നിർബന്ധിതരായി. അക്കാലത്ത് വയൽവരമ്പുകളിൽ കുടയും ചൂടി,. കാഴ്ചക്കാരായിനിന്നിരുന്ന ഭൂ ഉടമകൾ സ്വന്തമായി കൃഷിചെയ്തിരുന്നില്ല. മറിച്ച് കർഷകത്തൊഴിലാളികളിലൂടെ കാർഷികോൽപ്പന്നങ്ങൾ വിളയിക്കുകയായിരുന്നു. കഴിഞ്ഞ കാലങ്ങളിൽ തൊഴിലാളികൾക്കിടയിൽ ഉണ്ടായ അഭൂതപൂർവ്വമായ സംഘടനാ ശക്തിയും സ്വാതന്ത്ര്യബോധവും കാർഷികമേഖലയിലും ആഞ്ഞുവീശാൻ തുടങ്ങി. അതിന്റെ ഫലമായി കാർഷികതൊഴിൽ മേഖലയിലെ പുത്തൻ തലമുറക്കാർ പുതിയ തൊഴിൽ അവസരങ്ങൾ തേടി സ്വന്തം നിലയുറപ്പിച്ചു. കാർഷികമേഖലയിൽ തൊഴിലാളികളുടെ എണ്ണം അനുദിനം കുറഞ്ഞുവരികയും കൃഷിഭൂമിയുടെ നിരന്തരമായുള്ള വെട്ടിമുറിക്കൽ കാരണം ചെറുഭൂവുടമകളുടെ എണ്ണം കൂടി വരികയും ചെയ്തു. ഇത് കർഷകതൊഴിലാളികൾക്ക് തങ്ങൾക്ക് ലഭിക്കുന്ന കൂലിയിൽ വിലപേശാനുള്ള ഏറ്റവും വലിയ ആയുധമായി മാറി. മുമ്പ് കൃഷിപ്പണികൾ ചെയ്യിച്ച് മാത്രം ശീലമുള്ള ഭൂവുടമകൾക്ക് ഇന്ന് സ്വന്തമായി അത് നിർവ്വഹിക്കാനുള്ള വിമുഖത ഈ രംഗത്ത് അപകടകരമായ സ്ഥിവിശേഷത്തിന് വഴിതെളിക്കുന്നു. മുൻകാലത്ത് കൃഷിക്ക് വേണ്ടിവരുന്ന ചിലവിന്റെ ഏറ്റവും കുറഞ്ഞ അംശം കൂലിചിലവായിരുന്നുവെങ്കിൽ ഇന്ന് ഏറ്റവും സിംഹഭാഗം കൂലിചിലവായി മാറി മാറ്റി. ഈ സ്ഥിതിവിശേഷം ഭൂ ഉടമകളിൽ വലിയൊരു മനംമാറ്റത്തിന് വഴി തെളിച്ചു.

1) കാർഷികമേഖലയിൽനിന്നും മറ്റ് മേഖലകളിലേക്കുള്ള പലായനം.

2) ഏറ്റവും കൂടുതൽ മനുഷ്യപ്രയത്നം വേണ്ടിവരുന്ന വിളകൾ ( ഉദാ: നെൽകൃഷി) അവസാനിപ്പിച്ചു കുറഞ്ഞ മനുഷ്യപ്രയത്നം വേണ്ടിവരുന്ന കൃഷികളിലേക്ക് തിരിഞ്ഞു.

3) കൃഷിഭൂമി തരിശിടുകയോ പാട്ടത്തിന് കൊടുക്കുകയോ ചെയ്യാൻ തുടങ്ങി.

4) ഓരോ വിളകൾക്കും കാലാകാലങ്ങളിൽ ചെയ്യേണ്ട കാർഷികമുറകൾ ചെയ്യാതിരിക്കുകയോ വളരെയധികം കാലതാമസം വരുത്തുകയോ ചെയ്തു.

5) ഏറ്റവും കുറഞ്ഞ സ്ഥലവും സമയവും പ്രവർത്തനവും ധനവും ഉപയോഗിച്ച് ഏറ്റവും കൂടുതൽ ലാഭമുണ്ടാക്കാവുന്ന കൃഷികൾക്കായി കർഷകൻ തിരിഞ്ഞു.

മേൽപ്പറഞ്ഞ ഘടകങ്ങൾ കർഷകരെ അതായത് ഭൂ ഉടമകളെ മൂന്ന് തട്ടുകളിലാക്കി മാറ്റി.

1) നാമധേയ കർഷകർ.

2) ഭാഗകസമയ കർഷകർ

3) മുഴുവൻ സമയ കർഷകർ.

ഇതിൽ ആകെ കർഷകകുടുംബങ്ങളുടെ 25% നാമധേയ കർഷകരിൽ പെടുന്നു. ഇക്കൂട്ടർ തങ്ങളുടെ പ്രധാനവരുമാനം കാർഷികേതര മേഖലയിൽ സുരക്ഷിതമാക്കുന്നു. കൃഷിയിടങ്ങളിൽ കാര്യമായി പണം നിക്ഷേപിക്കുന്നില്ല.

ആകെ കർഷക കുടുംബങ്ങളിൽ 55% ഭാഗികസമയ കർഷകരിൽപ്പെടുന്നു. ഇക്കൂട്ടർ മറ്റുമേഖലകളിൽ വ്യാപൃതരാണെങ്കിലും അതോടൊപ്പം കാർഷിക മേഖലയിലും ശ്രദ്ധപതിപ്പിക്കുന്നു.

20% പേർ മാത്രമാണ് മുഴുവൻ സമയ കർഷകർ. ഇവരിൽ കുടുംബനാഥന്റെ പ്രധാനമേഖല കൃഷിതന്നെയായിരിക്കും. കുടുംബാംഗങ്ങളിൽ ചിലരും കൂട്ടായികാർഷിക മേഖലയിൽ പ്രവർത്തിക്കുന്നവരായിരിക്കും. ഇക്കൂട്ടരാണ് കാർഷിക മേഖലയെ വിഭവസമ്പമാക്കുന്നത്.

കഴിഞ്ഞ കാൽനൂറ്റാണ്ട് പരിശോധിച്ചാൽ ആകെയുള്ള മുഴുവൻ സമയ കർഷകരുടെ എണ്ണം കുത്തനെ കുറഞ്ഞു വരുന്നതായി കാണാം. ഇതാണ് കാർഷിക മേഖലയിൽ നേരിട്ട മുരടിപ്പിന്റെ പ്രധാന കാരണം.

തമിഴ്നാട് ആന്ധ്രാപ്രദേശ് ഹരിയാന പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിൽ മുഴുവൻ സമയ കർഷകരുടെ എണ്ണം ഇത്തരത്തിൽ തന്നിട്ടില്ല. അതാവണം ആ സംസ്ഥാനങ്ങൾ കാർഷികമേഖലയിൽ പിടിച്ചു നിൽക്കുന്നത്.

II അശാസ്ത്രീയമായ കൃഷി മുറകൾ പ്രകൃതിയുടെ സ

ന്തുലിതാവസ്ഥ താറുമാറാക്കി.

കുറഞ്ഞ ചിലവിൽ കൂടുതൽലാഭത്തിനായി ജൈവവള പ്രയോഗം രാസവളങ്ങൾക്ക് കൈമാറി. ഫലമോ മണ്ണിന്റെ ഫല ഭൂയിഷ്ടത നാൾക്കുനാൾ കുറഞ്ഞു, കീടനാശിനികളുടെ അമി തമായ പ്രയോഗം മിത്രകീടങ്ങളെ അകറ്റുകയും മലിനീകരണം വരുത്തുകയും ചെയ്തു. കീടങ്ങളെ തിന്നു ജീവിക്കുന്ന ചിലന്തി കൾ, മത്സ്യങ്ങൾ, ഒച്ച്, ഞണ്ട് തുടങ്ങി. ഇവ ഒന്നുംതന്നെ വയലേലകളിൽ ബാക്കിയില്ല.

പാഴ്മരങ്ങളും ഫലവൃക്ഷങ്ങളും വാണിജ്യവിളകൾക്ക് വ ഴിമാറിയപ്പോൾ പച്ചിലവളപ്രയോഗം കുറഞ്ഞുവന്നു. "ഗ്രീൻ ബാങ്കുകൾ" എന്ന് വിശേഷിപ്പിക്കാവുന്ന നിത്യഹരിത വേലി പ്പത്തലുകൾ കമ്പിവേലികൾക്കും കൽഭിത്തികൾക്കും വഴിമാ റിയപ്പോൾ പച്ചില വളപ്രയോഗം എന്നെന്നേക്കുമായി അവ സാനിച്ചു. ഒരു കാലത്ത് സുലഭമായിരുന്ന ഈ സമൃദ്ധിയെ ആട്ടിയിറക്കി ഇന്ന് അറവുശാലയിലെ ചാണകത്തിനും ആശു പത്രിയിലെ മാലിന്യവും വിഴുപ്പും പേറുന്ന കമ്പോസ്റ്റ് വണ്ടി കൾക്കുമായി കർഷകർ ക്യൂ നിൽക്കുന്നു. ഇവ സൃഷ്ടിക്കുന്ന അന്തരീക്ഷ മലിനീകരണം, സാമൂഹ്യപ്രശ്നങ്ങൾ ഇവയൊക്കെ സാധാരണമായി.

III ഉൽപ്പാദന ചിലവും ഉൽപന്നങ്ങളുടെ വിലയും തമ്മി ലുള്ള ഞെട്ടിപ്പിക്കുന്ന അന്തരം, പ്രകൃതിക്ഷോഭങ്ങളുടെ ഘോ ഷയാത്ര- ഇടത്തട്ടുകാരുടെ വിലപേശൽ തുടങ്ങിയവയാൽ കർഷകർ വേട്ടയാടപ്പെടുന്നു.

IV നികത്തപ്പെടുന്ന തോടുകൾ മഴവെള്ളം തടഞ്ഞുനിർ ത്താനാകാത്ത കൃഷിരീതികൾ. മണ്ണിൽ ജൈവവംശത്തിന്റെ കുറവ് തുടങ്ങിയവ വേനൽക്കാല കൃഷിക്ക് പ്രതിസന്ധിസൃ ഷ്ടിക്കുന്നു.

V കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനം, സംഭരണം, സംസ്കരണം എന്നിവയ്ക്ക് പര്യപ്തമായ സംവിധാനങ്ങളില്ല.

VI കൃഷിയും സഹകരണമേഖലയും ഒരുമിച്ച് പ്രവർത്തി ക്കാത്തത് കർഷകന്റെ തളർച്ചയ്ക്ക് ആക്കം കൂട്ടുന്നു.

VII നെൽപ്പാടങ്ങൾ മണ്ണിട്ട് നികത്തുന്നതും മറ്റ് ദീർഘ കാല വിളകൾക്കായി മാറ്റുന്നതും ഫലപ്രദമായി തടയുന്നില്ല. ഫലം നെൽകൃഷി കൈവിടുന്നു.

VIII വായ്പ എടുത്ത് തെങ്ങ്കൃഷി മെച്ചപ്പെടുത്തുന്നതിന് പമ്പ് സെറ്റുകൾ സ്ഥാപിച്ച് വർഷങ്ങൾ കഴിഞ്ഞാലും കറണ്ട് കണക്ഷൻ ലഭിക്കാത്ത അവസ്ഥ കർഷകർക്ക് കൂടുതൽ ഋണ ബാദ്ധ്യത എൽപ്പിക്കുന്നു.

## പരിഹാരമാർഗ്ഗങ്ങൾ

ആകെയുണ്ടായിരുന്ന 150 ഹെ: നെൽപ്പാടങ്ങൾ 20 ഹെ: ആയി കുറഞ്ഞിരിക്കുന്നു. ശേഷിച്ച പാടങ്ങൾ നിലനിർത്തു വാനും 130 ഹെ:-ൽ സാദ്ധ്യതയുള്ള പാടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുവാനും നടപടികൾ വേണം.

ഇന്നത്തെ പഞ്ചായത്തിന്റെ ആകെ അരിയുടെ ലഭ്യത അനുസരിച്ച് കോട്ടുകാൽ പഞ്ചായത്തിലെ മുഴുവനും ജനങ്ങൾ ക്ക് 9 ദിവസത്തെ ആഹാരത്തിനുള്ള അരി മാത്രമേ ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്നുള്ളു. ശേഷിക്കുന്ന 356 ദിവസത്തെ അരി ക്കുവേണ്ടി നാം കടകളിൽ ക്യൂ നിൽക്കുവാൻ വിധിക്കപ്പെട്ടി രിക്കുന്നു.

തുല്യ അളവിലുള്ള രണ്ട് പാടങ്ങളിൽ ഒന്നിൽ നെല്ലും മ റ്റൊന്നിൽ വാഴയോ മരച്ചീനിയോ കൃഷിചെയ്താൽ ഉണ്ടാവുന്ന ലാഭത്തിൽ വരുന്ന അന്തരം കണക്കാക്കി ഇപ്പോൾ നെൽകൃ ഷിക്ക് ഹെക്ടറിന് നൽകുന്ന 250 രൂപ സബ്സിഡി 2,500/ രൂപ യായി ഉയർത്തേണ്ടതാണ്.

വയലേലകൾ കുറഞ്ഞതുകാരണം മുമ്പ് നടത്തിയിരുന്ന ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഇപ്പോൾ ഫലപ്രദമാവുകയില്ല. വാ ഴയും മരച്ചീനിയും പോലെ നെൽകൃഷി പാട്ടത്തിന് എടുത്ത് ചെയ്യാവുന്ന സാഹചര്യം ഉണ്ടാവണം. ഇതിനായി അടുത്തടു ത്തു പാടങ്ങളുള്ള പത്തോ പതിനഞ്ചോ കർഷകർ ചേർന്ന് അവരിൽ പൊതുസമ്മതനായ ഒരു മുഴുവൻ സമയ കർഷ കനെ തങ്ങളുടെ പാടങ്ങളിൽ ഒരുമിച്ചു കൃഷിയിറക്കുവാൻ പാട്ടത്തിന് എൽപ്പിക്കുന്നു. വിത്തിന്റെ ഇനം കൂട്ടായി തീരുമാ നിക്കുന്നു. കൊയ്ത്ത് കഴിയുമ്പോൾ തങ്ങൾക്ക് ലഭിക്കേണ്ട നെല്ലും വയ്ക്കോലും ഒരു സെന്റിന് എത്രയായിരിക്കണം എന്ന് പാട്ടക്കാരനായ കർഷകനും മറ്റു കർഷകരും ചർച്ച ചെയ്ത് കൃഷി ഓഫീസറുടേയും ബാങ്ക് ഉടമ്പടി മാനേജരുടെയും സാന്നിദ്ധ്യ ത്തിൽ ഒപ്പിടുന്നു. ബാങ്ക് ആവശ്യമായ തുക പാട്ടക്കാരനൽ കുന്നു. വിളനാശത്തിനെതിരെ ഇൻഷ്വറൻസ് ഏർപ്പെടുത്തു ന്നു. എല്ലാ കാർഷിക മുറകളും ഏറ്റവുംലാഭം വരുന്ന രീതി യിൽ ചെയ്യുന്നു. കൊയ്ത്തുകൂലി ലാഭിക്കുവാൻ ഈ ഗ്രൂപ്പിൽ പ്പെടുന്ന കർഷകരിൽ ഏലായിൽ ഏറ്റവും അടുത്തുള്ള കർ ഷകന്റെ മുറ്റമോ, സൗകര്യപ്രദമായ മറ്റു മാർഗ്ഗങ്ങളോ അവ ലംബിക്കാവുന്നതാണ്. ഇത്തരം കൃഷിരീതിയിൽ ഉഴുന്നതിനും, ചാണകം മറ്റ് വളങ്ങൾ അടിക്കുന്നതിനും, കറ്റകൾ കെട്ടിക്കൊ ണ്ട് പോകുന്നതിനും വക്കോൽ അടിക്കുന്നതിനുമൊക്കെ പവ്വർ ടില്ലർ ഉപയോഗപ്പെടുത്താം. ത്രഷറും, വിന്നോവറും ഉപയോ ഗിച്ച് മെതിക്കലും, പാറ്റലും എളുപ്പമാക്കാം. പവ്വർ സ്പ്രേയർ ഉപയോഗിച്ച് കീടരോഗനിയന്ത്രണം ഫലപ്രദമാക്കാം.

തെങ്ങ്കൃഷി ആദായകരമാക്കാൻ റബ്ബർ ബോർഡ് മാ തൃകയിൽ തെങ്ങിൻതൈ നടുന്നതുമുതൽ വിളവെടുപ്പു തുട ങ്ങുന്നതുവരെ സബ്സിഡി അനുവദിക്കേണ്ടതാണ്.

റബ്ബർ പാൽ ഷീറ്റായി വിൽക്കുമ്പോൾ ലഭിക്കുന്ന അധി കലാഭം പോലെ തേങ്ങ കൊപ്രായായോ എണ്ണയായോ വി റ്റാൽ 25% അധികലാഭം ലഭിക്കുന്നു. ഇത് പ്രചരിപ്പിക്കുന്നതി നായി.

1) കൊപ്രാ ഉണക്കുന്ന യാർഡ് നിർമ്മാണം

2) ടാർപാളിൻ, വല, കുട്ട തുടങ്ങിയവ

3) മറ്റ് സംസ്കരണ ഉപകരണങ്ങൾ

ഇവ നടപ്പിലാക്കുന്നവർക്ക് സബ്സിഡി 50% വരെ ഏർപ്പെടുത്താവുന്നതാണ്.

കീടരോഗബാധക്കെതിരെ പവ്വർ റോക്കർ സ്പ്രേയർ ഉപയോഗിച്ച് സമൂഹമരുന്നുതളി നടത്തേണ്ടതാണ്.

തെങ്ങ്കൃഷിക്കായുള്ള ജലസേചന സൗകര്യമാക്കാനുള്ള പദ്ധതി തുടരണം.

ജലസേചനത്തിൽപമ്പ്സെറ്റ് സ്ഥാപിച്ച് ഒരു മാസത്തിനുള്ളിൽ വൈദ്യുതി കണക്ഷൻ ലഭിക്കണം.

വാഴകൃഷിക്ക് KHPP മാതൃകയിൽ Croplan-o CADA മാതൃകയിൽ സബ്സിഡിയും എല്ലാ ശാസ്ത്രീയ വാഴ കൃഷിക്കാർക്കും നൽകുക.

വ്യാപകമാക്കിക്കൊണ്ടിരിക്കുന്ന കുറുനാമ്പ് രോഗം, കൊക്കാൻ, തടതുരപ്പൻ, പുഴു എന്നിവയ്ക്കെതിരെ സാമൂഹ്യ കീടരോഗ നിവാരണ മാർഗ്ഗങ്ങൾ അവലംബിക്കുക.

ചിപ്സ് നിർമ്മാണം, വാഴനാര് കൊണ്ടുള്ള കൗതുകവസ്തുക്കളുടെ നിർമ്മാണം എന്നിവയ്ക്ക് യുവതീയുവാക്കൾക്ക് പരിശീലനവും പ്രസ്തുത യൂണിറ്റുകൾ തുടങ്ങാനുള്ള ധനസഹായവും ലഭ്യമാക്കുക.

മേന്മയുള്ള വാഴക്കന്നുകൾ സംഭരിക്കുവാനും കൃഷി സമയത്ത് കർഷകർക്ക് വിതരണം നടത്തി കൃഷി വ്യാപിപ്പിക്കുവാനും ഉതകുന്ന അംഗീകൃത ഏജൻസികൾ ഉണ്ടാക്കുക.

കിഴങ്ങുവർഗ്ഗങ്ങൾ എന്നും നമുക്ക് സമൃദ്ധിയായിരുന്നു. വേരറ്റുകൊണ്ടിരുന്ന കിഴങ്ങുവർഗ്ഗവിളകൾ വീണ്ടും പുനർജ്ജീവിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത കൃഷി വ്യാപിപ്പിക്കുന്നതിനായി ചേന, ചേമ്പ്, കാച്ചിൽ, നനകിഴങ്ങ് , ചെറുകിഴങ്ങ്, മുക്കിഴങ്ങ് തുടങ്ങവയുടെ കൊയ്ത്ത് സമയം അവ സംഭരിക്കുവാനും കൃഷിസമയത്ത് കർഷകർക്ക് ന്യായവിലയ്ക്ക് അവ വിതരണം ചെയ്യുവാനും ഉതകുന്ന അംഗീകൃത ഏജൻസികൾ ഉണ്ടാവണം.

സുഗന്ധ വിളകളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പു, ജാതി തുടങ്ങിയവയുടെ ഇടവിള കൃഷി വ്യാപിപ്പിക്കണം. എല്ലാ മരങ്ങൾക്കും ചുവട്ടിൽ ശാസ്ത്രീയമായി കുരുമുളക് നട്ടുവളർത്താവുന്നതാണ്.

എല്ലാ വീട്ടിലും പച്ചക്കറികൾ വീട്ടുമുറ്റത്തും ടറസിലും കൃഷിചെയ്യുന്നതിനായി വർഷം മുഴുവനും പഞ്ചായത്തിലും കൃഷിഭവനിലും എല്ലാ ഇനം വിത്തുകളും സ്റ്റോക്കുണ്ടായിരിക്കുക. സംയോജിത കീടരോഗനിയന്ത്രണം അവലംബിച്ച് വിഷബാധ കുറയ്ക്കുക. ജൈവകൃഷിരീതി അവലംബിക്കുക.

പാട്ടകൃഷിക്കാർ ഇന്ന് കാർഷികമേഖലയെ വിഭവസമ്പന്നമാക്കുന്നവരാണ്. ഇവരുടെ കൃഷി നൈപുണ്യവും കഠിനാദ്ധ്വാനവും കണക്കിലെടുത്ത് പുറമ്പോക്ക് ഭൂമി, ജലസേചന സൗകര്യമുള്ള പൊതുസ്ഥാപനങ്ങളുടെ തരിശ്ഭൂമി ക്ഷേത്രങ്ങൾ പള്ളികൾ എന്നിവയുടെ അധീനതയിലുള്ള തരിശ് ഭൂമികൾ തുടങ്ങിയവയിൽ നിബന്ധനകൾക്ക് വിധേയമായി കൃഷിയിറക്കുവാൻ അനുവദിക്കുക.

**കാർഷികമേഖലയും സഹകരണമേഖലയും ഒരിമിക്കണം**

കാർഷികമേഖലയും സഹകരണസ്ഥാപനങ്ങളും സഹകരിച്ച് പ്രവർത്തിക്കുകയും കർഷകർക്കും യഥാസമയം വായ്പകൾ അനുവദിക്കുകയും നടപടിക്രമങ്ങൾ ലഘൂകരിക്കുകയും വായ്പ തിരിച്ചടയ്ക്കുവാൻ പഞ്ചായത്തും കൃഷി ഓഫീസും കർഷകരെ പ്രേരിപ്പിക്കുകയും ചെയ്താൽ കാർഷികമേഖലയിൽ ഉണർവ്വ് സുനിശ്ചയമാണ്.

## കാർഷികമേഖലയിൽ മാവേലിസ്റ്റോറുകൾ.

പൊതുവിതരണരംഗത്ത് കേരളം. മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണല്ലോ. എന്തുകൊണ്ട് ഇത് കൃഷിമേഖലയിലും പ്രാവർത്തികമാക്കിക്കൂടാ?

ഇത്തരം ഒരു സംവിധാനം ഈ പഞ്ചായത്തിൽ സഹകരണമേഖലയിൽ ഉണ്ടാക്കുകയോ ഇന്നുള്ള സഹകരണസ്ഥാപനങ്ങൾ താഴെ പ്രതിപാദിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുകയോ ചെയ്യണം.

1) എല്ലാ പ്രധാന വിളകളുടേയും ഗുണമേന്മയുള്ള വിത്ത് സംഭരിച്ച് ന്യായവിലയ്ക്ക് വിതരണം നടത്തുക.

2) കാർഷികസർവ്വകലാശാല, സർക്കാർ ഫാമുകൾ, അംഗീകൃത നഴ്സറികൾ ഇവയിൽനിന്നും കൃഷി വിദഗ്ദ്ധർ അംഗീകരിക്കുന്ന തൈകൾ വാങ്ങി വിതരണം ചെയ്യുക.

3) ജൈവവളങ്ങൾ, രാസവളങ്ങൾ, കീടനാശിനികള തുടങ്ങിയവയുടെ വിതരണം.

4) സ്പ്രേയറുകൾ, മെതിയന്ത്രം, പാറ്റുന്ന യന്ത്രം, മൺവെട്ടി, പിക്കാസ്, കുട്ട തുടങ്ങിയ പണിയായുധങ്ങളുടെയും യന്ത്രങ്ങളുടെയും വിൽപ്പന.

5) പമ്പ്സെറ്റ് വിപണനം

6) കൃഷിക്ക് ഉപയുക്തമാക്കുന്ന മറ്റെല്ലാ തരം വിപണനങ്ങളും.

7) കർഷകരിൽനിന്നും ഉൽപന്നങ്ങൾ വാങ്ങി സംസ്ക്കരിച്ച് വിൽക്കുക. ( ഉദാ: തേങ്ങ, എണ്ണയാക്കി വിൽക്കുക, നെല്ല് അരിയായി വിൽക്കുക)

10) വാഴക്കന്ന്, മറ്റു കിഴങ്ങുവർഗ്ഗവിത്തുകൾ ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയുടെ വിത്ത് മുതലായവ വിളവെടുപ്പ് സമയം കർഷകരിൽ നിന്നും സംഭരിച്ചു കൃഷിസമയത്ത് ആവശ്യ

മുള്ള കർഷകർക്ക് ന്യായവിലക്ക് വിതരണം നടത്തുക.

തുടങ്ങിയവ പ്രസ്തുത സ്ഥാപനം വഴി നടത്താവുന്നതാണ്.

## മറ്റുപൊതു നിർദ്ദേശങ്ങൾ

1) ജൈവകൃശിരീതി പ്രോത്സാഹിപ്പിക്കുവാൻ പച്ചിലകൾ ലഭ്യമാക്കുന്ന വേലികൾ നിർമ്മിക്കുക. ഇവയെ "ഗ്രീൻബാങ്കുകൾ" എന്ന് വിളിക്കാം.

2) ഫലവൃക്ഷങ്ങൾ മറ്റ് മരങ്ങളായ തേക്ക്, മാഞ്ചിയം, മഹാഗണി തുടങ്ങിയവ എല്ലാ പ്രധാന നിരത്തിന്റെ ഇരുവശങ്ങളിലും നട്ടുവളർത്തുക.

3) എല്ലാ പ്രധാനനീർച്ചാലുകളുടേയും ഇരുകരകളിലും "ഗ്രീൻ ബാങ്കുകൾ" നിർമ്മിക്കുക.

4) എല്ലാ പ്രധാന കുളങ്ങളും നീർചാലുകളും സംരക്ഷിച്ച് മഴവെള്ളം സംഭരിച്ച് നിർത്താനുള്ള ശേഷി വർദ്ധിപ്പിക്കുക. ചെരിവുള്ള പ്രദേശങ്ങളിൽ മണ്ണും ജലവും സംരക്ഷിക്കാനുതകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക. പ്രസ്തുതപദ്ധതിപ്രകാരം നടപ്പിലാക്കിയ പദ്ധതികൾ സംരക്ഷിക്കുക

5: പുഷ്പകൃഷി ഔഷധ ചെടികളുടെ കൃഷി, കൂൺകൃഷി എന്നിവയിൽ പരിശീലനവും കൃഷിയും നടപ്പിലാക്കുക.

6) പഴവർഗ്ഗങ്ങളുടെ സംസ്ക്കരണശാലകളും അവയ്ക്കുള്ള പരിശീലനവും

7) മണ്ണിര കമ്പോസ്റ്റ് നിർമ്മാണം പ്രചരിപ്പിക്കുക.

8) ചകിരിചോറിൽ നിന്നുണ്ടാക്കുന്ന ജൈവവളം നിർമ്മാണം പ്രചരിപ്പിക്കുക.

9) കാർഷിക അനുബന്ധ ചെറുകിട കുടിൽ വ്യവസായങ്ങൾ നടത്തുന്നവരെ സംഘടിപ്പിച്ച് അവരുടെ ഉൽപന്നങ്ങളുടെ സംഭരണവും വിപണനവും പ്രാവർത്തികമാക്കുക.

10) വിള ഇൻഷ്വറൻസിന്റെ ആനുകൂല്യം ഇപ്പോൾ പ്രകൃതി ക്ഷോഭം മൂലം കൃഷിനാശം സംഭവിച്ചാൽ നഷ്ടപരിഹാരം നൽകേണ്ടതാണ്.

11) ജലസേചനത്തിന് സ്ഥാപിക്കുന്ന പമ്പ്സെറ്റുകൾ സ്ഥാപിച്ച് ഒരു മാസത്തിനുള്ളിൽ വൈദ്യുതികണക്ഷൻ ലഭ്യമാക്കുക.

12) കൃഷിക്ക് ഉപയോഗിക്കുന്ന വൈദ്യുതി ചാർജ്ജ് സൗജന്യമാക്കുക.

13) വെള്ളക്കരം പൂർണ്ണമായി ഒഴിവാക്കുക.

14) 10 സെന്റിൽ താഴെ കൃഷിഭൂമിയുള്ള ദരിദ്രകർഷകർക്ക് കെട്ടിടനികുതി ഒഴിവാക്കുക. അവർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പോളിസി ഏർപ്പെടുത്തുക.

15) തെങ്ങ് കയറ്റതൊഴിലാളികൾ, മരംകയറ്റുതൊഴിലാളികൾ, മറ്റു കാർഷിക മേഖലയിലെ തൊഴിലാളികൾ ഇവരെ ലൈഫ് ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവരിക.

16) യുവകർഷകരുടെ ഉന്നമനത്തിനുതകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

17) ഏലാക്ക് സമാന്തരമായി പോകുന്ന മുന്നോട്ടുകോണം മുതൽ പുന്നക്കുളം വരെയുള്ള പാത " ഫാം റോഡ്" ആയി വീതികൂട്ടി വികസിപ്പിച്ച് ടാർ ചെയ്യണം. കൊയ്ത്ത് സമയത്ത് കറ്റമെതിക്കുന്നതിനും നെല്ലുകൊയ്യുന്നതിനും വയ്ക്കോൽ ഉണക്കുന്നതിന് ഈ റോഡ് ഉപയോഗിക്കാം. പ്രസ്തുത സമയം ഈ റോഡിൽ വാഹനഗതാഗതം നിരോധിക്കേണ്ടതാണ്.

## പ്രധാനതോടുകൾ

1. കോട്ടുകാൽ വലിയതോട്
2. നടുത്തോട്
3. കുഞ്ചുകോണം വടക്കേക്കര തോട്
4. കുഞ്ചുകോണം തെക്കേകരതോട്
5. പാപ്പനം കോണം തോട്
6. എടത്തേക്കോണം തോട്
7. കൊല്ലകോണം തോട്
8. കുഴിവിളകോണം തോട്
9. വളവുനട തോട്
10. പുന്നക്കുളം തോട്
11. മരുതൂർക്കോണംതോട്
12. പുലിയൂർക്കോണം തോട്
13. മുന്നോട്ടുകോണം മുരിയതോട്ടംതോട്
14. മരപ്പാലം തോട്
15. മൂലക്കര തോട്
16. പുത്തളം തോട്
17. എറത്തിക്കര തോട്
18. ആട്ടറമൂല തോട്.

# കൃഷിയും ജലസേചനവും

മുഖവുര

കോട്ടുകാൽ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. നെല്ല്, തെങ്ങ്, വാഴ, മരച്ചീനി, പച്ചക്കറികൾ എന്നിവയാണ് പ്രധാനകൃഷികൾ. കർഷകർക്ക് പ്രകൃതി കനിഞ്ഞ് നൽകിയ അനുഗ്രമെന്നോണം കോട്ടുകാൽ തോട് ഈ പഞ്ചായത്തിന്റെ നടുവിലൂടെ ഒഴുകുന്നു. ഈ തോടിലെ ജലം ഇവിടത്തെ കൃഷിക്കാർ ധാരാളമായി ഉപയോഗിക്കുന്നു. നെയ്യാർ ഇറിഗേഷൻ പദ്ധതിയുടെ കനാൽ ഈ പഞ്ചായത്തിന്റെ ഇരുകരകളിലുമുള്ള കൃഷിയിടങ്ങളിൽ ജലസേചനത്തിന് സഹായിക്കുന്നു. എന്നാൽ ഈ രണ്ടിലേയും ജലം, ശാസ്ത്രീയമായ രീതിയിൽ ഉപയോഗിക്കുവാൻ ജനങ്ങൾക്കു സാധിക്കുന്നില്ല. ജലവിനിയോഗത്തിന് ഒരു പുതിയ ആസൂത്രണം ആവശ്യമാണ്. എങ്കിൽമാത്രമേ കോട്ടുകാൽ പഞ്ചായത്തിലെ കൃഷി അഭിവൃദ്ധിപ്രാപിക്കുകയുള്ളു. ഇതിനാവശ്യമായ പദ്ധതികളും ആസൂത്രണ രീതികളും ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് ആസൂത്രണം ചെയ്യേണ്ടതാണ്.

ഈ പഞ്ചായത്തിന്റെ പുരോഗതിക്കു വേണ്ടി പുന്നക്കുളത്ത് ഒരു കൃഷിവികസന ആഫീസ് പ്രവർത്തിക്കുന്നുണ്ട്. കോട്ടുകാൽ പഞ്ചായത്തിനെ വാട്ടർഷെഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ നിയന്ത്രണം കൃഷി ആഫീസറിൽ നിക്ഷിപ്തമാണ്, കേരളകാർഷിക യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു തെങ്ങ് ഗവേഷണകേന്ദ്രം കോട്ടുകാൽ പഞ്ചായത്തിലെ ഒന്നാംവാർഡിൽ പ്രവർത്തിക്കുന്നുണ്ട്.

കോട്ടുകാൽ തോടിന്റെ ഇരുകരകളിലുമുള്ള കൃഷിയിടങ്ങൾ നികത്തി ദീർഘകാലവിളകൾ നട്ടുപിടിപ്പിക്കുന്നതും കെട്ടിടങ്ങൾ നിർമ്മിക്കുന്നതും നിയമപരമായി തടയേണ്ടതാണ്. കൃഷിഭവന്റെ കീഴിൽ 1000 രൂപാവീതം അടച്ച് അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ പേരുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ഇതുവരെയായി അവർക്കു തിരിച്ചറിയൽ കാർഡ് പൂർണ്ണമായും വിതരണം ചെയ്യുകയോ മറ്റുസാമ്പത്തിക സഹായങ്ങൾ ഒന്നും തന്നെ ലഭിക്കുകയോ ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ കൃഷി വകുപ്പിന്റെ പ്രത്യേക ശ്രദ്ധ ഉണ്ടാകണമെന്ന് ഗ്രാമസഭകളിൽ നിർദ്ദേശമുണ്ടായി അതിനാവശ്യമായ നിർദ്ദേശങ്ങളും ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. വാർഡുതല പദ്ധതികൾ ചുവടെ ചേർക്കുന്നു

## വാർഡ് -1 പുലിവിള

**നെൽകൃഷി**

കൂട്ടുകൃഷി നടപ്പാക്കുന്നതിന് സർക്കാരിൽനിന്നും വേണ്ട ആനുകൂല്യം ലഭ്യമാക്കണം. നെൽകൃഷി ചെയ്യുന്നതിന് വാട്ടർ ഷെഡ് മുഖേന നടപ്പിലാക്കിയ ഓടകൾ കോൺക്രീറ്റുചെയ്ത് വയലുകളേക്കാൾ ഉയരത്തിൽ പണികഴിപ്പിച്ച് വെള്ളം എത്തിക്കണം. കർഷകന് വിത്തും വളവും കീടനാശിനികളും വിതരണം ചെയ്യണം. നിലംകത്തിതെങ്ങ് കൃഷിചെയ്യുന്നത് ഒഴിവാക്കണം.

കരപ്രദേശങ്ങളിൽവാഴകൃഷിചെയ്യുന്നതിന് ജലസേചനം നടത്തണം. വാഴകൃഷിക്ക് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കണം.

നാളികേരവികസനത്തിനുവേണ്ടി കൊപ്രസംഭരണകേന്ദ്രം സ്ഥാപിക്കണം. ചെലവിന്റെ അടിസ്ഥാനത്തിൽ നാളികേരത്തിനു താങ്ങുവില നിശ്ചയിക്കണം. തെങ്ങുകൾക്ക് രോഗബാധ തടയുന്നതിനുള്ള നടപടി സ്വീകരിക്കണം. ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കണം. വെറ്റില കൃഷി വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. വെറ്റിലകൃഷിക്കും ഇൻഷുറൻസ് ഏർപ്പെടുത്തണം.

പച്ചക്കറികൃഷിക്കുവേണ്ടി വിത്തും വളവും കൃഷിഭവൻ വഴി സൗജന്യമായി വിതരണം ചെയ്യണം. കൃഷിഭവൻവഴിയുള്ള എല്ലാ ആനുകൂല്യങ്ങളും ഗ്രാമസഭവഴി എല്ലാ കൃഷിക്കാർക്കും വിതരണം ചെയ്യണം. കാർഷികോൽപന്നം വിറ്റഴിക്കുന്നതിന് ഉൽപന്നസംഭരണവിപണന കേന്ദ്രം ആരംഭിക്കണം. നശിച്ചുപോകുന്ന എല്ലാ കൃഷികൾക്കും നഷ്ടം നൽകണം.

## വാർഡ്-2 അയംപുറം

ഉയർന്ന പ്രദേശത്ത് വെള്ളം എത്തിക്കുന്നതിനുവേണ്ടി ലിഫ്റ്റ് ഇറിഗേഷൻ സമ്പ്രദായം നടപ്പിലാക്കി തെങ്ങ്കൃഷിക്ക് ഉപയോഗപ്പെടുത്തണം. നെൽകൃഷിക്കാർക്ക് കൃഷിഭവൻ മുഖാന്തിരം വളം, വിത്ത്, കീടനാശിനി, കൃഷിച്ചെലവിന്റെ 50% എന്നിവ സബ്സിഡിയായി വിതരണം ചെയ്യുക. എല്ലാ വീടുകളിലും അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനുവേണ്ടി സൗജന്യമാ

യി വളം, വിത്ത് എന്നിവ വിതരണം ചെയ്യണം. തെങ്ങ്, വാഴ, മരച്ചീനി മുതലായ കൃഷികൾ മെച്ചപ്പെടുത്തുന്നതിന് ഗുണനിലവാരമുള്ള വിത്തും, വളവും, വിതരണം ചെയ്യണം. വയലുകൾ നികത്തി തെങ്ങു വയ്ക്കുന്ന സമ്പ്രദായം നിരോധിക്കുക. കർഷകർക്ക് വിദഗ്ദ്ധ പരിശീലനം നൽകണം.

## വാർഡ്-3. പയറ്റുവിള

**കൃഷി:-**

നെല്ല്, തെങ്ങ്, മരച്ചീനി, വാഴ, പച്ചക്കറി എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിന് കർഷകർക്ക് വിത്തും, വളവും, കീടനാശിനി എന്നിവ സൗജന്യമായി വിതരണം ചെയ്യണം. കൃഷിച്ചെലവിന്റെയും കോയ്ത്തുകൂലിയുടേയും 50% സഹായധനമായി നൽകണം. മണ്ണൊലിപ്പ് തടയുന്നതിന് ബണ്ടുകൾ നിർമ്മിക്കാൻ സഹായധനം നൽകണം. തെങ്ങിന് വളം സബ്സിഡിനിരക്കിൽ വിതരണം ചെയ്യണം.

**ജലസേചനം**

യഥാസമയം കനാലിന്റെ അറ്റകുറ്റപ്പണികൾ ചെയ്ത് വാർഡിന്റെ എല്ലാ ഭാഗത്തും വെള്ളം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വേനൽക്കാലത്ത് ജലസേചനം നടത്തുന്നതിന് കോട്ടുകാൽ തോട്ടിൽ അണകെട്ടി ലിഫ്റ്റ് ഇറിഗേഷൻ മുഖാന്തിരം ജലസേചനം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ഒരു നാളികേരസംഭരണ കേന്ദ്രം സ്ഥാപിക്കണം. തെങ്ങുകൃഷിക്ക് വായ്പാസൗകര്യവും, വാഴ, പച്ചക്കറി, കൃഷിക്കാർക്ക് വിത്ത്, വളം, കീടനാശിനി എന്നിവ സൗജന്യനിരക്കിൽ കൃഷിഭവൻ മുഖാന്തിരം നടപ്പിലാക്കണം. നിലം നികത്തിതെങ്ങ് വയ്ക്കാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

## വാർഡ്-4 മരുതൂർക്കോണം

പ്രസ്തുത വാർഡിലെ ചാനലിൽ നിന്നും വെള്ളം ലഭിക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കണം. പൊക്കം കൂടിയ സ്ഥലങ്ങളായ വട്ടവിള, പയറുംമൂട് മുതലായ പ്രദേശങ്ങളിൽ ജലം ലഭിക്കത്തക്കവിധത്തിൽ ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കണം. ഗവൺമെന്റിന്റെ സാമൂഹിക ജലസേചന പദ്ധതികൾ ഈ വാർഡിൽ നടപ്പിലാക്കണം.

കൃഷി ആവശ്യത്തിന് കുഴൽകിണർ സ്ഥാപിക്കുന്നതിന് സൗജന്യപദ്ധതികൾ നടപ്പിലാക്കുക. വാർത്താബോർഡുകൾ സ്ഥാപിച്ച് കൃഷി ആഫീസിൽ നിന്നുള്ള വിവരങ്ങൾ കൃഷിക്കാരെ അറിയിക്കുക. ഒരു മാസത്തിലൊരിക്കൽ കാർഷിക സെമിനാറുകൾ നടത്തണം. വീടുകൾതോറും പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മെച്ചപ്പെട്ട രീതിയിൽ കാർഷികവിളകൾ ഉൽപ്പാദിപ്പിക്കുന്ന കൃഷിക്കാർക്ക് പഞ്ചായത്തുതലത്തിലും വാർഡ് തലത്തിലും അവാർഡുകൾ ഏർപ്പെടുത്തണം. കാർഷിക ആവശ്യത്തിന് പമ്പ് സെറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് ഇലക്ട്രിക് കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

കോട്ടുകാൽ വലിയതോടും, ഇടത്തോടും സൈഡുകൾ കെട്ടി ക്രമീകരിക്കുകയും, തോട്ടിൽ നിന്നും അനധികൃത മണലൂറ്റ് തടയുകയും വേണം. കർഷകർക്ക് വിത്ത്, വളം മറ്റ് സാങ്കേതിക ഉപദേശം എന്നിവ കൃത്യസമയത്ത് എത്തിക്കുകയും സബ്സിഡി അഹഹതപ്പെട്ടവർക്ക് കാലതാമസം കൂടാതെ നൽകണം. കൂട്ടുകൃഷി സമ്പ്രദായം കരകളിലും, വയലുകളിലും നടപ്പിലാക്കുകയും. ആധുനികരീതിയിൽ പമ്പ് സെറ്റുകൾ സ്ഥാപിച്ച് കാർഷികവിളകൾ മെച്ചപ്പെടുത്തണം. വാഴ, തെങ്ങ് മറ്റ് ഇടവിളകൾ എന്നിവ കൃഷി ചെയ്യുന്ന കർഷകർക്ക് വളം, പമ്പ് സെറ്റ് എന്നിവ സൗജന്യമായി നൽകണം, കൃഷി നാശം സംഭവിക്കുന്ന കർഷകർക്ക് ആനുകൂല്യങ്ങൾ യഥാസമയം നൽകണം. മത്സ്യ കൃഷി, ഉദ്യാനകൃഷി എന്നിവ പ്രോത്സാഹിപ്പിക്കണം.

കോട്ടുകാൽ കൃഷിഭവനിൽ സ്വന്തമായി മരുതൂർക്കോണം വാർഡിൽ കൃഷിഭവൻ ആഫീസ് നിർമ്മിക്കണം. കൃഷിവികസന ആഫീസ് മുഖാന്തിരം രജിസ്റ്റർ ചെയ്തിട്ടുള്ള അഭ്യസ്തവിദ്യരായ യുവാക്കൾക്കും യുവതികൾക്കും തൊഴിലവസരം സൃഷ്ടിക്കണം. വാർഡ്കൾതോറും പച്ചക്കറിസ്റ്റാളുകൾ നിർമ്മിക്കണം.

## വാർഡ് 5. പുന്നക്കുളം.

തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷിവകുപ്പിൽ നിന്ന് കൃഷിക്കാർക്ക് ആവശ്യമായ ധനസഹായം എല്ലാ കൃഷിക്കാർക്കും നൽകണം. സൗജന്യനിരക്കിൽ രാസവളം എല്ലാകൃഷിക്കാർക്കും ലഭ്യമാകണം. കോട്ടുകാൽ സർവ്വീസ് സൊസൈറ്റിയുടെ വളം ഡിപ്പോ ഇപ്പോൾ പ്രവർത്തനമില്ലാത്തതിനാൽ ഒരു വളം ഡിപ്പോ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇടവിളകൃഷിക്കാർക്ക് പ്രോത്സാഹനം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കണം. കൃഷിക്കാരിൽ നിന്ന് നാളികേരം സംഭരിച്ച് അത് സംസ്ക്കരിച്ച് വിപണനം നടത്തുന്നതിനുള്ള ഒരു സ്ഥാപനം ഉണ്ടാക്കണം. അതിന് ഈ വാർഡിലെ പഞ്ചായത്ത് കൊളനി കെട്ടിടങ്ങൾ വെറുതെ കിടക്കുന്നത് ഉപയോഗിക്കാവുന്നതാണ്.

പച്ചക്കറികളും, പഴവർഗ്ഗച്ചെടികളും കൃഷിചെയ്യുന്നതിനാവശ്യമായ വിത്തുകളും തൈകളും കൃഷിഭവൻ മുഖാന്തിരം

വിതരണം ചെയ്യണം. കോട്ടുകാൽ കൃഷിഭവനിൽ നിന്നുള്ള വിതരണത്തിന്റെയും മറ്റും പരസ്യങ്ങൾ അതാതുസമയത്ത് വാർഡുകളിൽ അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം, വിള ഇൻഷുറൻസു പദ്ധതിയിൽ എല്ലാ കൃഷിക്കാരെയും ഉൾപ്പെടുത്തുന്നതിനും അർഹരായവർക്ക് യഥാസമയം ധനസഹായം എത്തിക്കുകയും ചെയ്യണം.

കോട്ടുകാൽ കൃഷി ഭവൻ ആഫീസിന് സ്വന്തമായി പുന്നക്കുളം വാർഡിൽ പഞ്ചായത്തിന്റെ വകയായ സ്ഥലത്ത് കെട്ടിടം പണിചെയ്യണം. ഈ വാർഡിൽ പച്ചക്കറി സ്റ്റാളുകൾ സ്ഥാപിക്കുകയും വേണം.

**ജലസേചനം:-**

5-ാം വാർഡിൽ ചാനൽ ഉണ്ടെങ്കിലും ചാനൽ ജലം ലഭ്യമല്ലാത്തതിനാൽ അത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം. കോട്ടുകാൽ നടുതോട്ടിലെ വരമ്പ് ഇടിഞ്ഞുകിടക്കുന്നതിനാൽ ബണ്ടുകെട്ടുന്നതിനുള്ള നടപടി സ്വീകരിക്കണം. പൊക്കണം കൂടിയ ഭാഗങ്ങളായ നെട്ടതാന്നി, മല്മേൽക്കുന്ന് എന്നീ ഭാഗങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ മുഖാന്തിരം ജലം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

**വാർഡ് 6. പുളിങ്കുടി.**

ഉയർന്ന പ്രദേശങ്ങളിൽ കൃഷിക്കാവശ്യമായ വെള്ളം എത്തിച്ച് ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കണം.

കരിച്ചൽ കായലിൽ നിന്നും ജലം പമ്പ് ചെയ്ത് ടാങ്കുകളിൽ നിറച്ച് പ്രസ്തുതസ്ഥലത്തെ കൃഷിക്ക് ഉപയുക്തമാക്കണം. പ്രകൃത്യാ വളരെ ഉയർന്ന പ്രദേശമാണ് പുളിങ്കുടി വാർഡ്. ചൊവ്വരകനാൽ പുളിങ്കുടി വഴി കടന്നുപോകുന്നുവെങ്കിലും ഇതുവരെ ജലം ലഭിച്ചിട്ടില്ല. വെള്ളത്തിന് വളരെയധികം രൂക്ഷത അനുഭവിക്കുന്ന സ്ഥലമായതിനാൽ ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കണം.

**വാർഡ് 7. ചൊവ്വര.**

കോട്ടുകാൽ തോട്ടിൽ ( അടിമലത്തുറയ്ക്കു സമീപം) നിന്നും വെള്ളം പമ്പു ചെയ്ത് ചൊവ്വരക്ഷേത്രത്തിനു സമീപം ( ഏഴ് ഏക്കർ) ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് പഴം, പച്ചക്കറി എന്നിവ കൃഷി ചെയ്യണം. ഈ വെള്ളം തെങ്ങുകൃഷിക്കും പ്രയോജനപ്പെടുത്തണം. എല്ലാവീടുകളിലും പച്ചക്കറി കൃഷിചെയ്യുന്നതിന് കൃഷിഭവൻ മുഖേന വിത്തും, വളവും സൗജന്യമായി വിതരണം ചെയ്യണം. പ്രസ്തുത വാർഡിലെ തെങ്ങുകളുടെ ഒരു സർവേ നടത്തി കീട, രോഗബാധ കണ്ടുപിടിച്ച് യഥാസമയം സബ്സിഡി നിരക്കിൽ മരുന്ന തളി നടത്തണം. പ്രസ്തു വാർഡിൽ തെങ്ങുകൾക്ക് സബ്സിഡി നിരക്കിൽ വളം, കീടനാശിനി എന്നിവ എത്തിക്കുകയും കേരകർഷകർക്ക സമിതിയിൽ എല്ലാ കർഷകരേയും ഉൾപ്പെടുത്തുകയും ചെയ്യണം. കൃഷി ആഫീസിൽ നിന്നുള്ള അറിയിപ്പ് യഥാസമയം ജനങ്ങളെ അറിയിക്കുന്നതിന് ചപ്പാത്ത് ജംഗ്ഷനിൽ കൃഷിഭവന്റെ ഒരു നോട്ടീസ് ബോർഡ് സ്ഥാപിക്കണം.

**വാർഡ് 8. അടിമലത്തുറ.**

തെങ്ങിനെ നശിപ്പിക്കുന്ന കീടങ്ങളെ നശിപ്പിക്കാൻ കീടനാശിനി സൗജന്യനിരക്കിൽ ലഭ്യമാക്കണം. തെങ്ങിന് വളം സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം.

കൃഷിക്കാവശ്യമായി ജലസേചനത്തിന് കിണറുകൾ ശുചിയാക്കി പമ്പ് സെറ്റ് സ്ഥാപിച്ച് ജലസേചനം നടത്തണം.

**വാർഡ് 9. മൂലക്കര**

മൂലക്കരവാർഡിലെ പ്രധാനകൃഷി തെങ്ങാണ്. ജനസേചനത്തിനാവശ്യമായ ജലം ലഭിക്കാത്തതിനാൽ വേനൽക്കാലത്ത് തെങ്ങുകൾ വാടിപ്പോവുകയും നശിക്കുകയും ചെയ്യുന്നു. ചിട്ടയായ വളപ്രയോഗവും പരിപാലനവും നടക്കുന്നില്ല. അതുകൊണ്ട് തെങ്ങ് നിറഞ്ഞ പ്രദേശമാണെങ്കിലും നാളികേര ഉല്പാദനം കുറവാണ്. അതിനാൽ നാട്ടുകാരുടെ സാമ്പത്തികശേഷിയും മെച്ചമല്ല. ഇതിനൊരു പരിഹാരമായി തഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിയ്ക്കേണ്ടതാണ്.

**.ജലസേചനം:-**

നെയ്യാർ ഇറിഗേഷൻ പദ്ധതിയുടെ ഒരു ചാനൽ ഈ വാർഡിന്റെ ഉയരംകൂടിയ പ്രദേശത്തുകൂടി കടന്നുപോകുന്നു. എന്നാൽ ചാനൽ വെള്ള കൃഷിക്കാരിൽ ഭൂരിപക്ഷത്തിനും കിട്ടുന്നില്ല. അതുകൊണ്ട് ചാനൽ ജലം എല്ലാസ്ഥലത്തും എത്തുന്നതിനു ഇപ്പോൾ 'കാഡ' പദ്ധതിയിൽ പണിതിരിക്കുന്ന നാമമാത്രമായ ചാലുകൽ വാർഡിന്റെ എല്ലാഭാഗത്തും എത്തത്തക്കവണ്ണം പണിയുവാൻ പദ്ധതി നടപ്പിലാക്കണം.

വാട്ടർ ഷെഡ് പ്രകാരം മൂലക്കര വാർഡിൽ ഉയരം കൂടിയ സ്ഥലത്ത് ഒരു ടാങ്ക് കെട്ടി കോട്ടുകാൽ തോട്ടിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് കയറ്റി (Lift irrigation) കൃഷിയ്ക്കുപയുക്തമാക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം.

**വളം:-**

ജൈവവളം ധാരാളമായി ഉപയോഗിക്കുന്നതിന് കൃഷിക്കാരെ ബോധവാന്മാരാക്കുന്നതിനുള്ള ബോധവല്ക്കരണം പരിപാടി സംഘടിപ്പിക്കണം. ജൈവവളം നിർമ്മിക്കുന്നതിന് എല്ലാവീടുകളിലും കംപോസ്റ്റ് പിറ്റ് നിർമ്മിക്കുന്നതിന് കൃഷിക്കാർക്ക് സാമ്പത്തികസഹായം ലഭ്യമാക്കണം. കേരകർഷക സമിതിയിൽ എല്ലാ കൃഷിക്കാരേയും അംഗങ്ങളാക്കുകയും രാസവളങ്ങൾ സബ്സിഡിയോടുകൂടി വിതരണം ചെയ്യുകയും വേണം.

**ഇടവിളകൾ :-**

തെങ്ങിന്റെ ഇടയിൽ ഇടവിളകൾ ധാരാളം ചെയ്യാൻ സൗകര്യമുണ്ട്. എന്നാൽ കൃഷിക്കാർ ഈ കാര്യത്തിൽ കൃത്യമായി ഒന്നും ചെയ്യുന്നില്ല. അതിനാൽ ഇടവിളക്ക് ആവശ്യവും, അനുയോജ്യവുമായ വിത്തിനങ്ങൾ (വാഴ, ചേന, കാച്ചിൽ, മരച്ചീനി, കരിമ്പ്, തുടങ്ങിയവ) കൃഷി ഡിപ്പാർട്ടമെന്റിൽ നിന്ന് വിതരണം ചെയ്യാനുള്ള പദ്ധതി തയ്യാറാക്കണം.

**വാർഡ് 10. കുഴിവിള**

1. മാതൃകാകൃഷിക്കളങ്ങൾ സ്ഥാപിക്കുക.
2. പച്ചക്കറി, തീറ്റപ്പുൽകൃഷി, ഔഷധസസ്യങ്ങൾ എന്നിവി കൃഷി ചെയ്യുകയും, അവ സംഭരിച്ച് വിതരണം ചെയ്യുകയും ചെയ്യണം.
3. ഒരു നാളികേര സംഭരണവിതരണം കേന്ദ്രം സ്ഥാപിക്കണം.
4. കൃഷിക്കാർക്കുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം.
5. കൃഷിക്കു വേണ്ടതായ വിത്തുകൾ, വളം, കീടനാശിനി എന്നിവ യഥാസമയം കൃഷിക്കാർക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം.
6. നെൽ കൃഷിക്കു വേണ്ട പ്രോത്സാഹനം നൽകുക.
7. പച്ചക്കറികൾ എല്ലാ വീടുകളിലും കൃഷി ചെയ്യുന്നതിനുള്ള സൗകര്യം ചെയ്യണം.
8. മരച്ചീനി, വാഴ മുതലായ കൃഷിക്ക് പ്രോത്സാഹനം നൽകണം.

**ജലസേചനം:-**

കോട്ടുകാൾ വലിയതോട്ടിൽ അണകെട്ടി ലിഫ്റ്റ് ഇറിഗേഷൻ വഴി (വേണ്ടപ്പൊറ്റ ഒരു ടാങ്കു നിർമ്മിച്ച്) വരൾച്ച കാലങ്ങളിൽ കൃഷിക്കുള്ള ജലം എത്തിക്കണം.

പൂവാർ വെസ്റ്റ് ബ്രാഞ്ച് കനാൽ യഥാസമയങ്ങളിൽ അറ്റകുറ്റപണിചെയ്ത് കൃഷിക്കാർക്ക് ജലം എത്തിക്കണം.

**വാർഡ് 11 കൊല്ലകോണം**

എല്ലാവീട്ടുകാർക്കും പച്ചക്കറി കൃഷി ചെയ്യുന്നതിന് വിത്ത്, വളം, കീടനാശിനി എന്നിവ കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്ത് അടുക്കളത്തോട്ടം നിർമ്മിക്കണം.

നെൽകൃഷിക്ക് വിത്ത്, വളം, കീടനാശിനി എന്നിവയുടെ സബ്സിഡി വർദ്ധിപ്പിക്കണം. നെൽപ്പാടം നികത്തുന്നത് തടയുക. കോട്ടുകാൽ തോടിനകത്ത് വാഴകൃഷി ചെയ്തിരിക്കുന്നത് മാറ്റി തോട് വൃത്തിയാക്കി ജലം ഒഴുകിപ്പോകുന്നതിന് സൗകര്യമുണ്ടാക്കണം. ചാനൽ ജലം ഉയർന്ന സ്ഥലങ്ങളിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. നാളികേര സംഭരണ, സംസ്ക്കരണ, വിപണന കേന്ദ്രം സ്ഥാപിക്കുക.

**വാർഡ് 12. അവണാകുഴി.**

1. കൃഷി ആവശ്യത്തിന് ജലസേചനം നടത്താൻ 25 സെന്റ് ഉള്ള കർഷകർക്ക് ഇലക്ട്രിസിറ്റി സൗജന്യമായി അനുവദിക്കണം.
2. മാർത്താണ്ഡം കുളത്തിൽ ചാനൽ ജലം നിറച്ച് സമീപപ്രദേശത്ത് പമ്പ് ചെയ്ത് ജലം എത്തിച്ച് തെങ്ങ്കൃഷിയെ പ്രോത്സാഹിപ്പിക്കണം.
3. ചില്ലരിയോട് ചാനൽ സ്ലൂയിസിൽ നിന്നും ഒരു കൈചാനൽ വെട്ടി മണ്ണറക്കോണം വരെ ഉള്ള കൃഷിക്കാർക്ക് വെള്ളം എത്തിക്കണം.
4. ചില്ലരിയോടും, പാപ്പനംകോണം നിരപ്പിലും പമ്പ്സെറ്റ് സ്ഥാപിച്ച് കൃഷിക്ക് ആവശ്യമുള്ള വെള്ളം എത്തിക്കണം.
5. കർഷകർക്ക് വിത്തും, വളവും, സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം.
6. പ്രസ്തുത വാർഡിലെ കുളങ്ങൾ കൃഷി സൗകര്യത്തിനായി നന്നാക്കണം.

നെൽപ്പാടങ്ങളിൽ നട്ടിട്ടുള്ള - 3-വർഷത്തിനു താഴെ പ്രായമുള്ള തെങ്ങിൻതൈകളെ ഇളക്കി മാറ്റി നെൽകൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കൃഷിക്കാർക്ക് ട്രാക്ടർ, മെതിയന്ത്രം, സ്പേയറുകൾ എന്നിവ സൗജന്യനിരക്കിൽ ലഭ്യമാക്കണം. കുഞ്ചുകോണം, തെക്കും വടക്കും കണ്ണറക്കോണം എന്നീ തോടുകളുടെ സൈഡ് വാൾ കെട്ടി സൂക്ഷിക്കണം. റബ്ബർ കൃഷിക്കാർക്ക് പ്രോത്സാഹനം നൽകണം. കായ്ഫലം കുറഞ്ഞതും കാറ്റുവീഴ്ച രോഗം ബാധിച്ചതുമായ തെങ്ങുകളെ മുറിച്ചു മാറ്റി പുതിയ തൈകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള സാമ്പത്തികസഹായം നല്കണം.

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

കരിംകുളം, കാഞ്ഞിരംകുളം, ബാലരാമപുരം അതിയന്നൂർ പഞ്ചായത്തുകളുടെ ഇടയിൽ ദീർഘചതുരാകൃതിയിൽ കടലോരവുമായി ബന്ധപ്പെട്ടുകിടക്കുന്ന മൃഗസംരക്ഷണ മേഖലയ്ക്ക് ഏറ്റവുമധികം വികസന സാദ്ധ്യതകളുള്ള ഒരു പഞ്ചായത്താണ് കോട്ടുകാര. ഇന്നു ഈ പഞ്ചായത്തിൽ ഉദ്ദേശം പ്രതിദിനം 5,000 ലിറ്റർ പാൽ, തിരുവനന്തപുരം മിൽമക്ക് സൊസൈറ്റികൾ വഴി ശേഖരിച്ചുനല്കുന്നു. കൂടാതെ 1000-നും 2000നും ഇടയിൽ ലിറ്റർ പാൽ അടുത്ത പഞ്ചായത്തുകൾക്കും ആഭ്യന്തര ഉപയോഗത്തിനായി പ്രതിദിനം ഉപയോഗിക്കുന്നു. ഈ ഉല്പാദനം കുറച്ചുകൂടി കാര്യക്ഷമമായ രീതിയിൽ നടത്തിയാൽ ഇരട്ടിയോ രണ്ടിട്ടിയോ ആയി വർദ്ധിപ്പിക്കാൻ സാധിക്കും. മറ്റു മേഖലകളൊന്നുംതന്നെ കാര്യമായ രീതിയിൽ പരിപോഷിച്ചിട്ടില്ല. ഇന്നു പാൽ സൊസൈറ്റിയുടെ മാതൃകയിൽ മുട്ട, മാംസം എന്നിവ സംസ്കരിക്കുന്നതിനും വിപണനം നടത്തുന്നതിനുമുള്ള സഹകരണസംഘങ്ങൾ രൂപീകൃതമാവുകയാണെങ്കിൽ പൊതുജനങ്ങൾക്ക് ന്യായമായ വിലക്ക് ശുദ്ധവും ആരോഗ്യപ്രദവുമായ മാംസവും മുട്ടയും ആവശ്യാനുസരണം ലഭ്യമാക്കാൻ സാധിക്കുന്നതാണ്. ഇവ സാദ്ധ്യമാകണമെങ്കിൽ കോട്ടുകാൽ പഞ്ചായത്തിൽ ഒഴിഞ്ഞു കിടക്കുന്ന സർക്കാരിന്റെ പ്ലൗൾട്രി ഫാം പുനരുജ്ജീവിപ്പിച്ചു കർഷകർക്കു പരിശീലനം നല്കുകയും സൗജന്യനിരക്കിൽ കോഴിക്കുഞ്ഞുങ്ങളും കോഴിത്തീറ്റയും നല്കുകയും ഇന്നുല്പാദിപ്പിക്കുന്ന ഇറച്ചിക്കോഴി വളർത്തുന്നവരിൽ നിന്നു മുഴുവൻ ഇറച്ചി വാങ്ങുകയും ചെയ്താൽ ഈ സഹകരണസംഘങ്ങൾക്ക് ലാഭകരമായ രീതിയിൽ പ്രവർത്തിക്കാൻ സാധിക്കും.

കോട്ടുകാൽ പഞ്ചായത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് ആടുവളർത്തലിനുള്ള സാദ്ധ്യതകൾ ഏറെയാണ്. ആടുവളർത്തൽകൊണ്ട് സ്ത്രീകൾക്കും നാമമാത്രകർഷകർക്കും അധിക സാമ്പത്തിക ബാധ്യതയില്ലാതെ ഒരു വരുമാനമാർഗ്ഗവും ഒരളവരെ

പാലിന്റെ ഉപഭോഗവും സാദ്ധ്യമാകുന്നു. ഈ മേഖലക്ക് സർക്കാർ മൃഗാശുപത്രികൾ വഴി മേൽത്തരം ആട്ടിൻകുട്ടികളും മുട്ടനാടുകളേയും കുറഞ്ഞ നിരക്കിൽ കർഷകർക്കു ഇൻഷർചെയ്തു കൊടുത്താൽ സാമ്പത്തികനേട്ടവും ആരോഗ്യപ്രദമായ ഒരു സമൂഹത്തേയും കെട്ടിപ്പടുക്കാവുന്നതാണ്.

ഈ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും മാംസം ഭക്ഷിക്കുന്നവരാണ്. എന്നാൽ ഇന്ന് ഈ പഞ്ചായത്തിൽ ഉപയോഗിക്കുന്ന മാംസം മറ്റു പഞ്ചായത്തുകളിൽ നിന്നു കൊണ്ടുവരുന്നവയാണ്. അവ ഭക്ഷ്യയോഗ്യമല്ലാത്തവയും,വൃത്തിഹീനവും, ഉയർന്നവില നൽകേണ്ടിയും വരുന്നു. അതൊഴിവാക്കുന്നതിനുവേണ്ടി കോട്ടുകാൽ പഞ്ചായത്തിനു സ്വന്തമായി ഒരു അറവുശാല നിർമ്മിച്ചു മീറ്റ്ഇൻസ്പെക്ഷൻ നടത്തി പൊതുജനങ്ങൾക്ക് മാംസവും മാംസോല്പന്നങ്ങളും ഉണ്ടാക്കി ന്യായവിലക്കു കൊടുക്കുവാൻ സാധിക്കും. ഈ മേഖലയിൽ തന്നെ തൊഴിൽ സാധ്യത ധാരാളമായി ഉണ്ടാവുകയും ചെയ്യും. അതുപോലെതന്നെ ബ്ളോക്കുതലത്തിൽ ഒരു തുകൽ ഫാക്ടറി സ്ഥാപിച്ചു തൊഴിൽ സാധ്യത വർദ്ധിപ്പിക്കാം.

ഈ പഞ്ചായത്തിലെ ഭൂരിഭാഗം കർഷകരും രാസവളത്തിന്റെ വിലവർദ്ധനവും ദൂഷ്യഫലങ്ങളും കാരണം ജൈവവളങ്ങളെയാണാശ്രയിക്കുന്നത്. കന്നുകാലി പക്ഷിസമ്പത്തുകളെ വേണ്ടരീതിയിൽ പരിപോഷിപ്പിക്കുകയാണെങ്കിൽ ഇന്നു കാർഷികമേഖലക്കാവശ്യമായ ജൈവവളം ഉല്പാദിക്കുവാൻ സാധിക്കും.

നമ്മുടെ രാജ്യം ഇന്ന് ഊർജ്ജപ്രതിസന്ധി നേരിടുകയാണല്ലോ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചാൽ ഊർജ്ജ പ്രതിസന്ധിയേയും ജൈവവളങ്ങളുടെ അപര്യാപ്തതയും ഒരു പരിധിവരെ നേരിടുവാൻ സാധിക്കും.

മനുഷ്യൻ ഇന്നു നേരിടുന്ന മഹാവ്യാധികളിൽ ഏറ്റവും ഭീകരവും മനുഷ്യമനസ്സിനെ മരവിപ്പിക്കുന്നതുമായ ഒരു രോഗമാണല്ലോ പേവിഷബാധ. ഈ രോഗം പ്രധാനമായും പട്ടി, പൂച്ച തുടങ്ങിയ മൃഗങ്ങളിൽ കൂടിയാണ് കേരളത്തിലെ ജനങ്ങളെ ബാധിക്കുന്നത്. മൃഗാശുപത്രികളുംതദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആത്മാർത്ഥമായി പരിശ്രമിച്ചാൽ ഈ രോഗ നിർമാർജ്ജനം സാദ്ധ്യമാകുന്നതാണ്.

## മൃഗസംരക്ഷണ മേഖല

കോട്ടുകാൽ പഞ്ചായത്തിൽ 1960 കൾക്കുമുമ്പ് ഒന്നോ രണ്ടോ ലിറ്റർ പാൽ ദിവസവും കിട്ടുന്ന നാടൻപശുക്കളും എരുമകളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. പാൽ സൊസൈറ്റികളോ മറ്റുമൃഗസംരക്ഷണ സ്ഥാപനങ്ങളോ ഈ പഞ്ചായത്തിൽ ഇല്ലാ

യിരുന്നു. കാർഷികാവശ്യത്തിനുവേണ്ടിയായിരുന്നു പ്രധാനമായും കന്നുകാലികളെ വളർത്തിയിരുന്നത്. എന്നാലിന്നു ഒരു സർക്കാർ മൃഗാശുപത്രി ഒരു സബ്സെന്റർ ആറു പാൽ സൊസൈറ്റികൾ 5 സ്വകാര്യ ഇറച്ചിക്കോഴിവളർത്തൽ ഫാമുകൾ എന്നിവക്കുപുറമേ ഏകദേശം75% വീടുകളിലും പശു, കോഴി, ആട് മുതലായ വളർത്തു മൃഗങ്ങളുണ്ട്.

**1996-ലെ കന്നുകാലി സെൻസസിലെ വിവരങ്ങൾ (ഓഫീസ് കോർപ്പയിൽനിന്ന്)**

**പശുക്കളും കാളകളും**

| | |
|---|---|
| 1. പശുക്കൾ | 2171 എണ്ണം |
| 2. കിടാരികൾ | 464 എണ്ണം |
| 3. കന്നുകുട്ടികൾ | 469 എണ്ണം |
| 4. കാളക്കുട്ടികൾ | 74 എണ്ണം |
| 5. വിത്തുകാള | 5 എണ്ണം |
| 6. വണ്ടിക്കാള/ഉഴവുകാള | 12 എണ്ണം |
| ആകെ | 3195 എണ്ണം |

**എരുമകൾ**

| | |
|---|---|
| 1. കറവയുള്ളവ | 74 എണ്ണം |
| 2. കിടാരികൾ | 19 |
| 3. കന്നുക്കുട്ടികൾ | 25 |
| 4. ആൺകുട്ടികൾ | ഇല്ല |
| 5. കിടാവുകൾ | ഇല്ല |
| ആകെ | 118 |

**ആടുകൾ**

| | |
|---|---|
| കറവയുള്ളവ | 1724 എണ്ണം |
| പെൺകുട്ടികൾ | 1079 |
| ആൺകുട്ടികൾ | 70 |
| മുട്ടൻ ആടുകൾ | 15 |
| ആകെ - | 2888 എണ്ണം |

**പന്നികൾ**

| | |
|---|---|
| ആകെ | 28 എണ്ണം |

**കോഴികൾ**

| | |
|---|---|
| നാടൻകോഴികളും സങ്കരയിനം | |
| കോഴികളും | 29568 എണ്ണം |
| ഇറച്ചിക്കോഴികൾ | 2000 |
| ആകെ | 31568 |

**താറാവ്**

| | |
|---|---|
| ആകെ | 1236 എണ്ണം |

**പട്ടികൾ**

| | |
|---|---|
| ആൺപട്ടികൾ | 2580 എണ്ണം |
| പെൺപട്ടികൾ | 177 |
| അലഞ്ഞുനടക്കുന്നവ | 145 |
| ആകെ | 3902 |

## പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ

കോട്ടുകാൽ പഞ്ചായത്തിൽ ഒരു സർക്കാർ മൃഗാശുപത്രി 12.3.1969 ൽ G.O.R.T. No. 478/69 അഗ്രി 22.2.69 എന്ന ഉത്തരവിൻപ്രകാരം ഉച്ചക്കടയിൽ സ്ഥാപിതമായി. തുടർന്ന് ഒരു സബ്സെന്ററും ഒരു പൗൾട്രിഫാമും ആരംഭിച്ചു. ഇന്ന് പൗൾട്രിഫാം പ്രവർത്തനരഹിതമാണ്.

സബ്സെന്റർ പയറ്റുവിള ക്ഷീരോല്പാദകസഹകരണസംഘത്തിന്റെ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. മൃഗാശുപത്രി ഉച്ചക്കട ക്ഷീരോല്പാദകസഹകരണസംഘത്തിന്റെ കെട്ടിടത്തിൽ വാടകക്ക് പ്രവർത്തിക്കുകയാണ്. ട്രി സൊസൈറ്റി 1983-ൽ 10 സെന്റുസ്ഥലം മൃഗാശുപത്രിയും കോർട്ടേഴ്സും പണിയുന്നതിലേക്കായി സർക്കാരിനു നല്കുകയുണ്ടായി. നാളിതുവരെയായി ഒരു കൺസ്ട്രക്ഷൻവർക്കും ഇവിടെ നടന്നിട്ടില്ല. ഇപ്പോൾ പഞ്ചായത്തിന്റെ അധീനതയിലാണ് ഈ ഭൂമി. കഴിയുന്നതും വേഗം ഇവിടെ മൃഗാശുപത്രി പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അപേക്ഷിക്കുന്നു. ഈ സ്ഥാപനത്തിൽ ഒരു വെറ്ററിനറി സർജൻ, ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ) ഇപ്പോൾ ഒരു വർഷത്തെ ട്രെയിനിംഗിൽ) ഒരു അറ്റൻഡർ ഒരു പാർട്ട്ടൈം സ്വീപ്പർ എന്നിവരാണുള്ളത്. ICDP സബ്സെന്ററിൽ ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഉണ്ട്.

ഇവിടെ ഒരു വാഹനവും 24 മണിക്കൂർ പ്രവർത്തിക്കുന്നതായ ഒരു ആശുപത്രിയുമുണ്ടെങ്കിലേ എല്ലാ കർഷകർക്കും സൗകര്യാർത്ഥമുള്ള ചികിത്സ കിട്ടുകയുള്ളു. കൂടാതെ ഒരു ക്ലിനിക്കൽ ലാബ്, റഫ്രിജറേറ്റർ, ഫോൺ സൗകര്യങ്ങളും അത്യാ

വശ്യമാണ്. ഇവിടെ നിന്ന് എല്ലാതരത്തിലുള്ള കന്നുകാലി പക്ഷികൾക്കുള്ള ചികിത്സകളും കന്നുകാലി പ്രജനനത്തിനു വേണ്ടിയിട്ടുള്ള ജോലികളും പേവിഷബാധ നിർമ്മാർജ്ജനം തുടങ്ങിയവയും ചെയ്യുന്നു.

കഴിഞ്ഞ പഞ്ചവത്സര പദ്ധതിക്കാലത്ത് MLPI വഴി ആയിരം യൂണിറ്റ് കോഴിക്കുഞ്ഞുങ്ങളും സ്ക്കൂൾ പൗൾട്രി ക്ലബ്ബ് വഴി സ്ക്കൂൾ കുട്ടികൾക്കും കോഴിക്കുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ വിതരണം ചെയ്യുകയുണ്ടായി. S.L.B.P. പദ്ധതിപ്രകാരം അഞ്ഞൂറോളം കന്നുകുട്ടികളെ enrol ചെയ്യുകയുണ്ടായി.

പേവിഷബാധ നിർമ്മാർജ്ജനം, ഹരിജന-ഗിരിജന സ്കീമുകൾ എന്നിവ ഭംഗിയായി നടപ്പിലാക്കി. പോയവർഷങ്ങളിൽ രണ്ടു ഗോരക്ഷാക്യാമ്പുകൾ വീതം നടത്തുകയുണ്ടായി.

## പാലുല്പാദനത്തെ സംബന്ധിച്ച വിവരങ്ങൾ

ഈ പഞ്ചായത്തിൽ 6 ക്ഷീരസഹകരണസംഘങ്ങൾ വഴി 18.25000 ലിറ്റർ പാൽ മിൽമക്കു കൊടുക്കുന്നു. പ്രതിവർഷം 1025000 ലിറ്റർ പാൽ ഗാർഹികാവശ്യത്തിനായി ഉപയോഗിക്കുന്നു.

ശരാശരി പാൽവില 11 രൂപ

ആകെ പാൽവില പ്രതിവർഷം 285000x11 = 3,13,50000 രൂപ

ശരിയായ രീതിയിലുള്ള മൃഗസംരക്ഷണപ്രവർത്തനങ്ങളും കർഷകർക്കുള്ള പ്രോത്സാഹനങ്ങളും നല്കിയാൽ 5 വർഷം കൊണ്ടിതു 2 മടങ്ങു വർദ്ധിപ്പിക്കാൻ സാധിക്കും.

## മാംസോല്പാദനം സംബന്ധിച്ച വിവരങ്ങൾ.

ഈ പഞ്ചായത്തിൽ അറവുശാലകളൊന്നും തന്നെയില്ലാത്തതിനാൽ കൃത്യമായിട്ട് മൃഗങ്ങളെ കൊല്ലുന്നതിന്റെ എണ്ണം അറിയാൻ സാദ്ധ്യമല്ല. എന്നാൽ തന്നെ കോട്ടുകാൽ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലായി പ്രതിവർഷം 800 റോളം പശുക്കളും 500 റോളം മൂരിക്കുട്ടികളും 50 പന്നികളും 1000 ത്തോളം ആടുകളും ഇറച്ചിഉപയോഗിക്കുന്നു. ഇവയിൽ നിന്നും 26, 35000 രൂപയുടെ ഇറച്ചി ഈ പഞ്ചായത്തിൽ ചെലവാകുന്നു. എന്നാൽ ഈ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന മാംസം ഒട്ടും തന്നെ ഇവിടെ ഉപയോഗിക്കുന്നില്ല.

കോട്ടുകാൽ പഞ്ചായത്തിൽ 1 കോടി രൂപയുടെ മാംസം ഉല്പാദിപ്പിക്കപ്പെടുന്നു എന്നതാണ് ഏകദേശകണക്ക് ആധുനിക രീതിയിലുള്ള ഒരു അറവുശാല ഉണ്ടെങ്കിൽ ശുചിത്വവും ആരോഗ്യദായകവുമായ മാംസവും ധനലാഭവും കുറേ ആളുകൾക്ക് തൊഴിലും നേടാൻ സാധിക്കും. മാംസോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഓരോ വാർഡിലേയും 100 കർഷകരെവീതം തെരഞ്ഞെടുത്ത് ഒരു ആട്ടിൻകുട്ടി വീതം സൗജന്യനിരക്കിൽ ഇൻഷ്വറൻസുചെയ്തു കൊടുക്കുകയാണെങ്കിൽ 5 വർഷം കൊണ്ട് ആട്ടിറച്ചിയുടെ ഉല്പാദനം ഇന്നുള്ളതിൽ നിന്നും 5 മടങ്ങായി വർദ്ധിക്കും. ഇതിലേക്കായി ഉദ്ദേശം 10 ലക്ഷം രൂപ മുതൽ മുടക്കേ വേണ്ടി വരുകയുള്ളൂ. അതുപോലെ ഉദ്ദേശം 1200 പശുക്കൾ ഒരുവർഷം പ്രസവിക്കുന്നു. അതിൽ 600 കാളക്കുട്ടികൾ സാധാരണയായി ഉണ്ടാകാം. ഇപ്പോൾ കർഷകർ ഒന്നോ രണ്ടോ ആഴ്ചക്കുള്ളിൽ (25 Kg- 35 Kg wt) ഇവയെ വിറ്റഴിക്കപ്പെടുന്നു. ഈ കന്നുക്കുട്ടികൾ 2 വർഷം വളരുകയാണെങ്കിൽ 250-350 kg wt ൽ വിറ്റാൽ മാംസോല്പാദനത്തിന്റെ അളവ് ഗണ്യമായി വർദ്ധിക്കും. ഈ കാളക്കുട്ടികളെ വളർത്തുന്നതിനായി പഞ്ചായത്തിന്റെ തിരഞ്ഞെടുക്കുന്ന നാലോ അഞ്ചോ വാർഡുകളിൽ താല്പര്യമുള്ള കർഷകരെകൊണ്ട് വളർത്തിയെടുക്കുന്നതിനുള്ള സാമ്പത്തിക സഹായം ( കാലിത്തീറ്റ Insurance, vety. medical help വയ്ക്കോൽ കുറഞ്ഞ വിലക്ക് മുതലായവ) ചെയ്തുകൊടുക്കണം. ഒരു കന്നുക്കുട്ടിക്ക് ഉദ്ദേശം 1500 രൂപ സബ്സിഡിയായി നല്കിയാൽ രണ്ടുവർഷത്തേക്ക് ഉദ്ദേശം 9 ലക്ഷം രൂപ മാത്രമേ വേണ്ടി വരുകയുള്ളൂ.

### ആടുവളർത്തൽ

1996-ലെ സെൻസസിൻ പ്രകാരം 2888 ആടുകളാണുള്ളത്. ഇവയെ നാടൻ രീതിയിൽ വീടുകളിൽ കെട്ടിയിട്ടാണു വളർത്തുന്നത് ഇവിടെയുള്ളവർക്ക് വളർത്തലിൽ താല്പര്യമുള്ളവരും ആദായമാർഗ്ഗമായി സ്വീകരിച്ചിരിക്കുന്നവരുമാണ്. ഇവിടെ ആവശ്യാനുസരണം ചെടികളും ഓലയും ആഹാരമായി ലഭിക്കുന്നുണ്ട്. ഈ രംഗത്തു മേല്പറഞ്ഞതുപോലെ 1200 ആട്ടിൻകുട്ടികളെ (സങ്കരയിനത്തിൽപ്പെട്ടവ) നല്കുകയാണെങ്കിൽ ഇവിടത്തെ ഇറച്ചി ഉല്പാദനം 5 മടങ്ങായി വർദ്ധിക്കും.

### കോഴിവളർത്തൽ

ഇന്ന് ഈ പഞ്ചായത്തിലെ കോഴിവളർത്തൽ വീടുകളിൽമാത്രം ഒതുങ്ങിയിരിക്കുന്നു. ഇവിടത്തെ സ്ഥലപരിമിതിയും നല്ലൊരുശതമാനം ആളുകളും ഈ തൊഴിലിൽനിന്നും പിന്നോക്കം പോകുന്നതുകൊണ്ടും നാം കോഴിമുട്ടയുടെ കാര്യത്തിൽ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഇന്ന് ഉദ്ദേശം 31568 കോഴികൾ (നാടനും സങ്കരയിനം) ഉള്ളതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. ഇവയിൽ നിന്ന് ഉദ്ദേശം ഒരു ലക്ഷത്തിൽ താഴെ കോഴിമുട്ടകളും 500 റോളം താറാവുമുട്ടകളുമാണ് പ്രതിമാസം നമുക്കിവിടെ കിട്ടുന്നത്. ഇവിടെ ഉദ്ദേശം 2 ലക്ഷത്തോളം മുട്ടകൾ ചെലവാകുന്നതായാണ് കണക്ക്. ഈ മേഖലയിൽ പഞ്ചായത്തിന്റെ കാര്യമായ ശ്രദ്ധയുണ്ടെങ്കിൽ ഇറച്ചിയുടേയും മുട്ടയുടെയും കാര്യത്തിൽ സ്വയം പര്യാപ്തത പ്രാപിക്കുക മാത്രമല്ല കയറ്റി അയയ്ക്കുവാനും സാധിക്കും.

1996- ലെ സെൻസസിൽ പ്രകാരം കോട്ടുകാൽ പഞ്ചായത്തിൽ 4678 വീടുകളിൽ കോഴിവളർത്തുന്നുണ്ട്. ഈ വീടൊ

ന്നിന് 5 കോഴിക്കുഞ്ഞുവീതം (വില 370 രൂപ) വാങ്ങി കൊടുത്താൽ പഞ്ചായത്തിനു 10 ലക്ഷം രൂപ ചെലവാകും. എന്നാൽ അതിൽനിന്നുള്ള വരുമാനം മുട്ട ഇനത്തിൽ 20 ലക്ഷം രൂപയും ഇറച്ചിയിനത്തിൽ 9 ലക്ഷം രൂപയും നേടാൻ സാധിക്കും.

## കാലിത്തീറ്റ ഉല്പാദന വിവരങ്ങൾ

ഇന്നു കോട്ടുകാൽ പഞ്ചായത്തിൽ നെൽകൃഷി വിരളമാണ്. വയ്ക്കോലിനായി മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. തെങ്ങിൻ തോപ്പുകളിൽ ജലസേചനത്തിനുള്ള സൗകര്യമുണ്ടാക്കി പുൽവിത്ത്, വളം, സാങ്കേതിക പരിജ്ഞാനം നല്കുകയാണെങ്കിൽ ഒരു പരിധിവരെ ഈ ദുഃസ്ഥിതിക്കു പരിഹാരം ഉണ്ടാക്കാൻ സാധിക്കും. ഇവിടെ ഏറ്റവുമധികം കൊപ്ര ഉല്പാദിപ്പിക്കുന്നു. ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്ന തേങ്ങാപ്പിണ്ണാക്ക് ശേഖരിച്ച് സൊസൈറ്റികൾ വഴി വിപണനം നടത്തുന്നതിനുള്ള ഒരു സംവിധാനം ഉണ്ടാക്കാവുന്നതാണ്. കൂടാതെ കാലിത്തീറ്റയുടെ മറ്റുമിശ്രിതങ്ങൾ കൂടി മറ്റു സംസ്ഥാനങ്ങളിൽ നിന്നു വാങ്ങി കാലിത്തീറ്റ ഉണ്ടാക്കുന്നതിനുള്ള ഒരു പ്ലാന്റ് സ്ഥാപിച്ചാൽ കർഷകർക്കു ഉപയോഗപ്രദമായിരിക്കും.

## തുകൽ ഉല്പാദനവും അറവുശാല ഉല്പന്നങ്ങളും

ഉദ്ദേശം 6 ലക്ഷം രൂപയുടെ തുകൽ ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്നു. തുകൽ സംസ്കരണ കേന്ദ്രങ്ങൾ ഇല്ലാത്തതിനാൽ മറ്റു സ്ഥലങ്ങളിലേക്ക് കൊണ്ടു പോവുകയാണ്. ഇവിടെ ഒരു തുകൽ സംസ്കരണത്തിനുള്ള സ്ഥാപനമുണ്ടായാൽ തൊഴിൽ സാദ്ധ്യതയുണ്ടാകുന്നതാണ്.

## ജൈവവളം

ഏകദേശം 3000 പശുക്കളിൽ നിന്നും കിട്ടുന്ന ജൈവവളം 3000 x 25=75,000 kg 1 കുട്ടക്ക് (25 kg) 10 രൂപ.

ie 75,000 kg = 30000 രൂപ (പ്രതിദിനം)

## കർഷകർക്കു പരിശീലനം

ഓരോ മേഖലയിലും താല്പര്യമുള്ള കർഷകരെ തെരഞ്ഞെടുത്ത് ഹ്രസ്വകാല ട്രെയിനിംഗുകൾ മൃഗാശുപത്രിയുടെയോ / LMTC യുടെയോ കീഴിൽ കൊടുക്കേണ്ടതാണ്.

## വന്ധ്യതാനിവാരണം

കന്നുകാലികർഷകർക്കു ഏറ്റവും സാമ്പത്തികനഷ്ടം ഉണ്ടാകുന്ന ഒന്നാണ് വന്ധ്യത ഇവ ഒഴിവാക്കുന്നതിനായി വ്യാജചികിത്സകരെ ഇതിൽനിന്ന് പിൻതിരിപ്പിച്ച് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ആളുകൾ കൃത്യസമയത്തിന് AI സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പഞ്ചായത്തിൽ തന്നെ ഒന്നോ രണ്ടോ സബ്സെന്ററുകൾ വേണ്ടതാണ്. വന്ധ്യത ബാധിച്ച കന്നുകാലികളെ ചികിത്സിക്കുന്നതിന് ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് പഞ്ചായത്തിൽനിന്ന് ധനസഹായവും മരുന്നുകളും ലഭ്യമാക്കുന്നതിനുവേണ്ട സംവിധാനം സ്വീകരിക്കണം.

## പേവിഷബാധ നിർമ്മാർജ്ജനം

1996-ലെ സെൻസസ് പ്രകാരം കോട്ടുകാൽ പഞ്ചായത്തിൽ ആകെ 3902 പട്ടികളാണുള്ളത്. അവയിൽ 145 എണ്ണം അലഞ്ഞു നടക്കുന്നവയാണെന്നാണ് കണക്ക്.

1. എല്ലാ വളർത്തു പട്ടികൾക്കും ലൈസൻസ് ഏർപ്പെടുത്തുക. ആൺപട്ടി ഒന്നിന് 25 രൂപയും പെൺപട്ടിക്ക് 100 രൂപയും മിനിമം ലൈസെൻസ് ഫീ ആയി ചുമത്തേണ്ടതാണ്.
2. ഉടമസ്ഥനില്ലാത്തവയെ പിടിച്ചു കൊല്ലാനുള്ള സത്വരനടപടികൾ പഞ്ചായത്തു തലത്തിൽ സ്വീകരിക്കണം.
3. എല്ലാ വളർത്തു പട്ടികൾക്കും വാക്സിനേഷൻ നിർബന്ധമായും എടുത്തിരിക്കാനുള്ള നടപടികൾ സ്വീകരിക്കണം.
4. ലൈസെൻസ് ഇല്ലാതെ പട്ടി വളർത്തുന്നവരെ ശിക്ഷിക്കുന്നതിനുള്ള നിയമ നടപടികൾ ഉണ്ടാകണം.

കന്നുകാലികളുടെ ആകസ്മിക മരണത്തിൽ നിന്നും കർഷകർക്കുള്ള പരിരക്ഷ

1. കന്നുകാലി ഇൻഷ്വറൻസ്.

2. കന്നുകാലി കർഷകരിൽ നിന്ന് 25 രൂപയോ 50 രൂപയോ രൂപ വീതം പിരിച്ചു ഒരു ഫണ്ടുണ്ടാക്കി അതു ബാങ്കിൽ നിക്ഷേപിച്ച് ഏതെങ്കിലും അംഗമായ കർഷകനു നഷ്ടമുണ്ടായാൽ അടിയന്തിരസഹായം നൽകുവാനുള്ള ഒരു പദ്ധതി പഞ്ചായത്തു തലത്തിൽ ഉണ്ടാകണം. ഇതിനൊരു കമ്മിറ്റി രൂപീകൃതമാകണം. പഞ്ചായത്തു പ്രസിഡന്റു മെമ്പർമാർ കർഷകപ്രതിനിധികൾ പ്രാദേശിക വെറ്ററിനറി സർജൻ എന്നിവർ അടങ്ങുന്നതായിരിക്കണം.

## കർഷകർക്ക് അംഗീകാരം

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പാലുല്പാദിപ്പിക്കുന്ന കർഷകനും ഏറ്റവും കൂടുതൽ ഇറച്ചി ഉല്പാദിക്കുന്ന കർഷകനും പ്രോത്സാഹനം കൊടുക്കേണ്ടതാണ്.

## പൊതുനിർദ്ദേശങ്ങൾ

1. ഉല്പാദനമേഖല, കാലിത്തീറ്റ, പുല്ല്, വയ്ക്കോൽ തുടങ്ങിയവ കുറഞ്ഞവിലക്ക് കർഷകർക്ക് എത്തിക്കുവാനുള്ള നടപടികൾ.
2. പാലിനു ന്യായമായ വില കിട്ടുന്നതിനുവേണ്ടി പാലുല്പന്നങ്ങൾ പഞ്ചായത്തു തലത്തിൽ ഉണ്ടാക്കുന്നതിനുള്ള നടപടികൾ.

3. സമഗ്ര ഇൻഷ്വറൻസ് പദ്ധതിയും അടിയന്തിരഘട്ടത്തിൽ കർഷകരെ സഹായിക്കാനായി ഒരു ഫണ്ടും രൂപീകരിക്കുക.

4. കർഷകർക്കു സബ്സിഡിയോടു കൂടി ലോണുകൾ അനുവദിക്കുക.

5. കർഷകർക്കു മാംസം, മുട്ട എന്നിവ ന്യായവിലക്കു ലഭിക്കുന്നതിനുള്ള സഹകരണസംഘങ്ങൾ സ്ഥാപിക്കുക.

6. ഇറച്ചി ഉല്പന്നങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ആട്, പന്നി, ഇറച്ചിക്കോഴി, കാളക്കുട്ടി ഇവയുടെ വളർത്തൽ പരിപോഷിപ്പിക്കുക.

7. അടുക്കളമുറ്റത്ത് കോഴിവളർത്തൽ പരിപോഷിപ്പിക്കുക.

8. മാംസ വിപണന കേന്ദ്രങ്ങൾ തുറക്കുക.

**സേവന മേഖല**

1. സർക്കാർ ആശുപത്രി ആധുനിക സൗകര്യങ്ങളോടുകൂടി നിർമ്മിക്കുക.

2. ക്ലിനിക്കൽ ലാബുകൾ സ്ഥാപിക്കുക.

3. സ്റ്റാഫ് ക്വാർട്ടേഴ്സ് പണിയുക.

4. മൃഗാശുപത്രിയുടെ പ്രവർത്തനസമയം 24മണിക്കൂറാക്കുക.

5. Dispensary ആശുപത്രിയായി ഉയർത്തുക.

6. ശുദ്ധമായ മാംസം ഉല്പാദിപ്പിക്കുന്നതിനുവേണ്ടി meat inspection നിർബന്ധമാക്കുക.

7. പേവിഷബാധ നിർമ്മാർജ്ജന പരിപാടികൾ ശക്തമാക്കുക.

8. വിജ്ഞാനവ്യാപനസൗകര്യങ്ങൾ ഉണ്ടാക്കുക.

9. മരുന്നുകൾ, വാക്സിനുകൾ സൗജന്യമായി കർഷകർക്കു നൽകുക.

**ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ**

**വാർഡ് 1**

ആടുമാടുകൾ കോഴി എന്നിവ വളർത്താൻ താൽപര്യമുള്ളകൃഷിക്കാർക്ക് വേണ്ട ധനസഹായം നൽകുക. മൃഗാശുപത്രി വിപുലീകരിച്ച് 24 മണിക്കൂറും പ്രവർത്തിപ്പിക്കുകയും വാഹനവും ഫോണും ഏർപ്പെടുത്തുക. ഒരു കോഴിവളർത്തൽ കേന്ദ്രം ആരംഭിക്കുക. റിസർച്ച് സ്റ്റേഷനിൽ മൃഗസംരക്ഷണ കേന്ദ്രവും ആടു വളർത്തൽ കേന്ദ്രവും സ്ഥാപിക്കുക.

**വാർഡ് II**

രണ്ടാം വാർഡിൽ എല്ലാ വീടുകളിലും കോഴികുഞ്ഞുങ്ങൾ സൗജന്യമായി വിതരണം ചെയ്യുക. പാവപ്പെട്ട കുടുംബങ്ങൾക്ക് പശു, ആട്, എരുമ എന്നിവ വിതരണം ചെയ്യാനുള്ള ധനസഹായം നൽകണം. ഉൽപാദനശേഷിയുള്ള സങ്കരയിനം പശുക്കൾ, ആട് എന്നിവ മൃഗസംരക്ഷണവകുപ്പുവഴി വിതരണം നടത്തുക. വളർത്തുമൃഗങ്ങൾ രോഗം മുഖേന ചത്തുപോകുന്ന ഉടമസ്ഥർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി സാമ്പത്തിക സഹായം നൽകുക. കരിയറ ഗോവിന്ദവിലാസം റോഡിലുള്ള കോഴിവളർത്തൽ യൂണിറ്റ് അടിയന്തിരമായി പ്രവർത്തനക്ഷമമാക്കണം. കോഴിവളർത്തലിന് ഗ്രൂപ്പ് അടിസ്ഥാനത്തിൽ യൂണിറ്റുകൾ സ്ഥാപിക്കുക. എല്ലാ വളർത്തുമൃഗങ്ങൾക്കും സൗജന്യമായി ഇൻഷ്വറൻസ് ഏർപ്പെടുത്തുക. മൃഗാശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. സൗജന്യമായി കാലിത്തീറ്റ വിതരണം ചെയ്യുക.

**വാർഡ് III**

മൂന്നാം വാർഡിൽ ഇപ്പോൾ പ്രവർത്തിക്കുന്ന മൃഗാശുപത്രി വാടക കെട്ടിടത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഉച്ചക്കട ക്ഷീരോൽപാദക സഹകരണസംഘം ആശുപത്രിക്കുവേണ്ടി പത്തു സെന്റ് സ്ഥലം സൗജന്യമായി വിട്ടുകൊട്ടുത്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് ഒരു മൃഗാശുപത്രി കെട്ടിടം പണിയണം. ആശുപത്രി വിപുലീകരിച്ച് കൂടുതൽ സ്റ്റാഫുകൾ നിയമിക്കുക. കൂടുതൽ മരുന്നുകൾ ലഭ്യമാക്കുക. പയറുവിള ഐ.സി.ഡി.പി. സെന്ററിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെകൂറുടെ സേവനം ധാരാളം കന്നുകാലികൾ വളർത്തുന്ന ഉച്ചക്കട മൃഗാശുപത്രിക്ക് മാത്രമായി കിട്ടത്തക്ക ഉത്തരവ് ഉടൻ ഉണ്ടാകണം. നല്ലയിനം പശുക്കളെയും, ആടുകളേയും സൗജന്യമായ നിരക്കിൽ കർഷകർക്ക് എത്തിക്കുവാനും സാധുക്കളായ ഓരോ കുടുംബത്തിനും അഞ്ച് കോഴികുഞ്ഞുങ്ങൾ വീതം സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം. ഉച്ചക്കട മൃഗാശുപത്രി അപ്പ്ഗ്രേഡ് ചെയ്ത് പ്രവർത്തനസമയം രാവിലെ 8 മണി മുതൽ വൈകുന്നേരം 8 മണി വരെ ആക്കുവാനും ശുപാർശചെയ്യുന്നു. കൃഷികാർക്ക് സീവേജ് ഫാമിൽനിന്നുള്ള പച്ചപുല്ല് എല്ലാദിവസവും എത്തിക്കുവാൻ നടപടി ഉണ്ടാകണം.

**വാർഡ് IV**

1. മരുതൂർകോണം വാർഡിൽ പാൽ ഉൽപാദനം നടത്തുവാൻ മിനി ഡയറി ഫാമുകൾ സ്ഥാപിക്കുവാൻ ആവശ്യമായ ബോധവൽക്കരണവും ഡയറിഫാമുകൾ സ്ഥാപിക്കുന്ന കർഷകർക്കുവേണ്ട സാമ്പത്തികവും സാങ്കേതികവുമായ ആനുകൂല്യങ്ങൾ നൽകുക.

2. ആട്, കോഴി, പന്നി, മുയൽ തുടങ്ങിയവ വളർത്തുവാൻ ഉദ്ദേശിക്കുന്ന കർഷകർക്ക് സൗജന്യമായി മേൽത്തരം വളർത്തുമൃഗങ്ങളെ നൽകുക. ഇവ വളർത്തുന്നതിനുവേണ്ടിയുള്ള സാങ്കേതികമായ നിയമനടപടികളെകുറിച്ച് കൃഷി ഉദ്യോഗസ്ഥൻമാർ കൃഷികാർക്ക് ഉപദേശം നൽകുക. വളർത്തുമൃഗങ്ങൾക്ക് ആവശ്യമായ തീറ്റപുല്ലും തീറ്റയും നിർമ്മിക്കുന്നവിധം

കർഷകരെ ബോധവത്കരിക്കുക. തീറ്റപുല്ലും കൃഷിതോട്ടങ്ങൾ നിർമ്മിക്കുവാൻ പ്രോൽസാഹനം നൽകുകയും മേൽത്തരം പുൽവർഗ്ഗങ്ങളും വളവും സൗജന്യമായി കർഷകർക്കു നൽകുകയും വേണം. വളർത്തുമൃഗങ്ങൾക്ക് വാർഡുകൾതോറും പ്രതിരോധകുത്തവയ്പ്പ് കാലാകാലങ്ങളിൽ നടത്തുക. ഉച്ചക്കട ഗവ:മൃഗാശുപത്രി ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു പോളിക്ലിനിക്ക് ആയി ഉയർത്തുകയും മൃഗങ്ങൾക്ക് ആവശ്യമായ മരുന്നുകൾ വിതരണം ചെയ്യുകയും ചെയ്യുക. മൃഗപരിപാലനങ്ങളെകുറിച്ച് വാർഡുതലത്തിൽ കർഷകരെ വിളിച്ചുകൂട്ടി മൃഗസംരക്ഷണവകുപ്പിൽനിന്നും വിദഗ്ധൻമാരെകൊണ്ട് ക്ലാസുകൾ എടുപ്പിച്ച് ഓരോ പ്രദേശത്തെ കാലാവസ്ഥയ്ക്ക് അനുസരിച്ച് തൊഴുത്തു നിർമ്മിക്കുന്നതിനും, മൃഗങ്ങളെ സംരക്ഷിക്കുന്നവിധവും കർഷകർക്ക് നൽകുകയും അവർക്ക് ആവശ്യമായ സാധനങ്ങൾ വിതരണം ചെയ്യുകയും ചെയ്യുക. നിർദ്ധനരായ സ്ത്രീകൾ, വികലാംഗർ വിധവകൾ, പട്ടിജാതി പട്ടിക വർഗ്ഗക്കാർ എന്നിവർക്ക് സൗജന്യമായി കോഴി, ആട്, മുയൽ എന്നിവ വിതരണം ചെയ്യുക.

## വാർഡ് V

കോട്ടുകാൽ പഞ്ചായത്തിൽ പുന്നക്കുളം കേന്ദ്രമാക്കി സർക്കാർ മൃഗാശുപത്രി സ്ഥാപിക്കാനുള്ള നടപടി ഉണ്ടാകണം. കോഴി, ആട്, പശു എന്നിവ വളർത്തുന്നതിന് ദരിദ്രരായ കർഷകർക്ക് സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ഉണ്ടാകണം. പുൽകൃഷി ചെയ്യുന്നതിന് ആവശ്യമായ പ്രോൽസാഹനം നൽകണം. മിനി ഡയറി ഫാമും കന്നുകാലി തീറ്റ ഫാക്ടറിയും പുന്നക്കുളം വാർഡിൽ തുടങ്ങാൻ നടപടി ഉണ്ടാകണം. ഒരു കോഴിവളർത്തൽ കേന്ദ്രം സ്ഥാപിക്കണം.

## വാർഡ് VI

സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സൗജന്യനിരക്കിൽ കന്നുകാലികളെ ലഭ്യമാക്കുക. കാലിത്തീറ്റ സൗജന്യനിരക്കിൽ ലഭ്യമാക്കുക. പുൽകൃഷി നടപ്പിലാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക. ഒരു ക്ഷീരസഹകരണസംഘവും മൃഗാശുപത്രിയും സ്ഥാപിക്കുക.

## വാർഡ് VII

ഉച്ചക്കട സ്ഥിതിചെയ്യുന്ന മൃഗാശുപത്രിയുടെ ഒരു സബ്സെന്റർ ചൊവ്വര വാർഡിൽ തുടങ്ങണം. തൊഴുത്തുനിർമ്മാണത്തിനും പശു വാങ്ങുന്നതിനും, കാലിത്തീറ്റയ്ക്കും സർക്കാരിൽനിന്നും സബ്സിഡി ലഭിക്കേണ്ടതാണ്.

## വാർഡ് VIII

അടിമലത്തുറ വാർഡിലെ ജനങ്ങൾക്ക് പശു, കോഴി, താറാവ് എന്നിവ വളർത്തുന്നതിന് വായ്പാ സൗകര്യം ലഭ്യമാക്കണം. ആധുനിക രീതിയിൽ ഒരു പന്നി വളർത്തൽ കേന്ദ്രം സ്ഥാപിക്കുക. ആധുനിക രീതിയിലുള്ള തൊഴുത്തുകളും കോഴിക്കൂടുകളും നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുക.

## വാർഡ് IX

മൂലക്കരവാർഡിലെ എഴുപത് ശതമാനത്തോളം ആളുകൾ കന്നുകാലി വളർത്തലും പാൽ കറവയും തൊഴിലായി ചെയ്യുന്നവരാണ്. സാമ്പത്തിക പരാധീനതയാണ് ഇവരെ അലട്ടുന്ന പ്രധാനപ്രശ്നം. അതിനാൽ കാലിവളർത്തുന്നതിനും, കാലിതൊഴുത്തുകൾ നിർമ്മിക്കുന്നതിനും ഗുണമേൻമയുള്ള പശുക്കളേയും ആടുകളേയും വാങ്ങുന്നതിനും കൃഷികാർക്ക് സാമ്പത്തികസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതിനടപ്പിലാക്കണം. എല്ലാ വീടുകളിലും കോഴിവളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിന് ആധുനിക രീതിയിൽ കോഴികൂടുകൾ നിർമ്മിക്കുന്നതിനും നല്ലയിനം കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. കന്നുകാലികൾക്കും കോഴികൾക്കും ഉണ്ടാകുന്ന രോഗങ്ങൾക്ക് ആവശ്യമായ പരിചരണം മൃഗാശുപത്രിയിൽ നിന്നും ഇപ്പോൾ ലഭ്യമല്ല. മൃഗാശുപത്രിയുടെ സേവനം ഈ വാർഡിലും ലഭ്യമാകത്തക്കവണ്ണം ഒരു സബ്സെന്റർ ഈ വാർഡിൽ സ്ഥാപിക്കണം.

## വാർഡ് X

കുഴിവിള വാർഡിൽ പശു വളർത്തൽ, ആടു വളർത്തൽ, കോഴി വളർത്തൽ എന്നിവക്ക് സർക്കാരിൽ നിന്നും സാമ്പത്തിക ആനുകൂല്യങ്ങൾ ബാങ്കിൽനിന്നും വായ്പാ സൗകര്യങ്ങൾ ഇവ ലഭ്യമാക്കണം. ഈ വാർഡിൽ ഒരു ക്ഷീര വ്യവസായ സഹകരണസംഘം രൂപീകരിക്കണം. 100 കുടുംബങ്ങൾക്ക് പശു വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായവും അൻപത് കുടുംബങ്ങൾക്ക് ആടുവളർത്തുന്നതിനും 75 കുടുംബങ്ങൾക്ക് കോഴി വളർത്തുന്നതിനും ഉള്ള സഹായങ്ങൾ അനുവദിക്കണം. മൃഗാശുപത്രിയുടെ ഒരു സബ് സെന്ററും ഒരു കോഴി വളർത്തൽ കേന്ദ്രവും സ്ഥാപിക്കണം.

### വാർഡ് XI

കൊല്ലകോണം വാർഡിൽ ഒരു മൃഗാശുപത്രി തുടങ്ങണം. തീറ്റ നിർമ്മാണയൂണിറ്റ് സ്ഥാപിക്കണം. കന്നുകാലികളുടെ രോഗനിവാരണത്തിന് ആവശ്യമായ മുൻകരുതൽ എടുക്കണം. പുൽകൃഷി പ്രോൽസാഹിപ്പിക്കണം.

### വാർഡ് XII

അവന്നാകുഴി വാർഡിൽ ഒരു ക്ഷീര വ്യവസായ സഹകരണസംഘം സ്ഥാപിക്കണം. കന്നുകാലികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കണം. കോഴികൾക്ക് കോഴി വസന്തയ്ക്കും മറ്റ് അസുഖങ്ങൾക്കും എതിരെ വാക്സിനേഷൻ സൗജന്യമായി നൽകാനുള്ള നടപടി എടുക്കണം. ഒരു കാലിതീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കണം.

### മത്സ്യബന്ധനം

കോട്ടുകാൽ പഞ്ചായത്തിലെ VI-ാം വാർഡിലെ കുറെ ഭാഗങ്ങളും VIIIാം വാർഡു മുഴുവനായും അറബിക്കടലിന്റെ തീരത്താണ് സ്ഥിതിചെയ്യുന്നത്. അടിമലത്തുറ മുതൽ കുരിശടി വരെ നീണ്ടു കിടക്കുന്ന ഈ കടലോരപ്രദേശത്തു പാവപ്പെട്ട മത്സ്യ തൊഴിലാളികളാണ് അധികവും തിങ്ങിപാർക്കുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുറച്ചു ആളുകളും നമ്മുടെ പഞ്ചായത്തിൽ മത്സ്യബന്ധനവുമായി ബന്ധപ്പട്ടു ഉപജീവനമാർഗ്ഗം നടത്തുന്നു. ഇവിടെ മത്സ്യതൊഴിലാളികൾ ഇന്നും പ്രാചീന രീതിയിലാണ് മത്സ്യബന്ധനം നടത്തുന്നത്. ആഴക്കടൽ മത്സ്യബന്ധനവും, പുറംകടലിൽ പോയി മത്സ്യബന്ധനം നടത്തുവാനുള്ള കഴിവുമില്ലാത്തതിനാൽ അടിമലത്തുറ ഭാഗത്തെ മത്സ്യതൊഴിലാളികളുടെ ജീവിത നിലവാരം വളരെ ശോചനീയമാണ്. ഇവിടെ പിടിക്കുന്ന മത്സ്യം കയറ്റികൊണ്ടുപോകുന്നതിനുള്ള വാഹനങ്ങളുടെ കുറവുമൂലം തലചുമടായിതന്നെ പാവപ്പെട്ട മത്സ്യതൊഴിലാളികൾ ഇന്നും മത്സ്യങ്ങൾ ചന്തകളിൽ കൊണ്ടുപോകുന്നത്. പാർപ്പിടം ഇല്ലായ്മയും സ്ഥലത്തിന്റെ ലഭ്യതകുറവും മത്സ്യതൊഴിലാളി മേഖലയെ തുറിച്ചു നോക്കുന്ന രൂക്ഷമായ പ്രശ്നമാണ്. ഈ വക കാര്യങ്ങൾ ഗ്രാമസഭകളിൽ സജീവമായ ചർച്ചയ്ക്കു വരുകയും മത്സ്യതൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തികൊണ്ടുവരാനുള്ള ആവശ്യമായ നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ പൊന്തിവന്നിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.

### വാർഡ് I

പുലിവിള വാർഡിൽ മൽസ്യം വളർത്തുന്നതിന് ധനസഹായവും സാങ്കേതിക സഹായവും പ്രോൽസാഹനവും നൽകുക.

### വാർഡ് VI

പുളിങ്കുടി വാർഡിലെ മൽസ്യതൊഴിലാളികൾക്ക് സഹകരണാടിസ്ഥാനത്തിൽ ഐസ്പ്ളാന്റ് ഫ്രീസിംഗ് പ്ലാന്റ് എന്നിവ അനുവദിക്കുക. മൽസ്യഷെഡിൽനിന്നും ഒരു ബസ് സർവ്വീസ് അനുവദിക്കുക. മൽസ്യവർദ്ധനവിനായി കൃത്രിമ പാര് നിർമ്മിക്കുക.

### വാർഡ് VII

ചൊവ്വര വാർഡിൽ മത്സ്യം സ്റ്റോർ ചെയ്യുന്നതിനുവേണ്ടി ഒരു ഐസ് പ്ലാന്റും ഫ്രിസിംഗ് പ്ലാന്റും സ്ഥാപിക്കണം. ചൊവ്വര വാർഡിൽ കരിച്ചൽ കായലിനോട് തൊട്ട് അടുത്ത് ചേർന്ന് കിടക്കുന്ന ചതുപ്പ് പ്രദേശങ്ങളിൽ ചെമ്മീൻ കൃഷി ആരംഭിക്കുന്നതിന് ഫിഷറീസ് ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് അടിയന്തിരനടപടികൾ സ്വീകരിക്കണം.

### വാർഡ് VII

അടിമലത്തുറ വാർഡിൽ മൽസ്യബന്ധനത്തിനായി വർഷകാലങ്ങളിൽ കടൽക്ഷോഭത്തിൽനിന്നും രക്ഷനേടാൻ ചൊവ്വര കോടി നിർമ്മിക്കുവാൻ നടപടികൾ ഉണ്ടാകണം. മൽസ്യകച്ചവടത്തിന് പോകുന്ന സ്ത്രീകൾക്ക് യാത്രാസൗകര്യത്തിനായി വാഹനങ്ങളും വായ്പകളും നൽകണമെന്നും കട്ട മരത്തിൽ പോയി മത്സ്യബന്ധനം നടത്തുമ്പോൾ ഉണ്ടാകുന്ന കടങ്ങൾ തടയാനായി ഔട്ട്ബോഡ് എൻജിൻ ഘടിപ്പിച്ച വള്ളവും വലയും മറ്റ് മത്സ്യബന്ധന ഉപകരണങ്ങളും നൽകുവാൻ ആവശ്യപ്പെടുന്നു. വിദേശകപ്പലുകൾക്കും ട്രോളിംഗ് ബോട്ടുകൾക്കും മൽസ്യബന്ധനത്തിന് നൽകിയ എല്ലാ ലൈസൻസുകളും റദ്ദാക്കുക.

കടൽ ക്ഷോഭം മൂലം വലയുമ്പോൾ അടിയന്തിരമായി സൗജന്യറേഷൻ അനുവദിക്കുക, മൽസ്യതൊഴിലാളികൾ താമസിക്കുന്ന ഭൂമിക്ക് പട്ടയവും വീടിന് പഞ്ചായത്തിൽനിന്നും നമ്പരും ഇടണമെന്നും ആവശ്യപ്പെടുന്നു. പഞ്ഞമാസ സമ്പാദ്യ പദ്ധതിയിൽ സ്ത്രീകളെ കൂടി ഉൾപ്പെടുത്തി പുനരാരംഭിക്കുക. കടലിൽ അപകടങ്ങളിൽപ്പെടുന്ന ആളുകളെ കണ്ടെത്തുന്നതിനായി ഒരു ഫയർ സ്റ്റേഷനും ബോട്ടുകളും അനുവദിക്കുക. മൽസ്യബന്ധന ഉപകരണങ്ങൾ നന്നാക്കാനായി ഒരു വർക്ഷോപ്പ് പണിയുക. മൽസ്യതൊഴിലാളികളുടെ മക്കൾക്ക് വിവാഹത്തിനു നൽകുന്ന ധനസഹായവും, മൽസ്യബന്ധനത്തിനിടയിൽ അപകടം പറ്റുന്നതിനുള്ള ധനസഹായവും നൽകണമെന്ന് ആവശ്യപ്പെടുന്നു.

# ആരോഗ്യ പരിപാലനം, കുടിവെള്ളം, പരിസര ശുചീകരണം

നമ്മുടെ പഞ്ചായത്തിലെ ആകെ ജനസംഖ്യ 37,812 പേർ ആണ്. വിസ്തീർണ്ണം 1360 ഹെക്ടർ (13.59 Sq:km) ആണ്. ഈ പഞ്ചായത്തിൽ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രവും, ഗവഃഹോമിയോ ആശുപത്രിയും 9 മിഡ്‌വൈഫ് സെൻററുകളും നിലവിലുണ്ട്. എന്നാൽ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിലുള്ള അടിസ്ഥാനസൗകര്യങ്ങളോടുകൂടിയ ആരോഗ്യകേന്ദ്രങ്ങൾ ഒന്നും തന്നെ നിലവിൽ ഇല്ല. എന്നാൽ ഒൻപാതാം പഞ്ചവത്സരപദ്ധതിയിൽ നടപ്പിലാക്കേണ്ടത് ഗ്രാമസഭകൾ കൂടി തീരുമാനിച്ച കാര്യങ്ങൽ ചുവടെ ചേർക്കുന്നു. അതുപോലെ തന്നെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ഇപ്പോൾ നിലവിലുള്ള വാട്ടർ സപ്ളൈ സ്കീമുകൾ എല്ലാം തന്നെ തൊട്ടടുത്തുള്ള 8 പഞ്ചായത്തുകൾക്കു കൂടെ കുടിവെള്ളം നമ്മുടെ പഞ്ചായത്തിൽ നിന്നും എത്തിച്ചുകൊടുക്കുന്നു. എന്നിട്ടും നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നാളിതുവരെ സാധിച്ചിട്ടില്ല. വമ്പിച്ച ജലസ്രോതസ്സുകൾ ഉള്ള ഒരു പഞ്ചായത്താണ് നമ്മുടേത്. കുടിനെള്ളക്ഷാമം പരിഹരിക്കുന്നതിന് ഗ്രാമസഭ കൂടി തീരുമാനിച്ച കാര്യങ്ങളും ചുവടെ ചേർക്കുന്നു.

കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ കടലോര പ്രദേശങ്ങളും ഉൾപ്പെട്ടതാണ്. എപ്പോഴും സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കുന്ന അടിമലത്തുറ ഉൾപ്പെട്ട ഒരു പ്രദേശമാണ്. അവിടെ അഴുക്കുചാലുകളോ , മലമൂത്രവിസർജ്ജനത്തിന് സൗകര്യപ്രദമായ പൊതുവായ കെട്ടിടങ്ങളോ ഇന്ന് നിലവിലില്ല, ഗ്രാമസഭ കൂടി തീരുമാനിച്ച കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

### വാർഡ് 1 പുലിവിള:-

പുലിവില വാർഡുമേഖലയിൽ ഉൾപ്പെട്ടുവരുന്ന ആട്ടറമൂലയിൽ ഒരു കുഴൽകിണറും അതോടനുബന്ധിത്ത് ഒരു പമ്പ്ഹൗസും പണിയിച്ചിട്ട് നാളിതുവരെ പ്രവർത്തക്ഷമമായിട്ടില്ല. പ്രസ്തുതകുഴൽ കിണർ മെയിന്റനൻസു ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിന് അടിയതന്തിര നടപടി സ്വീകരിക്കണം. കുടിവെള്ളക്ഷാമം ഒഴിവാക്കുന്നതിന് വേണ്ടി വാർഡുമേഖലയിൽ എക്കാലവും വെള്ളം സുലഭമായി കിട്ടുന്ന മന്നോട്ടുകോണം കുളത്തിൽ നിന്നും ശുദ്ധജലം പമ്പുചെയ്ത് വാർഡിന്റെ ഉയരം കൂടിയ സ്ഥലമായ നന്നംകുഴിയിൽ ഒരു ഓവർഹെഡ് ടാങ്ക് പണിയിച്ച് അതിലേക്ക് വെള്ളം പമ്പ് ചെയ്ത് വാർഡിന്റെ എല്ലാഭാഗങ്ങളിലും കൂടി വെള്ളം എത്തിക്കണം. വാർഡുമേഖലയിലെ എല്ലാ റോഡുകളിലും പൊതുവഴികളിലും കോളനിപ്രദേശങ്ങളിലും പൊതുടാപ്പുകൾ സ്ഥാപിച്ച് ശുദ്ധ ജലം എത്തിക്കണം. ഹൗസ് കണക്ഷൻ എടുത്തിട്ടുള്ളവർക്ക് കുടിവെള്ളത്തിന്റെ ചാർജ്ജ് അടുയ്ക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു ആഫീസ് അടിയന്തിരമായി സ്ഥാപിക്കണം.

### പൊതുജനാരോഗ്യം

വാർഡു മേഖലയിൽ സർക്കാർ ആശുപത്രി ഒന്നും തന്നെയില്ല. 24 മണിക്കൂറും പ്രവർത്തനമുള്ള ഒരു ഡിസ്പെൻസറി അടിയന്തിരമായി തുടങ്ങണം.

### പരിസരശുചീകരണം:-

നിർദ്ധനരായ കുടുംബാംഗങ്ങൾക്ക് കക്കൂസുകൾ നിർമ്മിച്ച് കൊടുക്കുകയും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിനുള്ള ഏർപ്പാടുകൽ ഉണ്ടാക്കണം. അലഞ്ഞുതിരിഞ്ഞ് നടന്ന നായ്ക്കളെ പിടിച്ച് നശിപ്പിക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കണം. കൊതുകുനിവാരണത്തിനും സാക്രമികരോഗങ്ങൾ പടർന്നുപിടിക്കാതിരിക്കാനുമുള്ള നടപടികൾ കൈക്കൊള്ളണം.

### വാർഡ് 2. അയംപുറം

### ആരോഗ്യം

അയംപുറം വാർഡിൽ പി. എച്ചസെൻററിൻെറ കീഴിൽ ഒരു സബ് സെന്റർ തുടങ്ങുന്നതിനുള്ള നടപടികൾ ഉണ്ടാകണം, എല്ലാദിവസവും രോഗികളെ പരിശോധിക്കത്തക്ക നിലയിൽ ഡോക്ടറേയും മറ്റു സ്റ്റാഫുകളേയും നിയമിക്കുക. സബ് സെന്ററിന് ആവശ്യമായ കെട്ടിടം, കോപൗണ്ട്‌വാൾ ടെലിഫോൺ സൗകര്യം എന്നിവ ഉണ്ടായിരിക്കണം. കൂടാതെ എല്ലാപേർക്കും സൗജന്യമായി മരുന്നുകൾ നല്കണം. 24 മണിക്കൂറും സേവനം കിട്ടത്തക്ക നിലയിലുള്ള ഒരു പ്രസവ ആശുപത്രിയും ഈ വാർഡിൽ അനുവദിക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളണം. രോഗികളെയും കുഞ്ഞുങ്ങളെയും ചികിത്സിയ്ക്കുന്നതിനുള്ള കിടക്കകളോടുകൂടിയ കെട്ടിടങ്ങളും ഹോസ്പിറ്റലിനോടു ചേർന്ന് ക്വാർട്ടേഴ്സുകൾ പണിയുകയും ചെയ്യണം.

### കുടിവെള്ളം:-

പുത്തളം കുമിളിയിൽ ഒരു പമ്പ്ഹൗസ് സ്ഥാപിച്ച് ഈ വാർഡിന്റെ ഉയരം കൂടിയ പ്രദേശമായ കരിയറയിൽ ഒരു വാട്ടർ ടാങ്ക് കെട്ടി തൊട്ടടുത്ത പ്രദേശങ്ങൾക്കുകൂടെ കുടി വെള്ളം കിട്ടത്തക്കനിലയിലുള്ള പദ്ധതികൾ നടപ്പിലാക്കുക. പൈ

പ്പ്ലൈൻ എത്താത്ത ഭാഗങ്ങളിൽ പുതിയ ലൈൻ ഇട്ട് പബ്ലിക് ടാപ്പുകൾ സ്ഥാപിക്കുക. പുലിയൂർകോണം പമ്പ്ഹൗസിന്റെ തെക്ക് ഭാഗത്ത് അത്യാവശ്യമായ ഭാഗങ്ങളിൽ കുഴൽ കിണർ കുഴിക്കുക. ഇന്ദിരാജ്ജി റോഡിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കണം. മരുതൂർക്കോണം പട്ടം താണുപിള്ള മെമ്മോറിയൽ സ്കൂളിനുസമീപം ഒരു കുഴൽകിണർ കുഴിച്ച് പമ്പ് ചെയ്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

### പരിസരശുചീകരണം :

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള മുഴുവൻ കുടുംബാംഗങ്ങൾക്കും കക്കൂസ് നിർമ്മിച്ചുകൊടുക്കുക. സാംക്രമികരോഗങ്ങൾ പടർന്നുപിടിക്കാതിരിക്കുന്നതിന് മുൻകരുതൽ നടപടികൾ സ്വീകരിക്കുക. ചപ്പുചവറുകൾ ഇടുന്നതിന് പ്രധാനപ്പെട്ട സ്ഥലങ്ങളിൽ വീപ്പകൾ സ്ഥാപിക്കുകയും ചവറുകൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

## വാർഡ് 3. പയറ്റുവിള

### ആരോഗ്യം

പയറ്റുവിള വാർഡുമേഖലയിൽ പയറ്റുവിള കേന്ദ്രമാക്കി ഒരു ഗവഃ ആയുർവേദ ആശുപത്രി സ്ഥാപിക്കണം. സ്വന്തം കെട്ടിടം, മറ്റു സൗകര്യങ്ങൾ, 24 മണിക്കൂറും സേവനം കിട്ടത്തക്കവിധത്തിലുള്ള ഡോക്ടറേയും മറ്റു സ്റ്റാഫുകളേയും നിയമിക്കുകയും വേണം. ഈ വാർഡിൽ നിലവിലുള്ള ഹോമിയോ ആശുപത്രി ഇപ്പോൾ വാടക കെട്ടിടത്തിലാണ്. പ്രസ്തുത സ്ഥാപനം അവിടെനിന്നും മാറ്റി പയറ്റുവിള ഹെൽത്ത് സെന്ററിനോടുകൂടെയുള്ള കെട്ടിടം മെയിന്റനൻസു ചെയ്ത് സുഗമമായ പ്രവർത്തനം നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം.

പയറ്റുവിള കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്ന മിഡ്വൈഫ് സെന്ററിനെ പുനരുദ്ധരിപ്പിച്ച് ഫുൾടൈം പ്രവർത്തനക്ഷമമാക്കുകയും ഒരു സ്ഥിരം ഡോക്ടറേയും മറ്റു സ്റ്റാഫിനേയും നിയമിക്കുവാനുള്ള നടപടി സ്വീകരിക്കണം.

### കുടിവെള്ളം:

പുത്തളം കുമളിയിൽനിന്നോ, കൊല്ലക്കോണം പമ്പ് ഹൗസിൽനിന്നോ വെള്ളം പമ്പ് ചെയ്ത് പൊറ്റയിൽ ലക്ഷംവീട് കോളനിയിൽ ഒരു ഓവർഹെഡ് വാട്ടർ ടാങ്ക് കെട്ടി വെള്ളം സ്റ്റോർ ചെയ്ത് കോട്ടുകാൽ പഞ്ചായത്തിലെ ഒന്നുമുതൽ അഞ്ചുവരെയുള്ള വാർഡിന്റെ എല്ലാ മേഖലകളിലും കുടിവെള്ളം എത്തിക്കുന്നതിനുള്ള അടിയന്തിര നടപടികൾ ഉണ്ടായിരിക്കണം.

പുലിയൂർക്കോണം റോഡിൽ പൈപ്പ് ലൈൻ ഇട്ട് പബ്ലിക് ടാപ്പ് സ്ഥാപിക്കുക. പുലിയൂർക്കോണം അംബേദ്കർ ഹരിജൻ സെറ്റിൽമെന്റ് ഏര്യായിലേക്കുമുള്ള റോഡിലും കുഴിയംവിള പുലിയൂർക്കോണം റോഡിലും, പൊറ്റവിള പുലിയൂർക്കോണം റോഡിലും, ചാനൽബണ്ട് റോഡിലും പൈപ്പ്ലൈൻ എത്തിച്ചേരാത്ത മറ്റു പ്രദേശങ്ങളിലും പുതിയ പൈപ്പ്ലൈൻ ഇട്ട് പബ്ലിക് ടാപ്പുകൾ സ്ഥാപിക്കുക. വട്ടവിള കാമരാജ് റോഡിൽ സ്ഥാപിച്ചിട്ടുള്ള ജി-1 പൈപ്പ് ഉപയോഗശൂന്യമായതിനാൽ പുതിയ പി.വി.സി പൈപ്പ് ഇട്ട് മൂന്ന് പബ്ലിക് ടാപ്പുകൾ സ്ഥാപിക്കുകയും വട്ടവിള മരുതൂർക്കോണം റോഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുമുള്ള പദ്ധതികളും അടിയന്തിരമായി നടപ്പിലാക്കുക.

കോട്ടുകാൽ പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് വെള്ളക്കരം അടക്കുന്നതിന് കാഞ്ഞിരംകുളം അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസിൽ പോകേണ്ടിവരുന്നു. ഈ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് ഉച്ചക്കട വാട്ടർ അതോറിട്ടിയുടെ കീഴിലുള്ള കെട്ടിടം ഒഴിഞ്ഞുകിടക്കുകയാണ്. അവിടെ അടിയന്തിരമായി ഒരു കൗണ്ടർ തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കുറഞ്ഞ വരുമാനക്കാർക്ക് കിണർ കുഴിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികളും പയറ്റുവിള ലക്ഷംവീട് കോളനിയിൽ ഇന്നും നിലവിലുള്ള ഒരു കുഴൽകിണർ ഉപയോഗശൂന്യമായിക്കിടക്കുന്നത് നന്നാക്കി അതിൽനിന്നും വെള്ളം പമ്പ് ചെയ്ത് ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം.

### പരിസരശുചീകരണം:

ഈ വാർഡുമേഖലയിൽ താമസിക്കുന്ന നിർദ്ധനരായ കുടുംബാംഗങ്ങൾക്ക് ഏകദേശം 500 പേർക്ക് കക്കൂസ് നിർമ്മിച്ചുകൊടുക്കുക. പയറ്റുവിള പൊറ്റവിള ലക്ഷംവീട് കോളനിയിൽ ശ്മശാനത്തിനുവേണ്ടി നീക്കിവച്ചിരിക്കുന്ന സ്ഥലത്ത് കോമ്പൗണ്ട്വാൾ കെട്ടി സംരക്ഷിക്കുക. വാർഡിന്റെ പ്രധാന ജംഗ്ഷനുകളിലും സെറ്റിൽമെന്റ് ഏര്യാകളിലും ചപ്പ് ചവറുകൾ ഇടുന്നതിന് വീപ്പകൾ സ്ഥാപിക്കുക. ചവറുകൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കാതിരിക്കുവാനുള്ള മുൻകരുതൽ നടപടികളും ലക്ഷംവീട് കോളനികളിലും ഹരിജനങ്ങളും പാവപ്പെട്ടവരും തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ മാസത്തിൽ ഒരിക്കൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും വേണം.

ഉച്ചക്കടചന്തയിലെ ശോചനീയാവസ്ഥ പരിഹരിക്കുകയും കാലാകാലങ്ങളിൽ കുന്നുകൂടുന്ന ചപ്പുചവറുകൾ യഥാസമയം നീക്കം ചെയ്യുന്നതിനുള്ള നടപടികളും അതുപോലെ തന്നെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി മൂത്രപ്പുരയും കക്കൂസും നിർമ്മിക്കുക. കൊതുക് നിവാരണത്തിന് ഈ വാർഡ് മേഖലയിലെ എല്ലാ ഭാഗത്തും ഡി.ഡി.റ്റി സ്പ്രേയും ക്ളോറിനേഷനും നടത്തുന്നതിനുള്ള നടപടികളും അടിയന്തിരമായി ഉണ്ടാക്കണം.

## വാർഡ് 4 മരുതൂർക്കോണം

### ആരോഗ്യം

ഈ വാർഡ് മേഖലയിൽ സർക്കാർ ആശുപത്രികൾ ഒന്നും തന്നെയില്ല. ഒരു ആയുർവേദ ആശുപത്രി (കിടക്കക

ളോടുകൂടിയ) സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കണം. പുന്നക്കുളം വാർഡിൽ സ്ഥിതിചെയ്യുന്ന കോട്ടുകാൽ പി. എച്ച്. സെന്റർ 20 കിടക്കകളോടുകൂടിയ ആശുപത്രികെട്ടിടങ്ങൾ നിർമ്മിച്ച് കോമ്പൗണ്ട് വാളും 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കത്തക്കവിധം ക്വാർട്ടേഴ്സ് സൗകര്യത്തോടുകൂടി കെട്ടിങ്ങൾ നിർമ്മിച്ചുംലാബ് സൗകര്യങ്ങളോടുകൂടിയ പ്രവർത്തനവും ആവശ്യമായ സ്റ്റാഫും ഫോൺ കണക്ഷനും ഈ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും രോഗികൾക്ക് അടിയന്തിര സഹായങ്ങൾ എത്തിക്കുന്നതിനുള്ള ആശുപത്രിവകയായി വാഹനം വാങ്ങുന്നതിനുള്ള സഹായവും ഉണ്ടാകുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കണം.

നമ്മുടെ വാർഡു മേഖലയിൽ ജലസ്രോതസ്സുകൾ ഉള്ള ചാലതോട്ടത്തിൽ ഒരു കിണർകുഴിച്ച് വാർഡിന്റെ ഉയരംകൂടിയ സ്ഥലമായ പുന്നക്കുളം ചിന്നൻവിള കോളനിയിൽ ഒരു ടാങ്ക് സ്ഥാപിച്ച് വാർഡിന്റെ എല്ലാഭാഗങ്ങളിലും കുടിവെള്ളം എത്തിക്കണം. ഗാന്ധിസ്മാരക റോഡിലും പുന്നവിള എച്ച്. എസ് റോഡിലും ഇലഞ്ഞിക്കുന്നുവിള കോളനിയിലും മരുതൂർക്കോണം മുതൽ രാക്തംവിളവഴി സിംഗ്ദേശം, കുഴിയൻവിളവഴിയുള്ള കോളനിറോഡുവരെയുള്ള ചാനൽ ബണ്ടുകളിലും ചാലത്തോട്ടം മഹാദേവക്ഷേത്രം റോഡിലും, പുന്നക്കുളം പെയിന്റ് ഫാക്ടറി മുതൽ കുഴിയൻവിളവരെയുള്ള റോഡിലും പുന്നക്കുളം ചിന്നൻവിള കോളനിയിലും പൈപ്പ്ലൈൻ സ്ഥാപിച്ചും ചിന്നൻവിള കോളനിയിലുള്ള പൊതുകിണറിൽ പമ്പ്സെറ്റ് സ്ഥാപിച്ച് ഹരിജൻ കോളനിയിലെ 77 കുടുംബാംഗങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ ഉണ്ടാകണം.

**പരിസരശുചീകരണം:-**

ഈ വാർഡിൽ ഉള്ള നിർദ്ധനരായ 300 കുടുംബാംഗങ്ങൾക്ക് കക്കൂസുകൾ നിർമ്മിച്ചുകൊടുക്കുന്നതിനുള്ള ഏർപ്പാടുകൾ അടിയന്തിരമായി ഉണ്ടാകണം. ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന ചിന്നൻവിള കോളനിയിലും, ഇലഞ്ഞികുന്നുവിള കോളനിയിലും, കുഴിയംവിളകോളനിയിലും ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. സാംക്രമികരോഗങ്ങൾ തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിനും വീടുകളിൽ വളർത്തുന്ന നായ്ക്കൾക്ക് പഞ്ചായത്ത് തലത്തിൽ ലൈസൻസ് കൊടുക്കണം.

പുന്നക്കുളം ജംഗ്ഷനിലും വട്ടവിള മരുതൂർക്കോണം പുന്നവിള പഞ്ചായത്ത് ആഫീസ് നട തുടങ്ങിയ സ്ഥലങ്ങളിൽ വീപ്പകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കൊതുകുനിവാരണത്തിനുവേണ്ട പ്രതിരോധ നടപടികൾ ഈ വാർഡ്മേഖലയിൽ അടിയന്തിരമായി നടത്തണം.

**പുന്നക്കുളം വാർഡ് 5**

**ആരോഗ്യം**

ഈ വാർഡിൽ സ്ഥിതി ചെയ്യുന്ന കോട്ടുകാൽ PH സെൻററിൽ 20 കിടക്കകളോടുകൂടിയ ആശുപത്രികെട്ടിടം നിർമ്മിച്ച് രോഗികൾക്ക് 24 മണിക്കൂറും സേവനം കിട്ടത്തക്ക വിധത്തിലുള്ള ഡോക്ടറേയും സ്റ്റാഫുകളേയും നിയമിച്ച് സൗകര്യപ്രദമായ രീതിയിലുള്ള പ്രവർത്തനം നടത്തുന്നതിന് അടിയന്തിരമായ പദ്ധതികൾ നടപ്പിലാക്കുക. ഫോൺ കണക്ഷൻ വാഹനസൗകര്യം കോമ്പൗണ്ട് വാൾ, ലാബറട്ടറി സൗകര്യം എന്നിവ ലഭ്യമാക്കണം.

**കുടിവെള്ളം :-**

കോട്ടുകാൽ PH സെന്ററിൽ ശുദ്ധജലം ഇപ്പോൾ കിട്ടുന്നില്ല. അടിയന്തിരമായി ശുദ്ധജലം എത്തിക്കണം . ഈ വാർഡിന്റെ എല്ലാ ഭാഗങ്ങളുമായ വളവുനടവേലന്റെ വിളകോളനി, തെക്കേക്കോണം മിച്ചഭൂമികോളനി, മലമേൽ കുന്നുകോളനി, നെട്ടത്താന്നിയിൽ നിന്നു PH സെന്റ്റിലേക്കു വരുന്ന റോഡ്, വളവുനടയിൽ നിന്നു കുരുവിത്തോട്ടം വാട്ടർടാങ്കുറോഡിലും പുന്നക്കുളം കോളനി റോഡിൽ നിന്നും ചാനൽ ബണ്ടുവഴി ചീനിവിള വഴി തെക്കേക്കോണം, ശാസ്താംവിളാകം വഴിയുള്ള വേലന്റെ വിള കോളനി വരെ പൈപ്പ് ലൈൻ സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കണം. വളവുനടയിൽ ഒരു പൊതുകിണർ കുഴിച്ച് ഉയരം കൂടിയ ശാസ്താംവിളാകത്ത് ഒരു വാട്ടർ ടാങ്ക് സ്ഥാപിച്ച് കുടിവെള്ളമെത്തിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കണം.

**പരിസരശുചീകരണം:-**

ഈ വാർഡു മേഖലയിൽ നിർദ്ധനരായ കുടുംബാംഗങ്ങൾക്ക് (ഏകദേശം 500 പേർക്ക്) കക്കൂസ് നിർമ്മിച്ച് കൊടുക്കുകയും ഹരിജനങ്ങളും പാവപ്പെട്ടവരും തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കുകയും അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും കൊതുക് നിവാരണത്തിനുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുകയും വേണം. സാംക്രമിക രോഗങ്ങൾ പകരാതിരിക്കുന്നതിന് വാർഡിന്റെ എല്ലാ ഭാഗങ്ങളിലും ഡി.ഡി.റ്റി സ്പ്രേയും ക്ളോറിനേഷൻ മുതലായവ നടത്തണം.

**വാർഡ് 4 പുളിങ്കുടി**

**ആരോഗ്യം**

പുളിങ്കുടിയിൽ ഗവ: ആയുർവേദ ആശുപത്രിയും അടിമലത്തുറയിൽ കോട്ടുക്കാൽ പി. എച്ച് സെന്ററിന്റെ കീഴിൽ ഒരു സബ്സെന്ററും സ്ഥാപിക്കണം. ആയുർവേദ ആശുപത്രിക്ക് ആവശ്യമായ സ്ഥലം വാങ്ങുക കെട്ടിടങ്ങൾ നിർമ്മിക്കുക. രോഗികളെ കിടത്തിചികിത്സിക്കുന്നതിന് ആവശ്യമായ ഏർപ്പാടുകൾ ഉണ്ടാക്കുക. രോഗികൾക്ക് 24 മണക്കൂറും സേവനം കിട്ടത്തക്കനിലയിൽ ഡോക്ടറേയും മറ്റു സ്റ്റാഫുകളേയും നിയമിക്കുക എന്നീ കാര്യങ്ങൾ നടപ്പിലാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം.

**കുടിവെള്ളം:**

പുളിങ്കുടി വാട്ടർ സപ്ളൈ ടാങ്കിൽനിന്നും പുളിങ്കുടി ജംഗ്ഷൻവരെ ഒരു പാരലൽ ലൈൻ ഇട്ട് പുളിങ്കുടിക്ക് കിഴക്കു ഭാഗത്ത് ഉള്ളവർക്ക് കുടിവെള്ളം എത്തിക്കുക. ചൊവ്വര ചന്ത, ചൊവ്വരമിച്ചഭൂമി,കോളനി, ആഴിമല, ചരിവിള, വലിയവിള തെക്കേക്കോണം ലൈൻ, പുളിങ്കുടി പുന്നവിള ലൈൻ അടിമലത്തറ എന്നിവിടങ്ങളിൽ വാട്ടർടാപ്പുകൾ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കുക. ചൊവ്വരയിൽ ഒരു അപ്പർടാങ്ക് നിർമ്മിച്ച് അടിമലത്തറയിൽ വെള്ളം എത്തിക്കുക എന്നീ നടപടികൾ അടിയന്തിരമായി നടപ്പിലാക്കുക.

**പരിസരശുചീകരണം:**

അടിമലത്തുറ പ്രദേശത്ത് വർഷകാലത്ത് കെട്ടികിടക്കുന്ന മലിനജലം കായലിൽ ഒഴുക്കുന്നതിന് ഓടനിർമ്മിക്കുക, അടിമലത്തുറയിൽ ചപ്പുചവറുകൾ ഇടുന്നതിന് വീപ്പകൾ സ്ഥാപിക്കുക. തെക്കേക്കോണം ലക്ഷംവീട് കോളനിറോഡിൽ കെട്ടിക്കിടക്കുന്ന മലിനജലം ഒഴുകിപോകുന്നതിനുള്ള ഓടനിർമ്മിക്കുക. പാവപ്പെട്ടവർക്ക് കക്കൂസ് നിർമ്മിച്ച് കൊടുക്കുകഹരിജൻകോളനികളിൽ ശുചീകരണപ്രവർത്തനം നടത്തുക. അലഞ്ഞുതിരഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക. പുളിങ്കുടിയിലും ഹരിജൻ കോളനികളിലും അടിമലത്തുറ തീരദേശത്ത് സാംക്രമികരോഗങ്ങൾ പടരാതിരിക്കുന്നതിന് ആവശ്യമായ മുൻകരുതലുകൾ എടുക്കുക.

**വാർഡ് 7 ചൊവ്വര**

**ആരോഗ്യം**

നമ്മുടെ പഞ്ചായത്തിൽ ഒരു ആയുർവേദ ആശുപത്രി നിലവിൽ ഇല്ല. ഈ ഗ്രാമസഭയിൽ ചൊവ്വരക്ഷേത്രത്തിനു സമീപം ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റ് ആവശ്യത്തിനായി എടുത്തിട്ടുള്ള ഉപയോഗശൂന്യമായി കാണുന്ന പ്രസ്തുത സ്ഥലം ആയുർവേദ ആശുപത്രി സ്ഥാപിച്ച് എടുക്കുന്നതിന് പ്രയോജനപ്പെടുത്താവുന്നതാണ്. ഇത് നടപ്പിലാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം.

**കുടിവെള്ളം**

നിലവിലുള്ള ചൊവ്വര വാട്ടർ ടാങ്ക് നിലനിർത്തിക്കൊണ്ട് ഉയർന്നനിലയിലുള്ളതും സംഭരണശേഷി ഉള്ളതുമായ ജലസംഭരണി സ്ഥാപിക്കുക, വാർഡിന്റെ എല്ലാ ഭാഗങ്ങളിലും പ്രത്യേകിച്ചും കോളനിപ്രദേശങ്ങളിലും കുടിവെള്ളം സുലഭമായി കിട്ടക്കത്തക്കവിധത്തിൽ പൊതുടാപ്പുകൾ സ്ഥാപിക്കു. പൊതുവായ കിണറുകൾ കാര്യക്ഷമമാക്കുക. ഈ വാർഡിന്റെ ഉയർന്ന സ്ഥലമായ ചൊവ്വരക്ഷേത്രത്തിനു സമീപം ഒരു കുഴൽകിണർ സ്ഥാപിച്ച് പമ്പ് ചെയ്ത് കുടിവെള്ളം ലഭ്യമാക്കത്തക്ക നിലയിലുള്ള നടപടികൾ സ്വീകരിക്കണം.

**പരിസരശുചീകരണം:**

ചപ്പ്ചവറുകൾ ഇടുന്നതിന് വാർഡിന്റെ പ്രധാനപ്പെട്ട ഭാഗങ്ങളിൽ വീപ്പകൾ സ്ഥാപിക്കുക.

ചവറുകൾ നീക്കം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക. സാംക്രമികരോഗങ്ങൾ പടരാതിരിക്കാൻ ഡി.ഡി.റ്റി സ്പ്രേയും ക്ളോറിനേഷനും അടിയന്തിരമായി നടപ്പിലാക്കുക. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളണം. നിർദ്ധനരായ കുടുംബാംഗങ്ങൾക്ക് കക്കൂസ് നിർമ്മിച്ചുകൊടുക്കുക. ഏകദേശം 300 പേർക്കെങ്കിലും ഇതിന്റെ പ്രയോജനം ലഭ്യമാക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിച്ച് പദ്ധതികൾ നടപ്പിലാക്കുക.

**വാർഡ് 8 അടിമലത്തുറ**

**ആരോഗ്യം**

കോട്ടുകാൽ പി. എച്ച് സെന്ററിന്റെ കീഴിൽ അടിമലത്തുറയിൽ ഒരു സബ്സെന്റർ തുടങ്ങണം. സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കുന്ന ഒരു പ്രദേശമാണ് അടിമലത്തുറ. അതിനാൽ രോഗങ്ങൾ പടരാതിരിക്കുവാൻ പ്രതിരോധ നടപടികൾ മുൻകൂട്ടി ചെയ്യുവാൻ ആവശ്യമായ മുൻകരുതലുകൾ ഉടനടി കൈക്കൊള്ളണം. അവിടെ പ്രവർത്തിക്കുന്ന മിഡ്വൈഫ് സെന്റർ വാടകകെട്ടിടത്തിൽനിന്നും സർക്കാർവക കെട്ടിടത്തിലേക്ക് മാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. ഈ പ്രദേശത്ത് 24 മണിക്കൂറും ചികിത്സ ലഭിക്കത്തക്കരീതിയിൽ ഒരു ഡോക്ടറേയും അതിന് ആവശ്യമായ സ്റ്റാഫിനേയും സബ്സെന്ററിന്റെ കീഴിൽ നിയമിക്കുക. ലബോറട്ടറി സൗകര്യത്തോടുകൂടി ആയിരിക്കണം സബ് സെന്റർ തുടങ്ങുവാൻ. എങ്കിൽമാത്രമേ തീരപ്രദേശമായ അടിമലത്തുറയിലെ മത്സ്യത്തൊഴിലാളികളായ ജനങ്ങൾക്ക് മാരകമായ സാംക്രമിക രോഗങ്ങളിൽനിന്നും രക്ഷപ്രാപിക്കുവാൻ കഴിയുകയുള്ളൂ. ഇതിന് ആവശ്യമായ നടപടികൾ ഉടനടി സ്വീകരിക്കണം.

**കുടിവെള്ളം**

അടിമലത്തുറ പ്രദേശത്ത് ഏകദേശം 2000 കുടുംബാംഗങ്ങൾ തിങ്ങിപ്പാർക്കുന്നു. ഇപ്പോൾ വാട്ടർ കണക്ഷനുകൾ വളരെ കുറവാണ്. 50 കുടുംബങ്ങൾക്ക് ഒരു പൊതുവാട്ടർകണക്ഷൻ എന്ന കണക്കിൽ പൈപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കണം. നിലവിലുള്ള പൊതുകിണറുകൾ ശുചീകരിക്കണം. ശുദ്ധജലം കിട്ടത്തക്കനിലയിൽ പൊതുകിണറുകൾ പുതുതായി സ്ഥാപിക്കണം. കടലോരപ്രദേശമായ ഈ ഗ്രാമത്തില കുടിവെള്ളപ്രശ്നം പരിഹരിക്കേണ്ടത് അത്യന്താപേക്ഷിതമായ കാര്യമാണ്. അവിടവിടെ കുഴൽകിണറുകൾ സ്ഥാപിച്ച് കുടിവെള്ളം ലഭ്യമാക്കത്തക്കനിലയിൽ നടപടി സ്വീകരിക്കണം.

**പരിസരശുചീകരണം:**

അടിമലത്തുറ ഗ്രാമത്തിന്റെ എല്ലാ ഭാഗങ്ങളിലും ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിന് വീപ്പകൾ സ്ഥാപിക്കുക. ഇതിൽ

നിക്ഷേപിക്കുന്ന ചവറുകൾ നീക്കം ചെയ്യുന്നതിനുള്ള സംവിധാനവും ഉണ്ടാക്കുക. കൊതുക് നിവാരണത്തിനും സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കാതിരിക്കാനുള്ള നടപടികൾ മുൻകൂട്ടി ചെയ്യുക.

മുൻകാലങ്ങളിൽ എന്നപോലെ ഇപ്പോഴും ഇവിടുത്തെ ജനങ്ങൾ തുറസ്സായ സ്ഥലങ്ങളിൽ മലമൂത്രവിസർജ്ജനം നടത്തുന്നു. ഇതിനെ തടയുവാൻ ഈ ഗ്രാമത്തിൽ യോജിച്ച രീതിയിലുള്ള പൊതുകക്കൂസുകൾ നിർമ്മിക്കുക. അമ്പലത്തുമൂല പാലത്തിനു സമീപവും എ. കെ.ജി. ജംഗ്ഷനു മുകൾഭാഗത്തും ഫാത്തിമാ പള്ളിയുടെ മുകൾ ഭാഗത്തും ഈ വാർഡ് മേഖലയുടെ അവസാനഭാഗത്തും എന്നീ നാലു സ്ഥലങ്ങളിലാണ് കക്കൂസുകൾ നിർമ്മിക്കുവാൻ. വേലിയേറ്റസമയങ്ങളിൽ ഇവിടത്തെ ജനങ്ങൾ മലമൂത്രവിസർജ്ജനം നടത്തുന്നതിന് നന്നേ ബുദ്ധിമുട്ടുന്നു. ഇത് ഒഴിവാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിച്ച് നശിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. പൊതുകിണർ ക്ളോറിനേഷൻ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

### വാർഡ് 9 –മൂലക്കര

#### ആരോഗ്യം

കോട്ടുകാൽ പി. എച്ച് സെന്ററിന്റെ കീഴിൽ ഗർഭിണികൾക്കും, കുട്ടികൾക്കും വേണ്ടി ഒരു സബ്സെന്റർ പ്രവർത്തിക്കുന്നു. എന്നാൽ അത് ഒരു വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഒരു കെട്ടിടം പണിയിച്ച് ആഴ്ചയിൽ ഒരിക്കലെങ്കിലും രോഗികളെ പരിശോധിപ്പിക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടായിരിക്കണം. ഈ വാർഡ് മേഖലയിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കണം.

#### കുടിവെള്ളം:

ശുദ്ധമായ കുടിവെള്ളം മൂലക്കരവാർഡിൽ ലഭ്യമല്ല. കോട്ടുകാൽ ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും ലഭിക്കുന്ന പൈപ്പുവെള്ളം ഉപയോഗപ്രദമല്ല. ഈ വാർഡിൽ മൂലക്കര എന്ന സ്ഥലത്ത് കുഴൽകിണർ സ്ഥാപിച്ച് ശുദ്ധജലം വിതരണം ചെയ്യുന്നു. എന്നാൽ കാഞ്ഞിരംനിന്ന എന്ന സ്ഥലത്ത് ഒരു ടാങ്ക് സ്ഥാപിച്ച് ശുദ്ധജലം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. മൂലക്കര ഹരിജൻ സെറ്റിൽമെന്റ് റോഡ്, കാവുവിളാകം റോഡ്, മഞ്ചാംകുഴി പുത്തൻവിളറോഡ് എന്നീ റോഡുകളിലൂടെ പൈപ്പ്ലൈൻ സ്ഥാപിച്ച് ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ (പൈപ്പ്ലൈൻ നീട്ടാൻ കഴിയാത്ത പ്രദേശങ്ങൾ) മൂലക്കര, വാഴവിള, വിരാലിവിള, കാവുവിളാകം, മഞ്ചാംകുഴി എന്നിവിടങ്ങളിൽ ഓരോ കുഴൽകിണർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

#### പരിസരശുചീകരണം:

ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മൂലക്കര മേഖലയിൽ മലമൂത്രവിസർജ്ജനത്തിന് സൗകര്യങ്ങൾ കുറവാണ്. അടിയന്തിരമായി കക്കൂസുകൾ ഇല്ലാത്ത എല്ലാ വീടുകൾക്കും കക്കൂസുകൾ നിർമ്മിച്ചുകൊടുക്കണം. സാംക്രമിക രോഗങ്ങൾ തടയുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കണം.

### വാർഡ് 10. കുഴിവിള

#### ആരോഗ്യം

ഈ വാർഡ് കേന്ദ്രീകരിച്ച് ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കു. ഒരു കുടുംബക്ഷേമ കേന്ദ്രം സ്ഥാപിക്കുക, കോട്ടുകാൽ പഞ്ചായത്തിൽ പുന്നക്കുളത്ത് സ്ഥിതിചെയ്യുന്ന പ്രൈമറി ഹെൽത്ത് സെന്റർ കിടക്കകളോടുകൂടി വികസിപ്പിക്കുക. കോട്ടുകാൽ പഞ്ചായത്തിലെ കുഴിവിള വാർഡിൽ ഒരു ഗവ: ആയുർവേദ ആശുപത്രി സ്ഥാപിച്ച് കിട്ടുന്നതിനോടൊപ്പം അതിനാവശ്യമായ സ്ഥലങ്ങൾ വാങ്ങുകയും ഡോക്ടറേയും മറ്റ് സ്റ്റാഫുകളേയും അടിയന്തിരമായി നിയമിക്കുകയും ചെയ്യുക.

#### കുടിവെള്ളം:

കോട്ടുകാൽ വാട്ടർ സപ്ളൈ സ്കീം വിപുലീകരിച്ച് കൂടുതൽ ഭാഗങ്ങളിലേക്ക് ശുദ്ധജലം എത്തിക്കുന്നതിന് സംവിധാനം ഉണ്ടാക്കുക. കോട്ടുകാൽ വാട്ടർ സപ്ളൈ സ്കീമിന്റെ ഫിൽട്രേഷൻ ഗ്യാലറി അടിയന്തിരമായി പുനരുദ്ധരിക്കുക. പൈപ്പ്ലൈൻ എത്താത്തഭാഗങ്ങളായ തെങ്കവിള, ശ്രീനാരായണപുരം പടിഞ്ഞാറ്ഭാഗങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിക്കുക. തെങ്കവിള, ഇറത്തിക്കര എന്നിവിടങ്ങളിൽ കുഴൽകിണർ സ്ഥാപിച്ച് പമ്പ് ചെയ്ത് ജലക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കണം.

#### പരിസരശുചീകരണം:

കക്കൂസ് ഇല്ലാത്ത പാവപ്പെട്ട കുടുംബാംഗങ്ങൾക്ക് കക്കൂസ് നിർമ്മിച്ചുകൊടുക്കുക. അഴുക്ക് വെള്ളം ഒലിച്ച് പോകുന്നതിന് ഓടകൾ നിർമ്മിക്കുക. ഹരിജനങ്ങളും പാവപ്പെട്ടവരും തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ ശുചീകരണ പ്രവർത്തനം നടത്തുക, ചപ്പുചവറുകൾ ഇടുന്നതിന് പ്രധാനകേന്ദ്രങ്ങളിൽ വീപ്പകൾ സ്ഥാപിക്കുക. ചവറുകൾ നീക്കം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക. സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കാതിരിക്കുന്നതിന് കരുതൽ നടപടികൾ സ്വീകരിക്കുക. കൊതുകു നിവാരണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിച്ച് നശിപ്പിക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കേണ്ടതാണ്.

വാർഡ് 11- കൊല്ലകോണം

ആരോഗ്യം:

കൊല്ലകോണം വാർഡിൽ ഹരിജനങ്ങളും പാവപ്പെട്ടവരും തിങ്ങിപ്പാർക്കുന്ന കുഴിവിളക്കോണം ഭാഗത്ത് കോട്ടുകാൽ പി. എച്ച്. സെന്ററിന്റെ കീഴിൽ ഒരു സബ്സെന്റർ തുടങ്ങണം. 24 മണിക്കൂറും സേവനം കിട്ടത്തക്കനിലയിൽ ഡോക്ടറേയും മറ്റു സ്റ്റാഫുകളേയും നിയമിക്കുക. സബ്സെന്ററിന് ആവശ്യമായ കെട്ടിടം പണിയുക. ഡോക്ടറും മറ്റ് സ്റ്റാഫുകൾക്കും താമസിക്കുന്നതിന് ആവശ്യമായ ക്വാർട്ടേഴ്സ് പണിയുക. തുടങ്ങിയവ അടിയന്തിരമായി നടപ്പിലാക്കുക.

കുടിവെള്ളം:

വമ്പിച്ച ജലസ്രോതസ്സുകൾ ഉള്ള രു ഭൂപ്രദേശമാണ് പുത്തളംകുമിളി. അവിടെ പമ്പ്ഹൗസ് സ്ഥാപിച്ച് കൊല്ലകോണം വാർഡിന് തൊട്ടടുത്ത പ്രദേശങ്ങളായ മരുതൂർക്കോണം, പയറ്റുവിള, അയംപുറം എന്നീ പ്രദേശങ്ങൾക്ക് കുടിവെള്ളം കിട്ടത്തക്കനിലയിൽ ഈ വാർഡിന്റെ ഉയരംകൂടിയ സ്ഥലമായ വാലൻവിളയിൽ ഒരു ടാങ്ക് നിർമ്മിക്കുകയും ചെയ്യണം. കൊല്ലകോണം പമ്പ് ഹൗസിന്റെ പുനരുദ്ധാരണത്തിനു വേണ്ടി ഇപ്പോൾ നിലവിലുള്ള മെഷ്യൻ മാറ്റി 75 ഹോഴ്സ് പവർ ( എച്ച്. പി) മോട്ടോർ സ്ഥാപിക്കണം. നിലവിലുള്ള പൊതുകിണറുകൾ ശുചീകരിക്കുന്നതിന് നടപടി ഉണ്ടാകണം. 10 സെന്റ് ഭൂമിയുള്ള എല്ലാപേർക്കും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കിണർ നിർമ്മിച്ച് നൽകണം. പൊറ്റവിള ഹരിജൻ സെറ്റിൽമെന്റ് ഏര്യായിൽ ഒരു കുഴൽകിണർ കുഴിച്ച് പമ്പ് ചെയ്ത് ആവശ്യമായ കുടിവെള്ളം കിട്ടുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം. പൈപ്പ്ലൈൻ ഇല്ലാത്ത ഭാഗങ്ങളിൽ ലൈൻ ഇട്ട് പൊതുടാപ്പുകൾ നിർമ്മിക്കുന്നതിനും അടിയന്തിരമായി നടപടികൾ സ്വീകരിക്കണം.

പരിസരശുചീകരണം:

പരിസരശുചീകരണ പ്രവർത്തനങ്ങൾക്ക് ആക്കംകൂട്ടുവാൻ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കണം. നിർദ്ധനരായ ജനങ്ങൾക്ക് ( ഏകദേശം 500 പേർക്ക്) കക്കൂസ് നിർമ്മിച്ചുകൊടുക്കണം. ചപ്പുചവറുകൾ ഇടുന്നതിന് പ്രധാനകേന്ദ്രങ്ങളിൽ വീപ്പകൾ സ്ഥാപിക്കുകയും അതുനീക്കം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണം. പേപ്പട്ടിവിഷബാധ തടയുന്നതിന് അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിച്ച് നശിപ്പിക്കുന്നതിന് സാംക്രമിക രോഗങ്ങൾ തടയുന്നതിന് ആവശ്യമായ മുൻകരുതലുകൾ ഉണ്ടായിരിക്കുകയും വേണം.

വാർഡ് 12- അവണാകുഴി:

ആരോഗ്യം

അവണാക്കുഴി വാർഡുമേഖലയിൽ ഒരു പ്രൈമറി ഹെൽത്ത് സെന്ററും ഒരു ഗവ: ഹോമിയോ ആശുപത്രിയും ആയുർവേദ ആശുപത്രിയും ഉണ്ടാകണം. പ്രൈമറി ഹെൽത്ത് സെന്ററിന്റെ ഉപകേന്ദ്രങ്ങൾ ഇന്ന് പ്രവർത്തനരഹിതമായ അവസ്ഥയിലാണ്. അവിടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക. മാരകമായ രോഗങ്ങൾ പടർന്നുപിടിക്കുന്ന ഒരു പ്രദേശമാണ് അവണാക്കുഴി. ആസ്ത്മ, ക്ഷയം തുടങ്ങിയ രോഗങ്ങൾ ഫലപ്രദമായി ചികിത്സിച്ചു ഭേദപ്പെടുത്തുവാൻ പലർക്കും കഴിയുന്നില്ല. അവർക്ക് സാമ്പത്തിക സഹായങ്ങൾ അടിയന്തിരമായി ചെയ്തുകൊടുക്കണം. സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കാതിരിക്കുന്നതിന് മാസത്തിൽ ഒരിക്കൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കണം. പ്രൈമറി ഹെൽത്ത് സെന്റർ സ്ഥാപിക്കുമ്പോൾ സ്വന്തം കെട്ടിടം കോമ്പൗണ്ട് വാൾ, ടെലിഫോൺ സൗകര്യം, 24 മണിക്കൂറും ആ പ്രദേശത്തെ ആളുകൾക്ക് സേവനം കിട്ടത്തക്കനിലയിൽ ഡോക്ടർമാർക്കും മറ്റു സ്റ്റാഫുകൾക്കും താമസിക്കുന്നതിന് ഹോസ്പിറ്റലിനോട് ചേർന്ന് ക്വാർട്ടേഴ്സുകൾ എന്നിവ അടിയന്തിരമായി പണിയണം.

കുടിവെള്ളം:

അവണാക്കുഴി വാർഡിൽ കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്. വാർഡിന്റെ ഉൾപ്രദേശങ്ങളിൽ പൈപ്പ് ലൈൻ എത്തിയിട്ടില്ല. പൈപ്പ്ലൈൻ എത്താത്തഭാഗങ്ങളിൽ പുതിയ പൈപ്പ്ലൈൻ ഇട്ട് പൊതുടാപ്പുകൾ സ്ഥാപിക്കുക. ആലുനിന്നകുഴി, മണ്ണക്കല്ലുകോളനി പ്രദേശം എന്നീ സ്ഥലങ്ങളിൽ പൊതുകിണറുകൾ ഉണ്ടെങ്കിലും ഉപയോഗശൂന്യമായി കിടക്കുന്നു. അത് ഇറമ്പ് വൃത്തിയാക്കുക. ഹരിജനങ്ങളും പാവപ്പെട്ടവരും തിങ്ങിപ്പാർക്കുന്ന മാർത്താണ്ഡം കുളത്തിന് സമീപം ഒരു കുഴൽകിണർ കുഴിച്ച് പമ്പ് ചെയ്ത് കുടിവെള്ളം എത്തിക്കണം. കണ്ണറ സത്യൻറോഡിന്റെ ഇരുവശങ്ങളിലും താമസിക്കുന്ന ജനങ്ങൾക്ക് കുടിവെള്ളം കിട്ടുന്നതിന് വേണ്ടി ഈ റോഡിന്റെ സമീപപ്രദേശത്ത് ഒരു കുഴൽ കിണർ സ്ഥാപിച്ച് പമ്പ് ചെയ്ത് കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

പരിസരശുചീകരണം:

അവണാകുഴി വാർഡിലുള്ള കിണറുകളിൽ ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥൻമാർ അടിയന്തിരമായി വെള്ളം പരിശോധിച്ച് അതിനുവേണ്ട നടപടികൾ സ്വീകരിക്കണം. ഈ വാർഡിൽ ഏകദേശം 500 പേർക്കെങ്കിലും കക്കൂസ് നിർമ്മിച്ച് കൊടുക്കണം. കൊതുക് നിവാരണത്തിന് ആവശ്യമായ നടപടി സ്വീകരിക്കണം. ഇലവൻകുഴി, ഊറ്റുകുഴി, തുടങ്ങിയ കുളിക്കടവുകൾ നന്നാക്കി ജനങ്ങൾ കുളിക്കാൻ ഉപയോഗിക്കത്തക്ക നിലയിൽ പുതുക്കിപ്പണിയണം.

ചന്തകൾ

കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ വിപണന രംഗത്ത് 3 പൊതുചന്തകളും 3 സ്വകാര്യ ചന്തകളും പ്രവർത്തിക്കുന്നു.

## കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ ആരോഗ്യകേന്ദ്രങ്ങൾ

| വാർഡ് നമ്പർ | വാർഡിന്റെ പേര് | സെന്ററിന്റെ പേര് | എണ്ണം | സ്വന്തമായി കെട്ടിടം ഉണ്ടോ ഇല്ലയോ | നിർദ്ദേശങ്ങൾ/ | പരിഹാരമാർഗ്ഗങ്ങൾ |
|---|---|---|---|---|---|---|
| I | പുലിവിള | കുടുംബക്ഷേമകേന്ദ്രം മന്നോട്ടുകോണം | 1 | ഇല്ല | പുതിയകെട്ടിടം നിർമ്മിക്കണം. | |
| II | അയന്തുറം | കുടുംബക്ഷേമകേന്ദ്രം | 1 | ഇല്ല | പുതിയകെട്ടിടം നിർമ്മിക്കണം | |
| III | പയറ്റുവിള | കുടുംബക്ഷേമകേന്ദ്രം | 1 | ഉണ്ട് | (ഹോമിയോ) പുതിയകെട്ടിടം നിർമ്മിക്കണം | |
| | | ഗവ.ഹോമിയോആശുപത്രി | 1 | ഇല്ല | | |
| IV | മരുതൂർക്കോണം | കുടുംബക്ഷേമകേന്ദ്രം | 1 | ഉണ്ട് കെട്ടിടം | പുന്നക്കുളം മെയിന്റനൻസ് ചെയ്യണം | |
| V | പുന്നക്കുളം | കോട്ടുകാൽ സർക്കാർ ആശുപത്രി | 1 | ഇല്ല | പുതിയകെട്ടിടം നിർമ്മിക്കണം | |
| VI | പുളിങ്കുടി | കുടുംബക്ഷേമകേന്ദ്രം | 1 | ഇല്ല | പുതിയകെട്ടിടംനിർമ്മിക്കണം | |
| VII | ചൊവ്വര | ഇല്ല | - | - | പുതിയകുടുംബക്ഷേമകേന്ദ്രംഅനുവദിക്കണം | |
| VIII | അടിമലത്തുറ | കുടുംബക്ഷേമകേന്ദ്രം | 1 | ഇല്ല | പുതിയകെട്ടിടം നിർമ്മിക്കണം | |
| IX | മുലക്കര | കുടുംബക്ഷേമകേന്ദ്രം | 1 | ഇല്ല | പുതിയകെട്ടിടം നിർമ്മിക്കണം | |
| | വേങ്ങപൊറ്റ | | | | | |
| X | കുഴിവിള | ഇല്ല | - | - | പുതിയകുടുംബക്ഷേമകേന്ദ്രം അനുവദിക്കണം | |
| XI | കൊല്ലകോണം | കുടുംബക്ഷേമകേന്ദ്രം | 1 | ഇല്ല | പുതിയകെട്ടിടം നിർമ്മിക്കണം | |
| | നെല്ലിമൂട് | | | | | |
| XII | അവണാക്കുഴി | കുടുംബക്ഷേമകേന്ദ്രം | 1 | ഇല്ല | പുതിയകെട്ടിടം നിർമ്മിക്കണം | |

# കോട്ടുകാൽ ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന പി. ഡബ്ളി.യു. ഡി റോഡുകളുടെ സ്ഥിതിവിവരക്കണക്കുകൾ

| ക്രമനമ്പർ | റോഡിന്റെ പേര് | റോഡിന്റെ പേര് | റോഡിന്റെ പേര് |
|---|---|---|---|
| 1 | ദേശീയപാത 47-ന്റെ തിരുവനന്തപുരം ബൈപ്പാസ് പയറുമൂടിന് സമീപം ആയണിക്കുറ്റി വിളമുതൽ വേങ്ങപ്പൊറ്റവരെ | ഏകദേശം 3 കിലോമീറ്റർ | ഈ റോഡിന് സർക്കാർ അംഗീകാരം നല്കിയിട്ട് 25 വർഷം കഴിഞ്ഞു. 5 വർഷങ്ങളായി റോഡിന് വേണ്ട സ്ഥലം കല്ലിട്ടു. ഇത്വരെ വസ്തു ഉടമകൾക്ക് പൊന്നും വില കൊടുക്കുന്നതിനുള്ള നടപടികൾ പോലും ആരംഭിച്ചിട്ടില്ല. വസ്തുകൈമാറാനോ, ഉപയോഗിക്കാനോ കഴിയാതെ ജനം ബുദ്ധിമുട്ടുന്നു. ഇതിനൊരുപരിഹാര മാർഗ്ഗം എത്രയും പെട്ടെന്ന് ഉണ്ടാകണം. |
| 2 | വിഴിഞ്ഞം , പൂവ്വാർ, റോഡ് പുളിങ്കുടിമുതൽ മരപ്പാലം വരെ | 3 കിലോമീറ്റർ | ഇതിനൊരു തിരക്കേറിയ തീരദേശറോഡാണ്. ചപ്പാത്തിൽ നിർമ്മിച്ചിരിക്കുന്ന പഴക്കം ചെന്നതും ഇടുങ്ങിയതുമായ പാലം കാൽ നടക്കാർക്കും വാഹനങ്ങൾക്കും പേടിസ്വപ്നമാണ്. തൊട്ട് അടുത്തുള്ള മുലക്കരയിലെ വളവ് കൂടെ കൂടെ അപകടം വരുത്തിവയ്ക്കുന്നു ഇവയ്ക്ക് എത്രയും വേഗം പരിഹാരം കാണണം |
| 3 | വിഴിഞ്ഞം ബാലരാമപുരം റോഡ് ഉച്ചക്കടമുതൽ ചാവടി നടവരെ | 1കിലോമീറ്റർ | ക്രമമായ ടാറിംഗ് ഇല്ലാത്തത് കാരണം റോഡ് ശോചനീയമായ അവസ്ഥയിലാണ് ഇതിന് നടപടി സ്വീകരിക്കണം. |
| 4 | ബാലരാമപുരം പൂവ്വാർ റോഡ് താന്നിമൂട് മുതൽ കണ്ണറവിള റോഡ് | 2 കിലോമീറ്റർ | സാമാന്യം തൃപ്തികരം |
| 5 | ഉച്ചക്കട, പയറ്റുവിള, നെല്ലിമൂട്ട് റോഡ് | 4കിലോമീറ്റർ | |
| 6 | ഉച്ചക്കട, വട്ടവിള, പുന്നക്കുളം ചപ്പാത്ത് റോഡ് | 5കിലോമീറ്റർ | |
| 7 | ഉച്ചക്കട വട്ടവിള, നെട്ടത്താന്നി പുളിങ്കുടി റോഡ് | 4കിലോമീറ്റർ | ഈ റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് റീ ടാർ ചെയ്യുകയും, ആവശ്യമായ സ്ഥലങ്ങളിൽ സൈഡ്വാൾ കെട്ടി സംരക്ഷിക്കുകയും വേണം. |
| 9 | മരപ്പാലം, നെല്ലിമൂട്ട് റോഡ് | 3.5 കിലോമീറ്റർ | |
| 10 | ചാവടി നട മന്നോട്ടുകോണം, കണ്ണറവിള റോഡ് | | |
| 2 | കോട്ടുകാൽ പഞ്ചായത്തിൽ വടക്കേ അറ്റംമുതൽ തെക്കേ അറ്റംവരെ നീണ്ടുകിടക്കുന്ന ഒരു ബണ്ട് റോഡ് ഉണ്ട് | 7 കിലോമീറ്റർ | ധാരാളം കാൽനടക്കാരും വാഹനങ്ങളും സഞ്ചരിക്കുന്ന ഈ റോഡിന്റെ സ്ഥിതി ഇന്ന് ദയനീയമാണ്. പ്രസ്തുത റോഡ് സൈഡ്വാൾ കെട്ടിമെറ്റൽ ചെയ്ത് ടാർ ചെയ്ത് സംരക്ഷിക്കേണ്ടതാണ്. |

## കോട്ടുകാൽ പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതികളുടെ വിവരണം.

| നമ്പർ | പേര് | സ്ഥാപിച്ച വർഷം | പമ്പ്ഹൗസ് സ്ഥിതിചെയ്യുന്ന സ്ഥലം | പബ്ലിക് ടാപ്പുകളുടെ എണ്ണം | പമ്പ്സ്ഥിതിചെയ്യുന്ന സ്ഥലം | പ്രയോജനപ്പെടുന്നസ്ഥലങ്ങൾ | സോഴ്സ് | പരിഹാരമാർഗ്ഗം |
|---|---|---|---|---|---|---|---|---|
| 1. | R.W.S.S ഉച്ചക്കട | 1965 | ഉച്ചക്കട | 45 | കോട്ടുകാൽ | പഞ്ചായത്തിലെ I, II, IV, III വാർഡുകൾ | കിണർ | പഴയ സപ്ളൈ ലൈനുകൾ മാറ്റി പുതിയത് സ്ഥാപിക്കുക. ബാലരാമപുരം, പള്ളിച്ചൽ എന്നീ പഞ്ചായത്തുകളിലെ വിവിധ ഭാഗങ്ങൾ മെയിന്റനൻസ് യഥാവിധി നടത്തുക. |
| 2. | R.W.S.S കോട്ടുകാൽ | 1987 | വേങ്ങപൊറ്റ | 48 | കോട്ടുകാൽ | ഗ്രാമപഞ്ചായത്തിലെ IX, X വാർഡുകൾ കാഞ്ഞിരംകുളംപഞ്ചായത്തിലെ ഏതാനും ഭാഗങ്ങൾ | കോട്ടുകാൽ വലിയ തോട് | ചാനൽ (കോട്ടുകാൽ വലിയതോട്) ഫിൽട്രേഷൻ ഗ്യാലറി പുതുക്കിപണിയുക. ശക്തിയേറിയ പമ്പുസെറ്റ് സ്ഥാപിക്കുക. മെയിന്റനൻസ് യഥാവിധി നടത്തുക. |
| 3. | R.W.S.S അതിയന്നൂർ | 1974 | കൊല്ലകോണം | 38 | കോട്ടുകാൽ | പഞ്ചായത്തിലെ XI, XII വാർഡുകൾ അതിയന്നൂർപഞ്ചായത്തിലെ ഏതാനും ഭാഗങ്ങൾ | കിണർ | XI, XII വാർഡുകൾക്ക് പ്രയോജനപ്പെടുന്നരീതിയിൽ ഒരു മിനി ടാങ് നിർമ്മിക്കുക. മെയിന്റനൻസ് യഥാവിധി നടത്തുക. |
| 4. | R.W.S.S ചൊവ്വര | 1985 | ചപ്പാത്ത് | 79 | കോട്ടുകാൽ | പഞ്ചായത്തിലെ V, VII, VIII വാർഡുകൾ | ഭൂഗർഭജലം | മെയിന്റനൻസ് യഥാവിധി നടത്തുക. ശക്തികൂടിയ മോട്ടോർ സ്ഥാപിക്കുക. |
| 5. | R.W.S.S പുളിങ്കുടി | 1973 | പുളിങ്കുടി | 60 | കോട്ടുകാൽ | പഞ്ചായത്തിലെ VI ാം വാർഡ് വിഴിഞ്ഞം പഞ്ചായത്തിലെ വിവിധഭാഗങ്ങൾ | കിണർ | പുതിയ ഒരു കിണർ സ്ഥാപിക്കുക. ശക്തിയേറിയ പമ്പുസെറ്റ് സ്ഥാപിക്കുക. മെയിന്റനൻസ് യഥാവിധി നടത്തുക. |

പൊതുചന്തകൾ:

(1) ഉച്ചക്കട പൊതുചന്ത.

(2) അവ്ണാക്കുഴി പൊതുചന്ത

(3) വേങ്ങപ്പൊറ്റ് പൊതുചന്ത.

സ്വകാര്യ ചന്തകൾ

(1) ചൊവ്വര പൊതുചന്ത

(2) ചപ്പാത്ത് പൊതുചന്ത

(3) പുന്നക്കുളം പൊതുചന്ത.

ടി. ചന്തകൾ പൊതുജനങ്ങൾക്ക് കാർഷിക ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനും ഉപഭോക്താക്കൾക്ക് സാധനങ്ങൾ വാങ്ങുന്നതിനും ഉപയോഗപ്പെടുന്നു. കൂടാതെ പഞ്ചായത്തിന്റെ വരുമാനമാർഗ്ഗവുമാണ്.

ടി ചന്തകളിൽ, ഉച്ചക്കട പൊതചന്ത ശോചനീയാവസ്ഥയിലാണ്. വളരെ അടിയന്തിരമായി പുനരുദ്ധാരണ നടപടികൾ ചെയ്ത് നവീകരിക്കേണ്ടിയിരിക്കുന്നു. അതുപോലെ വേങ്ങപ്പൊറ്റ പൊതുചന്തയും, ചുറ്റുമതിൽ കെട്ടി, ടി ചന്ത നവീകരിക്കണം. ചന്തകളിലെ താത്ക്കാലിക ഷെഡ്ഡുകൾ കാലാകാലങ്ങളിൽ ഓല കെട്ടുകയോ, മറ്റേതെങ്കിലും രീതിയിൽ മേൽക്കൂര നിർമ്മിക്കുകയോ ചെയ്യാം.

ചന്തകളിൽ അടിഞ്ഞുകൂടുന്ന ചപ്പുചവറുകളും മാലിന്യങ്ങളും യഥാസമയം മാറ്റുന്നതിനുള്ള നടപടി അത്യാവശ്യമാണ്.

**പ്രാഥമിക ആരോഗ്യകേന്ദ്രം**

കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ ഏകസർക്കാർ പ്രാഥമിക ആരോഗ്യകേന്ദ്രമാണ് പുന്നക്കുളത്ത് സ്ഥിതിചെയ്യുന്നത്. പഞ്ചായത്തിന്റെ 1 മുതൽ 12 വരെയുള്ള വാർഡുകൾ ഈ ആരോഗ്യകേന്ദ്രത്തിന്റെ കീഴിൽ വരുന്നു. തുടക്കത്തിൽ, കോട്ടുകാൽ സർവ്വീസ് സഹകരണസംഘത്തിൽ, പ്രവർത്തിച്ചിരുന്ന ആശുപത്രി നാട്ടുകാർ സൗജന്യമായി പുന്നക്കുളത്തിനു മേൽ മലമേൽകുന്നിൽ നൽകിയ 60 സെന്റ് സ്ഥലത്ത്, പഞ്ചായത്തിന്റെ ജവഹർ തൊഴിൽദാനപദ്ധതിപ്രകാരം സ്വന്തമായി കെട്ടിടം നിർമ്മിച്ചുകൊടുക്കുകയുണ്ടായി. ഇപ്പോൾ പ്രസ്തുത കെട്ടിടത്തിലാണ് ആശുപത്രി പ്രവർത്തിക്കുന്നത്. ഈ ആരോഗ്യകേന്ദ്രത്തിന് 9 സബ്സെന്ററുകൾ ഉണ്ട്. ഇത് തുടക്കത്തിൽ വെൺപകൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ മിനി പി. എച്ച്. സി ആയിട്ടാണ് പ്രവർത്തിച്ചുവന്നത്. കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം നാളിതുവരെ ഉണ്ടായിട്ടില്ല. ഒരു ഡോക്ടറും, 20 മറ്റ് ജീവനക്കാരും ഇവിടെ പ്രവർത്തിക്കുന്നു. ഇപ്പോൾ ഉച്ചവരെ രോഗികളെ പരിശോധിക്കുന്നു. കൂടാതെ എല്ലാ ബുധനാഴ്ചയും കുഞ്ഞുങ്ങൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നടത്തുകയും 9 സബ്സെന്ററുകളിലും ഗർഭിണികൾക്കു വേണ്ടി ക്ലിനിക്കുകൾ നടത്തുകയും ചെയ്യുന്നു. കൂടാതെ പല പ്രദേശങ്ങളിലും വച്ച് ആരോഗ്യ വിദ്യാഭ്യാസപരിപാടികൾ നടത്തുന്നുണ്ട്. തുടക്കത്തിൽ ശരാശരി 60 രോഗികൾ ചികിത്സയ്ക്ക് എത്തിക്കൊണ്ടിരുന്ന സ്ഥലത്ത് 140 രോഗികൾ വരെ ദിനംപ്രതി ചികിത്സയ്ക്ക് എത്തുന്നുണ്ട്.

**പ്രശ്നങ്ങൾ:-**

1. സ്വന്തമായ വാഹനത്തിന്റെ അഭാവം മൂലം പ്രതിരോധകുത്തിവയ്പ്പുകളും, സബ്സെന്ററുകളുടെ മേൽനോട്ടവും ശരിയായ രീതിയിൽ നടത്താൻ കഴിയുന്നില്ല.
2. കെട്ടിടങ്ങളില്ലാത്തതിനാൽ രോഗികളെ കിടത്തി ചികിത്സിക്കാൻ കഴിയുന്നില്ല.
3. ആശുപത്രിവികസനത്തിന് ഒരേക്കർ സ്ഥലം വേണ്ടിടത്ത് 60 സെന്റ് സ്ഥലമേ ലഭ്യമായിട്ടുള്ളു.
4. പൈപ്പ്ലൈൻ ഇല്ലാത്തകാരണം ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു.
5. ഡോക്ടർമാരുടെ കുറവുമൂലം, ഉച്ചവരെമാത്രമേ ആശുപത്രിയിൽ ചികിത്സിക്കാൻ കഴിയുന്നുള്ളു.

**സാദ്ധ്യതകളും പരിഹാരമാർഗ്ഗങ്ങളും**

1. ആശുപത്രിക്ക് പുതിയതായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുക.
2. ആശുപത്രിവിപുലീകരണത്തിന് ആവശ്യമായ പുരയിടം വാങ്ങുന്നതിന് നടപടി സ്വീകരിക്കുക.
3. ആശുപത്രിയിലേക്ക് അടിയന്തിരമായി വാട്ടർ കണക്ഷൻ ലഭ്യമാക്കുക.
4. സ്വന്തമായ വാഹനം വാങ്ങുന്നതിന് നടപടി സ്വീകരിക്കുക.
5. ഒരു ഡോക്ടറേയും ആവശ്യം വേണ്ട ജീവനക്കാരെയുംകൂടി നിയമിച്ച് 24 മണിക്കൂറും, പ്രവർത്തിക്കുന്ന ആശുപത്രിയാക്കി ഉയർത്തുക.
6. തീരദേശപ്രദേശമായ അടിമലത്തുറയിൽ പ്രതിരോധ നടപടികൾക്കും പരിസരശുചീകരണത്തിനും പ്രത്യേക പരിഗണന നൽകുക.
7. കുടുംബക്ഷേമ കേന്ദ്രങ്ങൾ ഇല്ലാത്ത വാർഡുകളിൽ, അവ സ്ഥാപിക്കുക.

**ബ്ളോക്കുവഴി നൽകിയ കിണറുകളുടെ പട്ടിക**

| | |
|---|---|
| 1991-92 | 3 |
| 1992-93 | 7 |
| 1993-94 | 8 |
| 1994-95 | 13 |
| 1995-96 | 12 |
| ആകെ | 43 |

# വിദ്യാഭ്യാസം

വികസിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിലെ പരമ പ്രധാനമായ ഘടകമാണ് വിദ്യാഭ്യാസം. "വിദ്യ തന്നെ സർവ്വ ധനാൽ പ്രധാനം" വിദ്യയുള്ളവന് ധനത്തിന്റെ ആവശ്യമില്ല എന്ന് കവി പാടിയതുപോലെ വിദ്യാഭ്യാസം വ്യക്തി സമൂഹത്തിൽ ജീവിക്കുവാൻ പ്രാപ്തനാക്കുന്നു. അതുകൊണ്ടുതന്നെ ഒരു രാജ്യത്തെ വിദ്യാഭ്യാസസ്ഥാപനങ്ങൾ ആ രാജ്യത്തിന്റെ സാമൂഹ്യമാറ്റങ്ങൾക്കു കാരണമായിട്ടുണ്ട്.

കോട്ടുകാൽ പഞ്ചായത്തിലെ ഏറ്റവും പ്രായം കൂടിയ വിദ്യാഭ്യാസ സ്ഥാപനമാണ് വേങ്ങപ്പൊറ്റയിൽ സ്ഥിതിചെയ്യുന്ന കഴുവൂർ മൂലക്കര എൽ.പി. എസ്. ഈ സ്കൂൾ സ്ഥാപിതമായിട്ട് നൂറ്റാണ്ടുകൾ പിന്നിട്ടുകഴിഞ്ഞു. 1883 ആഗസ്റ്റുമാസത്തിൽ ഒരു കുടി പള്ളിക്കൂടമായി ആരംഭിച്ചു. 1936-ൽ സർക്കാർ ഈ സ്കൂൾ ഏറ്റെടുത്തു. ഇന്നു പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായിട്ട് 12 സ്കൂളുകൾ നിലവിലുണ്ട്, സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള അംഗൻവാടികളും പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ശിശുമന്ദിരവും ഈ പട്ടികയിൽ പെടുന്നില്ല.

വിദ്യാഭ്യാസപരമായി കോട്ടുകാൽ പഞ്ചായത്തിലെ ആളുകൾ ഇന്നും പിന്നോക്കാവസ്ഥയിലാണ്. ഇവിടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| V.H.S.S | 2 |
| ഹൈസ്കൂൾ | 2 |
| അൺ- എയ്ഡഡ് ഹൈസ്കൂൾ | 1 |
| U.P.S | 4 |
| L.P.S | 9 |
| പ്രീ പ്രൈമറി | 1 |
| അംഗൻവാടി | 18 |

(കോട്ടുകാൽ പഞ്ചായത്തിൽ 12 വാർഡുകൾ ഉള്ളതിൽ പ്രീ-പ്രൈമറി സ്കൂൾ, എൽ. പി. സ്കൂൾ, യു. പി. സ്കൂൾ, ഹൈസ്കൂൾ, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളും ) സ്വകാര്യമേഖലയിൽ ഒരു മലയാളം ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളും നിലവിലുണ്ട്. എന്നാൽ അയംപുറം വാർഡിലും പയറ്റുവിള വാർഡിലും മൂലക്കര വാർഡിലും, പുന്നക്കുളം വാർഡിലും വിദ്യാഭ്യാസസ്ഥാപനങ്ങൾ ഒന്നുംതന്നെ ഇല്ല. ഈ പഞ്ചായത്തിൽ ഉപരിപഠനത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനും വേണ്ടി ബി. എഡ്., റ്റി. റ്റി. സി., ഐ. റ്റി. ഐ കോഴ്സുകൾ ആരംഭിച്ചാൽ ഈ പഞ്ചായത്തിലെ ഉദ്യോഗാർത്ഥികളുടെ നില മെച്ചപ്പെടുത്താൻ കഴിയും.

കോട്ടുകാൽ പഞ്ചായത്തിൽ 1972-ൽ ആണ് ഒരു ഗവ: ഹൈസ്കൂൾ നിലവിൽ വന്നത്. ഈ സ്കൂളിൽ 47 അദ്ധ്യാപകരും 31 ഡിവിഷനുകളുമുണ്ട്. 1500 ഓളം കുട്ടികൾ ഇവിടെ പഠിച്ചിരുന്നു. ഇവിടത്തെ വിദ്യാഭ്യാസ നിലവാരം തൃപ്തികരമാണ്. കഴിഞ്ഞ വർഷം 36 ശതമാനം വിദ്യാർത്ഥികളെ വിജയത്തിലെത്തിച്ചു. എസ്. സി./ എസ്. റ്റി വിദ്യാർത്ഥികൾ 211 പേർ ഉണ്ട്. അവരുടെ വിദ്യാഭ്യാസ നിലവാരം വളരെ മെച്ചമല്ല. ഈ സ്കൂളിൽ ഗയിംസ് ഐറ്റങ്ങൾ കുറവാണ്. വിദ്യാർത്ഥികളിലെ കലാപരവും കായിക വ്യായാമ വാസനകളും പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ സ്കീമുകൾ സ്കൂളിൽ ആരംഭിക്കേണ്ടതുണ്ട്. സ്കൂളിനു പുതിയ ഇരുനിലകെട്ടിടവും ചുറ്റുമതിലും അടിയന്തിരമായി ആവശ്യമായിരിക്കുന്നു.

ഈ സ്കൂളിലെ ആദ്യത്തെ ഹെഡ്മിസ്ട്രസ് ശ്രീമതി. ഗൗരിക്കുട്ടിയാണ് ഇപ്പോഴത്തെ ഹെഡ്മിസ്ട്രസ് ശ്രീമതി. കൃഷ്ണമ്മയാണ്. ഈ സ്കൂളിലെ പി. റ്റി. എ പ്രസിഡന്റ് ശ്രീമാൻ. അശോകകുമാരൻ നായരാണ്. പി. റ്റി. എയുടെ പ്രവർത്തനം മോശമല്ല.

കോട്ടുകാൽ പഞ്ചായത്തിൽ മരുതൂർക്കോണം വാർഡിൽ പുന്നക്കുളം കേന്ദ്രമാക്കി ഒരു എൽ. പി. സ്കൂളുമുണ്ട്. 1964 ആണ് പ്രസ്തുത സ്കൂൾ സ്ഥാപിക്കപ്പെട്ടത്. ഈ സ്കൂളിന്റെ ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ. ജ്ഞാനമണി വാദ്ധ്യാർ ആണ്. അതിനുശേഷം ശ്രീമതി. പൊന്നമ്മറ്റീച്ചറായിരുന്നു ഇവിടെ. ഇപ്പോഴത്തെ ഹെഡ്മിസ്ട്രസ്സ് ശ്രീമതി. ഓമനയമ്മയാണ്. 10 അദ്ധ്യാപകരും 10 ഡിവിഷനും 425 വിദ്യാർത്ഥികലും ഉണ്ട്. ഇവിടത്തെ വിജയശതമാനം 80 ആണ്. SC/ST വിദ്യാർത്ഥികൾ 93 അവരുടെ വിദ്യാഭ്യാസ നിലവാരം സാമാന്യം തൃപ്തികരമാണ്.

കോട്ടുകാൽ പഞ്ചായത്തിലെ മരുതൂർകോണം വാർഡിൽ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഒരു എൽ.പി സ്കൂളാണ് പട്ടം താണുപിള്ള മെമ്മോറിയിൽ സ്കൂൾ. ഈ സ്കൂൾ 1976–ൽ സ്ഥാപിതമായി. ഇവിടെ 15 അദ്ധ്യാപകർ സേവനമനുഷ്ഠിക്കുന്നു. 500 ഓളം വിദ്യാർത്ഥികൾ ഈ സ്കൂളിൽ പഠിക്കുന്നു. വിദ്യാഭ്യാസ നിലവാരം വളരെ മെച്ചമല്ല. ഈ സ്കൂളിന്റെ മാനേജർ ശ്രീമാൻ കെ. ദാമോദരൻ പിള്ളയാണ്.ഹെഡ്മാസ്റ്റർ ശ്രീ ചന്ദ്രമോഹനനാണ്. ഈ സ്കൂളിന്റെ P.T.A പ്രസിഡന്റ് ശ്രീമാൻ എൽ. ശശിധരനാണ് P.T.A യുടെ പ്രവർത്തനം ഈ സ്കൂളിന്റെ പുരോഗതിക്കു വളരെ പ്രയോജനം ചെയ്യുന്നു.

മരുതൂർകോണം വാർഡിൽ സ്വകാര്യ മേഖലയിൽ 1976–ൽ സ്ഥാപിതമായ വിദ്യാഭ്യാസസ്ഥാപനമാണ് പട്ടം താണുപിള്ള മെമ്മോറിയൽ ഹൈസ്കൂൾ. ഇതിന്റെ മാനേജർ ശ്രീമാൻ കെ.ദാമോദരൻ പിള്ളയാണ് ഇവിടത്തെ ഹെഡ്മാസ്റ്റർ ശ്രീമാൻ ജി. ആർ.ഭാസ്ക്കരൻ നായരാണ്. ഇവിടെ 75 അദ്ധ്യാപകരുണ്ട്. 1485 വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. വിജയശതമാനം വളരെമോശമല്ല. സ്പോർട്ട്സ്, ഗെയിംസ് എന്നീ വിഷയങ്ങളിൽ കുറവുണ്ടെങ്കിലും കുറവുകൾ പരിഹരിക്കുന്നതിന് P.T.A കമ്മിറ്റി പരമാവധി ശ്രമിക്കുന്നുണ്ട്. ആദ്യത്തെ P.T.A പ്രസിഡന്റ് ശ്രീമാൻ കെ.ചന്ദ്രസേനൻനായരും ഇപ്പോഴത്തെ പ്രസിഡന്റ് ശ്രീമാൻ എൽ.ശശിധരനുമാണ്. ഈ സ്കൂളിന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുന്ന PTA കമ്മറ്റിയാണ് നിലവിലുള്ളത്.

പുളിങ്കുടി വാർഡിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളാണ് ബത്സെയ്യ. അവിടെ 8.9.10 എന്നീ 3 സ്ലാസുകളിലായി 104 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇവിടത്തെ ഹെഡ്മാസ്റ്റർ ശ്രീമാൻ വിജയകുമാറാണ്. 7 അദ്ധ്യാപകരുണ്ട്.

ചൊവ്വരവാർഡിൽ രണ്ടു LP സ്കൂൾ പ്രവർത്തിക്കുന്നു. സ്വകാര്യമേഖലയിൽ M.V.UP സ്കൂളും പ്രവർത്തിക്കുന്നു. 1968 ലാണ് ഈ സ്കൂൾ നിലവിൽ വന്നത്. ഈ സ്കൂളിന്റെ ഹെഡ്മാസ്റ്റർ കെ.സുകുമാരൻ നായരാണ് . മാനേജർ ജെ.ശ്യാമളാബായി ആണ് : 11 അദ്ധ്യാപകരും 209 വിദ്യാർത്ഥികളു 8ഡിവിഷനുമുണ്ട്. ഗയിംസ് നല്ല രീതിയിൽ പ്രോത്സാഹിപ്പിക്കുന്നു. സ്കൂളും നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ഇവിടത്തെ PTA പ്രസിഡന്റ് ഇന്ദിരാകുമാരിയാണ്. PTA പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നു. SC/ST കുട്ടികളുടെ എണ്ണം 24 ആണ്.

പുലിവിള വാർഡിൽ ഊരൂട്ടുവിളയിൽ ഗവഃദേവിവിലാസം സ്കൂളിൽ ഒന്നു മുതൽ നാലാം സ്റ്റാന്റേർഡുവരെയുള്ള കുട്ടികൾ പഠിക്കുന്നു. വിദ്യാഭ്യാസ നിലവാരം വളരെ മോശമല്ല PTA യുടെ പ്രവർത്തനവും കാര്യക്ഷമമാണ്.

അവണാകുഴി വാർഡിൽ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനമാണ്. B.F.M L.P-സ്കൂൾ . ഈ സ്കൂൾ ആരംഭിച്ചത് 1092 (മലയാളവർഷം)-ൽ ആണ്. ഈ സ്കൂളിന്റെ മാനേജർ ശ്രീമാൻ ജോർജ്ജ് തരകനാണ്. ഇവിടത്തെ ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീമാൻ തപസ്യയായിരുന്നു. സ്കൂൾ തുടങ്ങുമ്പോൾ ഒരു അദ്ധ്യാപകനും 25 കുട്ടികളും ഉണ്ടായിരുന്നു. ഇപ്പോഴത്തെ PTA പ്രസിഡന്റ് ജി.സുരേന്ദ്രനാണ്. സ്കൂളിന്റെ പ്രവർത്തനം വളരെ മോശമല്ലാത്ത രീതിയിൽ ആണ് .

**വാർഡ് 1. പുലിവിള**

**പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും**

ഒന്നാം വാർഡിൽ വളരെ ദയനീയമനായി അവസ്ഥയിൽ പ്രവർത്തിക്കുന്ന ഒരു LP സ്കൂൾ മാത്രമാണ് ഉള്ളത്. അതിനെ ഒരു UP സ്കൂൾ ആക്കുകയും അതോടൊപ്പം പ്രീ പ്രൈമറി വിദ്യാഭ്യാസം നടപ്പാക്കുകയും വേണം. വാർഡുമേഖലയിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന അംഗൻവാടി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുവേണ്ടി ദേവിവിലാസം സ്കൂളിനോട് ചേർത്ത് പ്രീ പ്രൈമറി വിദ്യാഭ്യാസം നടപ്പാക്കുക.

സാക്ഷരത തുടർ വിദ്യാഭ്യാസം വിപുലപ്പെടുത്തുന്നതിനുവേണ്ടി അതിന്റെ പ്രവർത്തകർക്ക് വേതനം ഏർപ്പെടുത്തുക.

**വാർഡ് 2. അയംപുറം**

നഴ്സറി സ്കൂളും പ്രീപ്രൈമറി സ്കൂളും പുതുതായി ആരംഭിക്കണം. 100 ശതമാനം ജനങ്ങളെയം സാക്ഷരതരാക്കാനുള്ള പ്രവർത്തകർക്ക് പ്രതിഫലം നൽകികൊണ്ടുള്ള പരിപാടി ആരംഭിക്കേണ്ടതാണെന്നും ശുപാർശ ചെയ്യുന്നു.

**വാർഡ് 3.** 3-ാം വാർഡിൽ ഇപ്പോൾ ഒരു അംഗനവാഡി മാത്രമാണ് നിലവിലുള്ളത്. ഒരു നഴ്സറി സ്കൂളും ഒരു ലോവർ പ്രൈമറി സ്കൂളും അടിയന്തിരമായി അനുവദിക്കണം.

**വാർഡ്4. മരുതൂർക്കോണം.**

കോട്ടുകാൽ ഗവഃഹൈസ്കൂളിന് ബഹിനിലകെട്ടിടം നിർമ്മിയ്ക്കുകയും കോമ്പൗണ്ട് വാൾ, മൂത്രപ്പുര, കക്കൂസ് എന്നിവ അടിയന്തിരമായി നിർമ്മിക്കുക.

കോട്ടുകാൽ ഗവഃ V.H.S.S ലെ താല്ക്കാലിക ഷെഡുകൾ മാറ്റി പകരം പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും കൂടുതൽ ട്രേഡുകൾ അനുവദിക്കുകയും ചെയ്യുക.

പഞ്ചായത്തിലെ ബാലവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക. മരുതൂർകോണം വാർഡിൽ ഒരു I.T.I സ്ഥാപിക്കുക.. ടെസ്റ്റുകളിലും ഇന്റർവ്യൂകളിലും പങ്കെടുക്കുന്ന പഞ്ചായത്തിലെ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനുവേണ്ടി ഇൻസ്ട്രക്റ്റർമാരെ ചെറിയ രീതിയിൽ പാരിതോഷികം നൽകി നിയമിക്കുക.

നിർദ്ധനരായ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുവാൻ പഞ്ചായത്തിൽ പ്രത്യേകം ഫണ്ട് സ്വരൂപിക്കുക. വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി കോളനികളിലും ജനസാന്ദ്രത കൂടിയ മറ്റു ഭാഗങ്ങളിലും വെച്ച് ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക.

പഞ്ചായത്തിൽ ഉന്നത് വിജയം നേടുന്ന വിദ്യാർത്ഥികളെയും (ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗം) കലാകായിക മത്സരങ്ങളിൽ വിജയിക്കുന്ന മേൽ പറഞ്ഞ വിദ്യാർത്ഥികൾക്ക് പഞ്ചായത്ത് തലത്തിൽ അവാർഡ് നൽകി പ്രോത്സാഹിപ്പിക്കുക. പഞ്ചായത്തിൽ നിന്നും ഗ്രാന്റ് വാങ്ങുന്ന ഗ്രന്ഥശാലകൾക്കും മറ്റു സാംസ്ക്കാരിക സംഘടകൾക്കും സാക്ഷരതാ വയോജന വിദ്യാഭ്യാസം തുടങ്ങിയവ നടത്തുന്നതിനു വേണ്ടി നിർദ്ദേശം നൽകുക. പഞ്ചായത്തിലെ ഗവ: സ്കൂളുകളുടെ അടിസ്ഥാന സൗകര്യവും ശുദ്ധജല സൗകര്യവും എന്നിവ മെച്ചപ്പെടുത്തുക.

മദ്യവിപത്ത് മയക്കുമരുന്ന്, പുകവലി എന്നിവയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാഭ്യാസവിദഗ്ദ്ധന്മാരെ ഉൾക്കൊള്ളിച്ചുകൊണ്ട് ബോധവൽക്കരണ പരിപാടികൾ നടത്തുക. മദ്യനിർമ്മാർജ്ജനം നടന്നിട്ടുള്ള ഭാഗങ്ങളിൽ വീണ്ടും മദ്യം ഉൽപ്പാദനവും വിതരണവും നടത്താതിരിക്കാൻ ബോധവൽക്കരണം നടത്തുക.

മരുതൂർക്കോണം ബാലവാടിക്കെട്ടിടം പുതുക്കി പണിഞ്ഞ് കുട്ടികൾക്ക് വിദ്യാഭ്യാസം ചെയ്യുന്നതിന് കൂടുതൽ സൗകര്യം ഏർപ്പെടുത്തുക. മിശ്രവിവാഹിതരായ ആൾക്കാരുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം ലഭ്യമാക്കുക. S.S.L.C വരെ പഠിച്ച ശേഷം തുടർന്നു പഠിക്കാൻ കഴിയാത്ത നിർദ്ധനരായ കുടുംബങ്ങളിലെ കുട്ടികളെ സൗജന്യമായി പഠിപ്പിക്കാൻ പഞ്ചായത്തിൽ ഒരു വിദ്യാഭ്യാസകേന്ദ്രം സ്ഥാപിക്കുക.

### വാർഡ് 5. പുന്നക്കുളം

ഈ പഞ്ചായത്ത് ഏര്യായിൽ പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകൾക്കും P.T.A മാതൃസംഗമം ഇവ ഊർജ്ജിതമാക്കണം, കോമ്പൗണ്ട് വാൾ, ഭൗതിക സൗകര്യങ്ങളും ഉണ്ടാക്കണം. ഒരു സാക്ഷരതാ യൂണിറ്റ് തുടങ്ങണം.

നിർദ്ധനരായ കുട്ടികൾക്ക്വേണ്ടി അംഗൻവാടിക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെ ഉള്ളവരെയും ഹരിജൻങ്ങൾ ഉൾപ്പെടുന്നതുമായ കുട്ടികൾക്ക് പ്രീപ്രൈമറി വിദ്യാഭ്യസം പ്രോത്സാഹിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ ഉണ്ടാകണം.

ഒന്നുമുതൽ പത്താം ക്ലാസ്സുവരെ പഠിക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ വിഭാഗം കുട്ടികൾക്കും സൗജന്യ ട്യൂഷൻ നൽകുന്നതിനുള്ള നടപടി ഉണ്ടാകണം. കലാസാംസ്കാരിക വളർച്ചയ്ക്കുവേണ്ടി വളവുനടയിൽ പ്രവർത്തിക്കുന്ന കലാസമിതി പുനർ ജീവിപ്പിക്കുകയും അയണികുറ്റിവിള ഭാഗത്ത് കലാസമിതി തുടങ്ങുകയും വേണം. ഈ സമിതികളോടൊപ്പം ഓരോ വായനശാലയും തുടങ്ങണം. ഇപ്പോൾ പുന്നക്കുളത്ത് പ്രവർത്തിക്കുന്ന യുവസാരഥിവായനശാലയ്ക്ക് പ്രോത്സാഹനവും നൽകണം.

### വാർഡ് 6. പുളിങ്കുടി

പുളിങ്കുടി വാർഡിലെ സാക്ഷരതാ വർദ്ധിപ്പുക്കുന്നതിന് അക്ഷര പുലരി തുടങ്ങണം.

പുനർ വിദ്യാഭ്യാസത്തിനുവേണ്ടി ബോധവൽക്കരണക്യാമ്പും അനൗപചാരിക വിദ്യാഭ്യാസകേന്ദ്രങ്ങളും സ്ഥാപിക്കുക. കുട്ടികളെകൊണ്ടി പണിയെടുപ്പിക്കുന്നത് നിറുത്തലാക്കുക.

### വാർഡ് 7 ചൊവ്വര

ചൊവ്വര എൽ.പി.ബി സ്കൂളിൽ ഒരു സ്ഥിരം കെട്ടിടം പണിയണം. ചൊവ്വര മാധവവിലാസം യു.പി. സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസനിലവാരം വളരെ മോശപ്പെട്ടതാണ്, അതുകൊണ്ട് ആ സ്കൂളിന്റെ വിദ്യാഭ്യാസ നിലവാരം വിജയശതമാനവും മെച്ചപ്പെടുത്തുന്നതിനുവേണ്ടി അടിയന്തിരമായി ശ്രദ്ധിക്കണം. വിദ്യാഭ്യാസമേഖലയിൽ പ്രൈമറി വിദ്യാഭ്യാസം പരിപോഷിപ്പിക്കുന്നതിന് സർക്കാർ മുൻഗണന നൽകണം. സാക്ഷരതാ നിലവാരത്തിൽ നമ്മുടെ വാർഡ് വളരെ പിന്നിലാണ്. ആയതിനാൽ സാക്ഷരതാ ക്ലാസുകൾ കൂടുതലായി പുനരുദ്ധരിപ്പിക്കണം.

### വാർഡ് 8. അടിമലത്തുറ

ആ വാർഡിൽ സ്ഥിതിചെയ്യുന്ന സെന്റ്, ജോസഫ് സ്കൂളിന്റെ ഷിഫ്റ്റ് സമ്പ്രദായം നിറുത്തലാക്കുന്നതോടൊപ്പം ഹൈസ്കൂൾ ആയി ഉയർത്തുകയും മത്സ്യതൊഴിലാളികളുടെ ലംസംഗ്രാന്റ് മുടങ്ങാതെ നൽകുകയും ഉന്നത വിദ്യാഭ്യാസം നടത്തുന്നതിന് ദൂരെ പോയി പഠിക്കുവാൻ ഗതാഗതസൗകര്യം ഉണ്ടാക്കിതരുവാനും ആവശ്യപ്പെടുന്നു.

### വാർഡ് 9. മൂലക്കര

മൂലക്കര വാർഡിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. തൊട്ടടുത്തുള്ള കുഴിവിള വാർഡിൽ സ്ഥിതി ചെയ്യുന്ന കഴിവൂർ മൂലക്കര ഗവ: എൽ.പി.സ്കൂളിലാണ് ഈ വാർഡിലെ വിദ്യാർത്ഥികൾ പഠിക്കുന്നത്. കഴിവൂർ മൂലക്കര ഗവ: എൽ.പി സ്കൂൾ വളരെ പഴക്കമുള്ളതാണെങ്കിലും ഇതേവരെ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല.

സ്കൂളിന് സ്ഥിരമായി കെട്ടിടങ്ങളും വെള്ളവും വെളിച്ചവും കിട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഈ സ്കൂളിനെ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടിയും ഉണ്ടാകണം.

മൂലക്കരവാർഡിൽ ഒരു അംഗൻവാഡി മാത്രമാണുള്ളത്. 74-ാം നമ്പർ ആയി രജിസ്റ്റർ ചെയ്തിട്ടുള്ള ഈ അംഗൻവാടി കഴിഞ്ഞ 12 വർഷമായി വാടകക്കെട്ടിടത്തിലാണ് നടന്നുവരുന്നത്. അംഗൻവാടിക്ക് സ്വന്തമായി സ്ഥലം വാങ്ങി ഒരു കെട്ടിടം പണിയേണ്ടത് വളരെ അത്യവശ്യമാണ്. സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും ഫർണിച്ചർ, കളിക്കോപ്പുകൾ എന്നിവ വാങ്ങുന്നതിനും ആവശ്യമായ തുക ലഭ്യമാക്കുവാൻ നടപടി ഉണ്ടാകണം. 74-ാം നമ്പർ അംഗൻവാടിയെ പ്രീപ്രൈമറി ആക്കി അപ്ഗ്രേഡ് ചെയ്യണം.

### വാർഡ് 10. കുഴിവിള

ഈ സ്കൂൾ 1883 ആഗസ്റ്റ് മാസത്തിൽ ഒരു കുടിപള്ളിക്കൂടമായി ആരംഭിച്ചു. ശ്രീമാൻ D.-മനുവേൽ ആയിരുന്നു മാനേജർ. അന്ന് I മുതൽ III വരെ സ്റ്റാൻഡേർഡുകളിൽ നൂറിലധികം കുട്ടികളും 3 അദ്ധ്യാപകരും ഉണ്ടായിരുന്നു. അദ്ധ്യാപകർ 3 ഉം പുരുഷന്മാരായിരുന്നു. മാനേജർ തന്നെയായിരുന്നു ഹെഡ്മാസ്റ്റർ. 1936-ൽ ഈ സ്കൂൾ ഗവൺമെന്റ് ഏറ്റെടുത്തു. മാനേജരുടെ മകൻ ശ്രീമാൻ M. ജയിംസ് ആയിരുന്നു അപ്പോഴത്തെ ഹെഡ്മാസ്റ്റർ. ഇദ്ദേഹം ദീർഘകാലം ഈ സ്കൂളിൽ ഹെഡ്മാസ്റ്റർ ആയി സേവനം അനുഷ്ഠിച്ചതിനുശേഷം 1970 മാർച്ച് 31-ാം തിയതിപെൻഷനായി പിരിഞ്ഞു.

ഇപ്പോൾ ഈ സ്കൂളിൽ I മുതൽ V വരെ സ്റ്റാൻഡേർഡുകളിലായി 150 നുതാഴെ വിദ്യാർത്ഥികളും ഹെഡ്മാസ്റ്റർ ഉൾപ്പെടെ 5 അദ്ധ്യാപകരും ഉണ്ട്. ഈ 5 പേരിൽ 3 പുരുഷന്മാരും 2 സ്ത്രീകളും ആകുന്നു. ഇപ്പോൾ വിജയശതമാനം 90-ൽ കൂടുതലാകുന്നു.

ആഴ്ചയിൽ 5 ദിവസം സ്കൂൾ പ്രവർത്തിക്കുന്നു. രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണിവരെയാകുന്നു സ്കൂൾ സമയം. ടൈംടേബിൾ സിസ്റ്റം അനുസരിച്ച് അദ്ധ്യാപകരൻ ക്ലാസ്സിൽ പഠിപ്പിക്കുന്നു. എല്ലാ ദിവസവും രാവിലെ സ്കൂൾ അസംബ്ലിയോടുകൂടി സ്കൂൾ പ്രവർത്തിച്ചുതുടങ്ങുന്നു. അസംബ്ലിയിൽ ഈശ്വരപ്രാർത്ഥന, പ്രതിജ്ഞ ചൊല്ലൽ, പ്രധാന പത്രവാർത്തവായന എന്നിവയ്ക്കുശേഷം ഹെഡ്മാസ്റ്റർ കുട്ടികൾക്കു വേണ്ട നിർദ്ദേശങ്ങൾ നല്കുന്നു. സ്കീം അനുസരിച്ച് പാഠഭാഗങ്ങൾ പഠിപ്പിക്കുന്നു. മാസം തോറും ടെസ്റ്റ് പേപ്പർ നടത്തുകയും പേപ്പർ തിരുത്തി കുട്ടികൾക്കു കൊടുക്കുകയും ചെയ്യുന്നു. Ist term, IInd term പരീക്ഷകൾ നടത്തി പേപ്പർ തിരുത്തി മാർക്ക് പതിച്ച് പ്രോഗ്രസ് കാർഡ് കൊടുത്തയച്ച് രക്ഷാ കർത്താവിന്റെ ഒപ്പു വാങ്ങി സ്കൂളിൽ സൂക്ഷിക്കുന്നു. പഠിത്തത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേകം ക്ലാസ്സുകൾ എടുക്കുന്നുണ്ട്.

കോട്ടുകാൽ ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് ശ്രീമാൻ A. ജയരാജ് ആകുന്നു ഈ സ്കൂളിലെ P.T.A പ്രസിഡന്റ്. വൈസ്പ്രസിഡന്റ് അടുത്ത വാർഡിലെ മെമ്പർ ആയ ശ്രീമാൻ H.-റോബിൻസൻ ആകുന്നു. രക്ഷകർത്താക്കളിൽ 9 പേരും അദ്ധ്യാപകർ 5 പേരും ഉൾപ്പെട്ട 14 അംഗ കമ്മിറ്റിയാണ് P.T.A കമ്മറ്റി.

ഇപ്പോൾ ഈ സ്കൂളിൽ I മുതൽ V വരെ സ്റ്റാൻഡേർഡുകളിലായി 35 പട്ടികജാതി കുട്ടികൾ പഠിച്ചുവരുന്നു. ഈ കുട്ടികളുടെ വിദ്യാഭ്യാസനിലവാരം മറ്റു കുട്ടികളുടെ വിദ്യാഭ്യാസനിലവാരത്തിനു തുല്യമാകുന്നു. വി

ദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നില്ല. എന്നാൽ ഒന്നാം ക്ലാസിൽ പുതുതായി പ്രവേശനം തേടുന്ന കുട്ടികളുടെ എണ്ണം വർഷം തോറും കുറഞ്ഞു കുറഞ്ഞു വരുന്നു. ഈ സ്കൂളിന്റെ പരിസരത്ത് രണ്ട് മൂന്ന് അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. രക്ഷാകർത്താക്കൾക്ക് ഇംഗ്ലീഷ് മിഡിയത്തിനോടുള്ള അതിയായ താല്പര്യം കൊണ്ടാണ് ഇതു സംഭവിക്കുന്നത്. കൂടാതെ ഈ സ്കൂളിൽ P.T.A-യുടെ ആഭിമുഖ്യത്തിൽ പ്രീ-പ്രൈമറി സെക്ഷൻ പ്രവർത്തിക്കുന്നില്ല. പ്രീ-പ്രൈമറി സെക്ഷൻ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ കെട്ടിട സൗകര്യം സ്കൂളിൽ ഇല്ല. 80' X 20' യിൽ ഉള്ള ഒരു ഓടുമേഞ്ഞ സ്ഥിരം കെട്ടിടവും 40' X 20' യിലുള്ള ഒരു താല്ക്കാലിക ഷെഡും ആകുന്നു ഈ സ്കൂളിലെ കെട്ടിടങ്ങൾ. ടി താല്ക്കാലിക ഷെഡ് ഏതു നിമിഷവും നിലംപതിക്കാറായ അവസ്ഥയിലാണ്. സ്കൂളിന് കോമ്പൗണ്ട് വാളോ ഗൈറ്റോ ഇല്ല. നൂറ്റി അമ്പതോളം കുട്ടികൾ പഠിക്കുന്ന ഈ സ്കൂളിലെ കുട്ടികളുടെ കുടിവെള്ള സൗകര്യം ഒരു പ്രശ്നമായി അവശേഷിക്കുന്നു. സ്കൂളിന്റെ മുൻവശത്ത് 120' യോളം താഴ്ചയുള്ള ഒരു കിണർ ഉള്ളതിൽ വെള്ളമില്ലാതെ ഉപയോഗശൂന്യമായി സ്ഥിതി ചെയ്യുന്നു. മുൻവശത്തെ റോഡിലൂടെ പോകുന്ന പൈപ്പ് ലൈൻ നീട്ടി ഒരു ടാപ്പ് സ്ഥാപിച്ചാൽ കുടിവെള്ള പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാവുന്നതാകുന്നു. കൂടാതെ സ്കൂൾ കെട്ടിടം വൈദ്യുതീകരിച്ചിട്ടില്ല. ഇത്രയും പഴക്കമുള്ള സ്കൂളിന് വൈദ്യുതീകരണമില്ലാത്തത് ഒരു പോരായ്മയാകുന്നു. 100 കുട്ടികൾക്ക് ഉച്ചക്കഞ്ഞി വിതരണം നടത്തിവരുന്നു. കഞ്ഞി പാചകം ചെയ്യുന്നതിന് ഒരു പാചകപ്പുര നല്ലരീതിയിൽ കെട്ടിയിട്ടില്ലാത്തത് ഒരു പോരായ്മയാകുന്നു. കൂടാതെ ആവശ്യത്തിന് ബഞ്ചോ മേശയോ റിക്കാർഡുകൾ സൂക്ഷിക്കുന്നതിനുള്ള അലമാരകളോ ഈ സ്കൂളിൽ ഇല്ല. ഈ വിവരങ്ങൾ പഞ്ചായത്ത് കമ്മറ്റിയുടെയും ജനകീയാസൂത്രണകമ്മറ്റിയുടെയും സത്വര ശ്രദ്ധയ്ക്കും പരിഗണനയ്ക്കും വേണ്ടി സമർപ്പിച്ചുകൊള്ളുന്നു.

### വാർഡ് 11 കൊല്ലംകോണം

കോട്ടുകാൽ പഞ്ചായത്തിൽ 11-ാം വാർഡിൽ പുത്തളം കേന്ദ്രീകരച്ച് സ്ഥിതി ചെയ്യുന്ന ഗവഃ എൽ.പി സ്കൂളിനെ അപ്ഗ്രേഡ് ചെയ്ത് യു.പി.സ്കൂളാക്കി ഉയർത്തണം. സ്കൂളിന് ഒരു കോംപൗണ്ട് വാൾ നിർമ്മിക്കുകയും കുടിവെള്ളം ലഭ്യമാക്കുന്നതിന് വേണ്ട് ഒരു പമ്പ് സെറ്റ് സ്ഥാപിക്കുകയും മലമൂത്രവിസർജ്ജനം നടത്തുന്നതിന് വേണ്ടി മൂത്രപ്പുരയും കക്കൂസും അടിയന്തിരമായി നിർമ്മിക്കണമെന്നും പ്രീ പ്രൈമറി കുട്ടികൾക്ക് പ്രത്യേകം കെട്ടിടം പണിത് അവരുടെ വിദ്യാഭ്യാസ സൗകര്യം മെച്ചപ്പെടുത്തുകയും ചെയ്യുക. സ്കൂളിന് ആവശ്യമായ ഫർണിച്ചറുകൾ അടിയന്തിരമായി എത്തിക്കുന്നതിനു വേണ്ട സൗകര്യം ഉണ്ടാകണമെന്നും ശുപാർശ ചെയ്യുന്നു.

കുട്ടികളുടെ ഉച്ചഭക്ഷണം നിർബന്ധമായും എല്ലാ കുട്ടികൾക്കും ലഭ്യമാക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കണം. കുട്ടികൾക്കു സ്കൂളിൽ വന്നുപോകുന്നതിനുള്ള കാൽ നടസൗകര്യം ഫലപ്രദമായി നടപ്പിലാക്കുക.

### വാർഡ്12 ആവണാകുഴി

ആവണാകുഴി വാർഡിൽ പ്രൈവറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന ഒരു എൽ.പി.സ്കൂൾ സ്ഥിതി ചെയ്യുന്നു. ഈ സ്കൂളിൽ ഇപ്പോൾ അഞ്ച് സ്റ്റാഫ് ഉണ്ട്. സ്കൂളിന്റെ വിജയശതമാനം നല്ല രീതിയിലാണ്. എന്നാൽ ഈ സ്കൂളിൽ കുട്ടികൾക്ക് പ്രാഥമികാ ആവശ്യങ്ങൾ നിറവേറ്റുന്നതിനോ കുടിവെള്ള ലഭ്യമാക്കുന്നതിനോ യാതൊരു വിധ സൗകര്യങ്ങളും ഇല്ല. സാക്ഷരതാ വിദ്യാഭ്യാസ നിലവാരം ഊർജ്ജിതപ്പെടുത്തണം. പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന പതിനൊന്നിന പരിപാടിയിൽ പഞ്ചായത്ത് സ്ഥാപിച്ച് ശിശുമന്ദിരത്തിന്റെ നിലവാരം ഉയർത്തുകയും ചുറ്റുമതിലുകൾ കെട്ടുകയും വേണം.

## കോട്ടുകാൽപഞ്ചായത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പൊതുവിവരം

| പേര് | പൊതുമേഖല/ സ്വകാര്യമേഖല | സ്വകാര്യമേഖല മാനേജരുടെ പേര് | സ്കൂൾ നിർമ്മിച്ച വർഷം | ഹെഡ്മാസ്റ്റർ | ആദ്യാപകരുടെ എണ്ണം | കുട്ടികളുടെ എണ്ണം | വിജയ ശതമാനം | P.T.A പ്രസിഡന്റ് | ഗെയിംസ് നിലവാരം | SC/ST വിദ്യാർത്ഥികൾ | SC/ST വിദ്യാഭ്യാസം നിലവാരം |
|---|---|---|---|---|---|---|---|---|---|---|---|
| ഗവ: H.S/V.H.S.S കോട്ടുകാൽ | പൊതുമേഖല | - | 1972 | കൃഷ്ണമ്മ | 47 | 1500 | 36% | അശോക കുമാരൻനായർ | കുറവ് | 211 | തൃപ്തികരം. |
| P.T.M H.S/ V.H.S.S മരുതൂർകോണം | സ്വകാര്യമേഖല | കെ.ദാമോദരൻ പിള്ള | 1976 | ജി.ആർഭാസ്കരൻ നായർ | 75 | 1485 | 35% | എൽ.ശശിധരൻ | ശരാശരി ലഭ്യമല്ല | ലഭ്യമല്ല | തൃപ്തികരം. |
| ബത്സ്ഥ പള്ളിക്കുടി (H.S വിഭാഗം) | സ്വകാര്യമേഖല | - | 1996 | വിജയകുമാർ | 7 | 104 | - | - | കുറവ് | - | - |
| M.V.U.P.S ചെവ്വര | സ്വകാര്യമേഖല | ശ്യാമളാബായി | 1968 | കെ.സുകുമാരൻ നായർ | 11 | 209 | 88% | ഇന്ദിരാകുമാരി | ശരാശരി | 24 | തൃപ്തികരം. |
| U.P.S അടിമലത്തുറ | സ്വകാര്യമേഖല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | 22 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല. |
| P.T.M.L.P.S മരുതൂർകോണം | സ്വകാര്യമേഖല | കെ.ദാമോദരൻ പിള്ള | 1976 | ചന്ദ്രമോഹനൻ | 15 | 500 | 90% | എൽ.ശശിധരൻ | തൃപ്തികരം | ലഭ്യമല്ല | തൃപ്തികരം |
| L.P.B.S ചൊവ്വര | സ്വകാര്യമേഖല | | | | | | | | | | |
| ദേവീവിലാസം L.P.S മന്നോട്ടുകോണം | പൊതുമേഖല | - | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| L.P.S കഴിവൂർമുലക്കര | പൊതുമേഖല | - | 1883 | കെ.വിശ്വനാഥൻ | 5 | 150 | 88% | എ.ജയരാജൻ | ഇല്ല | 35 | തൃപ്തികരം |
| ഗവ. എൽപി എസ് കോട്ടുകാൽ | പൊതുമേഖല | - | 1964 | ഓമനയമ്മ | 10 | 425 | 80% | ലഭ്യമല്ല | ഇല്ല | 93 | തൃപ്തികരം |
| ഗവ. എൽ പി എസ് പുത്തളം | പൊതുമേഖല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | രാജശേഖരൻ | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| ചൊവ്വര ഗവ. എൽ പി എസ് | പൊതുമേഖല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| ബി. എഫ് എം എൽ പി എസ് അവണാകുഴി | സ്വകാര്യമേഖല | റവ:ജോർജ്ജ് തരകൻ | 1092 മലയാളവർഷം | തപസി | 4 | 120 | 80% | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |

# കോട്ടുകാൽഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരങ്ങൾ

| വാർഡ് നമ്പർ | വാർഡിന്റെ പേര് | പൊതുമേഖല / സ്വകാര്യമേഖല | L.P സ്കൂൾ | U.P സ്കൂൾ | ഹൈസ്കൂൾ | ഹയർ സെക്കണ്ടറി |
|---|---|---|---|---|---|---|
| 1. | പുലിവിള | പൊതുമേഖല | L.P.S ദേവീവിലാസം | ഇല്ല | ഇല്ല | ഇല്ല |
| 2. | അയംപ്പുറം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 3. | പയറ്റുവിള | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 4. | മരുതൂകോണം | സ്വകാര്യമേഖല | P.T.L.P.S മരുതൂർകോണം | P.T.M.U.P.S മരുതൂർകോണം | P.T.M.H.S തൂർകോണം | P.T.M.V.H.S മരുതൂർകോണം |
| | | പൊതുമേഖല | ഗവ. L.P.S കോട്ടുകാൽ | ഗവ. U.P.S കോട്ടുകാൽ | ഗവ.H.S കോട്ടുകാൽ | ഗവ.V.H.S കോട്ടുകാൽ |
| 5. | പുന്നക്കുളം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 6. | പുളിങ്കുടി | സ്വകാര്യമേഖല | ഇല്ല | ഇല്ല | ബത്സയ്ത H.S.പുളിങ്കുടി | ഇല്ല |
| 7. | ചൊവ്വര | സ്വകാര്യമേഖല | St.Joseph - L.P.S ;ചൊവ്വര | U. P.S അടിമലത്തുറ<br>U.P.S മാധവവിലാസം | ഇല്ല<br>ഇല്ല | ഇല്ല<br>ഇല്ല |
| | | പൊതുമേഖല | ഗവ. L.P.S ചൊവ്വര | ഇല്ല | ഇല്ല | ഇല്ല |
| 8. | അടിമലത്തുറ | സ്വകാര്യമേഖല | ഇല്ല | U.P.S ലൂയിസ് മെമ്മോറിയൽ അടിമലത്തുറ | ഇല്ല | ഇല്ല |
| 9. | മുലക്കര | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 10. | കുഴിവിള | പൊതുമേഖല | ഗവ. L.P.S കഴുവൂർമൂലക്കര | ഇല്ല | ഇല്ല | ഇല്ല |
| 11. | കൊല്ലകോണം | പൊതുമേഖല | ഗവ. L.P.S പുത്തളം | ഇല്ല | ഇല്ല | ഇല്ല |
| 12. | അവണാകുഴി | സ്വകാര്യമേഖല | B.F.M.L.P.S അവണാകുഴി | ഇല്ല | ഇല്ല | ഇല്ല |

# വ്യവസായം

സ്വതന്ത്ര ഇൻഡ്യയിൽ വ്യവസായികമായി പല സംസ്ഥാനങ്ങളും പുരോഗതി പ്രാപിച്ചു. എന്നാൽ നമ്മുടെ സംസ്ഥാനം ഇന്നും വ്യാവസായികമായി വളരെയധികം പുറകിലാണ്. സംസ്ഥാനത്തിന്റെ വ്യാവസായിക പുരോഗതിയില്ലായ്മപോലെ തന്നെ കോട്ടുകാൽപഞ്ചായത്തും വ്യാവസായിക രംഗത്ത് വളരെയധികം പിന്നിലാണ്. ഏതാനും പരമ്പരാഗത വ്യവസായങ്ങൾ ഒഴികെ ആധുനികരീതിയിൽ പ്രവർത്തിക്കുന്ന ഒരു വ്യവസായ സംരംഭവും ഇവിടെ ആരംഭിച്ചിട്ടില്ല. ഇക്കാരണത്താൽ ഈ പഞ്ചായത്തിലെ തൊഴിലില്ലായ്മാപ്രശ്നം രൂക്ഷമാണ്. വ്യവസായ സ്ഥാപനങ്ങളുടെ അഭാവംമൂലം തൊഴിലില്ലായ്മയും പഞ്ചായത്തിന്റെ സാമ്പത്തിക അടിത്തറയും മുരടിച്ചിരിക്കുന്നു. കൈത്തറി, കയർ, വ്യവസായങ്ങൾ, മൽസ്യസംസ്കരണം, പനയോല പായ്നെയ്ത്ത്, എന്നിവയാണ് കോട്ടുകാൽ പഞ്ചായത്തിലെ പരമ്പരാഗതവ്യവസായങ്ങൾ. ഇതുകൂടാതെ ക്ഷീരവ്യവസായും കേര ഉൽപന്നവ്യവസായവും നിലവിലുണ്ട്. കോട്ടുകാൽ പഞ്ചായത്തിൽ മുപ്പതോളം കൈത്തറി സഹകരണ സംഘങ്ങൾ നിലവിണ്ട്. ഇതുമൂലം യഥാർത്ഥ നെയ്ത്ത് തൊഴിലാളികൾക്ക് വേണ്ടത്ര ഗുണം ലഭിക്കുന്നുണ്ടോ എന്നകാര്യം സംശയമാണ്. അതുകൊണ്ട് നെയ്ത്ത് തൊഴിലായി സ്വീകരിച്ച എല്ലാപേർക്കും ഈ സംഘങ്ങൾ വഴി സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ നടപടി ആവശ്യമാണ്. പവ്വർലും സൊസൈറ്റികൾ ഇപ്പോൾ നിലവിലുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല. കയർ നിർമ്മാണം തൊഴിലായി സ്വീകരിച്ച വളരെ അധികം ആളുകൾ ഈ പഞ്ചായത്തിലുണ്ട്. എന്നാൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു കയർ വ്യവസായ സഹകരണസംഘംപോലും നിലവിലില്ല. ഈ തൊഴിൽ മേഖല ശോചനീയാവസ്ഥയിലാകാൻ കാരണം അസംസ്കൃതവസ്തുവായ തൊണ്ട് അഴുക്കുന്നതിന് വേണ്ട സൗകര്യം ഇല്ലാത്തതാണ്. തൊണ്ട് മറ്റ് സ്ഥലങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നതിന്റെ ഫലമായി കയർ മേഖലയിൽ തൊഴിലെടുത്ത് ജീവിക്കുന്ന തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇതുമൂലം അവരുടെ ജീവിതക്ലേശം വർദ്ധിച്ചുവരുന്നു.

അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ ഷെയറുകൾ സ്വരൂപിച്ചുകൊണ്ട് ഒരു പെയിന്റ് ഫാക്ടറി പുന്നക്കുളം കേന്ദ്രമാക്കി പ്രവർത്തനം ആരംഭിച്ചെങ്കിലും ആരംഭ ദിശയിൽതന്നെ അടച്ചുപൂട്ടുകയുണ്ടായി.

### മത്സ്യം

പുളിങ്കുടി, അടിമലത്തുറ വാർഡുകൾ ഉൾപ്പെട്ടതാണ് ഈ പഞ്ചായത്തിലെ മത്സ്യമേഖല. ആയിരക്കണക്കിന് മത്സ്യതൊഴിലാളികൾ ഇവിടെ തിങ്ങിപ്പാർക്കുന്നു. പഴയ കട്ടമരം ഉപയോഗിച്ചാണ് ഇന്നും ഇവർ മത്സ്യബന്ധനം നടത്തുന്നത്.

ഐസ് പ്ലാന്റോ ഫ്രീസിംഗ് പ്ലാന്റുകളോ ഇവിടെ നിലവിലില്ല. ആയതിനാൽ ഈ മത്സ്യതൊഴിലാളികൾ യന്ത്രാവകൃത വള്ളങ്ങൾ നൽകേണ്ടതും ഐസ് പ്ലാന്റും, ഫ്രീസിംഗ് പ്ലാന്റുകളും സ്ഥാപിയ്ക്കേണ്ടതുമാണ്.

ജൂൺ, ജൂലൈ മാസങ്ങളിൽ കടൽ ക്ഷോഭത്തെ അതിജീവിക്കാൻ കഴിയാതെ ഇവിടത്തെ മത്സ്യതൊഴിലാളികൾ 8 കിലോമീറ്റർ അകലെയുള്ള വിഴിഞ്ഞം തുറമുഖത്ത് പോയാണ് മത്സ്യ ഉപകരണങ്ങൾ കടലിൽ ഇറക്കുന്നത്. ഈ ദുരവസ്ഥയ്ക്കു പരിഹാരം കാണുവാൻ ചൊവ്വരയിൽ ഒരു കോടി നിർമ്മിച്ച് നൽകേണ്ടതാണ്.

മത്സ്യവിപണനത്തിൽ ഏർപ്പെട്ടിരിയ്ക്കുന്ന മത്സ്യതൊഴിലാളി സ്ത്രീകൾക്ക് വേണ്ടി വാഹനസൗകര്യം ഏർപ്പെടുത്തി കൊടുക്കേണ്ടതാണ്.

ഇവിടെ ശേഖരിക്കുന്ന മത്സ്യസമ്പത്ത് ശരിയായ വിലയ്ക്ക് വിറ്റ് അഴിക്കുന്നതിന് ഒരു മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. മത്സ്യം ഉണക്കി സൂക്ഷിക്കുന്നതിന് ആധുനികരീതിലുള്ള ഗോഡൗണുകൾ സ്ഥാപിയ്ക്കേണ്ടതാണ്.

പനയോലപായ് നെയ്ത്ത്, വട്ടിനിർമ്മാണം തുടങ്ങിയവ നാമമാത്രമായി ഈ മേഖലയിൽ നിലനില്ക്കുന്നു. സ്ത്രീകൾക്ക്

വളരെ അധികം തൊഴിൽ സാധ്യതയുള്ള ഈ മേഖല പ്രത്യേകം ശ്രദ്ധ ആകർഷിയ്ക്കേണ്ടതാണ്.

ഇവർക്കുവേണ്ടി ഒരു വ്യവസായസഹകരണസംഘം സ്ഥാപിച്ച് അസംസ്കൃതവസ്തുവായ പനയോല അന്യനാടുകളിൽ നിന്നും കൊണ്ട് വന്നും തൊഴിലാളികൾക്ക് വിതരണം ചെയ്യേണ്ടതും അവർ ഉല്പാദിപ്പിക്കുന്ന പായ്, വട്ടി തുടങ്ങിയവയ്ക്ക് മാർക്കറ്റിംഗ് സൗകര്യം കണ്ടുപിടിയ്ക്കേണ്ടതുമാണ്.

ഓലമെടച്ചിൽ ഈ പ്രദേശത്തെ ഒരു പ്രധാന തൊഴിൽ ആണെങ്കിലും ഇതിനെയൊരു വ്യവസായമായി അംഗീകരിക്കാൻ അധികാരികൾ തയ്യാറായിട്ടില്ല. മെടഞ്ഞ ഓലയ്ക്ക് ധാരാളം ഡിമെന്റ് ഇപ്പോൾ ഉണ്ട് അതുകൊണ്ട് ഇവിടെ ധാരാളമായി ലഭിക്കുന്ന ഓല മെടഞ്ഞ് വില്ക്കുവാൻ സഹകരണ അടിസ്ഥാനത്തിൽ ഒരു സംവിധാനം ഉണ്ടാകേണ്ടതാണ്.

### ക്ഷീരവ്യവസായം

കറവപശുകൾ ധാരാളം വളർത്തുന്ന ഒരു പഞ്ചായത്താണ് കോട്ടുകാൽ കറവ തൊഴിലാക്കു ജീവിക്കുന്നവരും ധാരാളമുണ്ട്. ക്ഷീരവ്യവസായസഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുവെങ്കിലും യഥാർത്ഥകാലിവളർത്തുകാർക്ക് ഇതുകൊണ്ട് പ്രയോജനം ലഭിക്കുന്നില്ല. ഈ ശോചനീയാവസ്ഥ പരിഹരിക്കയ്ക്കുന്നതിന് ഈ പഞ്ചായത്തിൽ ആധുനിക രീതിയിലുള്ള ക്ഷീരവ്യവസായ യൂണിറ്റ് സ്ഥാപിയ്ക്കേണ്ടതാണ്. ഇവിടെ ഉല്പാദിപ്പിക്കുന്ന പാൽ വാങ്ങി ഇവിടെ തന്നെ സംസ്കരിച്ച് വിപണനം നടത്തുന്നതിനുള്ള വ്യവസ്ഥ ഉണ്ടാക്കണം.

### ഈർക്കിൽ വ്യവസായം

ഇവിടെ ധാരാളമായി ലഭിക്കുന്ന അസംസ്കൃതവസ്തുവാണ് ഈർക്കിൽ ഈർക്കിൽക്കൊണ്ട് നിർമ്മിക്കുന്ന ചൂല്, ബാഷ് തുടങ്ങിയവയ്ക്ക് ധാരാളം ആവശ്യക്കാർ ഉണ്ട്. എന്നാൽ ഇതൊരു വ്യവസായമായി നടത്തികൊണ്ട് പോകാൻ സാധിച്ചിട്ടില്ല. വളരെയധികം സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യതയുള്ള ഈ മേഖലയെ പരിപോഷിപ്പിക്കുന്നതിന് ഒരു ഈർക്കിൽ വ്യവസായ യൂണിറ്റ് സ്ഥാപിക്കുവാൻ അധികാരികൾ മുൻകൈയെടുക്കണം

### പൊതു ആവശ്യങ്ങൾ

കോട്ടുകൽ പഞ്ചായത്തിലെ 12 വാർഡുകളിലും താഴെ പ്പറയുന്ന ആവശ്യങ്ങൾക്ക് വ്യവസായ യൂണിറ്റുകൾ സ്ഥാപിയ്ക്കേണ്ടതാണ്.

1. മെഴുകുതിരി വ്യവസായയൂണിറ്റുകൾ
2. തീപ്പെട്ടി വ്യവസായയൂണിറ്റുകൾ
3. സാമ്പ്രാണിത്തിരി വ്യവസായ യൂണിറ്റുകൾ
4. പനയോലവ്യവസായ യൂണിറ്റുകൾ
5. പത്രവ്യവസായ യൂണിറ്റുകൾ
6. തയ്യൽ വ്യവസായ യൂണിറ്റുകൾ
7. കോഴിവളർത്തൽ യൂണിറ്റുകൾ
8. ആട് വളർത്തൽ യൂണിറ്റുകൾ

### നിർദ്ദേശങ്ങൾ

1. അഭ്യസ്തവിദ്യരായ സ്വയം തൊഴിൽ സംരംഭകർക്ക് വായ്പാ പദ്ധതി നൽകുന്നതില നടപടിക്രമങ്ങൾ ലഘൂകരിക്കുക.
2. ദേശസാൽകൃത ബാങ്കുകൾ തൊഴിൽ സംരംഭകരോട് ഉദാരമായ സമീപനം സ്വീകരിക്കുക.
3. ചെറുകിട കച്ചവടക്കാർക്ക് വായ്പ ലഭ്യമാക്കുന്നതിന് കൂടുതൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കുക.
4. പരമ്പരാഗത കുടിൽ വ്യവസായങ്ങൾക്ക് പ്രോൽസാഹനം കൊടുക്കുക.

# ഗതാഗതം, ഊർജ്ജം

### റോഡുകൾ

ഒരു പ്രദേശത്തിന്റെ വികസനത്തിന്റെ അടിസ്ഥാനഘടകം ഗതാഗതമാണ്. നമ്മുടെ നാട്ടിൽ ഉല്പാദിക്കപ്പെടുന്ന വസ്തുക്കൾ വേണ്ടിടത്ത് എത്തിക്കുന്നതിനും നമുക്ക് ആവശ്യമുള്ളത് കൊണ്ടുവരുന്നതിനും ഗതാഗതസൗകര്യങ്ങൾ ആവശ്യമാണ്. ഗതാഗതത്തിൽ പ്രധാനമായും റോഡ്, തീവണ്ടി, ജലഗതാഗതം എന്നിവയാണ്.

### റോഡുകൾ ഊർജ്ജം

### റോഡുകൾ

കോട്ടുകാൽ പഞ്ചായത്തിൽ ഗതാഗതസൗകര്യം ഇന്നും വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടില്ല. പഞ്ചായത്തിനു കുറുകെ ഒഴുകുന്ന കോട്ടുകാൽ തോടിന് പാലം ആവശ്യമായ പല സ്ഥലങ്ങളും ഉണ്ട് ആവശ്യമായ സ്ഥലങ്ങളിൽ പാലങ്ങൾ നിർമ്മിക്കേണ്ടതാണ്. അതിന് 9-ാം പഞ്ചവത്സരപദ്ധതിയിൽ പരിഹാരം ഉണ്ടാകുമെന്ന് ജനങ്ങൾ പ്രതീക്ഷിക്കുന്ന ആയതിലേക്ക് ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ പലതാണ്.

നമ്മുടെ പഞ്ചായത്തിലൂടെ ദേശീയ പാതകളൊന്നും കടന്നുപോകുന്നില്ല. എന്നാൽ നാഷണൽ ഹൈവേ-47 ന്റെ തിരുവനന്തപുരം ബൈപാസിനുവേണ്ടി ഈ പഞ്ചായത്തിനു കുറുകെ കല്ലിട്ടിട്ടുണ്ട്. അതിന്റെ പണി ഇതുവരെ തുടങ്ങിയിട്ടില്ല. വിഴിഞ്ഞം പൂവാർ സംസ്ഥാനറോഡ് ഈ പഞ്ചായത്തിന്റെ തെക്കും ഭാഗത്തുകൂടി കടന്നുപോകുന്നു. വിഴിഞ്ഞം ബാലരാമപുരംറോഡും ഈ പഞ്ചായത്തിന്റെ പടിഞ്ഞാറ് സ്പർശിച്ച് കടന്നുപോകുന്നു. അതുപോലെ ബാലരാമപുരം, പൂവാർ റോഡ് പഞ്ചായത്തിന്റെ കിഴക്കുഭാഗത്തുകൂടി കടന്നുപോകുന്നു. ഇനിയുള്ളത് 1. ഉച്ചക്കട, പയറ്റുവിള, നെല്ലിമൂട്റോഡ്, 2. ഉച്ചക്കട, വട്ടവിള, പുണക്കുളം ചപ്പാത്ത് റോഡ്, 3. ഉച്ചക്കട, വട്ടവിളാനെട്ടത്താന്നി പുളിങ്കുടി റോഡ് 4. മരപ്പാലം, നെല്ലിമൂട് റോഡ് 5. ചവടി നട, മന്നോട്ടുകോണം, കണ്ണറ വിള റോഡ് എന്നിവ നമ്മുടെ പഞ്ചായത്തിലെ പി. ഡബ്ല്യു. ഡി. റോഡുകളാണ്.

ഈ പഞ്ചായത്തിൽ നിലവിലുള്ള പഞ്ചായത്ത് റോഡുകളുടെ എണ്ണം 91 ആണ്. ഇതിൽ 27 റോഡുകൾ ഭാഗികമായി ടാർ ചെയ്തവയും ബാക്കി 64 റോഡുകൾ വെറും മൺറോഡുകളുമാണ്. ആകെ 2600 മീറ്റർ ടാർ ചെയ്തതും 54850 മീറ്റർ മൺ റോഡുകളുമാണ്.

റോഡുകളെ സംബന്ധിച്ച് വാർഡുതലത്തിൽ ഉയർന്നുവന്നിട്ടുള്ള ആവശ്യങ്ങൾ താഴെ ചേർക്കുന്നു.

## വാർഡ് 1. പുലിവിള

### റോഡുകൾ

1. വാർഡുമേഖലയിലെ ഏകസർക്കാർ സ്ഥാപനമായ് ദേവി വിലാസം ലോവർ പ്രൈമറി സ്ക്കൂളിലേക്കുള്ള നന്നംകുഴി ദേവി വിലാസം മന്നോട്ടുകോണം റോഡ് സൈഡ് വാൾ കെട്ടി ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.
2. മന്നോട്ടുകോണം കുളത്തിൻ കര ജംഗ്ഷനിൽനിന്നും ഉച്ചക്കടയിലേക്കുള്ള റോഡ് സൈഡ് കെട്ടി ടാർ ചെയ്യണം.
3. ഉച്ചക്കട ബാലരാമപുരം റോഡിൽ നിന്നും കുഴിവിള ഹരിജൻ കോളനി വഴി മന്നോട്ടു കോണത്തേക്കുവരുന്ന റോഡ് വീതി കൂട്ടി പാലം പണിയുക.
4. ആട്ടം മൂല റോഡിൽ നിന്നും നന്നൻകുഴി കുള വറത്തലക്കുള്ള റോഡ് പാലം പണിയിച്ച് ടാർ ചെയ്യുക.
5. ആട്ടറ മൂല റോഡിൽ നിന്നും തേരിവിള വഴികുഴിവിളയിലേക്കുള്ള റോഡ് പാലം പണിയിച്ച് ടാർ ചെയ്യുക.
6. മന്നോട്ടുകോണം പയറ്റുവിള റോഡ് ടാർ ചെയ്യുക.
7. കണ്ണറവിള മന്നോട്ടുകോണം റോഡിൽ നിന്നും ആട്ടറമൂലയിലേക്കുള്ള തോട് വരമ്പുറോഡ് ടാർ ചെയ്യുക.
8. മുഞ്ഞയ്ക്കൽ ജംഗ്ഷനിൽനിന്നും ഇടപ്പള്ളിറോഡ് ടാർ ചെയ്യുക.
9. പയറ്റുവിള പാൽ സൊസൈറ്റിക്കു സമീപമുള്ള കുഴിവിള റോഡ് ചാനലിൽ പാലം കെട്ടിടാർ ചെയ്യുക.
10. അവണാകുഴിയും മംഗലത്തുകോണവുമായി ബന്ധിപ്പിക്കുന്നതിന് ആട്ടറമൂലയിൽ അടിയന്തിരമായി പാലം പൂർത്തീകരിക്കുക.
11. രാജീവ്റോഡ് വീതികൂട്ടി ടാർ ചെയ്യണം
12. പ്രിയദർശിനി റോഡ് ടാർ ചെയ്യണം.

## വാർഡ് 2 – അയംപുറം

1. പുലിയൂർക്കോണം പമ്പ്ഹൗസിൽനിന്നും തുടങ്ങുന്ന റോഡ്, പുത്തളം ഗോവിന്ദവിലാസം മരുതൂർക്കോണം റോഡുവരെ സൈഡുകെട്ടി തോട്ടിൽ പാലം പണിയുകയും ടാർ ചെയ്യുകയും വേണം.
2. മരുതൂർക്കോണം ഗോവിന്ദവിലാസം റോഡിന്റെ രണ്ടുവശങ്ങളിലും ആവശ്യമുള്ള സ്ഥലങ്ങളിൽ ഓട നിർമ്മിക്കണം.
3. മരുതൂർക്കോണം വി.റ്റി. എം. എച്ച്. എസ്സിനു എതിർഭാഗത്തുള്ള പഞ്ചായത്തു സ്റ്റേഡിയത്തിന്റെ സൈഡിലൂടെ

പമ്പ് ഹൗസ് പുത്തളം റോഡിൽ ചെന്നുചേരുന്ന രണ്ടുവശങ്ങളിലും ആവശ്യമുള്ള ഭാഗങ്ങളിൽ സൈഡ് കെട്ടുക.

4. ഇന്ദിരാജി നഗർ റോഡ് ടാർ ചെയ്ത് സൈഡ് കെട്ടണം.
5. മുരിയതോട്ടം ഇടപ്പള്ളി ബണ്ടുറോഡ് സൈഡു കെട്ടി ടാർ ചെയ്യണം.
6. പുത്തളം പാലം മുതൽ കൊല്ലകോണം പാലം വരെയുള്ള വലിയ തോടിന്റെ പടിഞ്ഞാറെ ബണ്ട് കെട്ടി ഇടുവറപാലം വരെ ടാർ ചെയ്യുക.
7. ഉച്ചക്കട നെല്ലിമൂട് റോഡിൽ ഗോവിന്ദവിലാസം റോഡ് ആരംഭിക്കുന്ന സ്ഥലം മുതൽ മുരിയതോട്ടം ഏലാവരെ റോഡിന്റെ ഇരുവശവും ഓട നിർമ്മിക്കുക.
8. പയറ്റുവിള– പൂള്ളിനടറോഡിൽ ഓട നിർമ്മിക്കുകയും റീ–ടാർ ചെയ്യുകയും ചെയ്യുക.

## വാർഡ് III പയറ്റുവിള.

1. പുന്നക്കുളം പൂലിയൂർക്കോണം പമ്പ്ഹൗസ് റോഡ്സൈഡ് വാൾകെട്ടി ടാർ ചെയ്യുക.
2. പുത്തളം പൂലിയൂർക്കോണം ഹരിജൻ കോളനി വഴിപോകുന്ന റോഡ് അടിയന്തിരമായി ടാർ ചെയ്യണം.
3. പയറ്റുവിള, പൊറ്റയിൽ ലക്ഷംവീട് റോഡ് ടാർ ചെയ്യുക. ഇതിന്റെ ചാനൽ ക്രാസിൽ ഒരു പാലം കെട്ടുക.
4. കാമരാജ് റോഡിൽ ഒരു പാലം കെട്ടി ടാർ ചെയ്യുക.
5. ഉച്ചക്കട കുഴിയംവിള റോഡ്സൈഡ് വാൾകെട്ടി മെയിന്റനൻസ് ചെയ്യുക.
6. മിഡ്വൈഫറിമാവുനിന്ന റോഡ് സൈഡ്വാൾകെട്ടി ലെവൽ ചെയ്യണം. ചാനൽ വരുന്ന സ്ഥലത്ത് ഒരു പാലം നിർമ്മിക്കണം.
7. പൂവ്വാർ, വിഴിഞ്ഞം, നെയ്യാറ്റിൻകര, പാപ്പനംകോട് എന്നിവിടങ്ങളിൽനിന്ന് ഓടിക്കൊണ്ടിരിക്കുന്ന സർവ്വീസുകൾ പുനഃസ്ഥാപിക്കണം.
8. പയറ്റുവിള, പാപ്പനംകോട് ഡിപ്പോയിൽനിന്ന് ഒരു സ്റ്റേബസ് വരുന്നതിന് പരിഗണിക്കണം.
9. പയറ്റുവിളമാവുനിന്നകുഴിറോഡ് വികസിപ്പിക്കണം.
10. പയറ്റുവിള പൂലിയൂർക്കോണം അംബേദക്കർ റോഡ് മെറ്റൽ ചെയ്യണം.

## വാർഡ് 4 മരുതൂർക്കോണം

1. പുന്നവിള ഈ ഭാഗത്തുനിന്നും പഞ്ചായത്ത് കിണറുവഴി പുന്നക്കുളത്തുപോകുന്ന ഒരു റോഡുസ്ഥാപിക്കണം.
2. വട്ടവിളയിൽനിന്ന് പുന്നക്കുളം വരെയുള്ള ഭാഗം റോഡ് വീതികൂട്ടുരണ്ടു വശത്തും ഓടകൾ കെട്ടിവിപുലമാക്കണം.
3. ചാലത്തോട്ടം മരുതൂർക്കോണം ക്ഷേത്രത്തിലേക്ക് പോകുന്ന റോഡ് വീതികൂട്ടി ടാർ ചെയ്യുകയും താഴ്ന്ന ഭാഗത്ത് പാലം കെട്ടി മരുതൂർക്കോണം റോഡുമായി ബന്ധിപ്പിക്കണം.
4. വട്ടവിള, ഗാന്ധിസ്മാരകറോഡ് ചാനൽ ബണ്ടു വഴി ചാലത്തട്ടം ബാലവാടിറോഡുമായി ബന്ധിപ്പിക്കുകയും. ദർഭവിളവഴി മരുതൂർക്കോണം ക്ഷേത്രത്തിലെത്തിക്കണം.
5. വട്ടവിള, മരുതൂർക്കോണം റോഡ് ഇരുവശത്തും ഓടകെട്ടി റീ–ടാർ ചെയ്യണം.
6. പുന്നവിള കോട്ടുകാൽ എച്ച്. എസ്. റോഡിൽ ഇലഞ്ഞിക്കുന്ന് ഭാഗം മുതൽ തെക്കേ കോളനിവരെയുള്ള റോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കണം.
7. പുന്നവിള കോട്ടുകാൽ പഞ്ചായത്ത് ഓഫീസ് റോഡ്വീതികൂട്ടി ടാർ ചെയ്യണം.
8. ചാലത്തോട്ടം മുതൽ ചാനൽബണ്ട് കല്ലുവിള കോട്ടുകാൽ ഹൈസ്കൂൾ വരെയുള്ള വഴി റോഡാക്കി ടാർ ചെയ്യണം.
9. മരുതൂർക്കോണം പഞ്ചായത്ത് സ്റ്റേഡിയത്തിൽ നിന്ന് താഴോട്ടുപോകുന്നറോഡിൽ ക്രോസ്‌വാൾ കെട്ടണം.
10. പുന്നവിള, മരുതൂർക്കോണം വി.റ്റി. എം. എച്ച്. എസ്സിലേക്ക് പോകുന്ന ഞെട്ടിപ്പാലം റോഡ് വീതികൂട്ടുക.

## വാർഡ് 5. പുന്നക്കുളം

1. നെട്ടത്താന്നി മുതൽ കോട്ടുകാൽ ഗവഃ ആശുപത്രിവരെയുള്ള റോഡ് ചാനൽ പാലം കെട്ടി ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.
2. വളവുനട കലാസമിതിയുടെ മുന്നിൽനിന്ന് പുതുതായി റോഡ് നിർമ്മിച്ച് ചൊവ്വരറോഡുമായി ബന്ധിപ്പിക്കണം.
3. വളവുനട തെക്കേക്കോണം റോഡ് അടിയന്തിരമായി ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.
4. പയറും മൂട്ടിൽ ഇന്നുള്ള പൊതുവഴിയിൽ നിന്ന് അയണിക്കൂറ്റി, ചീനിവിള, മുള്ളുകാട് വഴി മലമേൽക്കുന്ന് ഗവഃ ആശുപത്രിയിൽ അവസാനിക്കുന്ന ഒരു റോഡ് നിർമ്മിക്കണം.
5. അക്കരവീട്ടുനടയിൽനിന്നുള്ള പൂളിങ്കുടിവാട്ടർ സപ്ളൈസ്കീമിലെ റോഡ് മെറ്റൽ ചെയ്യണം.
6. നെട്ടത്താന്നിയിൽ നിന്ന് മലമേൽക്കുന്നുവരെയുള്ള റോഡിന്റെ സൈഡ് വാൾകെട്ടണം.
7. പുന്നക്കുളം–കോളനി റോഡ് റീ ടാർ ചെയ്യണം

## വാർഡ് –6 . . പൂളിങ്കുടി

1. അടിമലത്തുറ റോഡ് ടാർ ചെയ്യണം
2. ചൊവ്വര, വേലന്റെവിള റോഡ് ടാർ ചെയ്യണം.
3. ചൊവ്വര ഹരിജൻ റോഡ് ടാർ ചെയ്യുകയും കോളനിറോഡ് എന്ന ബോർഡ് സ്ഥാപിക്കുകയും ചെയ്യണം.
4. പൂളങ്കുടി പുന്നവിള ചരിവിളറോഡ് രജിസ്റ്ററിൽ ഉൾപ്പെടുത്തി ടാർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം.
5. വലിയവിള തെക്കേക്കോണം റോഡ് സൈഡ്വാൾകെട്ടി ടാർ ചെയ്യുക.
6. ചൊവ്വര ന്യൂഹരിജൻ കോളനിറോഡ് ടാർ ചെയ്ത് അടിമലത്തുറ റോഡുമായി ബന്ധിപ്പിക്കുക.
7. തെക്കേക്കോണം ലക്ഷംവീട് കോളനി റോഡ് വീതികൂട്ടി

ചരിവിളറോഡുമായി ബന്ധിപ്പിക്കണം.

8. ചൊവ്വരകാവുനട റോഡ്, വളവുനടറോഡുമായി ബന്ധിപ്പിക്കണം.

9. പഞ്ചായത്തു വക ആവണങ്ങപ്പാററോഡ് തുറന്ന് നാട്ടുകാർക്ക് ബീച്ചിലേക്ക് പോകുന്നതിനുള്ള നടപടി സ്വീകരിക്കുക.

10. ചൊവ്വര അടിമലത്തുറ പടിക്കെട്ട് വീതികൂട്ടണം.

## വാർഡ്–7. ചൊവ്വര

1. നെയ്യാർ ഇറിഗേഷൻ പ്രോജക്റ്റിന്റെ കീഴിലുള്ള ചൊവ്വര ബ്രാഞ്ച് ചാനൽ ബണ്ടു വീതികൂട്ടി എടുത്താൽ ഗ്രാമമധ്യത്തിലൂടെ പൊതുജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ റോഡ് നിർമ്മിച്ചെടുക്കാൻ വേണ്ട അടിയന്തിരനടപടി സ്വീകരിക്കണം.

2. പുതുതായി വെട്ടിയ ചപ്പാത്ത് ചൊവ്വരക്ഷേത്രം ബൈറോഡ് വീതികൂട്ടി മെറ്റൽ ചെയ്ത് ഗതാഗതയോഗ്യമാക്കണം. ആ റോഡിൽ ചാനലിന് കുറുകെയുള്ള പാലം പുതുക്കി പണിയുകയും വേണം.

3. വാർഡുകളിൽ പല വീടുകളിലേക്കുമുള്ള വഴി സ്വകാര്യവ്യക്തികൾ കൈയ്യടക്കിവച്ചിരിക്കുന്നത് മാറ്റി പൊതുവഴി ലഭ്യമാക്കേണ്ടതാണ്.

## വാർഡ്–8. അടിമലത്തുറ

1) അടിമലത്തുറ പാലം മുതൽ അമലോത്ഭവമാത ദേവാലയം വരെ രണ്ടുവശവും സൈഡ്‌വാൾകെട്ടി റോഡ് നിരത്തി മഴവെള്ളം കായലിൽ ഒഴുക്കിവിടാനുള്ള നടപടി സ്വീകരിക്കണം.

2. സൗകര്യപ്രദമായ രീതിയിൽ പ്രസ്തുത വാർഡിൽ ബസ് സർവ്വീസ് നടത്തണം.

3. ഒമ്പത് അപ്റോച് റോഡുകൾ ടാർ ചെയ്യുക

## വാർഡ്– 9. മൂലക്കര

1. മൂലക്കര ഹരിജൻസെറ്റിൽമെന്റ് റോഡ് (2) കാവുവിളാകം റോഡ് (3) മഞ്ചാംകുഴി പുത്തൻവീട് എ. കെ. ജി. റോഡ് എന്നീ റോഡുകൾ നിലവിലുണ്ട്. ഈ റോഡുകൾ ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

4. കോട്ടുകാൽതോടുവരെ എത്തിനിൽക്കുന്ന എ. കെ. ജി. റോഡിൽ ഗാന്ധിപുരം തോടിന് കുറുകെപാലം നിർമ്മിച്ച് പൊതുജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കണം.

5. മൂലക്കര പമ്പ് ഹൗസിൽനിന്നും മുകളിലോട്ട് ധാരാളം ആളുകൾ സഞ്ചരിക്കുന്ന ഒരു വഴിയുണ്ട്. കീഴ്ക്കാം തൂക്കായി കിടക്കുന്ന ഈ വഴി അപകടം പിടിച്ചതാണ്. ഈ വഴിസഞ്ചാര യോഗ്യമാക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കണം.

## വാർഡ്–10. കുഴിവിള

1) വേങ്ങപ്പൊറ്റ ശ്രീനാരായണപുരം റോഡ് സൈഡ് വാൾ കെട്ടി ടാർ ചെയ്യണം.

2) ശ്രീനാരായണപുരം തെങ്കവിളറോഡും സൈഡ് വാൾകെട്ടി ടാർ ചെയ്യണം.

3. ഇറത്തിക്കര, കുഴിവിളക്കോണം ഹരിജൻ റോഡിൽ ഇറത്തിക്കരയിൽ പാലം കെട്ടി റോഡ് ടാർ ചെയ്യണം.

4. മഞ്ചാംകുഴി ഗാന്ധിപുരം റോഡും കോട്ടുകാൽ വലിയ തോട്ടിൽ പാലവും നിർമ്മിച്ച് ടാർ ചെയ്യുക.

5. വാറുവിള ചാനൽ ബണ്ടുമുക്കം പാലവിളറോഡ് സൈഡ് വാൾ കെട്ടി ടാർ ചെയ്യുക.

6. വേങ്ങപ്പൊറ്റ ട്രാൻസ്ഫോർമർജംഗ്ക്ഷൻമുതൽ ആനക്കല്ല് വരെയുള്ള പൊതുവഴി റോഡാക്കി മാറ്റുക.

7. ആശാൻ വിള മരുതു നിന്ന റോഡ്, വേങ്ങപ്പൊറ്റമാവിള റോഡുമായി ബന്ധിപ്പിക്കുകയും സൈഡ്‌വാൾ കെട്ടി ടാർ ചെയ്യുകയും വേണം.

8. വാറുവിള രാജീവ് നഗർ റോഡ് സൈഡ് വാൾ കെട്ടി പുനരുദ്ധാരണം ചെയ്യുക.

9. വാറുവിള ജംഗ്ഷനിൽനിന്ന് ചാനൽ ബണ്ട്റോഡ്, കുഴിവിളക്കോണം ഇറത്തിക്കരറോഡുമായി ബന്ധിപ്പിക്കുക.

10. മഞ്ചാംകുഴി ഗാന്ധിപുരം റോഡിന് വിത്തറുത്താൻവിള തെങ്കവിള റോഡുമായി ബന്ധിപ്പിക്കുകയും സൈഡ് വാൾ കെട്ടി ടാർ ചെയ്യുകയും ചെയ്യുക.

11. കുഴിവിളക്കോണം ഇന്ദിരാജി റോഡ്സൈഡ് വാൾകെട്ടി റീ–ടാർ ചെയ്യുക.

12. ഗാന്ധിപുരം ആർട്ട് സ്പോർട്ട് ക്ലബ്ബ് ജംഗ്ഷൻ മുതൽ ചാനൽ ബണ്ടു റോഡ് മാങ്കൂട്ടം വരെ വികസിപ്പിച്ചു ടാർ ചെയ്യുക.

## വാർഡ് 11 കൊല്ലകോണം

1. പുത്തളം സ്ക്കൂളുമായി ബന്ധപ്പെടുത്തുന്ന നെല്ലിമൂട് റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

2. എസ്. എൻ റോഡും, ഇടത്തേക്കോണം റോഡും ടാർ ചെയ്യണം.

3. കുഴിവിള ഹരിജൻ സെറ്റിൽമെന്റ് കോളനി റോഡ് ടാർ ചെയ്യണം, മുക്കം പാലവിള റോഡ് ടാർ ചെയ്യണം.

4. തേരിവിള റോഡ്, മണ്ണുകല്ല് പൊറ്റവിള റോഡ്, പറയൻ കണ്ടം റോഡ്, പുത്തളം, കൊല്ലകോണം റോഡ് എന്നിവ ടാർ ചെയ്യണം.

5. പുത്തൻ വിള ചാനൽ ബണ്ട് വരമ്പ് റോഡ് ടാർ ചെയ്യണം.

6. വാലൻവിള തോട്ടിൻ കര റോഡ് ടാർ ചെയ്യണം

7. നെല്ലിമൂട് പടിഞ്ഞാറെ ജംഗ്ഷനിൽനിന്നും വടക്കോട്ട് കുറത്തിമുക്കുവരെ

## വാർഡ് 12 അവണാകുഴി

1. അവണാകുഴി ആട്ടറമൂലറോഡ് വീതി കൂട്ടി ടാർ ചെയ്ത് ആട്ടറമൂലയിൽ ഒരു പാലം കെട്ടി ഗതാഗതയോഗ്യമാക്കുക.

2. താന്നിമൂട് ശ്രീദേവി ക്ഷേത്രത്തിനു പടിഞ്ഞാറുഭാഗത്തുകൂടി അവണാകുഴി ആട്ടറമൂലയിൽ ബന്ധിക്കുന്ന റോഡ് പൂർത്തീകരിക്കുക.

3. പെരിങ്ങോട്ടുകോണം, മാർത്താണ്ഡംകുളം റോഡ് പണി പൂർത്തീകരിക്കുക.

4. അവണാകുഴി ജംഗ്ഷനിൽ നിന്നും സർവ്വീസ് സഹകരണ ബാങ്കിനു പടിഞ്ഞാറുഭാഗത്തു താമസിക്കുന്ന ആളുകൾക്ക് നടന്നുപോകാൻ ഒരു നടപ്പാത നിർമ്മിക്കുക.

5. കോഴോട് മണ്ണാംകുളം ഭാഗത്ത് ഒരു പുതിയ റോഡ് നിർമ്മിക്കണം.

6. സത്യൻറോഡിൽ ആലംകുഴി ചാപ്പനംകോണം ആട്ടറമൂല റോഡ് പണിപൂർത്തീകരിക്കുക.

7. പെരിങ്ങോട്ടു കോണം, മാർത്താണ്ഡം കുളം റോഡിൽനിന്നും തുടങ്ങുന്ന പൊറ്റയിൽ ചില്ലരിക്കോട്കിഴക്കും, കുഞ്ചു കോണം റോഡുപൂർത്തിയാക്കി ടാർ ചെയ്യുക.

8. സത്യൻറോഡിൽനിന്ന് ആരംഭിക്കുന്ന ചില്ലരിയോട് കണ്ണറക്കോണം ആട്ടറമൂല റോഡിൽ ചാനൽപാലം നിർമ്മിച്ച് ടാർ ചെയ്യുക.

9. സത്യൻ റോഡിൽ നിന്നും തുടങ്ങി പൂവാർ വെസ്റ്റ് ചാനൽ ബണ്ടിൽകൂടെ മണ്ണക്കല്ല് റോഡിലെത്തുന്ന ഭാഗം സൈഡ് കെട്ടി ഗതാഗതയോഗ്യമാക്കുക.

10. സത്യൻറോഡിൽ നിന്നും ആലുനിന്ന കുഴിവഴി പൂവണ്ണ മണ്ണക്കല്ല് ഇട്ടപ്പറയിൽ എത്തിച്ചേരുന്ന റോഡ് സൈഡ്വാൾ കെട്ടി ഗതായോഗ്യമാക്കുക.

11. മണ്ണക്കല്ല് ലക്ഷംവീട് കോളനിറോഡ് സൈഡ്വാൾ കെട്ടി ഗതാഗതായോഗ്യമാക്കുക.

12. അവണാകുഴി കലുങ്കൽ-ഒപരുങ്ങോട്ട്കോണം ഇലവൻകുഴി ക്ഷേത്രം റോഡ് നന്നാക്കുക.

13. ആട്ടറമൂല സത്യൻറോഡ് ടാർ ചെയ്യുക.

14. ആട്ടറമൂല പാലം പണിയുക.

## ഊർജ്ജം

കോട്ടുകാൽ പഞ്ചായത്തിൽ വൈദ്യുതി ആഫീസ് നിലവിൽ വന്നത് 1991-ൽ ആണ്. പരാതികൾ അറിയുക, പരാതികൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുക, ഇലക്ട്രിസിറ്റി ചാർജ്ജ് സ്വീകരിക്കുക, പുതിയ കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നിവയാണ് ഈ ആഫീസിന്റെ പ്രവൃത്തനശൈലി. ഈ ഓഫീസിൽ പത്ത് ജീവനക്കാരുണ്ട്. പത്തുപേരും പുരുഷൻമാരാണ്.

ഉച്ചക്കട സബ് എഞ്ചിനീയറിംഗ് ഓഫീസിന്റെ പരിധിയിൽ അയ്യായിരത്തോളം (5000) കൺസ്യൂമറും, അഞ്ഞൂറ്റി ഇരുപതോളം (520) തെരുവുവിളക്കുകളും ഉണ്ട്. അതിനാൽ അടിയന്തിരമായി ഈ ഓഫീസിനെ സെക്ഷൻ ഓഫീസാക്കാനുള്ള നടപടി സ്വീകരിക്കണം.

കാഞ്ഞിരംകുളം ഇലക്ട്രക്കൽ സെക്ഷൻ ഓഫീസിനെ മേജർ സെക്ഷൻ ഓഫീസായി ഉയർത്താനുള്ള നടപടി സ്വീകരിക്കണം. സിംഗിൾ ഫെയ്സുള്ള ലെയിനുകളെ ത്രീ ഫെയ്സ് ലെയിനുകളാക്കി ഉയർത്തുകയും ഇടയ്ക്ക് ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.

കോട്ടുകാൽ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കാഞ്ഞിരംകുളം വൈദ്യുത സെക്ഷന്റെ കീഴിലാണ് കറണ്ട് ഫീസ് അടയ്ക്കുന്നത്. അതിനാൽ ഇവിടത്തെ ജനങ്ങൾക്കു പ്രയോജനപ്രദമായ രീതിയിൽ കറണ്ട് ചാർജ്ജ് അടയ്ക്കാനുള്ള ഒരു ഓവർസിയർ ഓഫീസ് പഞ്ചായത്ത് വക സ്ഥലമായ 5-ാം വാർഡിൽ നിർമ്മിക്കണം.

വളരെയധികം ജനസാന്ദ്രതകൂടിയ ഈ പഞ്ചായത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതായി കേൾക്കുന്ന താപ വൈദ്യുത നിലയം ഇവിടെനിന്നും ജനസാന്ദ്രത കുറഞ്ഞ മറ്റേതെങ്കിലും പ്രദേശത്തിലേക്ക് മാറ്റണം.

## പ്രശ്നങ്ങളും നിർദ്ദേശങ്ങളും

### വാർഡ് 1. പുലിവിള

1. വാർഡ് മേഖലയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.

2. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനങ്ങളുടെ വീടുകൾ വൈദ്യുതീകരിക്കുന്നതിന് സൗജന്യസഹായം ചെയ്യുക.

3. വാർഡ് മേഖലയിലെ ഹരിജൻ കോളനികളിലും പ്രധാന സ്ഥലങ്ങളിലും തെരുവുവിളക്കുകൾ സ്ഥാപിക്കുക.

### വാർഡ് 2. അയംപുറം

1. ഉച്ചക്കട നെല്ലിമൂട് റോഡിൽ മുരിയതോട്ടം മുതൽ കോട്ടുകാൽ വലിയതോടുവരെയുള്ള സ്ഥലങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക.

2. പുലിയൂർക്കോണം പമ്പ് ഹൗസ് പുത്തളം പാലംവരെയുള്ള റോഡിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക.

3. ഈ വാർഡിൽ വരുന്ന മുഴുവൻ റോഡുകളിലും തെരുവുവിളക്കുകൾ സ്ഥാപിക്കണം.

### വാർഡ് 3. പയറ്റുവിള

1. പയറ്റുവിളയിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.

2. താഴ്ന്ന വരുമാനക്കാർക്ക് സൗജന്യമായി വീട് വൈദ്യുതീകരിക്കുന്നതിന് വേണ്ട ധനസഹായം കൊടുക്കണം.

3. പുത്തളം പുലിയൂർക്കോണം പമ്പ്ഹൗസ് റോഡിൽ ഇലക്ട്രിക്ക് പോസ്റ്റുകൾ നിറുത്തി ഇലക്ട്രിക് ലൈറ്റുകൾ സ്ഥാപിക്കുക.

### വാർഡ് 4. മരുതൂർകോണം

1. പുന്നവിളയിൽ നിന്ന് കോട്ടുകാൽ ഹൈസ്ക്കൂളിലേക്കുള്ള റോഡിൽ തെരുവുവിളക്കുകൾ സ്ഥാപിക്കണം.

2. ചാലത്തോട്ടം, മരുതൂർക്കോണം ക്ഷേത്രത്തിൽപോകുന്ന റോഡിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക.

3. പഞ്ചായത്ത് ഓഫീസിൽ നിന്ന് പുന്നവിളയിലേക്ക് പോ

കുന്ന ഇടവഴി റോഡിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുക.

4. പുന്നവിള വാഴുതട്ട് ഭാഗത്ത് തെരുവുവിളക്കുകൾ സ്ഥാപിക്കുക.

5. ബി. എം/15/1, പി എൻ 1/1; കെ.കെ. 8/13 ഈ പോസ്റ്റു കളിൽ അടിയന്തിരമായി ട്യൂബ് സ്ഥാപിക്കണം.

6. പുന്നക്കുളം ജംഗ്ഷനിൽ ഒരു പേപ്പർ ലാംബ് സ്ഥാപിക്കണം.

## വാർഡ് 5 പുന്നക്കുളം

1. കാഞ്ഞിരംകുളം വൈദ്യുതസെക്ഷന്റെ കീഴിൽ നെട്ടത്താന്നി യിൽ ഒരു ഓവർസിയർ ഓഫീസ് സ്ഥാപിക്കണം.

2. വാർഡിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.

3. വളവുനട ജംഗ്ഷനിലും, ഇടവിള കോളനി നടയിലും ട്യൂബ് ലൈറ്റ് സ്ഥാപിക്കണം.

4. നെട്ടത്താന്നി ജംഗ്ഷനിൽ ഒരു പേപ്പർ ലാംബ് സ്ഥാപിക്കണം.

5. പാവപ്പെട്ട വീടുകൾ വൈദ്യുതീകരിക്കുന്നതിന് ധനസഹായം നൽകണം.

6. വാർഡു മേഖലയിലെ മുഴുവൻ റോഡുകളിലും തെരുവു വിളക്കുകൾ സ്ഥാപിക്കണം.

## വാർഡ് 6 പുളിങ്കുടി

1. പുളിങ്കുടി, പുന്നവിള റോഡ് വൈദ്യുതീകരിക്കണം.

2. വലിയവിളതെക്കേക്കോണം റോഡ് വൈദ്യുതീകരിക്കുക.

3. ആഴിമലറോഡിൽ ട്യൂബ് ലൈറ്റുകൾ ഘടിപ്പിക്കുക.

4. വലിയ വിള ജംഗ്ഷൻ, തെക്കേക്കോണം കോളനി ആഴിമല ജംഗ്ഷൻ, ചൊവ്വര ജംഗ്ഷൻ, കാവുനട കോളനി, ഹരിജൻ കോളനി എന്നിവിടങ്ങളിൽ ഫുൾലൈറ്റ് ലാംബ് സ്ഥാപിക്കുക.

## വാർഡ് 7 ചൊവ്വര

1. വൈദ്യുതചാർജ്ജ് അടയ്ക്കാൻ ഒരു സബ്സെന്റർ ചപ്പാത്തിൽ അനുവദിക്കണം. കോട്ടുകാൽ പഞ്ചായത്തിന്റെ കീഴിലുള്ള ബാലമ്മാമെമ്മോറിയൽ സാംസ്ക്കാരിക നിലയത്തിന്റെ ഒരു മുറി ഇതിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്.

2. ചൊവ്വര, കോളനികളുടെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ചൊവ്വര ജംഗ്ഷനിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

3. പുതുതായി വെട്ടിയ ചപ്പാത്ത്, ചൊവ്വര ക്ഷേത്രം ബൈ റോഡിൽ തെരുവുവിളക്കുകൾ സ്ഥാപിക്കണം.

4. വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകൾ വൈദ്യുതീകരിക്കുന്നതിനുള്ള സൗകര്യങ്ങൾ സമ്പത്തികമായും ചെയ്തുകൊടുക്കണം.

## വാർഡ് 8 അടിമലത്തുറ

1. കുരിശടി മുതൽ പാലംവരെ കടപ്പുറത്തുകൂടി ലെയിൻ വലിക്കുകയും ഒപ്പം അപ്റോച്ച്റോഡിൽ ലെയിൻ വലിക്കുകയും വൈദ്യുതി കണക്ഷൻ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി നൽകുകയും വേണം.

2. വാർഡിലെ ഉള്ള പോസ്റ്റുകളിൽ ബൾബുകൾക്കുപകരം ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക.

## വാർഡ് 9 മൂലക്കര

1. മൂലക്കര ഹരിജൻ സെറ്റിൽമെന്റ് റോഡ് കാവുവിളാകംറോഡ്, മഞ്ചാംകുഴി പുത്തൻവീട് A.K.G. റോഡ് എന്നിവിടങ്ങളിൽ വൈദ്യുതിലെയിൻ നീട്ടി തെരുവുവിളക്കുകൾ സ്ഥാപിക്കുക്കണം.

2. എല്ലാ വീടുകളും വൈദ്യുതീകരിക്കുന്നതിനും, വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള മുൻഗണന പ്രസ്തുത വാർഡിൽ കൊടുക്കണം.

## വാർഡ് 10 കുഴിവിള

1. കുഴിവിള വാർഡിൽ പറഞ്ഞിരിക്കുന്ന പന്ത്രണ്ടു റോഡുകളിലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

2. വൈദ്യുതീകരിക്കാത്ത ദുർബല വിഭാഗത്തിൽപ്പെട്ട വീടുകൾക്ക് സൗജന്യമായി വൈദ്യുതീകരിച്ചു കൊടുക്കുക.

3. തെങ്കവിള റോഡ്, ശ്രീ നാരായണപുരംറോഡ് എന്നിവിടങ്ങളിൽ ത്രീ ഫെയ്സ് ലെയിൻ വലിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

4. കാഞ്ഞിരംകുളം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ കീഴിൽ വേങ്ങപ്പൊറ്റ കേന്ദ്രീകരച്ച് ഒരു ഇലക്ട്രിക്കൽ ഓവർസിയർ ഓഫീസ് സ്ഥാപിക്കുന്നതിനുള്ള കെട്ടിടം വാടകയില്ലാതെ നൽകുവാൻ ഗ്രാമവാസികൾ തയ്യാറാണ്.

## വാർഡ് 11 കൊല്ലകോണം

1. കൊല്ലകോണം വാർഡിലെ വൈദ്യുതീകരിക്കാത്ത വീടുകളിൽ വൈദ്യുതി എത്തിക്കണം.

2. തേരിവിള റോഡ് വൈദ്യുതീകരിക്കണം.

3. കൊല്ലകോണം വാർഡിലെ മുഴുവൻ റോഡുകളിലും തെരുവു വിളക്കുകൾ സ്ഥാപിക്കണം.

## വാർഡ് 12 അവണാകുഴി

1. അവണാകുഴി വാർഡിലെ മുഴുവൻ റോഡുകളിലും തെരുവുവിളക്കുകൾ സ്ഥാപിക്കുക.

2. അവണാകുഴി വാർഡിലെ വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകൾ വൈദ്യുതീകരിക്കാനുള്ള നടപടി സ്വീകരിക്കണം.

3. ഈ വാർഡിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി കുഞ്ചുകോണം, അവണാകുഴി, ആലുനിന്നകുഴി, മണ്ണക്കല്ല് എന്നീ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

## നിർദ്ദിഷ്ട കോട്ടുകാൽ താപവൈദ്യുത നിലയം

വിഴിഞ്ഞം ഹാർബറിനോട് അനുബന്ധിച്ച് കോട്ടുകാൽ പഞ്ചായത്തിൽ സ്ഥാപിക്കുവാൻ ഉദ്ദേശിച്ച നാഫ്ത ഉപയോഗിച്ചുള്ള താപവൈദ്യുതി നിലയം ഈ പഞ്ചായത്തിൽനിന്ന് മാറ്റി സ്ഥാപിക്കണമെന്നാണ് പഞ്ചായത്ത് കമ്മറ്റിയുടെ പൊതുജനങ്ങളുടെയും അഭിപ്രായം.

## കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള റോഡുകളുടെ എണ്ണവും, റോഡിന്റെ നിലവാരവും

| വാർഡ് നമ്പർ | വാർഡിന്റെ പേര് | റോഡിന്റെ പേര് | സൈഡ്‌വാൾ& എർത്ത്‌വർക്ക് | മെറ്റൽ ചെയ്യവ മെറ്റൽ ചെയ്യാത്തവ | ടാർ ചെയ്യവ ടാർ ചെയ്യാത്തവ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | പുലിവിള | 1. നന്നംകുഴി ദേവീവിലാസം മന്നോട്ടുകോണം റോഡ്<br>2. മന്നോട്ടുകോണം,കുളത്തിൻകരജംഗ്ഷൻ നിന്നും ഉച്ചക്കടയിലേക്കുള്ള റോഡ്<br>3. കുഴിവിള ഹരിജൻകോളനി മുതൽ മന്നോട്ടുകോണം റോഡ്<br>4. ആട്ടറമൂല, കുളവറത്തല റോഡ്<br>5. തേരിവിളകുഴിവിള റോഡ്<br>6. മന്നോട്ടുകോണം പയറ്റുവിളറോഡ്<br>7 കണ്ണറവിള, മന്നോട്ടുകോണം റോഡിൽ നിന്നും ആട്ടറമൂലയിലേക്കുള്ള തോട് വരമ്പ് റോഡ്<br>8 മുഞ്ഞയ്ക്കൽ, ഇടപ്പുള്ളി റോഡ്<br>9 പയറ്റുവിള പാൽ സൊസൈറ്റിക്ക് സമീപമുള്ള റോഡ്<br>10 അവണാകുഴിയും മംഗലത്ത്കോണവുമായി ബന്ധിപ്പിക്കുന്ന ആട്ടറമൂലയിൽ പാലം പണിയുക | ഈറോഡുകൾക്ക് എർത്ത്‌വർക്കും ആവശ്യമാണ് | മെറ്റിൽചെയ്ത റോഡുകൾ റീ മെറ്റൽ ചെയ്യുകയും മെറ്റൽ ചെയ്യാത്ത റോഡ് മെറ്റൽ ചെയ്യുകയുംവേണം | ടാർ ചെയ്ത റോഡുകൾ റീടാർചെയ്യുകയും ടാർ ചെയ്യാത്തവ ടാർ ചെയ്യുകയുംവേണം. | |
| 2 | അയംപുറം | 1 പുലിയൂർക്കോണം പമ്പ്ഹൗസ് പുത്തളം, ഗോവിന്ദവിലാസം റോഡ്<br>2 മരുതൂർകോണം, ഗോവിന്ദവിലാസം റോഡ്<br>3 മരുതൂർക്കോണം പി. റ്റി എം സ്കൂൾ സ്റ്റേഡിയും മുതൽ പമ്പ് ഹൗസ പുത്തളം റോഡ്<br>4. ഇന്ദിരാജിനഗർ റോഡ്<br>5. മുരിയത്തോട്ടം, ഇടപ്പുള്ളി ബണ്ട്റോഡ്<br>6 പുത്തളംപാലം മുതൽകൊല്ലക്കോണം വരെയുള്ള ബണ്ട്റോഡ്<br>7 ഗോവിന്ദവിലാസം റോഡ് ആരംഭിക്കുന്ന സ്ഥലംമുതൽ മുര്യാത്തോട്ടംവരെയുള്ള റോഡ്<br>8. പയറ്റുവിള പുള്ളിനട റോഡ് | " " | " " | " " | |

| വാർഡ് നമ്പർ | വാർഡിന്റെ പേര് | റോഡിന്റെ പേര് | സൈഡ്‌വാൾ& എർത്ത്‌വർക്ക് | മെറ്റൽ ചെയ്തവ മെറ്റൽ ചെയ്യാത്തവ | ടാർ ചെയ്തവ ടാർ ചെയ്യാത്തവ | റിമാർക്സ് |
|---|---|---|---|---|---|---|
| 3 | പയറ്റുവിള | 1. പുത്തളം, പുലിയൂർക്കോണം പമ്പ്ഹൗസ് റോഡ്<br>2. പുത്തളം പുലിയൂർക്കോണം ഹരിജൻ കോളനി റോഡ്<br>3. പയറ്റുവിള, പൊറ്റവിള ലക്ഷംവീട് റോഡ്<br>4. കാമരാജ് റോഡ്<br>5. ഉച്ചക്കട, കുഴിയാംവിള റോഡ്<br>6. മിഡ്‌വൈഫറി മാവ് നിന്നറോഡ്<br>7 പയറ്റുവിള മാവുനിന്നകുഴി റോഡ്<br>8 പയറ്റുവിള പുലിയൂർക്കോണം അംബേദ്കർ റോഡ് | " " | " " | " " | " " |
| 4 | മരുതൂർക്കോണം | 1. ചാലത്തോട്ടം മരുതൂർക്കോണം ക്ഷേത്രറോഡ്<br>2 വട്ടവിള ഗാന്ധിസ്മാരക റോഡ്<br>3. ചാനൽ ബണ്ട്‌വഴി ചാലത്തോട്ടം ബാലവാടി റോഡ്<br>4 പുന്നവിള, കോട്ടുകാൽ എച്ച് എസ് റോഡ്<br>5. ഇലഞ്ഞിക്കുന്നു മുതൽ തെക്കേകോളനിവരെയുള്ള ചാനൽറോഡ്<br>6. പുന്നവിള, കോട്ടുകാൽ പഞ്ചായത്താഫീസ് റോഡ്<br>7 മരുതൂർകോണം പഞ്ചായത്ത് സ്റ്റേഡിയത്തിൽനിന്നും താഴേക്ക് പോകുന്ന റോഡ്.<br>8 പുന്നവിള മരുതൂർക്കോണം, പി റ്റി എം എച്ച് എസ് ലേക്ക് പോകുന്ന തോട്ടിപ്പാലം റോഡ് | ഈറോഡുകൾക്ക് എർത്ത്‌വർക്കും ആവശ്യമാണ് | മെറ്റിൽചെയ്ത റോഡുകൾ റീ മെറ്റൽ ചെയ്യുകയും മെറ്റൽ ചെയ്യാത്ത റോഡ് മെറ്റൽ ചെയ്യുകയുംവേണം | ടാർ ചെയ്ത റോഡുകൾ റീടാർചെയ്യുകയും ടാർ ചെയ്യാത്തവ ടാർ ചെയ്യുകയുംവേണം. | |
| 5 | പുന്നക്കുളം | 1. നെട്ടത്താന്നിമുതൽ കോട്ടുകാൽ ഗവ. ആശുപത്രിവരെയുള്ള റോഡ്<br>2. വളവുനട കലാസമിതി റോഡ് ചൊവ്വര റോഡുമായി ബന്ധിപ്പിക്കുക. | " " | " " | " " | " " |

| വാർഡ് നമ്പർ | വാർഡിന്റെ പേര് | റോഡിന്റെ പേര് | സൈഡ്വാൾ& എർത്ത്വർക്ക് | മെറ്റൽ ചെയ്തവ മെറ്റൽ ചെയ്യാത്തവ | ടാർ ചെയ്തവ ടാർ ചെയ്യാത്തവ | റിമാർക്സ് |
|---|---|---|---|---|---|---|
| 5 | പുന്നക്കുളം | 3. വളവുനടതെക്കേക്കോണം റോഡ്<br>4. അക്കരവീട്, നടയിൽനിന്നും പുളിങ്കുടി വാട്ടർ സപ്ളൈ സ്കിമിലെ റോഡ്<br>5. നെട്ടത്താന്നിമലമേൽ കുന്ന് റോഡ്<br>6. പുന്നക്കുളം കോളനിറോഡ് | " " | " " | " " | " " |
| 6 | പുളിങ്കുടി | 1. അടിമലത്തുറ റോഡ്<br>2. ചൊവ്വര വേലന്റെ വിള റോഡ്<br>3. ചൊവ്വര ഹരിജൻ റോഡ്<br>4. പുളിങ്കുടി, പുന്നവിള ചാരിവിള റോഡ്<br>5. വലിയവിള തെക്കേ ക്കോണം റോഡ്<br>6. ചൊവ്വര ന്യൂ ഹരിജൻ കോളനി റോഡ്<br>7 തെക്കേക്കോണം ലക്ഷംവീട്കോളനി റോഡ്<br>8 ചൊവ്വര കാവു നട റോഡ്<br>9. പുളിങ്കുടി അഴിമല ശിവക്ഷേത്രം റോഡ്<br>10. ചൊവ്വര ആവണങ്ങാൻ പാറ റോഡ്<br>11 ചൊവ്വര അടിമലത്തുറ പടിക്കെട്ട് റോഡ് | ഈറോഡുകൾക്ക് എർത്ത്വർക്കും ആവശ്യമാണ് | മെറ്റിൽചെയ്ത റോഡുകൾ റീ മെറ്റൽ ചെയ്യുകയും മെറ്റൽ ചെയ്യാത്ത റോഡ് മെറ്റൽ ചെയ്യുകയുംവേണം | ടാർ ചെയ്ത റോഡുകൾ റീടാർചെയ്യുകയും ടാർ ചെയ്യാത്തവ ടാർ ചെയ്യുകയുംവേണം. | |
| 7 | ചൊവ്വര | 1. ചപ്പാത്ത്, ചൊവ്വര റോഡ്<br>2. ചപ്പാത്ത്, അടിമലത്തുറ റോഡ്<br>3. അമ്പലത്തുംമൂല, ചൊവ്വരക്ഷേത്ര റോഡ് | " " | " " | " " | " " |
| 8 | അടിമലത്തുറ | 1. അമലോൽ ഭവമാതാ ദേവാലയം റോഡ്<br>2. പ്രസ്തു റോഡിൽ നിന്നും കടൽതീരത്തേക്ക്<br>9 അപ്രോച്ച് റോഡുകൾ | " " | " " | " " | " " |
| 9 | മൂലക്കര | 1. മൂലക്കര ഹരിജൻ സെറ്റിൽമെന്റ് റോഡ്<br>2. കാവുവിളാകത്ത് റോഡ്<br>3. മുഞ്ചാൻകുഴി പുത്തൻവീട് എ കെ ജി റോഡ് | " " | " " | " " | " " |
| 10 | കുഴിവിള | 1. വേങ്ങപ്പൊറ്റ ശ്രീനാരായണ പുരം റോഡ്<br>2. ശ്രീ നാരായണപുരം തെങ്കവിള റോഡ്<br>3. ഇറത്തിക്കര കുഴിവിള ഹരിജൻറോഡ്<br>4. മഞ്ചാംകുഴി ഗാന്ധിപുരം റോഡ് | " " | " " | " " | " " |

| വാർഡ് നമ്പർ | വാർഡിന്റെ പേര് | റോഡിന്റെ പേര് | സൈഡ്വാൾ& എർത്ത്വർക്ക് | മെറ്റൽ ചെയ്യവ മെറ്റൽ ചെയ്യാത്തവ | ടാർ ചെയ്യവ ടാർ ചെയ്യാത്തവ | റിമാർക്സ് |
|---|---|---|---|---|---|---|
| 10 | കുഴിവിള | 7. വാറുവിളചാനൽ ബണ്ട് മുക്കൻപാലവിള റോഡ്<br>8. വേങ്ങപ്പൊറ്റത്താനക്കല്ല് റോഡ്<br>9. ആശാൻവിള മതതും നിന്ന റോഡ്<br>10. വാറുവിള രാജീവ് നഗർറോഡ്<br>11. വാറുവിള ജംഗ്ഷനിൽ നിന്നും ചാനൽ ബണ്ട്റോഡ്<br>12. വിത്തറുത്താൻവിള തെങ്ങവിള റോഡ്<br>13. കുഴിവിളക്കോണം ഇന്ദിരാജി റോഡ് | ഈറോഡുകൾക്ക് എർത്ത്വർക്കും ആവശ്യമാണ് | മെറ്റിൽചെയ്ത റോഡുകൾ റീ മെറ്റൽ ചെയ്യുകയും മെറ്റൽ ചെയ്യാത്ത റോഡ് മെറ്റൽ ചെയ്യുകയുംവേണം | ടാർ ചെയ്ത റോഡുകൾ റീടാർചെയ്യുകയും ടാർ ചെയ്യാത്തവ ടാർ ചെയ്യുകയുംവേണം. | |
| 11 | കൊല്ലക്കോണം | 1. പുത്തളം നെല്ലിമൂട റോഡ്<br>2. എസ് എൻ റോഡ്<br>3. ഇടത്തേക്കോണം റോഡ്<br>4. കുഴിവിള ഹരിജൻ സെറ്റിൽമെന്റ് കോളനി റോഡ്<br>5. മുക്കംപാലവിള റോഡ്<br>6. തേരിവിള റോഡ് മണ്ണക്കല്ല് പൊറ്റവിള റോഡ്<br>7. പറയാൻ കണം റോഡ്<br>8. കൊല്ലക്കോണം റോഡ്<br>9. പുത്തൻവിള ചാനൽബണ്ട് വരമ്പ് റോഡ്<br>10. കൊല്ലക്കോണം വാലൻവിളതോട്ടിൽ കരറോഡ്<br>11. നെല്ലിമൂട് കുറത്തിമുക്ക് റോഡ് | | | | |
| 12 | അവണാകുഴി | 1 അവണാകുഴി ആട്ടറമൂല റോഡ് 2 ത ാന്നിമൂട് ദേവീക്ഷേത്രം അവണാകുഴി ആട്ടറമൂല റോഡ് 3 പെരിങ്ങോട്ട് കോണം മാർത്താണ്ഡം കുളംറോഡ് 4. ആലുംകുഴിപാപ്പനംകോണം ആട്ടറമൂലറോഡ് 5. പൊറ്റയിൽ ചില്ലരിക്കോട്ട് കിഴക്കും കുരകുഞ്ചു കോണംറോഡ് 6 ചില്ലാരിയോട് കണ്ണറക്കോണം ആട്ടറമൂല റോഡ്, സത്യൻറോഡിൽ മണ്ണക്കല്ലു ചാനൽ ബണ്ട്റോഡ് 7 ആലുനിന്ന കുഴി പുവണ്ണ, മണ്ണക്കല്ല് ഇടുവറ റോഡ് 8. മണ്ണക്കല്ല് ലക്ഷം വീട് കോളനിറോഡ് 9. അവണാകുഴി കലുങ്കിൽ പൊരങ്ങോട്ടുകോണം ഇലവൻകുഴിക്ഷേത്രറോഡ് 10. ആട്ടറമൂല സത്യൻ റോഡ് | ഈറോഡുകൾക്ക് എർത്ത്വർക്കും ആവശ്യമാണ് | മെറ്റിൽചെയ്ത റോഡുകൾ റീ മെറ്റൽ ചെയ്യുകയും മെറ്റൽ ചെയ്യാത്ത റോഡ് മെറ്റൽ ചെയ്യുകയുംവേണം | ടാർ ചെയ്ത റോഡുകൾ റീടാർചെയ്യുകയും ടാർ ചെയ്യാത്തവ ടാർ ചെയ്യുകയുംവേണം. | |

# ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും

## ഭവനനിർമ്മാണം

പാർപ്പിട പ്രശ്നം നമ്മുടെ രാജ്യം ഇന്ന് അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നമാണ്. കോട്ടുകാൽ പഞ്ചായത്തിലും പാർപ്പിട പ്രശ്നം ഗുരുതരമായി അവശേഷിക്കുന്നു. പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. ഇന്നത്തെ സാധനസാമഗ്രികളുടെയും ഭൂമിയുടേയും വിലവർദ്ധനവ് സാധാരണക്കാരന് താങ്ങാൻകഴിയുന്നതല്ല. ഈ കാരണത്താൽ സാധാരണക്കാരന് അന്തിയുറങ്ങാൻ ഒരു കുടിൽ എന്നത് സ്വപ്നമായി നീറിപുകയുന്നു. ജെ. ആർ. വൈ പദ്ധതിപ്രകാരവും കൃഷിവകുപ്പു വഴിയും, മത്സ്യഫെഡ് വഴിയും പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളുടേയും പഞ്ചായത്തിലെ ഉപാധിരഹിത ഫണ്ട് ഉപയോഗിച്ചും ദുർബലരായ വളരെകുറച്ചു ആളുകൾക്ക് വീടു വയ്ക്കുന്നതിനുള്ള ധനസഹായങ്ങൾ നൽകിയിട്ടുണ്ടെങ്കിലും അവ ആവശ്യത്തിലും ചെറിയൊരു ശതമാനം മാത്രമേ ആകുന്നുള്ളൂ. പഞ്ചായത്തിൽ ഭവനനിർമ്മാണ രംഗത്ത് താന്നിമൂട് റൂറൽ ഹൗസിംഗ് സഹകരണസംഘം പ്രവർത്തിച്ചുവരുന്നു.

കോട്ടുകാൽ പഞ്ചായത്തിൽ 12 വാർഡുകളായി ആകെ 8782 വീടുകൾ ഉണ്ട്. അതിൽ നികുതി ചുമത്തിയിട്ടുള്ളത് 5262 വീടുകളാണ്. ബാക്കി 3520 വീടുകൾ നികുതി ചുമത്താത്തതാണ്. നികുതി ചുമത്താൻ അർഹതയില്ലാത്ത വീടുകൾ എന്നു പറയുന്നത് താമസിക്കാൻ സുരക്ഷിതത്വം ഇല്ലാത്തവയാണ്. ഈ വീടുകൾക്ക് പകരം പുതിയ വീടുകൾ ആവശ്യമാണ്.

ഈ പഞ്ചായത്തിലെ അടിമലത്തുറ, പുളിങ്കുടി വാർഡുകളിലെ കടലോരപ്രദേശത്ത് മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്നു. ഇവരുടെ വീടുകളിൽ 90% ത്തോളം ചെറ്റക്കുടിലുകളാണ്. മത്സ്യഫെഡിന്റെ സാമ്പത്തികസഹായത്തോട് കൂടെ ഉറപ്പുള്ള വീടുകൾ ഇതിനകം നിർമ്മിച്ചിട്ടുണ്ട്. എന്നാലും വാസയോഗ്യമായ വീടുകൾ എല്ലാപേർക്കും നിർമ്മിച്ചുകൊടുക്കാൻ പ്രത്യേകം പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിൽ 5000 ത്തോളം കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. ഇതിൽ 3500 ഓളം കുടുംബങ്ങൾക്ക് സുരക്ഷിതത്വമുള്ള വീടുകൾ ഇല്ലായെന്നുതന്നെ പറയാം.

പ്രസ്തുത കുടുംബങ്ങൾക്ക് പഞ്ചായത്തിന്റെയും സന്നദ്ധ സംഘടനകളുടേയും ഗവഃമെന്റിന്റെയും വിവിധ ഹൗസിംഗ് ഏജൻസികളുടെയും ധനസഹായത്തോട് കൂടി ഘട്ടം ഘട്ടമായി പാർപ്പിടങ്ങൾ ഉണ്ടാക്കികൊടുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

**പഞ്ചായത്തിലെ വീടുകളുടെ വിവരം**

| വാർഡ് | കരം ഈടാക്കുന്നത് | കരം ഈടാക്കാൻ അർഹതയില്ലാത്തത |
|---|---|---|
| 1 | 534 | 274 |
| 2 | 398 | 146 |
| 3 | 495 | 241 |
| 4 | 529 | 357 |
| 5 | 380 | 248 |
| 6 | 526 | 617 |
| 7 | 429 | 318 |
| 8 | 483 | 366 |
| 9 | 186 | 122 |
| 10 | 310 | 189 |
| 11 | 604 | 328 |
| 12 | 388 | 314 |
| | 5262 | 3520 |
| *ആകെ വീടുകൾ - 8782* | | |

## സാമൂഹ്യക്ഷേമം

സമൂഹത്തിലെ അവശരും ആലംബഹീനരും ദരിദ്രരും ആയിട്ടുള്ള ആളുകളെ സഹായിക്കുകയാണല്ലോ നമ്മുടെ ലക്ഷ്യം. ഒരു സമൂഹത്തിന്റെ അടിത്തറ കുടുംബങ്ങളാണ്. കുടുംബങ്ങളുടെ അഭിവൃദ്ധി , സമൂഹത്തിന്റെയും സമൂഹത്തിന്റെ അഭിവൃദ്ധി രാജ്യത്തിന്റെയും ആകുന്നു. അബലകളും, വികലാംഗരും, വൃദ്ധരും, ദരിദ്രരും എല്ലാം നമ്മെപ്പോലെ സമൂഹജീവികളാണ്. അവരുടെ ജീവിതവൃത്തിയ്ക്കും അഭിവൃദ്ധിക്കും വേണ്ടി അടിസ്ഥാന സൗകര്യങ്ങളായ ഭൂമി പാർപ്പിടം, വൈദ്യുതി സാനിട്ടേഷൻ തുടങ്ങിയവ ലഭ്യമാക്കേണ്ടതുണ്ട്. സർക്കാർ വിവിധവകുപ്പുകൾ വഴി നിരവധി ആനുകൂല്യങ്ങൾ നൽകി ക്ഷേമപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഈ ക്ഷേമപ്രവർത്തനങ്ങൾ ഇനിയും അർഹരായവർക്ക് ലഭ്യമാകുന്നുണ്ടോ എന്നത് പരിശോധനാർഹമാണ്.

സർക്കാരിന്റെ ആഭിമുഖ്യത്തിൽ വിവിധ സഹായപദ്ധതികൾ ഈ പഞ്ചായത്തിലെ ദരിദ്രരായ ജനവിഭാഗകുടുംബങ്ങൾക്ക് ചെറിയ ഒരു ആശ്വാസത്തിന് എങ്കിലും വക നൽകുന്നു. വിവിധ ധനസഹായങ്ങൾ കൈപ്പറ്റുന്ന ഈ പഞ്ചായ

ത്തിലെ ഉപഭോക്താക്കളുടെ ഏകദേശ പട്ടിക ചുവടെ,

| ക്രമനമ്പർ | ഇനം | ലഭിക്കുന്നവരുടെ എണ്ണം |
|---|---|---|
| 1 | 2 | 3 |
| 1. | വിധവാപെൻഷൻ | 357 |
| 2. | വാർദ്ധക്യപെൻഷൻ | 90 |
| 3. | കർഷകത്തൊഴിലാളിപെൻഷൻ | 450 |
| 4. | തൊഴിലില്ലായ്മ വേതനം | 250 |
| 5. | കയർ തൊഴിലാളിപെൻഷൻ | 75 |
| 6. | നെയ്ത്ത് തൊഴിലാളിപെൻഷൻ | 90 |
| 7. | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 15 |
| 8. | ക്ഷയരോഗപെൻഷൻ | 80 |
| 9. | വികലാംഗപെൻഷൻ | 20 |
| 10. | മത്സ്യത്തൊഴിലാളി പെൻഷൻ | 210 |

ടി പട്ടികയിലെ, വിധവപെൻഷൻ, വാർദ്ധക്യപെൻഷൻ, വിവാഹധനസഹായം ഇവ പഞ്ചായത്ത് വഴി ഇപ്പോൾ വിതരണം ചെയ്യപ്പെടുന്നു.

കൂടാതെ, വിവിധ ക്ഷേമനിധികളിൽ അംഗങ്ങളായിട്ടുള്ള ഈ പഞ്ചായത്തിലെ തൊഴിലാളികൾക്ക് ഭവനനിർമ്മാണം, സാനിട്ടറി ലാട്രിൻ നിർമ്മാണം, പണി ആയുധങ്ങൾ ലഭ്യമാക്കൽ, ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങൾ ലഭ്യമായി വരുന്നു.

വിവിധ പെൻഷനുകൾക്കും മറ്റ് ആനുകൂല്യങ്ങൾക്കുമായി ലഭിച്ചിട്ടുള്ള നിരവധി അപേക്ഷകളിൻമേൽ ഇനിയും നടപടി ഉണ്ടാകേണ്ടതായിട്ടുണ്ട്. ഐ. ആർ. ഡി. പി സ്കീമിൽ ഉൾപ്പെടുത്താൻ അർഹതയുള്ള കുടുംബങ്ങൾ ഇനിയും ധാരാളം ഉണ്ട്. പെൻഷനുകൾ ലഭ്യമാകുന്നതിലുള്ള കാലതാമസം ഒഴിവാക്കപ്പെടേണ്ടതാണ്. വിവിധ ധനസഹായ പദ്ധതികൾ അർഹിതർക്ക് ലഭിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ മാറ്റപ്പെടുകയും, വരുമാനപരിധി ഉയർത്തപ്പെടുകയും, ഒപ്പം അപേക്ഷാഫാറങ്ങൾ മലയാളഭാഷയിൽ അച്ചടിക്കപ്പെടുകയും ഇന്നുള്ളതിനേക്കാൾ സുതാര്യമാക്കപ്പെടേണ്ടതുമാണ്.

## സാമൂഹ്യക്ഷേമം

ഐ.സി.ഡി. എസ് അതിയന്നൂർ ആഫീസിന്റെ കീഴിൽ കോട്ടുകാൽ പഞ്ചായത്തിൽ 18 അംഗൻവാടികളുണ്ട്. അതിൽ 10 എണ്ണത്തിന് സ്വന്തമായി കെട്ടിടമുണ്ട്. (നമ്പർ 61, 62, 63, 64, 65, 66, 67, 68, 99) 8 അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടമില്ല. ഇവ വാടകകെട്ടിടത്തിലാണ്. ഇവയുടെ നമ്പർ 66, 70, 72, 73, 74, 75, 76, 77) 11 അംഗൻവാടിയോടനുബന്ധിച്ച് മഹിളാസമാജം പ്രവർത്തിക്കുന്നുണ്ട്. നമ്പർ 61, 62, 63, 65, 68, 72, 73, 75, 77, 78 ഉദ്ദേശം 5000 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ് അവർക്ക് സ്വന്തമായി തൊഴിൽചെയ്യുന്നതിന് ധനസഹായം ചെയ്യേണ്ടതാണ്. കെട്ടിടമില്ലാത്ത അംഗൻവാടിയ്ക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും പ്രീ-സ്കൂൾ കുട്ടികൾക്ക് കളിക്കോപ്പുകൾ നൽകുന്നതിനും വേണ്ടസഹായം ചെയ്തുകൊടുക്കണം. പെൻഷൻ പദ്ധതികൾ പൂർണ്ണമായി നൽകുന്നതിനും എസ്. സി/ എസ്. ടി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് വേണ്ടി ധനസഹായം ചെയ്യണം.

### അംഗൻവാടിയുടെ പ്രവർത്തനം

പ്രീ-സ്കൂൾ വിദ്യാഭ്യാസം, പോഷകാഹാരവിതരണം, അമ്മമാർക്ക് ആരോഗ്യപോഷണ വിദ്യാഭ്യാസം, പ്രതിരോധ കുത്തിവെയ്പ്പ് ഇവ നടത്തുന്നുണ്ട്.

### Location :-

61-ാം നമ്പർ അംഗൻവാടി സ്ഥാപിച്ചത് 1984-നന്നംകുഴിയിൽ

62-ാം " 1977-ൽ CPWP-യുടെ കീഴിലുള്ള ബാലവാടിയായിരുന്നു. പയറ്റുവിളയിൽ 2-ാം വാർഡിൽ

63-ാം " 1977-ൽ പയറ്റുവിള 3-ാം വാർഡിൽ

64-ാം " 1984 മരുതൂർക്കോണത്ത് ഇനുവരിയിൽ സ്ഥാപിച്ചു.

65-ാം 11-1-1984-ൽ നിലവിൽ വന്നു പുന്നക്കുളം സ്കൂളിനോട് ചേർന്ന്.

66-ാം 1984 മുതൽ വളവുനട (കാവിൻപുറം) പുന്നക്കുളം വാർഡിൽ പ്രവർത്തിക്കുന്നു.

67-ാം 1984-ൽ പ്രവർത്തനം ആരംഭിച്ചു 1990-91ൽ സ്വന്തമായി കെട്ടിടമുണ്ടായി. ചെവ്വൂലക്ഷംവീട് കോളനിയ്ക്ക് സമീപം.

68-ാംനമ്പർ 1984-ൽ പുളിങ്കുടിയിൽ പ്രവർത്തനം ആരംഭിച്ചു.

69-1984-ൽ ചൊവ്വര ന്യൂ ഹരിജൻ കോളനിയിൽ പ്രവർത്തനം തുടങ്ങി.

70-1984-ൽ അടിമലത്തുറ പ്രവർത്തനം ആരംഭിച്ചു.

71-1984-ൽ അടിമലത്തുറ ലൂയിസ് മെമ്മോറിയൽ സ്കൂളിനോടനുബന്ധിച്ച്.

72-ാം അടിമലത്തുറയിൽ പള്ളിയ്ക്കുസമീപം 1984-ൽ പ്രവർത്തനം ആരംഭിച്ചു.

73-ാം അടിമലത്തുറ-ലൈബ്രറിക്ക് സമീപം 1984-ൽ പ്രവർത്തനം ആരംഭിച്ചു.

74-ാം മുലക്കരവാർഡിൽ 1984-ൽ വേങ്ങപ്പൊറ്റയിൽ പ്രവർത്തനം ആരംഭിച്ചു.

75-ാം 1984-ൽ കുഴിവിള വാർഡിൽ വേങ്ങപ്പൊറ്റയിൽ പ്രവർത്തനം തുടങ്ങി.

76-ാം നമ്പർ 1984- കുഴിവിളക്കോണത്ത് പ്രവർത്തനം ആരംഭിച്ചു.

77-ാം നമ്പർ അംഗൻവാടി 1984-ൽ താന്നിമൂട് പോസ്റ്റാഫീസിന് സമീപം ആരംഭിച്ചു.

78-ാം നമ്പർ അംഗൻവാടി 1984-ൽ മന്നോട്ടുകോണത്ത് ആരംഭിച്ചു.

## ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം പരിഹാരമാർഗ്ഗങ്ങൾ

### വാർഡ്–1

പുലിവിള വാർഡിൽ ഭവനനിർമ്മാണത്തിനുള്ള എല്ലാ വിധ വായ്പകളും ആനുകൂല്യങ്ങളും പഞ്ചായത്ത് വഴി ലഭ്യമാക്കണം. പ്രതിവർഷം ഒരു വാർഡിൽ 10 വീട് എങ്കിലും പഞ്ചായത്ത് വഴി ചെയ്ത് കൊടുക്കണം. വൈദ്യുതീകരിക്കുന്നതിനുള്ള സാമ്പത്തിക സഹായവും പാവപ്പെട്ടവർക്ക് വീട് ഓലമേയുന്നതിനുള്ള സഹായവും ചെയ്യണം. ലക്ഷംവീടുകൾ മെയിന്റനൻസ് ചെയ്യുന്നതിന് അടിയന്തിരമായി സാമ്പത്തിക സഹായം ചെയ്യണം.

**ക്ഷേമം:–**

നിർദ്ധനരായ വീടുകളിലെ പെൺകുട്ടികൾക്ക് വിവാഹത്തിന് ആവശ്യമായ ധനസഹായം ഒരു നിശ്ചിത കാലാവധിക്കുള്ളിൽ കിട്ടത്തക്കരീതിയിലുള്ള സംവിധാനം ഉണ്ടാവണം. പാവപ്പെട്ടവർക്ക് (ഹരിജനങ്ങൾ ഉൾപ്പെടെ) കക്കൂസുകൾ നിർമ്മിച്ച് കൊടുക്കുന്നതിനുള്ള സാമ്പത്തിക സഹായം ചെയ്യണം.

### വാർഡ്–2

അയമ്പുറം വാർഡിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും സ്വന്തമായി വീട് ഇല്ലാത്തവർക്കും വീടുകൾ നിർമ്മിച്ച് കൊടുക്കുക. കക്കൂസ് ഇല്ലാത്ത എല്ലാ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ച് കൊടുക്കുക. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ വാസയോഗ്യമല്ലാത്ത വീടുകൾ പുതുക്കി പണിയുന്നതിന് സാമ്പത്തിക സഹായം നൽകുക.

**ക്ഷേമം:–**

55 വയസ് തികഞ്ഞ എല്ലാ നെയ്ത്ത് തൊഴിലാളികൾക്കും സർക്കാരിൽനിന്നും പെൻഷൻ അനുവദിക്കുക. അർഹതപ്പെട്ട കർഷകതൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുക. സാമ്പത്തികമായും സാമൂഹികപരമായും പിന്നോക്കം നിൽക്കുന്ന വനിതകളുടെ ഉന്നമനത്തിനായി ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തികസഹായം നൽകേണ്ടതാണ്. ഉദാഹരണത്തിന് പനയോല വ്യവസായം, കോഴിവളർത്തൽ, ടെയിലറിംഗ് യൂണിറ്റ്, കൈത്തറി നെയ്ത്ത് യൂണിറ്റുകൾ, പച്ചക്കറി പഴവർഗ്ഗ സംസ്ക്കരണ യൂണിറ്റുകൾ എന്നിവ മാവേലിസ്റ്റോറും പച്ചക്കറി വിൽപ്പനശാലയും ഈ വാർഡിൽ തുടങ്ങുന്നതിനുള്ള നടപടികൾ സ്ഥിരീകരിക്കുക.

### വാർഡ്–3

പയറ്റുവിള വാർഡിൽ പൊറ്റയിൽ ലക്ഷംവീട് കോളനി ഇന്ന് തകർന്നനിലയിലാണ്. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി ചെയ്യണം. ഒരു വീട്ടിൽ താമസിക്കുന്ന രണ്ട് കുടുംബക്കാരെ മാറ്റി ഓരോ വീടുവീതം നിർമ്മിച്ച് കൊടുക്കുവാനുള്ള പദ്ധതി നടപ്പിലാക്കണം. പയറ്റുവിള, കുഴിയംവിള 4 സെന്റ് കോളനിയിൽ താമസിക്കുന്നവർക്ക് വീടുകൾ നിർമ്മിക്കുന്നതിനും കക്കൂസുകൾ നിർമ്മിക്കുന്നതിനും ഉള്ള സാമ്പത്തികസഹായം നൽകേണ്ടതാണ്. ലക്ഷംവീടുകളിലും പുറംപോക്കുകളിലും താമസിക്കുന്നവർക്ക് പട്ടയം അടിയന്തിരമായി വിതരണം ചെയ്യേണ്ടതാണ്. ദുർബലവിഭാഗങ്ങൾക്ക് വീടുകൾ വയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായം ചെയ്യണം. സ്വന്തമായി വീടു നിർമ്മിക്കാൻ വസ്തു ഇല്ലാത്തവർക്ക് ഗ്രാന്റും വായ്പയും അനുവദിക്കേണ്ടതാണ്.

**ക്ഷേമം:–**

ദുർബലവിഭാഗക്കാരുടെ ക്ഷേമപദ്ധതികളും പെൻഷൻ സ്കീമുകളും ത്വരിതപ്പെടുത്തേണ്ടതാണ്. കൊച്ചുകുഞ്ഞുങ്ങളെ ഉദ്ധരിക്കുന്നതിന് ബേബിക്രഷ് തുടങ്ങേണ്ടതാണ്. പയറ്റുവിളയിൽ ഒരു പബ്ലിക് ടെലഫോൺ ബൂത്ത് സ്ഥാപിക്കണം.

### വാർഡ്–4

മരുതൂർക്കോണം വാർഡിൽ 150 വീടുകൾ പുതുതായി വയ്ക്കുന്നതനും 75 കുടുംബാംഗങ്ങൾക്ക് വീടുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ ധനസഹായം നൽകേണ്ടതാണ്. വാസയോഗ്യമല്ലാത്ത വീടുകൾ പുനഃരുദ്ധരിപ്പിക്കുന്നതിനും പാവപ്പെട്ടവർക്ക് വീടുകൾ വൈദ്യുതീകരിക്കുന്നതിനും ഓലമേയുന്നതിനുമുള്ള സഹായവും നൽകേണ്ടതാണ്.

**ക്ഷേമം:–**

അർഹതപ്പെട്ട എല്ലാപേർക്കും പെൻഷൻ നൽകേണ്ടതാണ്. അംഗൻവാടികളിൽ ഫർണിച്ചറുകളും കളിക്കോപ്പുകൾ വാങ്ങുന്നതിനും മരുതൂർക്കോണത്ത് സ്ഥിതിചെയ്യുന്ന അംഗൻവാടി പുതുക്കി പണിയുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം അനുവദിക്കേണ്ടതാണ്.

### വാർഡ്–5

പുന്നക്കുളം വാർഡിൽ ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്നവർക്കും പാർപ്പിടം ഇല്ലാത്തവർക്കും വീടുകൾ നിർമ്മിച്ച് നൽകുക. വൈദ്യുതി കണക്ഷൻ ഇല്ലാത്ത എല്ലാ വീടുകൾക്കും വൈദ്യുതീകരിക്കുന്നതിനുള്ള എല്ലാ സഹായവും നൽകുക. ലക്ഷംവീട് കോളനികൾ മെയിന്റനൻസ് ചെയ്യുകയും കക്കൂസുകൾ നിർമ്മിച്ച് കൊടുക്കുകയും ചെയ്യേണ്ടതാണ്.

**ക്ഷേമം:–**

പുന്നക്കുളം വാർഡിൽ വളവുനട മണ്ണാംവിളാകത്ത് സ്ഥിതിചെയ്യുന്ന ഗ്രാമോദ്ധാരണ വനിതാ സമാജത്തിന്റെ കീഴിൽ നടത്തുന്ന ബേബിക്രഷിൽ വരുന്ന 6 മാസം മുതൽ 5 വയസുവരെയുള്ള കുട്ടികൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. 30–ൽ കൂടുതൽ കുട്ടികളെ സംരക്ഷിക്കുന്ന ഈ സെന്ററിന് സ്വന്തമായി കെട്ടിടം വയ്ക്കുന്നതിന് വേണ്ടിയുള്ള സ്ഥലം പൊതുജനങ്ങൾ സൗജന്യമായി തരുന്നതാണ്. ഇതിൽ ഒരു കെട്ടിടം വയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിക്കണം. പുന്നക്കുളം കേന്ദ്രമാക്കി വളവുനടയിൽ പ്രവർത്തിക്കുന്ന 66–ാം നമ്പർ അംഗൻവാടി 13 വർഷമായി സ്ഥിതിചെയ്യുന്ന സ്ഥലത്ത് സ്ഥലംവാങ്ങി ഒരു കെട്ടിടം നിർമ്മിക്കുന്നതിനുള്ള സാമ്പത്തികസഹായം അനുവദിക്കണം.

തെക്കേകോണത്ത് മഹാലക്ഷ്മി മഹിളാസമാജത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബേബിക്രഷിന് സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം വയ്ക്കുന്നതിനുള്ള സാമ്പത്തികസഹായം അനുവദിക്കണം.

## വാർഡ്-6

പുളിങ്കുടി വാർഡിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും വാസയോഗ്യ വീടുകൾ നിർമ്മിച്ച് നൽകുക. വീട് അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് പാവപ്പെട്ടവർക്ക് സാമ്പത്തികസഹായം നൽകുക, ചൊവ്വര ന്യൂഹരിജൻ കോളനിയിലെ 37 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരികരിക്കുക. മിച്ചഭൂമി ലക്ഷം വീട് കോളനികൾ കിട്ടിയവർ കൈമാറ്റം ചെയ്യാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. സമുദ്രതീരത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികളേയും തദ്ദേശവാസികളേയും നിലനിൽപ്പിന് ഭീഷണിയാവുന്ന ഹോട്ടൽ വ്യവസായികൾ പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെയും മതിലുകളുടേയും നിർമ്മാണപ്രവർത്തനം കർശനമായി തടയുക. അടിമലത്തുറയിലെ മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകുക എന്നിവ അടിയന്തിരമായി നടപ്പിലാക്കണം.

ക്ഷേമം:- ചൊവ്വര ഹരിജൻ കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക. അടിമലത്തുറ ജനങ്ങൾ ,കക്കൂസും മൂത്രപ്പുരയും സ്ഥാപിക്കുക. തീരജ്യോതി പദ്ധതി അടിമലത്തുറയിൽ സ്ഥാപിക്കുക. നഴ്സറിസ്കൂളുകൾ സ്ഥാപിക്കുക, ഒരു പോസ്റ്റാഫീസ് തുടങ്ങുക എന്നിവ നടപ്പിലാക്കുക.

## വാർഡ്-7

ചൊവ്വര വാർഡിൽ ലക്ഷംവീട് കോളനികൾ വാസയോഗ്യമല്ലാത്തവ പുനർനിർമ്മിക്കുക. നിർദ്ധനരായ കുടുംബങ്ങൾക്ക് വീട്വച്ച് കൊടുക്കുന്നതിനുള്ള സാമ്പത്തിക സഹായവും വീടുകൾ വൈദ്യുതീകരിക്കുന്നതിനും കക്കൂസുകൾ നിർമ്മിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകേണ്ടതാണ്.

**ക്ഷേമം:-**

പരമ്പരാഗത തൊഴിലുകളായ കയർ, നെയ്ത്ത് എന്നിവ പ്രോത്സാഹിപ്പിക്കുക. ഇവ തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ചെയ്ത് കൊടുക്കുക.

## വാർഡ്-8

അടിമലത്തുറ വാർഡിൽ നിർദ്ധനരായ മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ വച്ച് കൊടുക്കുന്നതിനുള്ള പദ്ധതികളും 3 ഏര്യാകളിലായി ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിലുള്ള പൊതുകക്കൂസുകളും നിർമ്മിച്ച് നൽകുന്നതിന് നടപടികൾ ഉണ്ടാകണം. വീടുകൾ വൈദ്യുതീകരിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകേണ്ടതാണ്.

**ക്ഷേമം:-**

പ്രകൃതിക്ഷോഭം നിമിത്തം ഭവനങ്ങൾക്കുണ്ടാവുന്ന നാശനഷ്ടങ്ങൾക്ക് അടിയന്തിരനടപടികൾ സ്വീകരിക്കണം. മത്സ്യബന്ധനത്തിന് പോകുന്ന സാഹചര്യത്തിൽ മത്സ്യ ഉപകരണങ്ങൾക്കും മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന അപകട സാഹചര്യങ്ങളിൽ ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ള ആനുകൂല്യങ്ങൾ കാലതാമസംകൂടാതെ എത്തിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള പഞ്ഞമാസ പദ്ധതിയിൽ സ്ത്രീകളെയും ഉൾപ്പെടുത്തണം. മത്സ്യവിപണനത്തിന് സ്ത്രീകൾ പോകുന്ന അവസരത്തിൽ അപകടം സംഭവിച്ചാൽ നഷ്ടപരിഹാരം സർക്കാർ നൽകണം. അടിമലത്തുറ വാർഡിലുള്ള എല്ലാവിധവകൾക്കും ഗവൺമെന്റ് പദ്ധതിപ്രകാരം വിധവാപെൻഷൻ അടിയന്തിരമായി നൽകണം.

## വാർഡ്-9

മൂലക്കരവാർഡിൽ പാർപ്പിട യോഗ്യമല്ലാത്ത വീടുകൾ ഇല്ലാത്തവരാണ് ഈ വാർഡിലെ 90% ആളുകളും. വീടുവയ്ക്കാൻ സ്വന്തമായി സ്ഥലം ഇല്ലാത്തവരും ഇവിടെ ഉണ്ട്. അതിനാൽ സമഗ്രമായ ഒരു ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കിയാലേ ഈ വാർഡിലെ വീട് ഇല്ലാത്തവരുടെ പ്രശ്നം പരിഹരിക്കപ്പെടുകയുള്ളൂ. അതുകൊണ്ട് എല്ലാവർക്കും പാർപ്പിടം ഉണ്ടാക്കിക്കൊടുക്കുവാനുള്ള സാമ്പത്തിക സഹായം നൽകണം. സ്വന്തമായി വസ്തു ഇല്ലാത്തവർക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുവാൻ സാമ്പത്തിക സഹായം നൽകണം. വീടുകൾ വൈദ്യുതീകരിച്ച് കൊടുക്കുന്നതിനും കക്കൂസുകൾ നിർമ്മിച്ച് കൊടുക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കണം.

**ക്ഷേമം:-**

കുഞ്ഞുങ്ങളുടെയും വൃദ്ധജനങ്ങളുടേയും ക്ഷേമപ്രവർത്തനങ്ങൾക്ക് ഉതകുന്ന സ്ഥാപനങ്ങൾ ഈ വാർഡിൽ നിലവിലില്ല. കുഞ്ഞുങ്ങളുടെ ഉന്നമനത്തിന് വേണ്ടി ഒരു ബേബിക്രഷ് സ്ഥാപിക്കണം. അതുപോലെ നിരാലമ്പരായ വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിന് വൃദ്ധസദനവും ഈ വാർഡിൽ സ്ഥാപിക്കണം. വികലാംഗർ, തൊഴിലില്ലാത്ത ചെറുപ്പക്കാർ എന്നിവരുടെ ക്ഷേമത്തിന് വേണ്ടി തൊഴിൽശാലകൾ സ്ഥാപിക്കണം.

## വാർഡ്-10

കുഴിവിള വാർഡിൽ ദരിദ്രരായ കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായവും, വീടുകൾ വൈദ്യുതീകരിക്കുന്നതിനുള്ള ധനസഹായവും കക്കൂസുകൾ നിർമ്മിച്ച് കൊടുക്കുന്നതിനുള്ള പദ്ധതികളും അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്. ലക്ഷംവീട് കോളനികളിൽ താമസിക്കുന്നവർക്ക് പട്ടയം ലഭിക്കാത്തവർക്ക് പട്ടയം നൽകണം. ലക്ഷംവീട് കോളനികളിൽ താമസിക്കുന്നവർക്ക് വീടുകൾ മെയിന്റനൻസ് ചെയ്യുന്നതിനുള്ള സാമ്പത്തിക സഹായം നൽകണം.

**ക്ഷേമം:-**

നെയ്ത്ത് തൊഴിലാളികളും കർഷകതൊഴിലാളികളും തിങ്ങിപ്പാർക്കുന്ന ഒരു മേഖലയാണ്. ഈ വിഭാഗം തൊഴിലാളികളായ എല്ലാപേർക്കും പെൻഷൻ ലഭിക്കണം, വിധവാപെൻഷൻ വാർദ്ധക്യകാലപെൻഷൻ, വികലാംഗപെൻഷൻ എന്നിവ യഥാസമയം കിട്ടത്തക്കവിധത്തിലുള്ള നടപടികൾ ഉണ്ടാകണം.

കുഞ്ഞുങ്ങളുടെ ഉന്നമനത്തിന്വേണ്ടി ഒരു ബേബിക്രഷ് സ്ഥാപിക്കണം.

## വാർഡ്-11

കൊല്ലകോണം വാർഡിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വീടുകൾ വയ്ക്കുന്നതിനുള്ള സാമ്പത്തികസഹായം ചെയ്യണം. വസ്തുസ്വന്തമായി ഇല്ലാത്തവർക്ക് സ്ഥലം വാങ്ങിവീട് വച്ച് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായവും വാസയോഗ്യമല്ലാത്ത വീടുകൾ പുനരുദ്ധരിക്കു

ന്നതിനും കക്കൂസ്, കുളിമുറി എന്നിവ നിർമ്മിക്കുന്നതിനും പാവപ്പെട്ടവരുടേയും പട്ടികജാതിക്കാരുടെയും വീടുകൾ വൈദ്യുതീകരിക്കുന്നതിവും സാമ്പത്തിക സഹായം നൽകണം.

**ക്ഷേമം:-**

കൊല്ലകോണം വാർഡിൽ ഒരു അംഗൻവാടി സ്ഥാപിക്കണം. കർഷകതൊഴിലാളികൾക്ക് യഥാസമയം പെൻഷൻ ലഭിക്കണം. കുഴിവിളക്കോണത്ത് ഒരു റേഷൻകട സ്ഥാപിക്കണം.

## വാർഡ്-12

അവണാക്കുഴി വാർഡിൽ ദരിദ്രരായ കുടുംബങ്ങൾക്ക് വീടുവയ്ക്കുന്നതിനുള്ള സാമ്പത്തികസഹായവും വീടുകൾ വൈദ്യുതീകരിക്കുന്നതിനും കക്കൂസുകൾ നിർമ്മിക്കുന്നതിനും വാസയോഗ്യമല്ലാത്ത വീടുകൾ പുനഃരുദ്ധരിപ്പിക്കുന്നതിനും ഉള്ള സാമ്പത്തിക സഹായങ്ങൾ അടിയന്തിരമായി ചെയ്യണം.

150 വീടുകൾ പുതുക്കിപ്പണിയുന്നതിനും 50 വീടുകൾ മേൽക്കൂര മാറ്റി വാസയോഗ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

**ക്ഷേമം:-**

നെയ്ത്ത്, തയ്യൽ, പർപ്പടക വ്യവസായം, കോഴിവളർത്തൽ, ആടുവളർത്തൽ, ഓലമെടഞ്ഞ് കച്ചവടം, മലക്കറി കച്ചവടം എന്നിവ ഇപ്പോൾ വനിതകൾ ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലുകളാണ്. നെയ്ത്തുകാർക്ക് 50 തറികൾ നൽകിയാൽ 750 പേർക്ക് തൊഴിൽ നൽകാൻ ആവും. ഗാർമെന്റ്മേക്കിംഗ് യൂണിറ്റുകൾ രജിസ്റ്റർ ചെയ്താൽ 25 പേർക്ക് തൊഴിൽ നൽകാൻ കഴിയും. കോഴിവളർത്തലിന് ദുർബലവിഭാഗക്കാരായ 200 പേർക്ക് ധനസഹായവും ആടുവളർത്തലിന് 100 കുടുംബങ്ങൾക്ക് ധനസഹായവും 10 പേർക്ക് പർപ്പടക വ്യവസായത്തിനുള്ള സഹായവും 150 പേർക്ക് ഓലമെടഞ്ഞ് കച്ചവടം നടത്തുന്നതിനുള്ള ധനസഹായവും പനയോല വ്യവസായത്തിന് 10 പേർക്ക് ധനസഹായവും കൂൺകൃഷിക്ക് 5 യൂണിറ്റുകൾ രജിസ്റ്റർ ചെയ്ത് നടപ്പിലാക്കുന്നതിനുള്ള സഹായവും ഉണ്ടാകണം. അവണാക്കുഴിയിൽ ഒരു ടെലഫോൺ ബൂത്ത് അനുവദിച്ചാൽ വികലാംഗയായ ഒരു യുവതിക്ക് തൊഴിൽ സ്ഥിരത കൈവരിക്കാൻ ആകും.

**ബ്ളോക്കു വഴി 1993-1994 സാമ്പത്തികവർഷം മുതൽ 1996-1997 സാമ്പത്തികവർഷം വരെ പഞ്ചായത്തിൽ അനുവദിച്ച വീടുകളുടെ എണ്ണം താഴെക്കൊടുക്കുന്നു.**

| വർഷം | പട്ടികജാതി പട്ടികവർഗ്ഗം വീടുകളുടെ എണ്ണം | മറ്റുവിഭാഗങ്ങൾ വീടുകളുടെ എണ്ണം | ആകെ |
|---|---|---|---|
| 1993-1994 | 39 | 27 | 66 |
| 1994-1995 | 44 | 29 | 73 |
| 1995-1996 | 39 | 32 | 71 |
| 1996-1997 | 26 | 25 | 51 |
| 148 | 113 | 261 | |

# സാംസ്ക്കാരികരംഗം

ഭാരതസംസ്ക്കാരത്തിന്റെയും കേരളാചരിത്രത്തിന്റെയും കരസ്പർശം സിദ്ധിച്ചിട്ടുള്ള ഒരു സാംസ്ക്കാരിക പൈതൃകമാണ് കോട്ടുകാൽ പഞ്ചായത്തിനുള്ളത്. ഭാരതസംസ്ക്കാരത്തിൽ മഹാഭാരതത്തിലെ പാണ്ഡവരുടെ താവങ്ങളായി കോട്ടുകാൽ പഞ്ചായത്തിലെ മുര്യയത്തോട്ടവും പുളിങ്കുടിയിലെ ഉടയൻവാഴിയും, കിണ്ണികുഴിയും ഐതീഹകങ്ങളിൽ സൂക്ഷിപ്പിക്കുന്നു. മുര്യതോട്ടം ക്ഷേത്രത്തിൽ നിന്നാരംഭിക്കുന്ന ഗുഹ പുളിങ്കുടി ഉടയൻവഴിയിൽ അവസാനിക്കുന്നതായി ഐതീഹങ്ങൾ പറയുന്നു. മാർത്താണ്ഡവർമ്മയെ എട്ടുവീട്ടിൽ പിള്ളമാർ ഓടിച്ചപ്പോൾ പ്രസ്തുതഗുഹവഴിയാണ് മാർത്താണ്ഡവർമ്മ രക്ഷപ്പെട്ടതെന്നും ഐതിഹങ്ങൾ പറയുന്നു. അമ്പലങ്ങളും പള്ളികളും, മോസ്ക്കുകളു കൊണ്ട് അനുഗ്രഹീതവും, മതസൗഹാർദ്ദത്തിനും കോട്ടം തട്ടാതെയും പഞ്ചായത്തിലെ ജനങ്ങൾ ഏകദേശം സഹോദരങ്ങളെപ്പോലെ കഴിഞ്ഞുവരുന്നു.

## സാംസ്ക്കാരികരംഗം

കോട്ടുകാൽ പഞ്ചായത്തിന്റെ സാംസ്ക്കാരിക നിലയം ഉൾപ്പെടെ എട്ടുഗ്രന്ഥശാലകളും മൂന്നു വായനശാലകളും പത്തു ആർട്ട്സ് സ്പോർട്സ് ക്ലബ്ബുകളും പ്രവർത്തിക്കുന്നുണ്ട്. ആട്ടറമൂല മണപ്പുറത്ത് പ്രവർത്തിച്ചു കൊണ്ടിരുന്ന പ്രിയ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബിന് സ്വന്തമായി ഉണ്ടായിരുന്ന കെട്ടിടം പൊളിഞ്ഞുപോകുകയും അവരുടെ വകയായി ഉണ്ടായിരുന്ന 8 സെന്റ് സ്ഥലം അന്യാധീനപ്പെട്ടുകൊണ്ട് ഇരിക്കുകയുമാണ്. മുമ്പ് ഉണ്ടായിരുന്ന റേഡിയോ കാസ്ക്കുകൾ പ്രവർത്തനരഹിതമാണ്. പരമ്പരാഗത ആയോധനകലയായ കളരിപ്പയറ്റു സംഘങ്ങളും പ്രവർത്തിച്ചു വരുന്നു. എല്ലാവാർഡുകളിലും പൗരസമിതികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഒന്നും തന്നെ ശരിയാംവണ്ണം പ്രവർത്തിക്കുന്നില്ല. പഞ്ചായത്തുവക ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങൾ ഇനിയും കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു.

വിവിധ വാർഡുകളിൽ കൂടിയ വിശേഷാൻ ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രന്ഥശാലകൾ നിലവിലില്ലാത്ത വാർഡുകളിൽ ഗ്രന്ഥശാലകൾ സ്ഥാപിക്കുക.
2. നിലവിലുള്ള എല്ലാ ഗ്രന്ഥശാലകൾക്കും, വായനശാലകൾക്കും, സാമ്പത്തിക സഹായം നൽകുക.
3. സ്വന്തമായി സ്ഥലവും കെട്ടിടവും, ഇല്ലാത്ത ഗ്രന്ഥശാലകൾക്ക് സ്വന്തമായി കെട്ടിടത്തിനും വേണ്ടിവരുന്ന തുകയുടെ 50% തുക പഞ്ചായത്തു അഡ്വാൻസായി നൽകുക.
4. എല്ലാ വാർഡുകളിലെയും പ്രധാന കേന്ദ്രങ്ങളിൽ ഓരോ T.V കാസ്ക് എങ്കിലും സ്ഥാപിക്കുക.
5. കലാസാംസ്ക്കാരിക രംഗങ്ങളിൽ കൂടുതൽ താല്പര്യം ഉണ്ടാക്കുന്നതിന് വേണ്ടി വർഷത്തിൽ ഒരിക്കൽ പഞ്ചായത്തു തലത്തിൽ കലാകായിക മത്സരങ്ങൾ സാംഘടിപ്പിച്ചു പ്രതിഭകളെ കണ്ടെത്തി അവർക്ക് പ്രോത്സാഹനം നൽക്കുക.
6. ഗ്രന്ഥശാലയോ വായനശാലയോ ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് പ്രോത്സാഹനം നൽകുക.
7. സാക്ഷരതാ പ്രവർത്തനം പുനരാരംഭിക്കുകയും ആ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ചെറിയ രീതിയിലുള്ള സാമ്പത്തിക സഹായം നൽകുക.
8. പിലുവിള വാർഡിൽ മണപ്പുറത്തു പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന പ്രിയ ആർട്ട്സ് & സ്പോർട്ട്സ് ക്ലബിന്റെ അന്യധീനപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
9. നാടൻ കലാരൂപങ്ങൾക്കും കലാകാരൻമാർക്കും പ്രോത്സാഹനം നൽകുന്നതിനുവേണ്ടി ഒരു സാംസ്ക്കാരികകേന്ദ്രം ആയംപുറം വാർഡിൽ സ്ഥാപിക്കുക.
10. മതതൂർക്കോണം വാർഡിലെ ചിന്നന്റെ വിളകോളനിയിൽ ഒരു കമ്മ്യൂണിറ്റിഹാൾ സ്ഥാപിക്കണം.
11. മൂലക്കര വാർഡിൽ ഒരു മിനിസ്റ്റേഡിയം സ്ഥാപിച്ച് സ്പോർട്സിന് പ്രോത്സാഹനം നൽകുക.

പരമ്പരാഗത കലയായ കളരിപ്പയറ്റു പഠിക്കുന്നതിനുള്ള ഒരു കേന്ദ്രം കുഴിവിള വാർഡിലെ വേങ്ങപ്പൊറ്റയിൽ സ്ഥാപിക്കുക.

## ഗ്രാന്റ് കിട്ടുന്ന ഗ്രന്ഥശാലകളുടെ വിവരങ്ങൾ

| വാർഡ്നമ്പർ | പേര് | പ്രവർത്തിക്കുന്ന സ്ഥലം |
|---|---|---|
| II | എ.കെ.ജി ഗ്രന്ഥശാല | പയറ്റുവിള |
| V | യുവസാരഥി ഗ്രന്ഥശാല | പുന്നക്കുളം |
| V | ശ്രീ പൊന്നൻ മെമ്മോറിയൽ ഗ്രന്ഥശാല | നെട്ടത്താന്നി |
| IV | രാധാകൃഷ്ണൻ നായർ സ്മാരകദേശ സേവിനി ഗ്രാമോദ്ധാരണ ഗ്രന്ഥശാല | മരുതൂർകോണം |
| VII | ബാലമ്മമെമ്മോറിയൽ സാംസ്ക്കാരികനിലയം & പഞ്ചായത്തു ഗ്രന്ഥശാല | ചപ്പാത്ത് |
| VIII | ജയ് ക്രൈസ്റ്റ് ഗ്രന്ഥശാല | അടിമലത്തുറ |
| IX | C.V കുഞ്ഞിരാമൻ സ്മാരകഗ്രന്ഥശാല | വേങ്ങപ്പൊറ്റ |

## കോട്ടുകാൽ പഞ്ചായത്ത് ഗ്രാന്റ് ലഭിക്കാത്ത ഗ്രന്ഥശാലകൾ

| | | |
|---|---|---|
| VIII | ജയ് ക്രൈസ്റ്റ് ഗ്രന്ഥശാല | അടിമലത്തുറ |
| VI | സ്വാഗത് ഗ്രന്ഥശാല | തെക്കേകോണം |

## കോട്ടുകാൽ ഗ്രാമപഞ്ചായത്ത് പ്രദേശകത്തെ ആർട്സ് & സ്പോർട്സ് ക്ലബുകൾ

| പേര് | വാർഡ് | സ്ഥലം |
|---|---|---|
| പ്രിയദർശിനി കലാസാംസ്ക്കാരിക സംഘവേദി | X | വാറുവിള |
| സെഞ്ചുറി സ്പോർട്സ് & ആർട്സ് ക്ലബ് | IV | പുന്നക്കുളം |
| നവഭാരത് സ്പോട്സ് & ആർട്സ് ക്ലബ് | VII | ചപ്പാത്ത് |
| സിതാര സ്പോർട്സ് & ആർട്സ് ക്ലബ് | III | വട്ടവിള |
| സന്ധ്യസ്പോട്സ് & ആർട്സ് ക്ലബ് | IV | പുന്നവിള |

# വനിതാക്ഷേമം

ലോകത്തിന്റെ ഇതരഭാഗങ്ങളിൽ പ്രത്യേകിച്ചു പാശ്ചാത്യനാടുകളിൽ ജനാധിപത്യ ഭരണസമ്പ്രദായത്തിൽ വനിതകൾക്കുണ്ടാകേണ്ട അർഹമായ പങ്കാളിത്തത്തെക്കുറിച്ചുള്ള നിയമനിർമ്മാണ പ്രവർത്തനത്തിനുവേണ്ടിയുള്ള മുറവിളി ഉയർന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, കോട്ടുകാൽ പഞ്ചായത്തിലെ വനിതാസമാജങ്ങളും, സാമൂഹ്യസംഘടനകളും ഇത്തരം കാര്യങ്ങൾ വേണ്ടവണ്ണം വിലയിരുത്താതെ ഒതുങ്ങിക്കൂടുകയാണ്. ഭാരതസംസ്ക്കാരത്തിൽ സ്ത്രീകൾക്ക് മാതൃസ്ഥാനമാണ് ഉള്ളത്. എന്നാൽ, ഭാരതത്തിലെ നിയമനിർമ്മാണസഭകളിലും, സർക്കാർ സ്ഥാപനങ്ങളിലും, പൊതുമേഖലാസ്ഥാപനങ്ങളിലും സ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യം നാളിതുവരെ ലഭ്യമാക്കുവാൻ സ്വാതന്ത്ര്യനന്തര ഭാരതത്തിനുപോലും, കഴിഞ്ഞിട്ടില്ല എന്ന ദുഃഖസത്യം ഇന്നും, നിലനിൽക്കുന്നു. 21-ാം നൂറ്റാണ്ടിലെ രാജ്യത്തിന്റെ സാമൂഹ്യവും, രാഷ്ട്രീയവും സാമ്പത്തികവും, സാംസ്ക്കാരികവുമായ പുരോഗതിക്ക് പുരുഷന്മാരോടൊപ്പം തന്നെ സ്ത്രീകൾക്കും തുല്യമായ പങ്കാളിത്തം നൽകിയെങ്കിൽ മാത്രമേ നമ്മുടെ രാജ്യത്ത് ഇന്ന് സ്ത്രീ സമൂഹത്തിനെതിരേ ഉള്ള ഉച്ചഃനീചത്വങ്ങളും, പീഡനങ്ങളും ഒരു പരിധിവരെയെങ്കിലും അവസാനിക്കുവാൻ കഴിയുകയുള്ളു. ആയതിലേക്ക് സ്ത്രീ സമൂഹത്തെ സാമൂഹ്യപ്രവർത്തന മേഖലയിലും പൊതുരംഗത്തും സജീവമായി പങ്കാളികളാക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെ കടമയാണ്.

20-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ നമ്മുടെ നാട്ടിൽ അലയടിച്ചുയർന്ന നവോദ്ധാന പ്രസ്ഥാനങ്ങളിൽ ഒന്നിലും നമ്മുടെ പഞ്ചായത്തിലെ വനിതകൾ ആരും തന്നെ നേതൃത്വനിരയിലേക്ക് ഉയർന്നുവന്നിട്ടില്ല. സ്ത്രീകളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ ഇതിന് ഒരു കാരണമാണ്. അടുത്തകാലത്ത് ത്രിതല പഞ്ചായത്ത് സംവിധാനത്തിലൂടെ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ ഏറെകുറെ സാധിച്ചിട്ടുണ്ട് .

1991-ലെ കാനേഷുമാരി (Census) പ്രകാരം കോട്ടുകാൽ പഞ്ചായത്തിലെ മൊത്തം ജനസംഖ്യം 28968 ആണ്, ഇതിൽ 15540 പേർ പുരുഷന്മാരും, 14428 പേർ സ്ത്രീകളുമാണ്.

ഈ പഞ്ചായത്തിൽ മഹിളാ സമാജങ്ങൾ വളരെയധികം ഉണ്ടെങ്കിലും അവയുടെ പ്രവർത്തനങ്ങൾ ഒട്ടും തൃപ്തികരമല്ല. ഇവയുടെ പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് മെച്ചപ്പെടുത്തുവാൻ വേണ്ട നടപടികൾ ഉണ്ടാകേണ്ടതാണ്.

### വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ

1. എല്ലാവിധ തൊഴിൽ മേഖലകളിലും പ്രത്യേകിച്ച് സ്കൂൾ തലം ഒഴിച്ചാൽ സ്ത്രീകൾ അവഗണിക്കപ്പെടുന്നു.
2. തൊഴിൽ രംഗത്ത് സജ്ജരാകാൻ വേണ്ട ഉന്നത വിദ്യാഭ്യാസം സ്ത്രീകൾക്ക് ലഭിക്കുന്നില്ല.
3. സ്കൂൾതലങ്ങളിൽ പെൺകുട്ടികൽ ആൺകുട്ടികളെ അപേക്ഷിച്ച് മുന്നിലാണെങ്കിലും ഉപരിപഠനരംഗത്ത് എത്തുമ്പോൾ ഈ സംഖ്യ കുറയുന്നു.
4. വിവിധ തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് വേണ്ടത്ര പങ്കാളിത്തം ഉറപ്പുവരുത്തണം.
5. ഏതെങ്കിലും തൊഴിൽ മേഖലയിൽ ബന്ധപ്പെട്ടിരുന്നാലും അർഹമായ വേതനം ലഭിക്കുന്നില്ല.

### വാർഡ് 1. പുലിവിള

#### സാദ്ധ്യതകളും നിർദ്ദേശങ്ങളും

പുലിവിള വാർഡിൽ വനിതകൾക്കുവേണ്ടി ഒരു വനിതാടെയ്‌ലറിംഗ് സെന്റർ രൂപീകരിക്കണം, കുടിൽ വ്യവസായങ്ങളായ മെഴുകുതിരി, റെഡി മെയ്ഡ് ഗാർമെന്റ്സ് സോഷ്യ നിർമ്മാണം, തീപ്പെട്ടി നിർമ്മാണം എന്നിവയ്ക്കുവേണ്ടിയുള്ള സഹായധനം സബ്സിഡിയോടുകൂടി പഞ്ചായത്തുവഴി നൽകണം. ഒരു വനിതാ സഹകരണയൂണിറ്റ് സ്ഥാപിക്കണം. മഹിളാ സ്വസ്ത് സംഘം, സാക്ഷരത എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് അർഹമായ വേതനം നൽകണം. മന്നോട്ടുകോണം കുളത്തിൻകരയിൽ പുറംപോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി പഞ്ചായത്ത് കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുതസ്ഥലത്ത് റോഡ് ഗതാഗതത്തിന് തടസ്സമാകാത്തവിധത്തിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ സാംസ്ക്കാരികനിലയം സ്ഥാപിക്കണം.

### വാർഡ് 2. അയംപുറം

1. പ്രസ്തുതവാർഡിൽ കഴിഞ്ഞ രണ്ടുവർഷമായി മഹിളാ സ്വസ്തസംഘ് എന്ന സംഘടനയിൽ പതിനൊന്ന് വനിതകൾ പ്രവർത്തിച്ചുവരുന്നു. എന്തെങ്കിലും ആനുകൂല്യം ലഭിക്കത്തക്ക രീതിയി ആരോഗ്യവകുപ്പിന്റെ കീഴിൽ ഏതെങ്കിലും തസ്തികയിൽ ഉൾപ്പെടുത്തണം.
2. പ്രിയദർശിനി മഹിളാസമാജം സ്ഥാപിച്ച് തൊഴിൽ രഹിതരായ വനിതകൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള പരിശീലനവും സാമ്പത്തികസഹായവും നല്കണം.
3. സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി ഗാർമെന്റ്സ് മേക്കിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിലേക്കാവശ്യമായ ഉപകരണങ്ങളും സാമ്പത്തികസഹായവും നൽകുക.

4. ഒരു വനിതാക്ഷേമയൂണിറ്റ് സ്ഥാപിക്കുക.
5. ഫാമിലി കൗൺസിലിംഗ് ഗ്രാമീണവനിതകൾക്ക് ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക.

### വാർഡ് 3. പയറ്റുവിള

പ്രസ്തുവാർഡിൽ വനിതകളുടെ സാംസ്ക്കാരികമായ ഉന്നമനത്തിനും പുരോഗതിക്കും വേണ്ടി മഹിളാ വായനശാലയും ലൈബ്രറിയും രൂപവൽക്കരിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക വാർഡിൽ നിലവിലുള്ള അംഗൻവാടിയിൽ ഇലക്ട്രിഫിക്കേഷൻ ചെയ്യുന്നതിനും, കുടിവെള്ളത്തിനുവേണ്ടി ഈ സ്ഥാപനത്തോട് ചേർന്ന് ഒരു പബ്ലിക് ടാപ്പും നിർമ്മിക്കണം.

സാമ്പത്തികമായും, സാമൂഹികമായും പിന്നോക്കം നിൽക്കുന്ന വനിതകളുടെ ഉന്നമനത്തിനായി ചെറുകിട യൂണിറ്റുകൾ തുടങ്ങുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക. ഉദാ:- നെയ്ത്ത് സെൻറുകൾ, പനയോലവ്യവസായം, ടെയിലറിംഗ് യൂണിറ്റ്, കോഴിവളർത്തൽ, പഴവർഗ്ഗ വിഭവ സംസ്ക്കരണയൂണിറ്റുകൾ എന്നിവ.

മാവേലിസ്റ്റോറും പച്ചക്കറി വില്പനശാലയും ഈ വാർഡിൽ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുക. ഇതിന് ആവശ്യമായ കെട്ടിടം No. 4157 പയറ്റുവിള ഹരിജൻ സഹകരണ സംഘത്തിൽ സ്ഥിരമായി നടത്താവുന്നതാണ്. മറ്റ് വാർഡുകളിലെ ആൾക്കാർക്ക് ഇത് വളരെ പ്രയോജനപ്രദമാകും. നിത്യോപയോഗസാധനങ്ങളുടെ വില പരമാവധി നിയന്ത്രിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. വനിതകൾക്കായി എംബ്രോയിഡറി, ടെയിലറിംഗ് സെന്റർ സ്കൂൾ എന്നിവ തുടങ്ങുന്നതിനാവശ്യമായ സഹായ സഹകരണങ്ങൾ നൽകുക.

ഈ വാർഡ് അതിർത്തിയിൽപ്പെട്ട പോലീസ് സ്റ്റേഷനിൽ വനിതാ പോലീസിന് നിയമിക്കുക.

കർഷകതൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ തുടങ്ങിയ പെൻഷനുകൾ കുടിശ്ശിഖ തീർത്ത് കൃത്യസമയത്തിന് തന്നെ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്യുക.

### വാർഡ് 4. മരുതൂർക്കോണം

അൻപത് വനിതകൾക്കുവീതം തൊഴിൽ ലഭിക്കത്തക്ക രീതിയിൽ സോപ്പ്, മെഴുകുതിരി, കറിപൗഡർ, ബുക്ക്, എംബ്രോയിഡറി, കവർ എന്നിവ നിർമ്മിക്കുന്നതിനുവേണ്ടി ഓരോ യൂണിറ്റും. ഇവ പരിശീലിപ്പിക്കുന്നതിനുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ടും, തയ്യൽ, ബുക്ക്ബൈന്റിംഗ് എന്നിവ പരിശീലിപ്പിക്കുന്നതിനുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ടും തുടങ്ങുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം ആവശ്യപ്പെടുന്നു.

### വാർഡ് 5. പുന്നക്കുളം

**പുന്നക്കുളം**

1. പുന്നക്കുളം കേന്ദ്രമാക്കി വനിതകൾക്കുവേണ്ടിയുള്ള കറിപൗഡറുകളും, അച്ചാറുകളും ഉണ്ടാക്കുന്നതിനുള്ള ഒരു യൂണിറ്റ് നിർമ്മിക്കുക.
2. കുരുവിതോട്ടം കേന്ദ്രമാക്കി വനിതകൾക്ക് വേണ്ടി ഒരു തയ്യൽ പരിശീലനകേന്ദ്രം സ്ഥാപിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകണം.
3. ഗ്രാമോദ്ധാരണവനിതാ സമാജത്തിന്റെ കീഴിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വനിതകൾക്ക് സ്വയം തൊഴിൽ ചെയ്യുവാനുള്ള ധനസഹായവും , റെഡിമെയ്ഡ് വസ്ത്രത്തിന്റെയും, കറിപൗഡർ, കരകൗശല വസ്തുക്കൾ എന്നിവ നിർമ്മിക്കുന്നതിനുവേണ്ടി ഗ്രാന്റും നൽകണമെന്ന് ആവശ്യപ്പെടുന്നു.
4. തെക്കേക്കോണം കേന്ദ്രമാക്കി ഒരു പോലീസ് സബ്സ്റ്റേഷൻ സ്ഥാപിക്കുക.
5. ഗ്രാമത്തിലുള്ള മുഴുവൻ അംഗങ്ങളേയും വനിതസമാജങ്ങളിൽ ഉൾപ്പെടുത്തുക.

### വാർഡ് 6. പുളിങ്കുടി.

1. പുളിങ്കുടി വാർഡിൽ ഒരു വനിതാ സെൽ രൂപീകരിക്കുക.
2. സ്ത്രീകൾക്ക് ചെറുകിയ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.
3. നിർധനരായ കുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുക.
4. വനിതകൾ ജോലിക്കു പോകുന്ന സമയത്ത് അവരുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിന് ബേബി ക്രഷ് തുടങ്ങുക.
5. വനിതകൾക്കു വേണ്ടി അടിമലത്തുറയിൽ ഒരു സാംസ്ക്കാരിക കേന്ദ്രം നിർമ്മിക്കുക.

### വാർഡ് 7. ചൊവ്വര

1. സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക
2. വാർഡിൽ ഒരു അംഗൻവാടി രൂപീകരിക്കുക.
3. മഹിളാ സമാജങ്ങൾ സംഘടിപ്പിക്കുന്നതിലേക്കാവശ്യമായ സഹായസഹകരണങ്ങൾ നൽകുക.
4. വനിതകൾക്കു വേണ്ടി ഒരു എംബ്രോയിഡറി പരിശീലന കേന്ദ്രത്തിന് വനിതാ കൈത്തറി സംഘം സ്ഥാപിക്കണം.
5. ദരിദ്ര രേഖയ്ക്കു താഴെയുള്ള വനിതാ കുടുംബങ്ങൾക്ക് കോഴിവളർത്തൽ യൂണിറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ ധന സഹായം നൽകണം.

### വാർഡ് 8. അടിമലത്തുറ

1. VIIIാം വാർഡിലെ വനിതകൾക്ക് വായനാശീലം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു വനിതാ ലൈബ്രറി സ്ഥാപിക്കുവാൻ ആവശ്യപ്പെടുന്നു.
2. തൊഴിലില്ലാതെ നിൽക്കുന്ന വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള എംബ്രോയിഡറി പരിശീലനത്തിനുള്ള ധനസഹായം നൽകുക.
3. മത്സ്യവിപണനം നടത്തുന്നതിനുള്ള വനിതാ ബസ് നിലവിൽ വരുത്തണം.
4. വിദ്യാഭ്യാസം ഇല്ലാത്ത വനിതകൾക്കുവേണ്ടി വയോജന വിദ്യാഭ്യാസം പുനരാരംഭിക്കണം.

## വാർഡ്9. മൂലക്കര

അഭ്യസ്ത വിദ്യരായ തൊഴിലില്ലാത്ത ധാരാളം വനിതകൾ ഈ വാർഡിലുണ്ട്. വനിതകൾക്ക് തൊഴിൽ ഉറപ്പു വരുത്തുന്നതിന് ഊർജ്ജിത നടപടി ആവശ്യമാണ്, തൊഴിൽ ശാലകൾ സ്ത്രീകൾക്കു മാത്രമായി ഉണ്ടാകേണ്ടത് ആവശ്യമാണ്. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 50% സംവരണം ഉറപ്പുവരുത്തണം. ഈ വാർഡിൽ കയർ, കൈത്തറി മേഖലകളിൽ സ്ത്രീകൾക്ക് തൊഴിൽ കണ്ടെത്തുവാൻ കഴിയും. അതിനു വേണ്ട പ്രോത്സാഹനം നൽകണം. നാമമാത്രമായ വനിതാ സമാജങ്ങൽ ഇവിടെ ഉണ്ടെങ്കിലും വനിതകൾക്ക് അതുകൊണ്ട് പ്രയോജനമില്ല. അതിനാൽ വനിതാ സമാജങ്ങൾ പുതുക്കി രൂപീകരിക്കുന്നതിനാവശ്യമായ സഹകരണം നൽകണം.

ഖാദിബോർഡിന്റെ കീഴിൽ ഒരു വനിതാ വ്യവസായ യൂണിറ്റ് സ്ഥാപിക്കണം, വനിതാ സഹകരണ സംഘം രൂപീകരിക്കാനുള്ള സാധ്യതകൾ ആരായണം. മദ്യനിരോധനം പൂർണ്ണമായി നടപ്പിലാക്കുന്നതിലൂടെ സ്ത്രീക്ഷേമം ഉറപ്പുവരുത്തണം.

## വാർഡ് 10. കുഴിവിള

1. വനിതകൾക്കുവേണ്ടി മാത്രം വനിതാ നെയ്ത്ത് വ്യവസായ സഹകരണ സംഘം , പനയോല ഉല്പന്ന കേന്ദ്രങ്ങൽ എന്നിവ ആരംഭിക്കണം.
2. വനിതകൾക്കുവേണ്ടി ഒരു എംബ്രോയിഡറി പരിശീലനത്തിന് വനിതാകൈത്തറി സംഘം സ്ഥാപിക്കണം.
3. ചെറുകിട കച്ചവടമായ പച്ചക്കറി, ഈർക്കിൽ തുടങ്ങിയവ ചെയ്യുന്നവർക്ക് ധനസഹായം നൽകണം.
4. നൂറ് വനിതാകുടുംബങ്ങൾക്ക് ഏതെങ്കിലും കോഴിവളർത്തൽ യൂണിറ്റ് ആരംഭിക്കുന്നതിനാവശ്യമായ സഹായം നൽകണം.
5. വനിതകൾക്ക് വേണ്ടിയുള്ള ഒരു ഖാദി വ്യവസായയൂണിറ്റ് ശ്രീനാരായണപുരത്തു സ്ഥാപിക്കുക.

## വാർഡ് 11 കൊല്ലകോണം

ആരോഗ്യക്ഷേമപ്രവർത്തനം നടത്തുന്ന വനിതകൾക്ക് അർഹമായ പ്രാതിനിധ്യവും ശമ്പളം, അലവൻസ്, മറ്റ് ആനുകൂല്യങ്ങൽ എന്നിവ നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

തൊഴിൽ ശാലകൾ ഉണ്ടാക്കി സ്ത്രീകളുടെ ക്ഷേമ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം.

## വാർഡ് 12 അവണാകുഴി

1. നെയ്ത്ത്, തയ്യൽ, പപ്പടവ്യവസായം, പച്ചക്കറി കച്ചവടം, ഓലമെടയൽ, കോഴി, ആട് എന്നിവ വളർത്തൽ ഇവയാണ് വനിതകളുടെ തൊഴിലുകൾ. ഇതിൽ നെയ്ത്തുകാർക്ക് 50 തറികൾ നൽകിയാൽ 50 പേർക്ക് തൊഴിൽ നൽകാനാകും.
2. ഗാർമെന്റ്സ് മേക്കിംഗ് യൂണിറ്റുകൾ രജിസ്റ്റർ ചെയ്താൽ 25 പേർക്ക് തയ്യലിൽ തൊഴിൽ നൽകാനാകും.
3. കോഴി വളർത്തലിന് ദുർബലവിഭാഗക്കാരായ 200 പേർക്ക് ധനസഹായം നൽകിയാൽ സഹായമായിരിക്കും.
4. ആടുവളർത്തലിന് 100 വീട്ടുകാർക്ക് ധനസഹായം നൽകണം.
5. 10 പേർക്ക് പപ്പടവ്യവസായത്തിന് സഹായം നൽകണം.
6. 150 പേർക്ക് ഓലമെടഞ്ഞ് കച്ചവടം നടത്തുന്നതിനുള്ള ധനസഹായം നൽകണം.
7. പനയോല വ്യവസായത്തിന് 10 പേർക്ക് ധനസഹായം നൽകണം.
8. കൂൺകൃഷിക്ക് 5 യൂണിറ്റുകൾ രജിസ്റ്റ ചെയ്ത് നടപ്പിലാക്കുന്നതിനുള്ള ധനസഹായം ഉണ്ടാക്കണം.

# സഹകരണം

കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ സഹകരണമേഖല സു ശക്തമാണ്. രണ്ട് സർവ്വീസ് സഹകരണ ബാങ്കുകൾ , രണ്ട് ഹരിജൻ സർവ്വീസ് സഹകരണ സംഘങ്ങൾ, അഞ്ച് ക്ഷീരോത്പാദക സഹകരണസംഘങ്ങൾ ഒരു മത്സ്യ വ്യവസായ സഹകരണസംഘം ഒരു ഖാദി സഹകരണസംഘം ഒരു കയർ വ്യവസായ സഹകരണ സംഘം 30 കൈത്തറി സഹകരണ സംഘങ്ങൾ ഇന്ന് നിലവിലുണ്ട്. കൈത്തറി സഹകരണ സംഘങ്ങൾ വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിൽ പ്രവർത്തിച്ചു വരുകയാണ്.

കാർഷിക അഭിവൃത്തി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിൽ അവസരങ്ങൾ ഉള്ളത് കൈത്തറിയും മത്സ്യബന്ധനവുമാണ്. എന്നാൽ കാർഷികമേഖലയ്ക്ക് 2 സഹകരണ ബാങ്കുകൾ പ്രവർത്തിക്കുമ്പോൾ 30 കൈത്തറി സംഘങ്ങളും ഒരു മത്സ്യബന്ധനസംഘവുമാണ് പ്രവർത്തിക്കുന്നത്.

കാർഷിക സഹകരണബാങ്കുകൾ അവണാകുഴി സർവ്വീസ് സഹകരണ ബാങ്ക് 2387-ാം നമ്പർ, കോട്ടുകാൽ T 196 സർവ്വീസ് സഹകരണ ബാങ്ക് എന്നിവയാണ്.

അവണാകുഴി 237-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്ക് 1119 കൊല്ലവർഷത്തിൽ നൂൽവിൽപ്പന സംഘമായി പ്രവർത്തനമാരംഭിച്ചു. 1958-ൽ സർവ്വീസ് സഹകരണ സംഘമായി. അതേ വർഷത്തിൽ സഹകരണബാങ്കുമായി പരിവർത്തനം വരുത്തി. ഈ ഗ്രാമപഞ്ചായത്തിന്റെ 12-ാം വാർഡ് ഈ സർവ്വീസ് സഹകരണ സംഘത്തിൽ ഉൾപ്പെടുത്തി വളരെ കാര്യക്ഷമമായും ലാഭത്തിലും പ്രവർത്തിച്ചു വരുന്നു. സ്വന്തം കെട്ടിടം, സ്റ്റോറുകൾ എന്നിവയോടെ പ്രവർത്തിക്കുന്നതാണ്.

കോട്ടുകാൽ പഞ്ചായത്തിന്റെ ഏകസർവ്വീസ് സഹകരണബാങ്കാണ് T196ാം നമ്പർ കോട്ടുകാൽ സർവ്വീസ് സഹകരണബാങ്ക്. ഇത് 1961-ൽ സ്ഥാപിക്കുകയുണ്ടായി. സ്വന്തമായി കെട്ടിടമുണ്ട്. 2880 പുരുഷന്മാരും 1187 സ്ത്രീകളും ഉൾപ്പെടെ മൊത്തം 4067 അംഗങ്ങളും ഉണ്ട്. 51/2 ലക്ഷം ( അഞ്ചര ലക്ഷം) രൂപ ഓഹരിമൂലധനം ഉണ്ട്. ഈ ബാങ്കിന്റെ പ്രവർത്തനപരിധി 1 മുതൽ 10 വരെയുള്ള വർഡുകളാണ്. എന്നാൽ കോട്ടുകാൽ പഞ്ചായത്തിന്റെ 11-ാം വാർഡ് അതിയന്നൂർ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന നെല്ലിമൂട് സർവ്വീസ് സഹകരണ ബാങ്കിന്റെ പരിധിയിലാണ്. ഈ ബാങ്കിന്റെ പ്രവർത്തനം വളരെ കാര്യക്ഷമമായ രീതിയിൽ നടന്നു വരുന്നു. എന്നാൽ കോട്ടുകാൽ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കോട്ടുകാൽ സർവ്വീസ് സഹകരണ ബാങ്ക് 1988 മുതൽ പ്രവർത്തനരഹിതമാണ്. ഈ സർവ്വീസ് സഹകരണ സംഘത്തിന്റെ ബാങ്ക് ആക്കൗണ്ട് മരവിപ്പിച്ചിരിക്കുന്നു. കാലാകാലങ്ങളിൽ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്താറില്ല. പലവിധത്തിലുള്ള കേസുകളും നിലവിലുണ്ട്.

1. ഈ സഹകരണ ബാങ്കു പ്രവർത്തനരഹിതമായതിനാൽ ഈ ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് വായ്പകൾ എടുക്കാൻ കഴിയുന്നില്ല.
2. ഹരിജൻ സർവ്വീസ് സഹകരണ സംഘങ്ങളും പ്രവർത്തനരഹിതമാണ്.
3. ഖാദിഗ്രാമ വ്യവസായ സഹകരണ സംഘവും കയർ സഹകരണസംഘവും പ്രവർത്തിക്കുന്നില്ല.

ക്ഷീരവ്യവസായ സഹകരണ സംഘങ്ങളായ ഉച്ചക്കട 4040-ാം നമ്പർ സംഘത്തിൽ 626 അംഗങ്ങൾ ഉണ്ട്. ഇതിൽ 586 പുരുഷന്മാരും 40 സ്ത്രീകളുമാണ്. 28-10-1956-ൽ സ്ഥാപിച്ച ഈ സംഘം ഇന്ന് ലാഭത്തിൽ പ്രവർത്തിച്ചു വരികയും സ്വന്തമായി കെട്ടിടവും മറ്റു സൗകര്യങ്ങളും ഉണ്ട്.

പുലിവിള വാർഡിൽ സ്ഥിതി ചെയ്യുന്ന പയറ്റുവിള T 188ാ നമ്പർ ക്ഷീരവ്യവസായ സഹകരണസംഘം 1986 ൽ സ്ഥാപിച്ചു. 417 അംഗങ്ങൾ ഉണ്ട്. അന്ന് വാടക കെട്ടിടത്തിൽ പ്രവർത്തിച്ച സംഘം ഇന്ന് ലാഭത്തിൽ പ്രവർത്തിക്കുന്നു സ്വന്തമായി കെട്ടിടവും ഉണ്ട്.

കൊല്ലകോണം വാർഡിൽ കുഴിയം വിള T 95 (D) ക്ഷീരവ്യവസായ സഹകരണസംഘം 1980-ൽ സ്ഥാപിച്ചു. വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. 128 അംഗങ്ങൾ ഉണ്ട് ലാഭത്തിൽ പ്രവർത്തിക്കുന്നു.

പുന്നക്കുളം വാർഡിൽ വളവുനട T66 (D) ക്ഷീരവ്യവസായ സഹകരണസംഘം 1977-ൽ സ്ഥാപിച്ചു. ലാഭത്തിൽ പ്രവർത്തിച്ചുവരികയും ചെയ്യുന്നു. ടി സംഘത്തിൽ 146 സ്ത്രീകളും 19 പുരുഷന്മാരും ഉൾപ്പെടെ 165 അംഗങ്ങളും ഉണ്ട്. എന്നാൽ സ്വന്തമായി കെട്ടിടം ഇല്ല. വാടകകെട്ടിടത്തിലാണ് പ്രവർത്തനം നടക്കുന്നത്.

മരുതൂർക്കോണം ക്ഷീരവ്യവസായ സഹകരണ സംഘം മരുതൂർക്കോണം വാർഡിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

അടിമലത്തുറ മത്സ്യബന്ധന സഹകരണസംഘം 1998-ൽ സ്ഥാപിച്ചു. 1650 മത്സ്യബന്ധന തൊഴിലാളികളും 1450 സ്ത്രീ തൊഴിലാളികളും ഉണ്ട്, ഈ സംഘത്തിന് സ്വന്തമായി 24 യമ

ഹയന്ത്രങ്ങളും 1200 വലകളും ഉണ്ട്. എന്നാൽ ഈ സംഘത്തിലെ അംഗങ്ങൾ 1210 ആണ്.

കൈത്തറി മേഖലയിൽ ഈ പഞ്ചായത്തിൽ 30-ൽ പരം സംഘങ്ങൾ ഉണ്ട്. ഈ ഗ്രാമപഞ്ചായത്തിലെ 10 വാർഡുകളിൽ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവയിൽ 10 എണ്ണം 1953-55 കാലഘട്ടങ്ങളിലും 15 എണ്ണം 1984-85 കാലഘട്ടങ്ങളിലും 5 എണ്ണം 1995-96 കാലഘട്ടങ്ങളിലും സ്ഥാപിച്ചുള്ളവയാണ്.

ഈ ഗ്രാമ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ തറികൾ പ്രവർത്തിച്ചു വരുന്നത് പയറ്റുവിള, കുഴിവിള എന്നീ പ്രദേശങ്ങളിലാണ്. എന്നാൽ ഏറ്റവും കൂടുതൽ സഹകരണ സംഘങ്ങൾ ഉള്ളത് പുലിവിള, അയംപുറം, പയറ്റുവിള മരുതൂർക്കോണം എന്നീ വാർഡുകളിലാണ്.

5 പോളിസ്റ്റർ സഹകരണ സംഘങ്ങൾ 2 ഹ രിജൻ സംഘങ്ങൾ എന്നിവ ഇവയിൽ ഉൾപ്പെടുന്നു. എന്നാൽ പയറ്റുവിളയിൽ ഒരു ഇൻഡസ്ട്രിയൽ കൈത്തറി സഹകരണസംഘം പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സംഘത്തിന് സ്വന്തമായി 50 സെന്റ് വസ്തുവും ആഫീസും അതിന് ആവശ്യമായ കെട്ടിടങ്ങളും ഉണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകാരണം ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല.

30 സംഘങ്ങളിൽ 28 എണ്ണവും ലാഭത്തിൽ പ്രവർത്തിച്ചു വരുന്നു. പയറ്റുവിള ഇൻഡസ്ട്രിയൽ സഹകരണസംഘവും മരുതൂർക്കോണം H74ാം നമ്പർ കൈത്തറി സംഘവും നഷ്ടത്തിൽ പ്രവർത്തിച്ചുവരുകയാണ്.

ഏറ്റവും കൂടുതൽ ഉല്പാദനവും വിറ്റുവരവുമുള്ള സംഘങ്ങൾ പുലിവിള H.W.C.S ശ്രീകുമാരാ പോളിസ്റ്റർ സംഘവും എന്നിവയാണ്. പുലിവിളകൈത്തറി സംഘം, പയറ്റുവിള കൈത്തറി സംഘം എന്നിവയ്ക്ക് സ്വന്തമായ ആഫീസും കെട്ടിടങ്ങളും ഉണ്ട്. മരുതൂർക്കോണം H-74ാം നമ്പർ സംഘത്തിന് സ്വന്തമായ വസ്തു ഉണ്ട്. ആഫീസ് വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. മറ്റു സംഘങ്ങളുടെ ആഫീസുകളെല്ലാം വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്.

പ്രാദേശിക വിൽപ്പനയെ ആശ്രയിക്കാതെ സംഘം പ്രവർത്തനം നടത്താൻ കഴിയാത്ത ഒരു സ്ഥിതി വിശേഷം ഇന്ന് നിലവിലുണ്ട്. ഈ ഗ്രാമ പഞ്ചായത്തിലെ നെയ്ത്തു വ്യവസായം സ്വകാര്യ മേഖലയിലും സഹകരണമേഖലയിലും കൂടി കുഴഞ്ഞു കിടക്കുകയാണ്. ഇവ തരംതിരിക്കുന്നത് വ്യവസായ പുരോഗതിക്ക് സാദ്ധ്യത വർദ്ധിക്കും. ആയതിലേക്ക് തറികളുടെ ഒരു കണക്ക് ശേഖരിക്കേണ്ടതാണ്.

ഹരിജനങ്ങൾ ഈ വ്യവസായത്തിൽ കുറച്ചു മാത്രമേ പങ്കാളികളായിട്ടുള്ളു. ഈ തൊഴിൽ പഠിക്കാൻ താല്പര്യമുള്ള ഹരിജനങ്ങൾക്ക് പഠിക്കാനുള്ള അവസരം ഉണ്ടാക്കി അവർക്ക് അവരുടേതായ രീതിയിൽ ഹരിജൻ കൈത്തറി സഹകരണ സംഘങ്ങൾ കൂടുതൽ അനുവദിച്ചു അവരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തേണ്ടിയിരിക്കുന്നു.

പുതിയ കൈത്തറിസംഘങ്ങളുടെ ആവിർഭാവം കാരണം തകർന്നു വരുന്ന പഴയ സംഘങ്ങളെ പുനരുദ്ധരിക്കേണ്ടതാണ്.

ഈ ഗ്രാമപഞ്ചായത്തിൽ ഇന്ന് നെയ്ത്ത് വ്യാപകമാണ്. എല്ലാ മേഖലയിലും സ്ത്രീ തൊഴിലാളികളാണ് കൂടുതൽ ഉള്ളത്. പയറ്റുവിള, മരുതൂർക്കോണം , അവണാകുഴി എന്നീ മേഖലകൾ കേന്ദ്രീകരിച്ചാണ് കൈത്തറി സംഘങ്ങൾ പ്രവർത്തിച്ചു വരുന്നത്. എന്നാൽ സ്ത്രീകൾക്ക് മാത്രം പ്രാതിനിധ്യമുള ഒരു സഹകരണ സംഘം ഈ ഗ്രാമപഞ്ചായത്തിന്റെ ഒരു മേഖലയിലും ഇന്ന് നിലവിൽ ഇല്ല. ആയതിനാൽ സ്ത്രീകൾക്കു കൂടി പ്രാതിനിധ്യം കൊടുക്കത്തക്ക രീതിയിൽ കൈത്തറി മേഖലയെ ശക്തിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

## വാർഡ് 1 പുലിവിള :-

### സഹകരണം

തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്തിന്നതിലേക്കായി സഹകരണമേഖലയിൽ ഒരു നാളികേര സംസ്ക്കരണവിപണന ശാലയും 50-ൽ കുറയാതെ ആൾക്കാർക്ക് തൊഴിൽ സൗകര്യവും ലഭിക്കത്തക്ക രീതിയിൽ ഒരു കൈത്തറിനെയ്ത്തു ശാലയും അതിനോടനുബന്ധിച്ച് ഒരു സാങ്കേതിക ട്രെയിനിംഗ് സെന്റർ സ്ഥാപിക്കണമെന്നും ഗ്രാമസഭ ആവശ്യപ്പെട്ടു. തറി ഉപകരണങ്ങളും മറ്റു സാധനങ്ങലും ഗ്രാമസഭവഴി വിതരണം നടത്തണം.

## വാർഡ് 2 അയംപുറം

### സഹകരണം

ഒരു ഹൗസിംഗ് സഹകരണ സംഘം സ്ഥാപിക്കുന്നതിനും, നിലവിലുള്ള സഹകരണസംഘങ്ങൾ ഉദ്ധരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തി സാധാരണക്കാർക്ക് കൂടുതൽ പ്രയോജനപ്പെടുത്തേണ്ടതാണെന്നും ആവശ്യപ്പെട്ടു. കോട്ടുകാൽ സർവ്വീസ് സഹകരണബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനും തൊഴിലധിഷ്ഠിത സഹകരണ സംഘങ്ങൽ രൂപീകരിക്കേണ്ടതാണെന്നും തീരുമാനിച്ചു. അയംപുറം വാർഡ് കേന്ദ്രീകരിച്ച് ഒരു ക്ഷീര വ്യവസായ സഹകരണസംഘം അടിയന്തിരമായി നടപ്പിലാക്കുക.

## വാർഡ് 3 പയറ്റുവിള

### സഹകരണം

പയറ്റുവിള വാർഡിൽ 250-ൽ പരം തറികൾ പ്രവർത്തിപ്പിക്കുന്നതിന് സൗകര്യമുള്ള പയറ്റുവിള ഇൻഡ

സ്ട്രിയൽ സഹകരണസംഘം സ്ത്രീതൊഴിലാളികൾക്ക് തൊഴിൽ ലഭിക്കാൻ സൗകര്യം ലഭിക്കത്തക്ക രീതിയിൽ ആവശ്യമായ മൂലധനം നൽകി വിപുലീകരിക്കണമെന്ന് ആവശ്യപ്പെടുന്നു. ഗേറ്റ്, ഗ്രിൽ, സ്റ്റീൽ അലമാര തുടങ്ങിയ ഗൃഹോപകരണങ്ങൾ നിർമ്മിക്കുന്നതിലേക്കായി സഹകരണമേഖലയിൽ ഒരു ചെറുകിട വ്യവസായകേന്ദ്രം സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുന്നു. നാളികേര ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് വ്യവസായം നടത്തുന്നതിനുള്ള ഒരു സഹകരണസംഘം സ്ഥാപിക്കുക. പയറ്റുവിള വാർഡിൽ ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശമാണ്. ഈ മേഖലയിൽ ഹരിജനങ്ങൾക്കായിട്ട് ഒരു കൈത്തറി സഹകരണ സംഘം സ്ഥാപിച്ചുതരണമെന്ന് ആവശ്യപ്പെടുന്നു.

## വാർഡ് 4.

### മരുതൂർകോണം

നെയ്ത്തു തൊഴിലാളികൾ അധിവസിക്കുന്ന ഈ വാർഡിൽ നവീനരീതിയിലുള്ള വസ്ത്രങ്ങൾ നിർമ്മിക്കുന്നതിനും തൊഴിലാളികൾക്ക് ജക്കാട്, ഡോബി, തുണി ബ്ലീച്ചിംഗ്, ഡയിംഗ് പ്രിന്റിംഗ് എന്നിവയിൽ പരിശീലനം നടത്തുന്നതിലേക്കായി സഹകരണമേഖലയിൽ ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കണമെന്ന് ആവശ്യപ്പെടുന്നു. ഈ വാർഡിൽ പ്രവർത്തിച്ചു വരുന്ന സംഘങ്ങളിലെ കുടുംബവാഴ്ച അവസാനിപ്പിച്ച് സ്ഥാപനങ്ങളിലെ വരുമാനം എല്ലാ തൊഴിലാളികൾക്കും വിതരണം നടത്തി തൊഴിലാളികളെ പരിരക്ഷിക്കേണ്ടതാണെന്നും സഹകരണ സംഘങ്ങളിൽ നടന്നു വരുന്ന ക്രമക്കേടുകൾ അവസാനിപ്പിക്കാൻ നടപടി എടുക്കണമെന്നും ആവശ്യപ്പെടുന്നു.

## വാർഡ് 5

### പുന്നക്കുളം

സഹകരണ മേഖല ഇന്ന് ചില വ്യക്തികളുടെ കൈവശത്ത് വെച്ചിരിക്കുന്ന രീതി അവസാനിപ്പിക്കണമെന്നും ഇതിന്റെ പ്രവർത്തനവും പ്രയോജനവും സാധാരണക്കാർക്ക് ലഭ്യമാക്കത്തക്കരീതിയിൽ മാറ്റി എടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെടുന്നു.കോക്കനട്ട് പാക്കേജ് പദ്ധതി സഹകരണ മേഖലയിൽ ആരംഭിക്കുന്നതിനും പുന്നക്കുളം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ ഹൗസിംഗിനും കൃഷി ആവശ്യത്തിലേക്കുള്ള വായ്പകളും വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കണം. ഹരിജൻ വാർഡായ പുന്നക്കുളം കേന്ദ്രമാക്കി ഒരു വനിതാ ഹരിജൻ കൈത്തറി സഹകരണ സംഘം സ്ഥാപിക്കണമെന്നും ഗ്രാമസഭ ആവശ്യപ്പെടുന്നു.

## വാർഡ് 6

### പുളിങ്കുടി

മത്സ്യവ്യവസായ സഹകരണ സംഘം സ്ഥാപിച്ച് മത്സ്യതൊഴിലാളികളെയും ക്ഷീരസഹകരണസംഘം സ്ഥാപിച്ച് കറവമാടു വളർത്തുകാരെയും സഹായിക്കണമെന്ന് ആവശ്യപ്പെടുന്നു.

## വാർഡ് 7

### ചൊവ്വര:-

ഈ വാർഡിൽ ഒരു നാളികേരസംസ്ക്കരണ ഫാക്ടറിയും ഒരു നെയ്ത്ത് സഹകരണസംഘവും ഒരു വർക്കിംഗ് സഹകരണസംഘവു സ്ഥാപിക്കണമെന്ന് ആവശ്യപ്പെടുന്നു.

## വാർഡ് 8.

### അടിമലത്തുറ

മത്സ്യകതൊഴിലാളികൾക്ക് തൊഴിൽ സൗകര്യം വർദ്ധിപ്പിക്കുന്നതിനും എല്ലാതൊഴിലാളികൾക്കും തൊഴിൽ ലഭിക്കത്തക്ക രീതിയിലും അടിമലത്തുറ മത്സ്യബന്ധനസഹകരണ സംഘത്തിന് 500 യമഹയന്ത്രങ്ങളും കൂടുതൽ വലകളും വാങ്ങുന്നതിലേക്കായി സാമ്പത്തികസഹായം നൽകുകയും മത്സ്യം സാംസ്ക്കരിക്കുന്നതിനുവേണ്ടിയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, മത്സ്യവിൽപ്പനക്കാർക്ക് ദൂരെ സ്ഥലങ്ങളിൽ മത്സ്യം വിൽക്കാനായികൊണ്ടു പോകുന്നതിന് യാത്രാസൗകര്യം ഉണ്ടാക്കുന്നതിലേക്കായി സംഘത്തിൽ വാഹനങ്ങൾ വാങ്ങാനുള്ള വായ്പ അനുവദിച്ച് സഹായിക്കണമെന്നും സംഘത്തിന്റെ കീഴിൽ ഒരു കൺസ്യൂമർ സ്റ്റോർ അടിയന്തിരമായി സ്ഥാപിക്കണമെന്നും ആവശപ്പെടുന്നു.

## വാർഡ് 9

### മൂലക്കര

ഈ വാർഡിൽ 75% ആൾക്കാരും കന്നുകാല വളർത്തുകാരും കറവതൊഴിലാളികളുമായതിനാൽ ഇവിടെ ഒരു പാൽ സഹകരണസംഘം സ്ഥാപിച്ച് അതുവഴി പാൽ ഏറ്റെടുക്കുകയും സാമ്പത്തികശേഷികുറഞ്ഞ മാടുവളർത്തുകാർക്ക് എരുത്തിൽ നിർമ്മിക്കുന്നതിനും നല്ലയിനം കറവ മാടു വാങ്ങുന്നതിനും അതുവഴി സാമ്പത്തികസഹായം ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

ഈ വാർഡിൽ പരമ്പരാഗത കയർ തൊഴിലാളികളും ഉണ്ട്. ആ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ ഉൾപ്പെടുത്തി ഒരു കയർ സഹകരണസംഘം സ്ഥാപിക്കുകയും തൊണ്ട് അഴുക്കാൻ റാട്ട് വാങ്ങാൻ എന്നിവയ്ക്ക് സംഘത്തിൽ കൂടി സാമ്പത്തിക സഹായം ചെയ്യുകയും അവരുടെ ഉല്പന്നങ്ങൾ ഏറ്റെടുക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാകണ

മെന്ന് ആവശ്യപ്പെടുന്നു. ഈ വാർഡിലെ കൈത്തറി സഹകരണസംഘങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നതിനും നെയ്ത്ത് തൊഴിൽ പരിശീലിപ്പിക്കുന്നതിന് സ്ത്രീകളെ കൂടെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു നെയ്ത്ത്പരിശീലന കേന്ദ്രവും നെയ്ത്ത് ഉപകരണങ്ങൾ വാങ്ങാനുള്ള സാമ്പത്തിക സഹായവും ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുന്നു.

## വാർഡ് 10.

### കുഴിവിള

ഈ വാർഡിൽ ഒരു വനിതാകൈത്തറി സഹകരണസംഘവും, കാർഷിക സഹകരണസംഘവും , പനയോലസഹകരണസംഘവും. ഒരു കൺസ്യൂമർ സ്റ്റോറുകളും ഒരു വനിതാ സഹകരണസംഘവും സ്ഥാപിക്കുക.

കോട്ടുകാൽ വില്ലേജ് കൈത്തറിഗ്രാമസഹകരണ സംഘം വേങ്ങപ്പൊറ്റ കേന്ദ്രീകരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രവർത്തനം ഇല്ല. ജോയിന്റ് ഫാമിംഗ് സഹകരണ സംഘം കുഴിവിള വാർഡ് കേന്ദ്രീകരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലാബാങ്കിൽ നിന്നും വായ്പ ലഭ്യമായാൽ ചെറുകിട കർഷകരെ വളരെ അധികം സഹായിക്കാൻ കഴിയും.

## വാർഡ് 11

### കൊല്ലകോണം

ഈ വാർഡിൽ ഒരു സഹകരണസംഘം സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടു. സഹകരണമേഖലയിൽ ഒരു നാളികേര സംഭരണശാലയും ഒരു തയ്യൽ പരിശീലന കേന്ദ്രവും സ്ഥാപിക്കണമെന്ന് തീരുമാനിച്ചു.

## വാർഡ് 12

### അവണാകുഴി

ഈ വാർഡിൽ ഒരു ഹരിജൻ സഹകരണസംഘം സ്ഥാപിച്ചുകിട്ടണമെന്നും ഈ വാർഡിൽ പ്രവർത്തിക്കുന്ന 3765-ാം നമ്പർ കൈത്തറി സഹകരണ സംഘത്തിൽ ഹരിജനങ്ങൾക്ക് പ്രാതിനിധ്യം കൊടുത്ത് പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. നാളികേര സംസ്ക്കരണ മാർക്കറ്റിംഗ് സഹകരണസംഘവും പച്ചക്കറി ഉല്പാദന വിപണന സഹകരണ സംഘവും അടിയന്തിരമായി അനുവദിക്കുക.

**കോട്ടുകാൽ പഞ്ചായത്തിലെ പൊതുവിതരണകേന്ദ്രങ്ങൾ**

**റേഷൻവിതരണകേന്ദ്രങ്ങൾ**

| വാർഡ് നമ്പർ | വാർഡിന്റെ പേര് | റേഷൻകടസ്ഥിത ചെയ്യുന്ന സ്ഥലം | എണ്ണം. |
|---|---|---|---|
| 1. | പുലിവിള | പയറ്റുവിള | 1 |
| 2. | അയംപുറം | മരതൂർകോണം | 1 |
| 3. | പയറ്റുവിള | പയറ്റുവിള | 1 |
| 4. | മരതൂർകോണം | മരതൂർകോണം (പുന്നവിള), പുന്നക്കുളം | 2 |
| 5. | പുന്നക്കുളം | ഇല്ല | |
| 6. | പുളിങ്കുടി | പുളിങ്കുടി, | 2 |
| | | പുളിങ്കുടി (jn) | |
| 7. | ചൊവ്വര | 1. ചപ്പാത്ത് | |
| | | 2. ചപ്പാത്ത്, | 3 |
| | | 3. ചൊവ്വര | |
| 8. | അടിമലത്തുറ | 1. അമ്പലത്തുമൂല, | |
| | | 2. അടിമലത്തുറ, | 3 |
| | | 3. അടിമലത്തുറ | |
| 9. | മുലക്കര | ഇല്ല | ഇല്ല |
| 10. | കുഴിവിള | വേങ്ങപ്പൊറ്റ, | 1 |
| 11. | കൊല്ലക്കോണം | നെല്ലിമൂട്, മണ്ണക്കല്ല്, കുഴിയംവിള | 2 |
| 12. | ആവണാകുഴി | ആവണാകുഴി കലുങ്കിൽ | 1 |

# പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം

ഈ നൂറ്റാണ്ടിന്റെ ആരംഭദശയിൽ അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരെ വമ്പിച്ച ജനമുന്നേറ്റം ഉണ്ടായി. അവർണ്ണരും മനുഷ്യരാണെന്നുള്ള മോഹം ഉയർത്തിയവരുടെ കൂട്ടത്തിൽ ശ്രീനാരായണഗുരുവും, മഹാനായ അയ്യങ്കാളിയും മുൻനിരയിലായിരുന്നു. മഹാകവി കുമാരനാശാന്റെ ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ തുടങ്ങിയ കവിതാസമാഹാരങ്ങൾ കേരളനാടിന്റെ അധഃസ്ഥിത വിഭാഗങ്ങളുടെ മോചനത്തിന് വഴിയൊരുക്കി. ഉത്തരേന്ത്യയിൽ മഹാനായ ഡോ. അംബേദ്ക്കറുടെ നവോത്ഥാന പ്രവർത്തനങ്ങളും ദേശീയ തലത്തിൽ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ഹരിജന ഉദ്ധാരണപ്രവർത്തനവും കൂടി ആയപ്പോൾ ചാതുർവർണ്ണ്യത്തിന്റെ അടിമത്വത്തിൽ ആണ്ടുകിടന്നിരുന്ന അധഃസ്ഥിത വിഭാഗങ്ങൾ അവരുടെ അവകാശങ്ങളെകുറിച്ച് ബോധവാൻമാരായി തുടർന്ന് വഴിനടക്കാനും, വിദ്യാലയങ്ങളിൽ പഠിക്കുവാനും അമ്പലങ്ങളിൽ ആരാധന നടത്തുന്നതിനും, നിയമപ്രാബല്യം ലഭിച്ചു.

നമ്മുടെ സമീപഗ്രാമമായ വെങ്ങാന്നൂരിൽ ഭൂജാതനാകുകയും, വളർന്നുവന്നപ്പോൾ, തന്റെ ചുറ്റുംകണ്ട് ജാതിഭ്രഷ്ഠുകൾക്കെതിരെ സന്ധിയില്ലാസമരം നയിക്കുകയും ചെയ്ത മഹാനാണ് ശ്രീ. അയ്യൻകാളി. അദ്ദേഹവുമായി ബന്ധപ്പെട്ടവരാണ് ഈ പ്രദേശത്ത് അധിവസിക്കുന്ന പട്ടികജാതിക്കാരിലധികവും. ഇവരുടെ ജീവിതനിലവാരം അൽപം മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും ഇന്നും വിദ്യാഭ്യാസപരമായും സാമ്പത്തികപരമായും മറ്റ് വിഭാഗങ്ങളേക്കാൾ പിന്നിലാണെന്ന് പറയാം. കുറച്ചധികം ആളുകൾ ഗൾഫ് നാടുകളിലും ചെറിയ ഒരു ശതമാനം ആളുകൾക്ക് സർക്കാർ ഉദ്യോഗവും ഉണ്ടെന്നത് ഒഴിച്ചാൽ ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം പട്ടികജാതി/പട്ടികവർഗ്ഗക്കാർ, കയർ തൊഴിലാളികളും, കർഷക തൊഴിലാളികളും, പനയോല പായ്നെയ്ത്ത് തൊഴിലാളികളുമാണ്. കുറച്ചാളുകൾ മത്സ്യബന്ധനത്തിലും ഏർപ്പെട്ടിരിക്കുന്നു. ആകെകൂടി നോക്കിയിരുന്നാൽ കോട്ടുകാൽ പഞ്ചായത്തിലെ പട്ടികജാതി/പട്ടികവർഗ്ഗക്കാർ ദാരിദ്ര്യരേഖയ്ക്കും വളരെ താഴെയാണ്. ഇവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന്, വളരെയധികം കാര്യങ്ങൾ ഇനിയും ചെയ്യേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിൽ സെറ്റിൽമെന്റ് കോളനികൾ ഉൾപ്പെടെ 18 ഹരിജൻ കോളനികൾ ഉണ്ട്. അവയുടെ പട്ടിക ചുവടെ ചേർക്കുന്നു.

**കോട്ടുകാൽ ഗ്രാമപഞ്ചായത്ത് അംഗീകൃത പട്ടികജാതി സങ്കേതങ്ങൾ**

| | പഞ്ചായത്ത് | പട്ടികജാതി സങ്കേതം | പട്ടികജാതി കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | കോട്ടുകാൽ | ഇലവൻകുഴി | 45- |
| 2. | കോട്ടുകാൽ | പുലിയൂർക്കോണം | 100- |
| 3. | കോട്ടുകാൽ | പൊറ്റവിള മണ്ണാക്കല്ല്-നെല്ലിമൂട് | 31- |
| 4. | കോട്ടുകാൽ | കുഴിവിളക്കോണം | 52- |
| 5. | കോട്ടുകാൽ | ന്യൂഹരിജൻ കോളനി ചൊവ്വര | 35- |
| 6. | കോട്ടുകാൽ | ചൊവ്വര ഹരിജൻ കോളനി (പഴയത്) | 30- |
| 7. | കോട്ടുകാൽ | തെക്കേക്കോണം, കുഞ്ചുതോപ്പ് | 27- |
| 8. | കോട്ടുകാൽ | മുലക്കര മഞ്ചംകുഴി | 23- |
| 9. | കോട്ടുകാൽ | ചീനിവിള സെറ്റിൽമെന്റ് | 12- |
| 10. | കോട്ടുകാൽ | ഇലഞ്ഞികുന്നിവിള സെറ്റിൽമെന്റ് | 12- |
| 11. | കോട്ടുകാൽ | വേലന്റെവിള | 40- |
| 12. | കോട്ടുകാൽ | ചിന്നന്റെവിള (IHDP 1992-93) | 49- |
| 13. | കോട്ടുകാൽ | പുലിവിള (മന്നോട്ടുകോണം) | 34- |
| 14. | കോട്ടുകാൽ | കൊല്ലകോണം | 14- |
| 15. | കോട്ടുകാൽ | കുഞ്ചുകോണം | 11- |
| 16. | കോട്ടുകാൽ | വാലൻവിള | 12- |
| 17. | കോട്ടുകാൽ | കുഴിയംവിള | 17- |
| 18. | കോട്ടുകാൽ | ആട്ടറമൂല | 15- |

## പട്ടികജാതി-പട്ടികവർഗ്ഗം

കോട്ടുകാൽ പഞ്ചായത്തിൽപ്പെട്ട പട്ടികജാതിയിൽപ്പെട്ടവർ 1991-ലെ സെൻസസ് പ്രകാരം 3199 ആണ്. പട്ടികവർഗ്ഗത്തിൽപ്പെട്ടവർ 11പേർ ഉണ്ട്. പട്ടികജാതിയിൽപ്പെട്ടവർ 12 വാർഡുകളിലും വ്യാപിച്ചുകിടക്കുന്ന പൊതുവെ സാമ്പത്തികമായും സാംസ്കാരികവുമായി ഇന്നും പിന്നിലാണ്.

ഇവരുടെ പരമ്പരാഗത തൊഴിൽ കൃഷി, കയർ, പന

യോല വ്യവസായം എന്നിവയാണ് ഇതിൽനിന്നും ലഭിക്കുന്ന തുച്ഛമായ വരുമാനം കൊണ്ടാണ് അവരുടെ ഉപജീവനമാർഗ്ഗം. സുരക്ഷിതമായ പാർപ്പിടങ്ങൾ ഇല്ലാത്തവരാണ് ഇവരിൽ ബഹുഭാഗവും ഇവർക്ക് വേണ്ടി സർക്കാർ തലത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന പല പദ്ധതികളും ഇവരുടെ ഉന്നമനത്തിന് സഹായമായിട്ടില്ല. അതുകൊണ്ട് ഇവിടെ ഇവർക്ക് വേണ്ടി 9-ാം പഞ്ചവത്സരപദ്ധതിയിൽ ഒരു പ്രത്യേക പദ്ധതി തയ്യാറാക്കേണ്ടതാണ്.

കോട്ടുകാൽ പഞ്ചായത്തിലെ വാർഡ്തല ഗ്രാമസഭകളിൽ ഉയർന്നുവന്ന ആവശ്യങ്ങൾ താഴെ വിവരിക്കുന്നു.

## പുലിവിള വാർഡ്

ഈ വാർഡിൽ രണ്ട് ഹരിജൻ കോളനികൾ ഉണ്ട്. വാർഡിന്റെ വിവിധ ഭാഗങ്ങളിൽ ഹരിജനങ്ങൾ അങ്ങിങ്ങായിട്ട് താമസിക്കുന്നു. ഈ കോളനികളിൽ വീടുകൾ ജീർണ്ണനാവസ്ഥയിലാണ്. ഈ കെട്ടിടങ്ങൾ പുനരുദ്ധരിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കണം. ഇവരുടെ സാംസ്കാരിക ഉന്നമനത്തിന് വേണ്ടി ഓരോ കോളനിയിലും ഓരോ ടി. വി. കോസ്ക്കുകൾ സ്ഥാപിച്ച് ടി. വി നൽകേണ്ടതാണ്. ഇവരുടെ കുട്ടികളുടെ സംരക്ഷണത്തിന് വേണ്ടി നഴ്സറികൾ അംഗൻവാടികൾ എന്നിവ സ്ഥാപിക്കണം. പണിയായുധങ്ങൾ സൗജന്യമായി നൽകണം. ഓരോ വീട്ടിനും ആടും കോഴിയും സൗജന്യമായി നൽകണം. വൈദ്യുതി എത്തിയിട്ടില്ലാത്ത വീടുകൾ വൈദ്യുതീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

### വാർഡ്-2

#### അയന്തുറം

ഈ വാർഡിൽ ഹരിജനങ്ങളായിട്ടുള്ള 30 കുടുംബങ്ങൾ ഉണ്ട്. ഇവരുടെ ജീവിതനിലവാരം വളരെ ശോചനീയാവസ്ഥയിലാണ്. ഇവരുടെ വീടുകൾ പുതുക്കുന്നതിനും വീടില്ലാത്തവർക്ക് വീട്, കക്കൂസ്, കുളിമുറി മറ്റ് ജീവിതസൗകര്യങ്ങൾ സൗജന്യമായി സർക്കാർ ചെലവിൽ നടപ്പിലാക്കുക. വീട് വൈദ്യുതീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. അവരുടെ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഗ്രാന്റുകളും സ്റ്റായിപെന്റുകളും യഥാക്രമം നൽകുക.

അവരുടെ തൊഴിൽ ഉപകരണങ്ങളും കൃഷിക്ക് ആവശ്യമായ വിത്തും, വളവും സൗജന്യമായി വിതരണം ചെയ്യുക. ടി. വി. കാസ്ക്കുകൾ സ്ഥാപിക്കുക.

### വാർഡ്-3

#### പയറ്റുവിള

ഈ വാർഡിൽ വളരെ അധികം ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന വാർഡാണ്. ഈ വാർഡിൽ രണ്ട് ലക്ഷംവീട് കോളനിയും ഒരു ഹരിജൻ സെറ്റിൽമെന്റ് ഏര്യയുമാണ്. ഇവിടെ ലക്ഷംവീട്ടിലെ ജനങ്ങൾ ദരിദ്രരും, പട്ടിണിപാവങ്ങളുമാണ്. ഇവരുടെ വീടുകൾ പഴയ ലക്ഷംവീടാണ് ഒരു വീട്ടിൽ രണ്ട് കുടുംബങ്ങളാണ് താമസിക്കുന്നത്. ഇവർക്ക് പ്രത്യേകം വീടുകൾ വച്ചുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇവരുടെ വീടുകൾ വൈദ്യുതീകരിക്കുന്നതിനും, കക്കൂസ്, കുളിമുറി, കൃഷി ഉപകരണങ്ങൾ ഗ്രാന്റുകൾ, പെൻഷനുകൾ, വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുക. മറ്റുള്ള ഹരിജനങ്ങളുടെ പാർപ്പിട സൗകര്യം മെച്ചപ്പെടുത്തുക. ടി.വി. കാസ്ക്കുകൾ സ്ഥാപിക്കുക.

### വാർഡ്-4

#### മരുതൂർക്കോണം

ഈ വാർഡിൽ ഒരു ലക്ഷംവീട് കോളനിയും മറ്റ് രണ്ട് കോളനികളും ഇവിടെയുണ്ട്. ഈ കോളനികളുടെ സ്ഥിതി വളരെ ശോചനീയാവസ്ഥയിലാണ്. വർഷങ്ങൾക്കുമുമ്പ് നിർമ്മിച്ച കുഴിവിള ലക്ഷംവീട് കോളനിയാണ്. ഇവിടെ ഒരു വീടിന്റെ ഇരുവശങ്ങളായി തിരിച്ച് ഓരോ ഭാഗത്താണ് അവരുടെ ജീവിതം. അവരുടെ ജീവിതനിലവാരവും സുഖസൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിലേയ്ക്ക് അവർക്ക് പ്രത്യേകം പ്രത്യേകം വീടുവയ്ക്കുന്നതിനുള്ള നടപടിയും അവരുടെ വിദ്യാഭ്യാസവും ദിനചര്യകൾ നിർവ്വഹിക്കുന്നതിനുള്ള കക്കൂസ്, കുളിമുറി, യാത്രാസൗകര്യങ്ങളും അങ്ങിങ്ങായി താമസിക്കുന്ന ഹരിജനങ്ങളുടെ വീടുകൾ അറ്റകുറ്റപ്പണികൾ ചെയ്യുക. തൊഴിൽസാദ്ധ്യതകൾ കണ്ടെത്തി തൊഴിൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക. കലാകായിക രംഗത്തെ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക ടി. വി. കാസ്ക്കുകൾ സ്ഥാപിക്കുക. ഇവിടെ താമസിക്കുന്ന എല്ലാ വീടുകളും വൈദ്യുതീകരിക്കുക ശുദ്ധജലം എത്തിക്കുന്നതിനുള്ള പൈപ്പിടപാടുകൾ സ്ഥാപിക്കുക

### വാർഡ്-5

#### പുന്നക്കുളം

പുന്നക്കുളം വാർഡിൽ മൂന്ന് കോളനികളാണ് നിലവിലുള്ളത് എന്നാൽ ഈ കോളനികളുടെ സ്ഥിതിയും വളരെ ശോചനീയാവസ്ഥയാണ്. ഇവിടങ്ങളിൽ താമസിക്കുന്നവരുടെ വീടുകൾ പുതുക്കിപ്പണിയുന്നതിനും. വീടില്ലാത്ത എല്ലാപേർക്കും വീട് നിർമ്മിച്ച് കൊടുക്കുകയും അവരുടെ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. യാത്രാസൗകര്യം, വാർത്താവിനിമയവും ഏർപ്പെടുത്തുക. അതുപോലെതന്നെ ഈ വാർഡിൽ അങ്ങിങ്ങായി താമസിക്കുന്നവരുടെ ജീവിതനിലവാരവും വിദ്യാഭ്യാസനിലവാരവും കലാകായികരംഗത്ത് താല്പര്യമുള്ള വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. ഉപരിവിദ്യാഭ്യാസം നേടുന്നതിനുള്ള നടപടിയെടുക്കുക. ടി. വി. കാസ്ക്കുകൾ സ്ഥാപിക്കുക.

### വാർഡ്-6

#### പുളിങ്കുടി

ഈ വാർഡിൽ 2 ലക്ഷംവീട് കോളനിയും 5 ഹരിജൻ കോളനിയും വാർഡിലുണ്ട്. ഈ കോളനികളുടെ അവസ്ഥ വളരെ ദയനീയമാണ്. (1) തെക്കേകോണം ലക്ഷംവീട് (2) ചൊവ്വര താന്നിനിന്ന ലക്ഷംവീട്, ഈ വീടുകളിൽ ഒരു വീടിന്റെ ഇരുവശങ്ങളിലായിട്ട് രണ്ട് കുടുംബങ്ങളാണ് താമസിക്കുന്നത്. ഇതിന് മാറ്റംവരുത്തി പ്രത്യേകം പ്രത്യേകം വീട് നിർമ്മിച്ച് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. വീടുകൾ അറ്റകുറ്റപ്പണികൾ ചെയ്യുക. കക്കൂസ്, കുളിമുറി വൈദ്യുതീകരിക്കുക. യാത്രാസൗകര്യവും വിദ്യാഭ്യാസനിലവാരവും മെച്ചപ്പെടുത്തുക.

ഈ വാർഡിന്റെ അങ്ങിങ്ങായി താമസിക്കുന്നവരുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുക. ടി. വി. കാസ്ക്കുകൾ സ്ഥാപിക്കുക.

(1) തെക്കേക്കോണം കുഞ്ച്തോപ്പ് കോളനി (2) ചൊവ്വര കാവുനട കോളനി (3) ചൊവ്വര ന്യൂഹരിജൻ കോളനി (4) ഓൾഡ് ഹരിജൻ കോളനി (5) ചൊവ്വര തോട്ടം ഹരിജൻ കോളനി എന്നിവയാണ് ഇവിടങ്ങളിൽ താമസിക്കുന്നവരുടെ വീടുകളുടെ അറ്റകുറ്റപ്പണികൾ, കക്കൂസ്, കുളിമുറി, വൈദ്യുതീകരണം, ഗതാഗതസൗകര്യം, വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുക,ഇവിടെ താമസിക്കുന്ന വിദ്യാർത്ഥികളുടെ കായികവും കലാപരവുമായ വാസന മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുക. ടി. വി. കാസ്ക്കുകൾ സ്ഥാപിക്കുക.

## വാർഡ്–7

### ചൊവ്വര

ചൊവ്വര വാർഡിൽ 3 കോളനികൾ നിലവിലുണ്ട്.

(1) ശിവക്കിഴങ്ങുവിള കോളനി (2) പള്ളിത്തട്ട് കോളനി, (3) ന്യൂഹരിജൻ കോളനി. ഈ കോളനികളുടെ നില വളരെ മോശമാണ്.

ഈ നില പരിഹരിക്കുന്നതിന് വേണ്ടി വീടുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുക. വീടില്ലാത്തവർക്ക് വീടുവച്ച് കൊടുക്കുക, കക്കൂസ്, കുളിമുറി, ഇലക്ട്രിഫിക്കേഷൻ, വിദ്യാഭ്യാസ നിലവാരവും ഗതാഗതസൗകര്യവും മെച്ചപ്പെടുത്തുക. വിദ്യാർത്ഥികളുടെ കായികവും കലാപരവുമായ വാസനകളെ പ്രോത്സാഹിപ്പിക്കു. കുടിവെള്ളം എത്തിക്കുക, ടി. വി. കാസ്ക്കുകൾ നിർമ്മിക്കുക ഈ വാർഡിൽ അങ്ങിങ്ങായി താമസിക്കുന്നവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക.

## വാർഡ്–8

### അടിമലത്തുറ

ഈ വാർഡിൽ 5 കുടുംബങ്ങൾ മാത്രമാണ് താമസിക്കുന്നത്. അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് ശ്രദ്ധിക്കണം.

## വാർഡ്–9

### മൂലക്കര

ഈ വാർഡിൽ ലക്ഷംവീടോ, കോളനിയോ നിലവിൽ ഇല്ല. എന്നാൽ ഒരു സെറ്റിൽമെന്റിൽ ഏര്യാ നിലവിലുണ്ട്. ഇവിടങ്ങളിൽ താമസിക്കുന്നവരുടെ ജീവിതനിലവാരം വളരെ മോശമാണ്. ഇവർക്ക് വീട് വയ്ക്കുന്നതിനും വീടുകൾ പുതുക്കിപ്പണിയുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക ഇതിനോടുനുബന്ധിച്ച് കക്കൂസ്, കുളിമുറി, വിദ്യാഭ്യാസം, ഇലക്ട്രിഫിക്കേഷൻ, ഗതാഗതസൗകര്യവും ജീവിതനിലവാരവും മെച്ചപ്പെടുത്തുക. ടി. വി കാസ്ക്കുകൾ സ്ഥാപിക്കുക ഈ വാർഡിൽ അങ്ങിങ്ങായി താമസിക്കുന്നവരുടെ ജീവിതനിലവാരവും മെച്ചപ്പെടുത്തുക. കലാകായികരംഗങ്ങളിൽ താൽപര്യമുള്ള വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക.

## വാർഡ്–10

### കുഴിവിള

കുഴിവിള വാർഡിൽ രണ്ട് കോളനികൾ നിലവിലുണ്ട്. ഇവരുടെ ജീവിതനിലവാരം വളരെ ശോചനീയാവസ്ഥയാണ്. തെക്കിൻഭാഗം കോളനിയെന്നും വടക്കിൻഭാഗം കോളനിയെന്ന പേരിലാണ് അറിയപ്പെടുന്നത്. ഇവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് വീടുകൾ പുതുക്കിപ്പണിയുക, വീടില്ലാത്ത എല്ലാപേർക്കും വീടു നിർമ്മിച്ച് കൊടുക്കുക, കക്കൂസ്, കുളിമുറി, ഇലക്ട്രിഫിക്കേഷൻ എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുക , പെൻഷനുകൾ യഥാസമയം കൊടുക്കുക.മറ്റ് പെൻഷനുകൾ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നവരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുക. ടി. വി. കാസ്ക്കുകൾ സ്ഥാപിക്കുക. കായികവും കലാപരവുമായി താല്പര്യമുള്ള വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക. ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് പനയോലപായ് മെടച്ചിൽ, കർഷകതൊഴിലാളികളായവരുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് കൃഷി ആയുധങ്ങളും, വിത്തും,വളവും സൗജന്യമായി വിതരണം ചെയ്യുക. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് കുഴിവിളക്കോണത്ത് ഒരു പരിശീലന കേന്ദ്രം സർക്കാർ തലത്തിൽ സ്ഥാപിക്കുക.

## വാർഡ്–11

### കൊല്ലകോണം

കൊല്ലകോണം വാർഡിൽ ലക്ഷംവീട് കോളനി നിലവിലില്ല. 2 കോളനികൾ ഉണ്ട്. (1) കുഴിവിളക്കോണം കോളനി (2) പൊറ്റവിള ഹരിജൻ സെറ്റിൽമെന്റ് കോളനിയുമാണ്. ഈ കോളനിയിൽ താമസിക്കുന്നവരുടെ ജീവിതനിലവാരം വളരെ ശോചനീയാവസ്ഥയാണ്. ഇവരുടെ വീടുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുക. വീടില്ലാത്ത മുഴുവൻ ആൾക്കാർക്കും വീട്‌വച്ച് കൊടുക്കുക. അതിനോടനുബന്ധിച്ച് കക്കൂസ്, കുളിമുറി, ഇലക്ട്രിഫിക്കേഷൻ എന്നിവ നടപ്പാക്കുക. വിദ്യാഭ്യാസ നിലവാരവും, ഉപരിപഠനത്തിനുള്ള ഏർപ്പാടുകളും നടപ്പിലാക്കുക. ഉപജീവിനമാർഗ്ഗങ്ങളായ തൊഴിലുകളായ, പായ്, കയർ, മറ്റ് തൊഴിലുകൾ എന്നിവ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുക. ടി. വി കാസ്ക്കുകൾ സ്ഥാപിക്കുക. കലാകായികരംഗങ്ങളിൽ പ്രോത്സാഹിപ്പിക്കുക.

## വാർഡ്–12

### അവണാക്കുഴി

അവണാക്കുഴിവാർഡിൽ ഇലവകുഴി ഹരിജൻ കോളനി, മണ്ണക്കല്ല് ലക്ഷംവീട് കോളനി, കൂടാതെ സെറ്റിൽമെന്റ് പ്രദേശങ്ങളും ഇവിടെയുണ്ട്.

ഈ വാർഡിൽ ധാരാളം ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്നു. കോളനികൾ ധാരാളം ഇല്ലയെങ്കിലും ദാരിദ്ര്യമേഖലയ്ക്ക് താഴെയുള്ളവരുടെ എണ്ണം വളരെ കൂടുതലാണ്. അവരുടെ ജീവിതനിലവാരം വളരെപിന്നോക്കാവസ്ഥയിലാണ്. സ്വന്തമായിട്ട് ഒരു ഉപജീവനമാർഗ്ഗമില്ലാത്തവരാണ് ഇവിടെ താമസിക്കുന്നവർ. ഇവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് വട്ടി, പനയോല, പായ്, ചൂരൽപ്പണി, കൃഷി ഉപകരണങ്ങൾ, വിത്ത്, വളം, വിദ്യാഭ്യാസ സൗകര്യങ്ങൾ, മറ്റ് വിവിധപെൻഷനുകൾ എന്നിവ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. വലതും ചെറുതുമായ തൊഴിൽ മേഖലകൾസൃഷ്ടിച്ച് തൊഴിലില്ലായ്മ പരിഹരിക്കുക.

# വിഭവസമാഹരണം

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു രാജ്യത്ത് വികസനപ്രവർത്തനങ്ങൾ ലക്ഷ്യത്തിൽ എത്തിക്കണമെങ്കിൽ മറ്റു മാർഗ്ഗങ്ങളിൽകൂടി വിഭവങ്ങൾ ശേഖരിച്ചെങ്കിൽ മാത്രമേ നടക്കുകയുള്ളൂ. ഓരോ പ്രദേശത്തിന്റെയും വികസന പ്രക്രിയയിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും അവരിൽനിന്നും കഴിയുന്നത്ര വിഭാഗങ്ങൾ ശേഖരിച്ചു അവ കൂടി ഉൾപ്പെടുത്തി വികസനപ്രവർത്തനങ്ങൾ നടത്തുകയെന്നുള്ളതാണ് സർക്കാർ ജനകീയ ആസൂത്രണപദ്ധതികൊണ്ടു ഉദ്ദേശിക്കുന്നത്.

കോട്ടുകാൽ പഞ്ചായത്തിലെ 50 ശതമാനത്തോളം ജനങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണ്. വിഭവസമാഹരണത്തിനുമുഖ്യമായും മനുഷ്യശേഷിയെ പ്രയോജനപ്പെടുത്തി ഇരുപത്തിഅഞ്ചുശതമാനത്തോളം കാര്യങ്ങൾ നിർവ്വഹിക്കുവാൻ കഴിയും. രണ്ടു ശതമാനത്തോളം വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സംഭാവനയായി ലഭ്യമാക്കാം. ബാക്കി തുകകൾ സംസ്ഥാന ഗവൺമെന്റിന്റെയും കേന്ദ്രഗവൺമെന്റിന്റെയും ഗ്രാന്റും വായ്പയും ഉപയോഗിച്ചു വിഭവസമാഹരണത്തിലൂടെ ജനകീയ പങ്കാളിത്തോടെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടു പോകുവാൻ കഴിയുമെന്നുള്ള പൊതുവായ അഭിപ്രായം ഗ്രാമസഭകളിൽ ഉയർന്നുവന്നു.

## സാദ്ധ്യതകൾ

1. നികുതിചുമത്തലും പിരിവും കാര്യക്ഷമമാക്കി വരുമാനം വർദ്ധിപ്പിക്കുക.
2. സന്നദ്ധപ്രവർത്തനങ്ങൾ കൂടുതലായി സംഘടിപ്പിക്കുക.
3. പഞ്ചായത്തിന് ഒരു ക്രഡിറ്റു പ്ലാൻ ആവശ്യമാണ്.
4. വിവിധ ഏജൻസികൾ വഴി സന്നദ്ധസംഘടനകൾക്കായുള്ള സഹായധനപദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ പഞ്ചായത്ത് മുൻകൈ എടുക്കണം.

**കോട്ടുകാൽ പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങൾ- നികുതിയിനങ്ങളിൽ നിന്ന്**

| തനതുവരുമാനം (A) | Rs. Ps. | ഗ്രാന്റുകൾ(B) | Rs.Ps | KPR ആക്ട് അനുസരിച്ച് | Rs. Ps. | ആകെ |
|---|---|---|---|---|---|---|
| 1. കെട്ടിടനികുതി | 136627. 00 | വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ ഗ്രാന്റ് | 580204. 00 | P.H.C. | 73125. 00 | |
| 2. തൊഴിൽ നികുതി | 67634.00 | വില്ലേജ് റോഡ് മെയിന്റനൻസ് ഗ്രാന്റ് | 42394.00 | Agriculture | 622927.00 | |
| 3. വിനോദ നികുതി | 9150. 00 | ജനറൽപർപ്പസ്ഗ്രാന്റ് | 22860. 00 | Veterinary | 1200. 00 | |
| 4. കാഴ്ചനികുതി | 1430. 00 | ആൺടൈഡ്ഫണ്ട് | 328290.00 | | | |
| 5. കുത്തകപ്പാട്ടം & സ്റ്റാൾ വാടക | 61093 .00 | സ്പെഷൽ ഗ്രാന്റ് | 75000.00 | | | |
| 6. ലൈസൻസ് ഫീ എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് | 100543.00. | | | | | |
| 7. കെട്ടിടനിർമ്മാണ ലൈസൻസ് ഫീ | 32852. 00 | ബേസിക്ടാക്സ് ഗ്രാന്റ് | 15384.00 | | | |
| 8. മാർക്കറ്റ് വരവ് | 77850.00 | അഗ്രിക്കൾച്ചറൽ റിവാർഡ് | 50000.00 | | | |
| 9. നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ | 6699. 00 | ലൈറ്റ് ഗ്രാന്റ് | 10000.00 | | | |
| 10. ജനനമരണരജിസ്ട്രേഷൻ | 248. 00 | | | | | |
| 11. വസ്തു കൈമാറ്റനികുതി | 154372.00 | | | | | |
| 12. മറ്റുവരവുകൾ | 36945. 00 | | | | | |
| ആകെ | 587411.00 | | 1224695 | | 697252.00 | 2509358 |

| 1995-1996 ലെ ചെലവ് | | |
|---|---|---|
| ക്രമ നമ്പർ | ഇനം | തുക |
| 1. | എസ്റ്റാബ്ലിഷ്മെന്റ് | 576222 |
| 2. | റോഡുകൾ (പുനരുദ്ധാരണവും സംരക്ഷണവും | 196581 |
| 3. | ചെറുകിടജലസേചനം | 44000 |
| 4. | കറണ്ട്ചാർജ്ജ് (തെരുവ് വിളക്ക് ഉൾപ്പെടെ) | 123666 |
| 5. | വൈദ്യുതീകരണം | 28755 |
| 6. | കിണർ ശുചീകരണം | 20039 |
| 7. | തെരുവ് നായ്ക്കളെ നശിപ്പിക്കൽ | 4809 |
| 8. | മാർക്കറ്റ് പുനരുദ്ധാരണം | 6377 |
| 9. | കൃഷി | 115824 |
| 10. | സാമൂഹ്യക്ഷേമം | 104712 |
| 11. | മറ്റുചെലവുകൾ | 178989 |
| | ആകെ | 13,99,974 |

കോട്ടുകാൽ ഗ്രാമപഞ്ചായത്തിന് 95.96 ൽ ജവഹർതൊഴിൽ ദാനപദ്ധതി (ജെ ആർ വൈ) പ്രകാരം 311200/-രൂപാ ലഭിക്കുകയും, ആയത്, സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും സംയുക്ത അക്കൗണ്ടിൽ, വിഴിഞ്ഞം സബ്ട്രഷറിയിൽ നിക്ഷേപിക്കുകയും പ്രസ്തുത തുക റോഡുവികസനത്തിനും പട്ടികജാതി ക്ഷേമപ്രവർത്തനങ്ങൾക്കും വേണ്ടി ചെലവ് ചെയ്തിട്ടുള്ളതുമാകുന്നു.

## ടൂറിസം

നമ്മുടെ രാജ്യത്ത് ടൂറിസം മേഖലയെ വികസിപ്പിക്കുക എന്നത് ഒരു നയമായി കേന്ദ്രഗവൺമെന്റും സംസ്ഥാന ഗവൺമെന്റും അംഗീകരിച്ചിരിക്കുകയാണ് കോട്ടുകാൽ പഞ്ചായത്തിലും പുതിയ ടൂറിസം നയത്തിന്റെ അലയടികൾ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. പഞ്ചായത്തിന്റെ തെക്കേ അറ്റത്തായി അറേബ്യൻ കടലിനോടു തോളുരുമ്മി പ്രകൃതിരമണീയമായ പുളിങ്കുടി, അടിമലത്തുറ, ചൊവ്വര എന്നീ പ്രദേശങ്ങൾ സ്ഥിതിചെയ്യുന്നു. ഈ പ്രദേശങ്ങളിലെ കിണ്ണിക്കുഴി, ഉടയൻവാഴി, ചൊവ്വര വര എന്നീസ്ഥലങ്ങൾ ചരിത്ര രേഖകളിൽ തന്നെ സ്ഥാനം പിടിച്ചിട്ടുണ്ട്.

സമുദ്ര തീരത്തുനിന്നും 500 അടി പൊക്കത്തിൽ ഏകദേശം അര കിലോമീറ്റർ ദൂരത്തിൽ കിടക്കുന്ന ചൊവ്വര ശ്രീധർമ്മശാസ്താക്ഷേത്രത്തിനോടു ചേർന്നു കിടക്കുന്ന ഭാഗത്തെയാണ് ചൊവ്വര വരയെന്നു അറിയപ്പെടുന്നത്. തെക്കൻ തിരുവിതാംകൂറിലെ പ്രശസ്തമായ ശാസ്താക്ഷേത്രവും, കിണ്ണിക്കുഴിയോടും, ഉടയൻവാഴിക്കും അഭിമുഖമായി സ്ഥിതിചെയ്യുന്ന പുരാതന ആഴിമല ശിവക്ഷേത്രവും തിങ്ങി നിറഞ്ഞു നിൽക്കുന്ന കേരവൃക്ഷങ്ങളും കടൽ തീരവും ആരെയും ആകർഷിക്കുന്ന മനോഹരകാഴ്ചയാണ്. ഈ താഴ്വരയിൽ രണ്ടു ക്രിസ്തീയ ദേവാലയങ്ങളുമുണ്ട്. ചൊവ്വര വരയ്ക്കു പടിഞ്ഞാറു ഭാഗത്തേക്ക് തിരിയുമ്പോൾ കടലിനോടു ചേർന്നു മനോഹരമായ പാറക്കൂട്ടങ്ങളുമാണ്. ഈ പാറക്കൂട്ടങ്ങളിൽ ചിപ്പി ധാരാളമായി വളരുന്നു. ഇവ ശേഖരിച്ച് ഭക്ഷ്യപദാർത്ഥമായി ഉപയോഗിക്കുന്നു. ഈ പ്രദേശത്തെ പ്രകൃതി രമണീയത മനസ്സിലാക്കിയ വിദേശികളും സ്വദേശികളുമായ വ്യവസായ സംരംഭകർ ടൂറിസം വ്യവസായങ്ങൾ ആരംഭിക്കുകയും വർഷംതോറും വളരെയധികം വിദേശ ടൂറിസ്റ്റുകൾ ഈ പ്രദേശത്ത് വന്നുപോകുന്നു. ടൂറിസത്തിന്റെ വളർച്ച പഞ്ചായത്തിന്റെ ധനാഗമ മാർഗ്ഗം വർദ്ധിപ്പിക്കുന്നതിനും കുറെ തൊഴിൽ സാധ്യതകളും ഉറപ്പാക്കാനും കഴിയുന്നു. പാരിസ്ഥിതിക്കു ഹാനിസംഭവിക്കാതെയുള്ള ടൂറിസം വികസനത്തിന് ജനങ്ങൾക്ക് എതിരഭിപ്രായമില്ല. എന്നാൽ തീരദേശപരിപാലന നിയമം ചില സ്വകാര്യ ടൂറിസ്റ്റു വ്യവസായികൾ ലംഘിക്കുന്നുവെന്നുള്ള പരാതികൾ ഗ്രാമ സഭകളിലുയർന്നു വരുകയുണ്ടായി. ഇത്തരം നിയമലംഘനങ്ങൾ നടത്താതെ നിയമത്തിനകത്തു നിന്നുകൊണ്ടുള്ള ടൂറിസം വ്യവസായനയമാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്.

### ഇപ്പോൾ നിലവിലുള്ള ടൂറിസ്റ്റ്കേന്ദ്രങ്ങൾ

1. സോമതീരം
2. സൂര്യ സമുദ്ര
3. മണൽ തീരം
4. നിക്കീസ് റസ്റ്റാന്റ്

## കുറിപ്പ്

കോട്ടുകാൽ ഗ്രാമപഞ്ചായത്ത് ഇപ്പോൾ സ്പെഷ്യൽഗ്രേഡ് ഗ്രാമപഞ്ചായത്തായി ഉയർത്തപ്പെട്ടിരിക്കുന്നു. തുടർന്ന് നിലവിലുണ്ടായിരുന്ന സെക്രട്ടറി ശ്രീ. കെ. മുരളീധരന് പകരമായി 21.12.96 ൽ പുതിയ സെക്രട്ടറിയായി ശ്രീ. ആർ. രാധാകൃഷ്ണൻ നായർ നിയമിതനായി.

### കോട്ടുകാൽഗ്രാമപഞ്ചായത്താഫീസിലെ നിലവിലുള്ള ജീവനക്കാർ

| | |
|---|---|
| കെ. മുരളീധരൻ | സെക്രട്ടറി |
| കെ. ജനാർദ്ദനൻ | ജൂനിയർ സൂപ്രണ്ട് |
| എസ്. വിജയൻനായർ | യു. ഡി. ക്ലർക്ക് |
| എൻ. മാധവൻകുട്ടി | യു. ഡി ക്ലർക്ക് |
| ജെ ജെയറസ് | എൽ. ഡി ക്ലർക്ക് |
| വി. കെ അപ്പുരകുമാർ | എൽ. ഡി. ക്ലർക്ക് |
| കെ. വിശ്വംഭരൻ | എൽ. ഡി ക്ലർക്ക് |
| സി. ജയന്തീദേവി | പ്യൂൺ |
| കെ. ശിവാനന്ദൻ | പ്യൂൺ |
| കെ. ശശിധരൻ നാടാർ | പാർട്ട്ടൈം സ്വീപ്പർ |
| റ്റി. രാധമ്മ | പാർട്ട്ടൈം സ്വീപ്പർ |
| കെ. ബാലകൃഷ്ണൻ | പാർട്ട്ടൈം വാട്ടർമീറ്റർ റീഡർ |
| അനിത റ്റി. | പഞ്ചായത്ത് ശിശുവിഹാർ ടീച്ചർ |
| എ. സുമംഗല | പഞ്ചായത്ത് ശിശുവിഹാർ ആയ |
| ബി. എസ് രാധാകൃഷ്ണൻ | പഞ്ചായത്ത് ലൈബ്രേറിയൻ. |

## നന്ദി കടപ്പാട്

ഈ റിപ്പോർട്ടു തയ്യാറാക്കുന്നതിന് സഹകരിച്ച ഡി ആർ പിമാർ, മറ്റുവിവിധ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥന്മാർ, ജനപ്രതിനിധികൾ, സാമൂഹ്യ സാംസ്കാരിക നായകന്മാർ, പഞ്ചായത്തിലെ ജീവനക്കാർ,ഈ വികസന രേഖ തയ്യാറാക്കുന്നതിനു വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി സഹായിച്ച ബ്ളോക്ക്തല ഡി. ആർ. പി കൺവീനർ ശ്രീ ചന്ദ്രമോഹനൻനായർ തുടങ്ങിഎല്ലാപേർക്കും പഞ്ചായത്ത് കമ്മിറ്റിയുടെയും എഡിറ്റോറിയൽ ബോർഡിന്റെയും പേരിൽ എന്റെ അകമഴിഞ്ഞ നന്ദിയും കടപ്പാടും അറിയിക്കുന്നു.

വിനയപൂർവ്വം

മാറാമംഗലം എൻ. പ്രഭാകരൻ
പ്രസിഡന്റ്

അധികാരം ജനങ്ങളിലേക്ക്